നിയമ ധ്വനി

മേയ് 2016



കേരള സർക്കാർ നിയമവകുപ്പിനുവേ നിയമ സെക്രട്ടറി ബി. ജി. ഹരീന്ദ്രനാഥ് തിരുവനന്തപുരത്തെ
ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്

# നിയമ ധ്വനി

പുസ്തകം-4 മേയ് 2016

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

ലക്കം–1



നിയമ ധ്വനിയുടെ മുൻപതിപ്പുകൾ നിയമ വകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.



# സുപ്രീംകോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എസ്. എ. ബോബ്ഡെ**

**&**

**ബഹു. ജസ്റ്റിസ് പ്രഫുല്ല. സി. പന്ത്**

**ക്രിമിനൽ അപ്പീൽ നം. 1526/2008**

**രാജസ്ഥാൻ സർക്കാർ**

***അഭി***

**രമേഷ്**

2015 നവംബർ 20-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**കഴുത്തിനു ചുറ്റും ഒരു കെട്ടിട്ട് ശരീരത്തിനെ തൂക്കിനിർത്തുന്നതുവഴി, ശരീരത്തിന്റെ ഭാരമോ, ശരീര ഭാരത്തിന്റെ ഒരു ഭാഗമോ പിടിമുറുക്കുന്ന ശക്തി ആയിത്തീർന്ന് ഉണ്ടാക്കപ്പെടുന്ന ഒരു മരണ രീതിയാണ് തൂങ്ങിമരണം .**

**"ശ്വാസംമുട്ടിക്കലിനെ" മോദി "തൂങ്ങുന്നതല്ലാതെയുള്ള ഒരു ശക്തി മുഖേനയുള്ള കഴുത്തിന്റെ ഇറുക്കം എന്ന് നിർവ്വചിക്കുന്നു. ശരീരത്തിന്റെ ഭാരത്തിന് ശ്വാസംമുട്ടിക്കലുമായി യാതൊരു ബന്ധവുമില്ല. കെട്ടി ശ്വാസം മുട്ടിക്കൽ എന്നത് ഒരു കെട്ടു മുഖേനയോ, മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ ശരീരത്തിനെ തൂക്കിനിർത്താതെ കഴുത്തിനു ഞെരിക്കുന്നതിൽ നിന്ന് ഉണ്ടാകുന്ന മരണത്തിന്റെ ഒരു അക്രമ രൂപമാണ്. തൊണ്ടയിൻമേൽ വിരലുകളുടെയും ഉള്ളംകൈകളുടെയും സമ്മർദ്ദം മുഖേന ഞെരിക്കൽ ഉണ്ടാക്കപ്പെടുമ്പോൾ, അതിനെ തൊണ്ട ഞെരിക്കൽ എന്ന് പേർ പറയുന്നു. ഒരു പാദമോ, കാൽമുട്ടോ, കൈമുട്ട് മടക്കിയോ, മറ്റ് ഏതാനും കട്ടിയുള്ള പദാർത്ഥങ്ങളോ കൊണ്ട് തൊണ്ട ഞെരുക്കി ശ്വാസംമുട്ടിക്കൽ സംഭവിപ്പിക്കപ്പെടുമ്പോൾ, അത് രൂക്ഷമായ ആക്രമണം (കഴുത്തിനെ ഞെക്കി ശ്വാസം മുട്ടിക്കൽ) എന്ന് അറിയപ്പെടുന്നു".**

**രേഖയിലുള്ള നിയമപരമായ വൈദ്യ തെളിവിനെ ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം, മരണപ്പെട്ടയാൾ തൂങ്ങി മരിച്ചു എന്ന ഒരു വീക്ഷണം എടുക്കുവാൻ കഴിയുമായിരുന്ന ഒരു കേസ് അല്ലായിരുന്നു അത് എന്നതാണ് ഞങ്ങളുടെ അഭിപ്രായം.**

**വിധിന്യായം**

ബഹു. ജസ്റ്റിസ് പ്രഫുല്ല സി. പന്ത്

രാജസ്ഥാൻ ഹൈക്കോടതിയുടെ ജയ്പ്പൂർ ബെഞ്ച് പാസാക്കിയ 04-01-2006-ലെ വിധിന്യായത്തിനും ഉത്തരവിനും എതിരെ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ അപ്പീൽ, ആ വിധിന്യായവും ഉത്തരവും മുഖേന പ്രസ്തുത കോടതി, ഡി. ബി. ക്രിമിനൽ ജയിൽ അപ്പീൽ നം. 397/2000-ത്തിനെ അനുവദിക്കുകയും, എതിർകക്ഷി രമേഷിന് എതിരെ ജയ്പൂർ സെഷൻസ് ജഡ്ജി ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 302-ഉം, 201-ഉം വകുപ്പുകൾ പ്രകാരം രേഖപ്പെടുത്തിയ കുറ്റസ്ഥാപനത്തെയും ശിക്ഷാവിധിയെയും റദ്ദാക്കുകയും, അയാളെ ചാർജ്ജിൽ നിന്ന് കുറ്റവിമുക്തനാക്കുകയും ചെയ്തിരുന്നു.

പ്രോസിക്യൂഷൻ ഭാഷ്യം ചുരുക്കത്തിൽ, പ്രോസിക്യൂഷൻ ഒന്നാം സാക്ഷി പൃഥ്വീരാജ് സിംഗ്, അയാളുടെ ജോലിക്കാരനായ രമേഷിന്റെ (എതിർകക്ഷി) മൂത്ത മകൾ ഷീല തൂങ്ങി മരിച്ചിരിക്കുന്നുവെന്ന വിവരം ടെലിഫോൺ വഴി കാൽവാഡ് പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറായ, പ്രോസിക്യൂഷൻ 7-ാം സാക്ഷി ഭഗ്‌വാൻ സിംഗിന് 28-04-1999-ൽ ഉദ്ദേശം രാത്രി 10.55 ന് നൽകി. സ്റ്റേഷൻ ഹൗസ് ഓഫീസർ സംഭവസ്ഥലത്തേക്ക് പാഞ്ഞെത്തി. അദ്ദേഹം, രമേഷ് പതിവായി ജോലി ചെയ്യുകയും, തന്റെ മൂന്ന് പുത്രിമാരോടൊപ്പം ജീവിക്കുകയും ചെയ്തിരുന്ന കളപ്പുരയിൽ വച്ച് അയാളോട് അന്വേഷണങ്ങൾ നടത്തി. അയാൾ (രമേഷ്), അയാളുടെ മകൾ ഉദ്ദേശം രാത്രി 8.30-ന് കളപ്പുരക്ക് പുറത്ത് പോയെന്നും, ഏതാനും സമയം കഴിഞ്ഞ് മടങ്ങി വന്നെന്നും സ്റ്റേഷൻ ഹൗസ് ഓഫീസറോട് പറഞ്ഞു. പ്രോസിക്യൂഷൻ 9-ാം സാക്ഷിയായ ബബ്‌ലുവിനെ സന്ധിക്കുന്ന തന്റെ മകളുടെ പെരുമാറ്റത്തിന് ആക്ഷേപം ഉന്നയിക്കുകയും, അവളെ ശാസിക്കുകയും ചെയ്തിരുന്നുവെന്ന് രമേഷ് മേലും പറഞ്ഞു. അതിനുശേഷം കറന്റ് പോയി. ഏതാനും സമയം കഴിഞ്ഞ് ജനറേറ്റർ പ്രവർത്തിപ്പിച്ചപ്പോൾ, ഷീല സ്വയം തൂങ്ങിയതായി അയാൾ കണ്ടുവെന്ന് സ്റ്റേഷൻ ഹൗസ് ഓഫീസറോട് അയാൾ മേലും പറഞ്ഞു. കെട്ട് അഴിക്കുകയും, ശരീരം താഴെ ഇറക്കുകയും ചെയ്തു. ക്രിമിനൽ നടപടി നിയമസംഹിതയിലെ (സി.ആർ.പി.സി.) 174-ാം വകുപ്പുപ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട്/മാർഗ് നം. 7/99-ൽ ഈ വസ്തുതകൾ പറഞ്ഞിരുന്നു. അദ്ദേഹം 29-04-1999-ന് അതിരാവിലെ സൈറ്റ് പ്ലാൻ തയ്യാറാക്കുകയും, മൃതദേഹം കൈവശ ത്തിലെടുക്കുകയും, മരണാന്വേഷണ റിപ്പോർട്ട് (എക്സ്ബിറ്റ് പി1) തയ്യാറാക്കിയെടുക്കുകയും ചെയ്തു. സി.ആർ.പി.സി. 174-ാം വകുപ്പു പ്രകാരം കൂടുതൽ അന്വേഷണ വിചാരണകൾ നടത്തുവാൻ, പ്രോസിക്യൂഷൻ 11-ാം സാക്ഷിയായ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മാലിറാമിനോട് അദ്ദേഹം നിർദ്ദേശിച്ചു. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, രമേഷിന്റെയും അവിടെ സന്നിഹിതരായിരുന്ന മറ്റു സാക്ഷികളുടെയും മൊഴികൾ രേഖപ്പെടുത്തിയതിനുശേഷം 30-04-1994-ൽ റിപ്പോർട്ട് നൽകി, അതിന്റെ അടിസ്ഥാനത്തിൽ ഐ.പി.സി 302-ഉം, 201-ഉം വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങളെ സംബന്ധിച്ച് ക്രൈം നം. 63/99 ആയി പ്രഥമ വിവര റിപ്പോർട്ട് (എക്സിബിറ്റ് പി-11) രജിസ്റ്റർ ചെയ്തു. സ്റ്റേഷൻ ഹൗസ് ഓഫീസർ അന്വേഷണം സ്വയം ഏറ്റെടുത്തു. അതിനിടയിൽ, പോലീസിന്റെ അഭ്യർത്ഥന പ്രകാരം 29-04-1999-ൽ ഷീലയുടെ മൃതദേഹത്തിൽ ജയ്പൂർ എസ്. എം. എസ്. ആശുപത്രിയിലെ പ്രോസിക്യൂഷൻ 8-ാം സാക്ഷി, ഡോക്ടർ വിവേകനന്ദ് പ്രേത പരിശോധന നടത്തി, അദ്ദേഹം മരണത്തിനു മുമ്പുള്ള താഴെ പറയുന്ന ക്ഷതികൾ കണ്ടെത്തി:-

ശവ പരിശോധന സമയത്ത് കാണപ്പെട്ട ബാഹ്യ ക്ഷതികൾ:-

(i) കഴുത്തിന്റെ മുകൾ ഭാഗത്ത് വലതുവശത്തെ വലത് താടിയെല്ലു വിളുമ്പിന്റെ മധ്യഭാഗത്തിനു 2 സെ.മീ. താഴെയുള്ള പ്രദേശത്ത് 1.5 സെ.മീ ഃ 1/2 സെ.മീ പോറൽ.

(ii) കഴുത്തിന്റെ വലതുവശത്ത് മധ്യം/3 യിൽ 1/2 സെ.മീ X 1/4 സെ.മീ. പോറൽ.

(iii) വലത് കാരയെല്ലിന്റെ പാർശ്വികമായ പകുതിയിൽ 1 സെ.മീ X 1/4 സെ.മീ. പോറൽ.

(iv) മാറെല്ലിന് മേലെയുള്ള കുഴിയിൽ 1.25 സെ.മീ X 1/4 സെ.മീ. പോറൽ.

(v) കീഴ് ചുണ്ടിന്റെ വലതുവശത്തിനു അല്പം താഴെയുള്ള പ്രദേശത്ത് 1/6 സെ.മീ പോറൽ.

(vi) വായുടെ വലതു കോണിനു അല്പം മുകളിലുള്ള പ്രദേശത്ത് 1/2 സെ.മീ ഃ 1/4 സെ. മീ. പോറൽ.

(vii) മുഖത്തിന്റെ വലതു വശത്ത് വായുടെ വലതു കോണിന് അല്പം മുകളിലുള്ള പ്രദേശത്ത് ഓരോന്നും 1 സെ.മീ. X 1/4 സെ.മീ. അളവുള്ള, പരസ്പരം സമാന്തരമായ നീള ത്തിലുള്ള മൂന്ന് പോറലുകൾ.

(viii) വലതു കൈയിലെ വലത്തെ കൈമുട്ടിന് അല്പം മുകളിൽ പിൻഭാഗത്തായി 2 സെ.മീ. X 1/4 സെ.മീ. പോറൽ.

(ix) വലത്തെ നടുവിരൽ എല്ലിന് താഴെ വലതു ഉള്ളംകൈയിൽ 2 സെ.മീ നീളത്തിലും തൊലിക്കുള്ളിൽ കുത്തനെയുള്ളതുമായ പോറൽ.

(x) ഇടത്തെ മീഡിയൽ മെല്ലിയോലസിൽ 1/4 X 1/6 സെ.മീ പോറൽ.

(xi) ഇടതു പാദത്തിൽ ഇടത്തെ മീഡിയൽ മെല്ലിയോലസിന്റെ താഴെയുള്ള ഭാഗത്ത് 1/4 X 1/6 സെ.മീ പോറൽ.

(xii) വലത്തെ മുഴംകൈയിൽ മുകൾഭാഗം/3-ൽ മേലോട്ട് 1 സെ.മീ X 1/2 സെ.മീ പോറൽ.

കഴുത്തിന്റെ ശസ്ത്രപരിശോധന— കഴുത്തിന്റെ ശസ്ത്രപരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന സ്ഥലങ്ങളിൽ ചുവന്ന നിറത്തിൽ കാണപ്പെട്ട കോശജാല കറ സഹിതമുള്ള, രക്തം കട്ട കെട്ടി ഉണ്ടാകുന്ന വീക്കം, പ്രകൃതത്തിൽ മരണത്തിനു മുമ്പുള്ള ദ്രവസ്രവണത്തോടു കൂടിയുള്ള രക്തസ്രാവം ഉണ്ടായിരുന്നു.

(എ) ശ്വാസനാളത്തിന്റെ ഇടത്തെ പാർശ്വിക വശത്ത് മുകളിൽ/3-ൽ 1/4 X 1/4 സെ.മീ വലിപ്പം.

(ബി) ശ്വാസനാളത്തിന്റെ ഇടത്തെ പാർശ്വിക വശത്ത് മധ്യത്തിൽ/3-ൽ

1/4 X 1/4 സെ.മീ വലിപ്പം.

(സി) ശ്വാസനാളത്തിന്റെ ഇടത്തെ മുകളിൽ പറഞ്ഞ ഗ്ഗതിക്ക് 1/4 സെ.മീ താഴെയുള്ള പ്രദേശത്ത് 1/4 X1/4 സെ.മീ. വലിപ്പം.

(ഡി) മുൻ കഴുത്തിന്റെ വലതു വശത്ത് ശ്വാസനാളത്തിന്റെ മുൻ പാർശ്വിക വശത്ത് മുകളിൽ 1/3 ഹൈറിഡ് ബോണിന്റെ ലെവലിനു മുകളിൽ ബാഹ്യമായ ഉള്ളിലുള്ള ഗ്ഗതി നം. 1 ന് 1 സെ.മീ X 1/2 സെ.മീ വലിപ്പം.

(ശ്വാസനാളത്തിന്റെ) കൂടുതൽ പരിശോധന, ശ്വാസനാളത്തിൽ ചെറിയ വെളുത്ത നുര, രക്തം തിങ്ങിനിറഞ്ഞ ഭാഗങ്ങൾ കാണിക്കുന്നു. കഴുത്തിന്റെ വലതുവശത്തിന്റെ മുകളിൽ, ശ്വാസനാളത്തിന്റെ മുകൾ ഭാഗത്തിന് അരികിൽ മധ്യത്തിൽ/3-ൽ മൃദുവായ കോശജാലങ്ങളുടെ വീക്കം ഉണ്ടായിരിക്കുന്നു. കഴുത്തിന്റെ ഇടതുവശത്തിന്റെ മുകൾ ഭാഗവും, കഴുത്തിന്റെ ഇടതു വശത്ത് 2 സെ.മീ. X 1/2 സെ.മീ. വിസ്തൃതിയിൽ അങ്ങനെയുള്ള വീക്കം കാണിക്കുന്നു. ശ്വാസനാളം നീക്കം ചെയ്യപ്പെട്ടപ്പോൾ, ചെറിയ നുരയോടൊപ്പം ശ്വസനേന്ദ്രിയ പ്രദേശത്തിന്റെ മുകൾഭാഗത്തിലൂടെ പുറത്തു വന്നിരുന്ന രക്തപ്പത ഉണ്ടായിരുന്നു”.

ശവപരിശോധന റിപ്പോർട്ടിന്റെ (എക്സിബിറ്റ് പി-12) അവസാനം മെഡിക്കൽ ഓഫീസർ (പ്രോസിക്യൂഷൻ 8-ാം സാക്ഷി) താഴെപ്പറയുന്ന അഭിപ്രായം നൽകി.

“അഭിപ്രായം

സൂചിപ്പിച്ചതുപോലെ കഴുത്തിന്റെ ഭാഗത്തുള്ള ക്ഷതികളുടെ ഫലമായുള്ള ശ്വാസംമുട്ടലാണ് മരണ കാരണം. എല്ലാം മരണത്തിനു മുമ്പുള്ള ക്ഷതികളായിരിക്കുന്നു....”

3. അന്വേഷണ വേളയിൽ, അന്വേഷണ ഉദ്യോഗസ്ഥൻ സാക്ഷികളെ ചോദ്യം ചെയ്യുകയും, പ്രതിയെ (രമേഷ്) അറസ്റ്റു ചെയ്യുകയും, അതിന്റെ സമാപ്തിയിന്മേൽ, ഐ.പി.സി 302-ഉം, 201-ഉം വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങളെ സംബന്ധിച്ച് അയാളുടെ വിചാരണയ്ക്കു വേണ്ടി അയാൾക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു.

4. സി.ആർ.പി.സി വകുപ്പ് 207-ൻ കീഴിൽ ആവശ്യപ്പെടുന്ന പ്രകാരം ആവശ്യമായ പകർപ്പുകൾ നൽകിയതിനുശേഷം, മജിസ്ട്രേറ്റ് 24-07-1999-ൽ കേസ് സെഷൻസ് കോടതിയിലേയ്ക്ക് കമ്മിറ്റ് ചെയ്തതായി കാണുന്നു. പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജി, സെഷൻസ് കേസ് നം. 76/1999 രജിസ്റ്റർ ചെയ്യുകയും, കഗ്ഗികളെ കേട്ടതിനുശേഷം, 11-10-1999-ൽ പ്രതി/എതിർകഗ്ഗി രമേഷിന് എതിരായി ഐ.പി.സി 302-ഉം, 201-ഉം വകുപ്പുകൾ

പ്രകാരം ശിഗ്ഗിക്കപ്പെടാവുന്ന കുറ്റങ്ങളുടെ ചാർജ്ജ് തയ്യാറാക്കുകയും ചെയ്തു, അതിന് രമേഷ് കുറ്റം സമ്മതിക്കാതിരിക്കുകയും, വിചാരണ ചെയ്യപ്പെടാൻ അവകാശ പ്പെടുകയും ചെയ്തു.

5. ഇതിന്മേൽ, പ്രോസിക്യൂഷൻ, പ്രോസിക്യൂഷൻ 1-ാം സാഗ്ഗിയായ പൃഥ്വിരാജ് സിംഗിനെയും (വിവരം നൽകിയയാൾ), പ്രോസിക്യൂഷൻ 2-ാം സാഗ്ഗിയായ ഓം പ്രകാശിനെയും, പ്രോസിക്യൂഷൻ 3-ാം സാക്ഷിയായ രാം സിംഗിനെയും (രണ്ടുപേരും മരണാന്വേഷണ റിപ്പോർട്ടിലെ സാക്ഷികൾ), പ്രോസിക്യൂഷൻ 4-ാം സാക്ഷിയായ രാജുവിനെയും (സംഭവത്തിന് ഏകദേശം അര മണിക്കൂറിന് മുമ്പ് രമേഷ് അടിച്ചു എന്ന വസ്തുതയുടെ സാക്ഷി), പ്രോസിക്യൂഷൻ 5-ാം സാക്ഷിയായ അംബ ലാലിനെയും (അറസ്റ്റ് ചെയ്ത മെമ്മോയിലെ സാക്ഷി), പ്രോസിക്യൂഷൻ 6-ാം സാക്ഷിയായ കോൺസ്റ്റബിൾ ദേവീന്ദർ സിംഗിനെയും (ഔപചാരിക സാക്ഷി), പ്രോസിക്യൂഷൻ 7-ാം സാക്ഷിയായ സബ് ഇൻസ്പെക്ടർ ഭഗ്‌വാൻ സിംഗിനെയും (അന്വേഷണ ഉദ്യോഗസ്ഥൻ), പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദിനെയും (പ്രേതപരിശോധന നടത്തിയയാൾ), പ്രോസിക്യൂഷൻ 9-ാം സാക്ഷിയായ ബബ്‌ലുവിനെയും (മരണപ്പെട്ടയാളുമായി സൗഹൃദം പുലർത്തിയിരുന്നതായി പറയപ്പെട്ട ആൺകുട്ടി), പ്രോസിക്യൂഷൻ 10-ാം സാക്ഷിയായ മീലയെയും (പ്രതിയുടെ പ്രായപൂർത്തിയാകാത്ത മകൾ/മരണപ്പെട്ടയാളിന്റെ സഹോദരി) പ്രോസിക്യൂഷൻ 11-ാം സാക്ഷിയായ എ.എസ്.ഐ. മാലിരാമിനെയും പ്രോസിക്യൂഷൻ വിസ്തരിച്ചു.

6. വാമൊഴിത്തെളിവും, രേഖാമൂലമുള്ള തെളിവും സി.ആർ.പി.സി വകുപ്പ് 313 പ്രകാരം വാദിയെ അറിയിച്ചു, അതിനുള്ള ഉത്തരത്തിൽ അയാൾ, അയാളുടെ മകൾ ഷീല 28-04-1999-ന് രാത്രി ഏകദേശം 9 മണിക്ക് മരിച്ചതായി സമ്മതിച്ചു. മരണാന്വേഷണ റിപ്പോർട്ടും മരണപ്പെട്ടയാളിന്റെ ചുന്നി/ദുപ്പട്ട മുതലായവയുടെ വീണ്ടെടുക്കൽ മെമ്മോറാണ്ടവും തയ്യാറാക്കപ്പെട്ടതായും അയാൾ പറഞ്ഞു. പ്രോസിക്യൂഷൻ 3-ാം സാഗ്ഗിയായ രാം സിംഗ് പറഞ്ഞപോലെ തന്റെ മകൾ ഷീലയെ (മരണപ്പെട്ട) അവളുടെ മരണത്തിന് ഏകദേശം ഇരുപത് മിനിറ്റുകൾക്ക് മുമ്പ് അയാൾ ശാസിച്ചതായി അയാൾ മേലും സമ്മതിച്ചു. ബാക്കി തെളിവിനെ സംബന്ധിച്ച്, ആയത് ശരിയല്ലായെന്ന് അയാൾ നിഷേധിച്ചു. സി.ആർ.പി.സി വകുപ്പ് 313 പ്രകാരമുള്ള തന്റെ മൊഴിയുടെ അവസാനം പ്രതി, ജനറേറ്റർ പ്രവർത്തിപ്പിച്ചതിനുശേഷം അയാളുടെ മകൾ (ഷീല) ഉത്തരത്തിലെ (ബല്ലി) ഒരു കൊളുത്തിൽ തൂങ്ങിനിൽക്കുന്നത് അയാൾ കണ്ടു എന്ന് പറഞ്ഞു. കെട്ടഴിച്ചപ്പോൾ, അവൾക്ക് ജീവനുണ്ടായിരുന്നു എന്ന് അയാൾ മേലും പറഞ്ഞു. മരണപ്പെട്ടയാൾക്ക് കുറച്ചു വെള്ളം കൊടുത്തുവെന്നും, അവളെ ആശുപത്രി യിലേയ്ക്ക് കൊണ്ടുപോകുവാനുള്ള ശ്രമം നടത്തിയപ്പോൾ, അവൾ മരിച്ചുവെന്നും അയാൾ പറഞ്ഞു. പ്രതി പറഞ്ഞതുപോലെ മരണപ്പെട്ടയാൾക്ക് വെള്ളം കൊടുത്തുവെന്നോ, ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിയിൽ അവൾ മരിച്ചുവെന്നോ ഉള്ള വസ്തുതയെ സംബന്ധിച്ച്, അതിനെ പിൻതാങ്ങുവാൻ രേഖയിൽ യാതൊന്നുമില്ല.

7. വിചാരണ കോടതി, കക്ഷികളെ കേട്ടതിനുശേഷം, പ്രതി/എതിർകക്ഷി രമേഷിനെ കുറ്റത്തിന് അപരാധിയായി കണ്ടെത്തുകയും, ഐ.പി.സി വകുപ്പ് 302 പ്രകാരം കുറ്റസ്ഥാപനം ചെയ്യുകയും, ജീവപര്യന്ത തടവിന് ശിക്ഷ വിധിക്കുകയും, 10,000 രൂപ പിഴ ഒടുക്കുവാൻ നിർദ്ദേശിക്കുകയും, അതിന് വീഴ്ചവരുത്തിയാൽ ഒരു വർഷത്തെ കഠിന തടവ് അനുഭവിക്കുവാൻ അയാളോട് ആജ്ഞാപിക്കുകയും ചെയ്തു. എതിർകക്ഷി മേലും ഐ.പി.സി വകുപ്പ് 201 പ്രകാരം കുറ്റസ്ഥാപനം ചെയ്യപ്പെടുകയും, രണ്ടു വർഷക്കാലത്തെ കഠിന തടവിന് ശിക്ഷ വിധിക്കപ്പെടുകയും, 1000 രൂപ പിഴ ഒടുക്കുവാൻ നിർദ്ദേശിക്കപ്പെടുകയും, അതിന് വീഴ്ച വരുത്തിയാൽ, വീണ്ടും മൂന്ന് മാസ കഠിന തടവ് അനുഭവിക്കുവാൻ അയാളോട് ആജ്ഞാപി ക്കുകയും ചെയ്തു.

8. ജയ്പ്പൂരിലെ സെഷൻസ് ജഡ്ജി, സെഷൻസ് കേസ് നം. 76/1999-ൽ പാസ്സാക്കിയ 17-06-2000-ലെ പ്രസ്തുത വിധിന്യായത്തിനും ഉത്തരവിനും എതിരായി കുറ്റസ്ഥാപനം ചെയ്യപ്പെട്ടയാൾ ഹൈക്കോടതി മുമ്പാകെ അപ്പീൽ (ഡി.ബി. ക്രിമിനൽ ജയിൽ അപ്പീൽ നം. 397/2000) ഫയൽ ചെയ്തു. ഹൈക്കോടതി, കക്ഷികളെ കേട്ടതിനുശേഷം, അപ്പീൽ അനുവദിക്കുകയും, പ്രതി-എതിർകക്ഷി തന്റെ മകളെ കൊല ചെയ്തുവെന്ന തടയാനാകാത്ത തീരുമാന ത്തിലേയ്ക്ക് വരുന്നതിന്, കുറ്റസ്ഥാപനം ചെയ്യപ്പെട്ടയാൾക്ക് എതിരായ സാഹചര്യങ്ങളുടെ ശൃംഖല പൂർണ്ണമല്ലാതിരുന്നു എന്ന് വിധിച്ചുകൊണ്ട്, വിചാരണ കോടതി രേഖപ്പെടുത്തിയ കുറ്റസ്ഥാപനത്തെയും ശിക്ഷാവിധിയെയും റദ്ദാക്കുകയും ചെയ്തു. ഹൈക്കോടതിയുടെ പ്രസ്തുത ഉത്തരവ് ഞങ്ങളുടെ മുമ്പാകെ സർക്കാരിനാൽ ചോദ്യം ചെയ്യപ്പെടുന്നു.

9. ഞങ്ങൾ കക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകരെ കേൾക്കുകയും, കേസിന്റെ അസൽ രേഖ സൂക്ഷ്മമായി വായിക്കുകയും ചെയ്തിട്ടുണ്ട്.

10. പ്രതി-എതിർകക്ഷിയുടെ മകൾ ഷീല 28-04-1999-ൽ മരിച്ചു എന്നത് രേഖയിലുള്ള സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്, അത് മുകളിൽ ചർച്ചചെയ്ത, പ്രോസിക്യൂഷൻ തെളിവിനോട് ചേർത്ത് വായിച്ച പ്രകാരമുള്ള, സി.ആർ.പി.സി 313-ാം വകുപ്പ് പ്രകാരം രേഖപ്പെടുത്തിയ, പ്രതിയുടെ മൊഴിയിൽ നിന്ന് പ്രത്യക്ഷമാണ്. പ്രതി-എതിർകക്ഷിയുടെ മകൾ ഷീല 28-04-1999-ൽ മരിച്ചു എന്നത് രേഖയിലുള്ള, സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്. ഷീലയുടെ മരണം സ്വാഭാവികമായതല്ലായിരുന്നു എന്നതും സമ്മതിച്ചിട്ടുള്ള വസ്തുതയും, രേഖയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതുമാണ്, എന്തെന്നാൽ, ശ്വാസം മുട്ടിക്കലും തൊണ്ട ഞെരിക്കലും മുഖേനയുള്ള ശ്വാസംമുട്ടൽ മൂലം അവൾ മരിച്ചു എന്നത് പ്രോസിക്യൂഷൻ കേസ് ആയിരിക്കെ, അവൾ തൂങ്ങിമരിച്ചു എന്നതാണ് പ്രതിഭാഗം ഭാഷ്യം. കുറ്റവിമുക്തമാക്കലിന് എതിരെയുള്ള ഒരു അപ്പീലിൽ, പ്രോസിക്യൂഷൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ, ഷീലയുടെ നരഹത്യാമരണത്തിന് പ്രതി/എതിർകക്ഷി കാരണമായി എന്നത് പ്രോസിക്യൂഷൻ വിജയകരമായി തെളിയിച്ചിട്ടുണ്ടോ ഇല്ലയോ എന്നും, മരണപ്പെട്ടയാളിന്റെ മരണ കാരണം സംബന്ധിച്ച രണ്ടു വീക്ഷണങ്ങൾ-വിചാരണ കോടതി എടുത്തിരുന്നതും ഹൈക്കോടതി എടുത്തിരുന്നതും ഇപ്പോഴത്തെ കേസിൽ സാദ്ധ്യമായതായിരുന്നോ ഇല്ലയോ എന്നുംകൂടി കണ്ടെത്തുന്നതിന് രേഖയിലുള്ള തെളിവ് ഞങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

11. പ്രേതപരിശോധന റിപ്പോർട്ടിൽ പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദ് രേഖപ്പെടുത്തിയിരുന്ന മരണത്തിനു മുമ്പുള്ള ക്ഷതികളെ ഞങ്ങൾ നേരത്തെ മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. മരണ കാരണം സംബന്ധിച്ച് പ്രേതപരിശോധന റിപ്പോർട്ടിന്റെ അവസാനം അദ്ദേഹം നൽകിയിരുന്ന അഭിപ്രായവും ഞങ്ങൾ പകർത്തിയിട്ടുണ്ട്. കഴുത്തിന്റെ ഭാഗത്തുള്ള ക്ഷതികളുടെ ഫലമായുള്ള ശ്വാസംമുട്ടൽ കാരണം മരണപ്പെട്ടയാൾ മരിച്ചു എന്ന് പ്രോസിക്യൂഷൻ 8-ാം സാക്ഷി അയാളുടെ 29-04-1999-ലെ റിപ്പോർട്ടിൽ (എക്സിബിറ്റ് പി-12) പറഞ്ഞിട്ടുണ്ട്, എന്നാൽ അത് ശ്വാസംമുട്ടിക്കൽ മൂലമുള്ള ശ്വാസംമുട്ടലായിരുന്നോ തൂങ്ങിയതുമൂലമുള്ള ശ്വാസംമുട്ടലായിരുന്നോ എന്നതിനെ കുറിച്ച് അദ്ദേഹം സൂചിപ്പിച്ചിട്ടില്ല. എന്നാൽ വാക്കാലുള്ള അയാളുടെ സാക്ഷിത്തെളിവിൽ, മരണപ്പെട്ടയാൾ അവളുടെ കഴുത്തിനു ചുറ്റുമുള്ള ക്ഷതികളും ശ്വാസംമുട്ടലും മൂലം മരിച്ചുവെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. 19-05-1999-ൽ കാൽവാഡ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ 03-05-1999-ലെ 1490-ാം നമ്പർ കത്തിനെ പ്രതികരിച്ചുകൊണ്ട്, അദ്ദേഹം താഴെപ്പറയുന്ന മറുപടി അയാൾക്ക് നൽകിയതായി അദ്ദേഹം മേലും പറഞ്ഞിട്ടുണ്ട്:—

"മുകളിൽ സൂചിപ്പിച്ച ശവപരിശോധന റിപ്പോർട്ട് വായിച്ചതിനുശേഷം, കെട്ടിയ അടയാളം കഴുത്തിനു ചുറ്റും ഇല്ലായിരുന്നു എന്നത് വ്യക്തമാണ്.

അതിനാൽ, തൂങ്ങിയതു കാരണം മുകളിൽ സൂചിപ്പിച്ച വ്യക്തി മരിച്ചിട്ടില്ല എന്ന് സ്പഷ്ടീകരിക്കുന്നു. കഴുത്തിന്മേലുള്ള സമ്മർദ്ദത്തിന്റെ ഫലമായുള്ള ശ്വാസംമുട്ടൽ കാരണം അവൾ മരിച്ചു."

ഈ റിപ്പോർട്ട് മെഡിക്കൽ ഓഫീസർ (പ്രോസിക്യൂഷൻ 8-ാം സാക്ഷി) അദ്ദേഹത്തിന്റെ വിസ്താരവേളയിൽ തെളിയിച്ച രേഖയിൽ പി-13 ആയി എക്സിബിറ്റ് ചെയ്യപ്പെട്ടിരിക്കുന്നു. മരണകാരണം തൂങ്ങിയതു മൂലമുള്ള ശ്വാസംമുട്ടൽ ആയിരുന്നിരിക്കാനാകുമെന്ന യാതൊരു സൂചനയും പ്രോസിക്യൂഷൻ 8-ാം സാഗ്ഗിയായ ഡോ. വിവേക നന്ദിനോടുള്ള എതിർവിസ്താരത്തിൽ ഇല്ലാത്തതാണ്.

12. മരണപ്പെട്ടയാൾ ഒരു ചുന്നി/ദുപ്പട്ട കൊണ്ട് സ്വയം തൂങ്ങി ആത്മഹത്യ ചെയ്യുകയും, സംഭവത്തിനുശേഷം ഉടനെ അവളുടെ ശരീരം താഴെ ഇറക്കുകയും ചെയ്തതുകൊണ്ട്, അങ്ങനെ, കഴുത്തിന് ചുറ്റും കെട്ടിയ യാതൊരു അടയാളവും കണ്ടെത്തപ്പെട്ടിട്ടില്ല എന്നും, ഇത് തൂങ്ങിയതു മുഖേനയുള്ള ഒരു ആത്മഹത്യ കേസാണെന്നും എതിർകഗ്ഗിക്കുവേണ്ടി വാദിച്ചിരിക്കുന്നു.

13. കഴുത്തിനു ചുറ്റും ഒരു കെട്ടിട്ട് ശരീരത്തിനെ തൂക്കിനിർത്തുന്നതുവഴി, ശരീരത്തിന്റെ ഭാരമോ, ശരീര ഭാരത്തിന്റെ ഒരു ഭാഗമോ പിടിമുറുക്കുന്ന ശക്തി ആയിത്തീർന്ന് ഉണ്ടാക്കപ്പെടുന്ന ഒരു മരണ രീതിയാണ് തൂങ്ങിമരണം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഒരാളുടെ ശരീരം തൂക്കിനിർത്തുന്നതുമൂലം അതിന്റെ ഭാരത്താൽ കഴുത്തിലെ കെട്ട് ഇറുകുന്നതാണ് തൂങ്ങിമരണം.

14. മോദിയുടെ മെഡിക്കൽ ജൂറിസ്പ്രൂഡൻസ് ആന്റ് റ്റോക്സിക്കോളജി (23-ാം പതിപ്പ്) പറയുന്നതനുസരിച്ച്, കെട്ടടയാളം, ഉപയോഗിച്ച കെട്ടിന്റെ സ്വഭാവത്തെയും സ്ഥാനത്തെയും, മരണത്തിനുശേഷം ശരീരം തൂങ്ങിനിന്ന സമയത്തെയും ആശ്രയിച്ചിരിക്കുന്നു. കെട്ട് മൃദുവായിരിക്കുകയും, ശരീരം മരണത്തിനുശേഷം ഉടനെ കെട്ടുമുറിച്ച് താഴെയിടുകയും ചെയ്താൽ, യാതൊരു അടയാളവും ഉണ്ടായിരിക്കാവുന്നതല്ല.

15. ശ്വാസംമുട്ടിക്കലിനെ മോദി തൂങ്ങുന്നതല്ലാതെയുള്ള ഒരു ശക്തി മുഖേനയുള്ള കഴുത്തിന്റെ ഇറുക്കം എന്ന് നിർവ്വചിക്കുന്നു. ശരീരത്തിന്റെ ഭാരത്തിന് ശ്വാസംമുട്ടിക്കലുമായി യാതൊരു ബന്ധവുമില്ല. കെട്ടി ശ്വാസം മുട്ടിക്കൽ എന്നത് ഒരു കെട്ടു മുഖേനയോ, മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ ശരീരത്തിനെ തൂക്കിനിർത്താതെ കഴുത്തിനു ഞെരിക്കുന്നതിൽ നിന്ന് ഉണ്ടാകുന്ന മരണത്തിന്റെ ഒരു അക്രമ രൂപമാണ്. തൊണ്ടയിൻമേൽ വിരലുകളുടെയും ഉള്ളംകൈകളുടെയും സമ്മർദ്ദം മുഖേന ഞെരിക്കൽ ഉണ്ടാക്കപ്പെടുമ്പോൾ, അതിനെ തൊണ്ട ഞെരിക്കൽ എന്ന് പേർ പറയുന്നു. ഒരു പാദമോ, കാൽമുട്ടോ, കൈമുട്ട് മടക്കിയോ, മറ്റ് ഏതാനും കട്ടിയുള്ള പദാർത്ഥങ്ങളോ കൊണ്ട് തൊണ്ട ഞെരുക്കി ശ്വാസംമുട്ടിക്കൽ സംഭവിപ്പിക്കപ്പെടുമ്പോൾ, അത് രൂക്ഷമായ ആക്രമണം (കഴുത്തിനെ ഞെക്കി ശ്വാസംമുട്ടിക്കൽ) എന്ന് അറിയപ്പെടുന്നു . (ഊന്നൽ നൽകപ്പെടുന്നു)

16. ശ്വാസംമുട്ടലിന്റെ പ്രതിഭാസങ്ങളെ സംബന്ധിച്ച്, മോദി ഇപ്രകാരം പറയുന്നു:—

"മുഖം വീർക്കുകയും, കടുംനീല വർണ്ണമാകുകയും, ത്വക്കിലേക്കുള്ള രക്തസ്രാവം നിമിത്തം ഉണ്ടാകുന്ന പുള്ളികൾ കൊണ്ട് ശ്രദ്ധേയമാകുകയും ചെയ്യുന്നു. കണ്ണുകൾ തള്ളുകയും തുറന്നിരിക്കുകയും ചെയ്യുന്നു ചില സംഗതികളിൽ, അവ അടഞ്ഞിരിക്കാവുന്നതാണ്. കൺമിഴിയെയും അകത്തെ കൺപോളയെയും യോജിപ്പിക്കുന്ന ഉള്ളൂരിയിൽ അസ്വാഭാവികമായി രക്തം കട്ടപിടിക്കുകയും, കൃഷ്ണമണികൾ വലുതാകുകയും ചെയ്യുന്നു. ത്വക്കിലേക്കുള്ള രക്തസ്രാവം നിമിത്തം ഉണ്ടാകുന്ന പുള്ളികൾ കൺപോളകളിലും, കൺമിഴിയെയും അകത്തെ കൺപോളയെയും യോജിപ്പിക്കുന്ന ഉള്ളൂരിയിലും കാണപ്പെടുന്നു. ചുണ്ടുകൾ നീലനിറത്തിലായിരിക്കുന്നു. വായിലും മൂക്കിലെ ദ്വാരങ്ങളിലും നിന്ന് രക്തം പുരണ്ട നുര പുറത്തു ചാടുകയും, ചിലപ്പോൾ,

പ്രത്യേകിച്ചും വലിയ ബലപ്രയോഗം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, വായിലും മൂക്കിലും, കാതുകളിലും നിന്ന് ശുദ്ധരക്തം ഒഴുകിപ്പോവുകയും ചെയ്യുന്നു. നാക്ക്, പല സന്ദർഭങ്ങളിലും രക്തം വാർക്കുന്ന കീറലുകൾ കാണിച്ചും, ചിലപ്പോൾ പല്ലുകൾ കൊണ്ട് കടിക്കപ്പെട്ട് വീങ്ങിയും, ചതഞ്ഞും, വെളിയിൽ തള്ളിയും, കറുത്ത നിറത്തിലുമിരിക്കുന്നു. കഴുത്തിന്റെ പിൻഭാഗത്ത് ചതവിന്റെ തെളിവ് ഉണ്ടായിരിക്കാ വുന്നതാണ്. കൈകൾ സാധാരണയായി മുറുക്കിപ്പിടിക്കപ്പെടുന്നു. ജനനേന്ദ്രിയങ്ങളിൽ അസ്വാഭാവികമായി രക്തം കട്ടപിടിക്കാവുന്നതും, മൂത്രം, മലം, ശുക്ലം ഇവ പുറത്തുവരാവുന്നതുമാണ്. (ഊന്നൽ നൽകപ്പെടുന്നു).

17. 'ശ്വാസം മുട്ടലിൽ', മോദി പറയുന്നതനുസരിച്ച്, സാധാരണയായി കെട്ട് തൈറോയിഡ് കാർട്ടിലേജിന് മുകളിൽ സ്ഥിതിചെയ്യുകയും, ആ സ്ഥിതിവിശേഷത്തിൽ കഴുത്തിനെ അത് അമർത്തുന്നതിന്റെ പ്രഭാവം എപിഗ്ളോട്ടിസിനെയും അടിനാക്കിനെയും അന്നനാളത്തിന്റെ പിന്നിലുള്ള ചുമരിന് നേരെ മുകളിലേക്ക് ചെലുത്തുക എന്നതുമാണ്. അതുകൊണ്ട്, വായുടെ തളം അതിന്റെ അണ്ണാക്കിന് നേരെ അമർത്തിവയ്ക്കപ്പെടുകയും, വായുമാർഗ്ഗങ്ങളെ അടയ്ക്കുകയും ചെയ്യുന്നു .

18. മുകളിലത്തേതിന്റെ വെളിച്ചത്തിൽ, പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദ് ശവപരിശോധന സമയത്ത് തയ്യാറാക്കിയ പ്രേതപരിശോധനാ റിപ്പോർട്ടിലുള്ള (എക്സിബിറ്റ് പി-12) അദ്ദേഹത്തിന്റെ നിരീഗ്ഗണങ്ങളെ ഞങ്ങൾ പരിശോധിക്കുക യുണ്ടായി. മരണത്തിനു മുമ്പുള്ള ക്ഷതികളെയും, കഴുത്തിന്റെ ശസ്ത്രപരിശോധനയിലെ കണ്ടെത്തലുകളെയും, മാത്രമല്ല മെഡിക്കൽ ഓഫീസർ നൽകിയ അഭിപ്രായവും ഞങ്ങൾ നേരത്തെ മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ, ശവപരിശോധന റിപ്പോർട്ടിന്റെ ഒന്നാം പേജിൽ പറഞ്ഞിട്ടുള്ള ബാഹ്യപ്രതിഭാസങ്ങളെ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ (പ്രോസിക്യൂഷൻ 8-ാം സാക്ഷി) നടത്തിയിട്ടുള്ള നിരീഗ്ഗണങ്ങളെ ഇവിടെ സൂചിപ്പിക്കുന്നത് പ്രസക്തമാണെന്ന് ഞങ്ങൾ വിചാരിക്കുന്നു, അവ ഇപ്രകാരം വെളിപ്പെടുത്തുന്നു.

> "രണ്ടു കണ്ണുകളും പാതി തുറന്നിരിക്കുകയും, പുറത്തുതള്ളിയ പോലെ കാണപ്പെടുകയും ചെയ്തു. തുറന്നപ്പോൾ കണ്ണുകൾ ഏറെക്കുറെ ചുവന്ന് രക്തം തിങ്ങിനിറഞ്ഞിരിക്കുകയും, വായ് അടഞ്ഞിരിക്കുകയും, ചുണ്ടുകളും മുഖവും നഖങ്ങളോടൊപ്പം ഇളംനീലനിറത്തിൽ നിറവ്യത്യാസം കാണിക്കുകയും, അടിവയറ് ചെറുതായി വീർത്തുമിരിക്കുന്നു, കൃഷ്ണമണികളുടെ സ്ഥിതി-രണ്ടും വലുതായിരിക്കുന്നു''—(ഊന്നൽ നൽകപ്പെടുന്നു)

19. രേഖയിലുള്ള നിയമപരമായ വൈദ്യ തെളിവിനെ ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം, മരണപ്പെട്ടയാൾ തൂങ്ങി മരിച്ചു എന്ന ഒരു വീക്ഷണം എടുക്കുവാൻ കഴിയുമായിരുന്ന ഒരു കേസ് അല്ലായിരുന്നു അത് എന്നതാണ് ഞങ്ങളുടെ അഭിപ്രായം. മരണപ്പെട്ടയാൾ കഴുത്തിന്മേലുള്ള സമ്മർദ്ദത്തിന്റെ ഫലമായുള്ള ശ്വാസംമുട്ടൽ കാരണം മരിക്കുകയായിരുന്നു എന്ന് പ്രോസിക്യൂഷൻ 8-ാം സാക്ഷിയായ ഡോ. വിവേക നന്ദിന്റെ അഭിപ്രായത്തോട് (എക്സിബിറ്റ് പി-13) സമ്മതിക്കാതിരിക്കുവാൻ യാതൊരു കാരണവും ഇല്ലായിരുന്നു. പ്രോസിക്യൂഷൻ 10-ാം സാക്ഷിയായ മീല (പ്രതിയുടെ പ്രായപൂർത്തിയാകാത്ത മകൾ), അവളുടെ മൂത്ത സഹോദരിയുടെ ശരീരം തൂങ്ങി നിൽക്കുന്നത് കണ്ടതായി പറഞ്ഞിട്ടുണ്ടെങ്കിലും, ഈ സാക്ഷിയെ പ്രോസിക്യൂഷൻ പ്രതികൂല സാക്ഷിയായി പ്രഖ്യാപിച്ചെടുക്കുകയും, അവളുടെ മൂത്ത സഹോദരി നഷ്ടമായതിനുശേഷം, അവൾ തന്റെ പിതാവിനെ നഷ്ടപ്പെടുത്താനുള്ള ഒരു സ്ഥിതിയിലല്ലായിരുന്നു എന്ന കാരണത്താൽ, അവളുടെ മൊഴിയെ വിചാരണ കോടതി അപ്പാടെ അവിശ്വസിക്കുകയും ചെയ്തു.

20. ഷീലയെ (മരണപ്പെട്ടയാൾ) അറിയാമായിരുന്നുവെന്നും, താനും അവളും വിവാഹം ചെയ്യുവാൻ ആഗ്രഹിച്ചിരുന്നുവെന്നും പറഞ്ഞിട്ടുള്ള പ്രോസിക്യൂഷൻ 9-ാം സാക്ഷിയായ ബബ്ലുവിന്റെ മൊഴിയെ ഇവിടെ പരാമർശിക്കുന്നത് പ്രസക്തമാണെന്ന് ഞങ്ങൾ കരുതുന്നു. 28-04-1999-ൽ രാത്രി 8 നും 8.15 നും ഇടയ്ക്ക് കിണറിന്റെ അരികിൽ അയാൾ ഷീലയുമായി സംസാരിച്ചുകൊണ്ടിരുന്നുവെന്ന് അയാൾ മേലും പറഞ്ഞു. പ്രതി രമേഷ് അവിടെ വരികയും, ഷീലയെ സന്ധിക്കുന്നത് അയാൾ തുടർന്നാൽ, അയാളുടെ എല്ലുകളെ ഉടയ്ക്കുമെന്ന് അയാളെ ഭീഷണിപ്പെടുത്തുകയും ചെയ്തു എന്ന് മേലും അയാൾ പറഞ്ഞു. രമേഷ് ഷീലയെ അടിച്ചുവെന്ന് ആ സാക്ഷി മേലും പറഞ്ഞു. രമേഷ് ഷീലയെ വീട്ടിലേക്ക് കൊണ്ടുപോയെന്നും, അതിനുശേഷം സംഭവിച്ചത് എന്താണെന്ന് അയാൾക്ക് അറിയാമായിരുന്നില്ലെന്നും, എന്നാൽ രാത്രി 10.30 ന് അയാൾക്ക് ഷീലയുടെ മരണത്തെക്കുറിച്ച് അറിവ് കിട്ടിയെന്നും അയാൾ മേലും പറഞ്ഞു.

21. മുകളിലത്തെ മൊഴിയെ പ്രോസിക്യൂഷൻ 4-ാം സാക്ഷിയായ രാജു സ്ഥിരീകരിച്ചിട്ടുണ്ട്. 28-04-1999-ൽ രാത്രി 8.15 ന് അയാൾ പാടത്തു നിന്ന് മടങ്ങുന്ന വഴിക്ക് ഏതാനും ശബ്ദം കേട്ടതായി അയാൾ പറഞ്ഞു. അയാൾ കിണറിന്റെ അരികിലേയ്ക്ക് എത്തിച്ചേർന്നപ്പോൾ, ഷീലയും ബബ്ലുവും സംസാരിച്ചുകൊണ്ടിരുന്നത് അയാൾ കണ്ടുവെന്നും അവരവരുടെ വീടുകളിലേയ്ക്കു പോകുവാൻ അവരോട് ഉപദേശിക്കുകയും ചെയ്തുവെന്ന് അയാൾ മേലും പറഞ്ഞു. അതിനിടയിൽ പ്രതി രമേഷ് വരികയും, തന്റെ മകൾ ഷീലയെ അടിക്കുകയും, അവളെ അയാളുടെ വീട്ടിലേക്ക് കൊണ്ടുപോകുകയും ചെയ്തു. അതിനുശേഷം സംഭവിച്ചത് എന്താണെന്ന് അയാൾക്ക് അറിയാമായിരുന്നില്ല, എന്നാൽ രാത്രി ഏകദേശം 10.30 ന് പ്രോസിക്യൂഷൻ 1-ാം സാക്ഷിയെ പൃഥ്വീരാജ് സിംഗ് അയാളെയും ബബ്ലുവിനെയും വിളിച്ചിരുന്നുവെന്ന് അയാൾ മേലും പറഞ്ഞു. അതിനിടയിൽ പോലീസും അവിടെ എത്തിച്ചേർന്നു.

22. മുകളിൽ പറഞ്ഞപോലെ, രേഖയിലുള്ള തെളിവിനെ ശ്രദ്ധാപൂർവ്വം സൂഗ്ഗ്മപരിശോധന നടത്തിയതിനുശേഷം, പ്രതി രമേഷ് തന്റെ മകൾ, പ്രോസിക്യൂഷൻ 9-ാം സാക്ഷിയായ ബബ്ലുവിനോട് സംസാരിക്കുന്നത് കണ്ടപ്പോൾ, അയാൾ പെട്ടെന്ന് പ്രകോപിതനാകുകയും, ആത്മനിയന്ത്രണശേഷി നഷ്ടപ്പെടുത്തുകയും, അവളെ അടിക്കുകയും, വീട്ടിനുള്ളിൽ അവളെ കൊണ്ടുപോകുകയും, ശ്വാസംമുട്ടിക്കുകയും, തൊണ്ട ഞെരിക്കുകയും ചെയ്തതു വഴി തന്റെ മകളുടെ മരണത്തിന് കാരണമാകുകയും ചെയ്തുവെന്ന് രേഖയിൻമേൽ ന്യായമായ സംശയത്തിന് അതീതമായി തെളിയിച്ചിരിക്കുന്നുവെന്ന് ഞങ്ങൾ ബോദ്ധ്യപ്പെടുന്നു. പ്രേതപരിശോധന റിപ്പോർട്ടിൽ (എക്സിബിറ്റ് പി-12) സൂചിപ്പിച്ചിട്ടുള്ളതുപോലെ, മെഡിക്കൽ തെളിവ് മരണപ്പെട്ടയാളിന്റെ കഴുത്തിന്റെ ഭാഗത്ത് മരണത്തിനു മുമ്പുള്ള നാല് ക്ഷതികളും വായ്ക്കു ചുറ്റും മൂന്ന് ക്ഷതികളും കാണിക്കുന്നു. എക്സിബിറ്റ് പി-12-ഉം പി-13-ഉം റിപ്പോർട്ടുകളെ മുകളിൽ ചർച്ചചെയ്ത, സാക്ഷികളുടെ വായ്മൊഴി തെളിവിനോട് ചേർത്തു വായിക്കുമ്പോൾ, പ്രതി/എതിർകക്ഷി രമേഷിന് എതിരെയുള്ള, ഭാഗം I വകുപ്പ് 304 പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കൊലപാതക മാകാത്ത കുറ്റകരമായ നരഹത്യ കുറ്റം പ്രോസിക്യൂഷൻ വിജയകരമായി തെളിയിച്ചിട്ടുണ്ട് എന്ന് വിധിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു ശങ്കയും ഇല്ല.

23. കുറ്റകരമായ നരഹത്യ, കുറ്റവാളി, ഗുരുതരവും പെട്ടെന്നുള്ളതുമായ പ്രകോപനം മുഖേന ആത്മനിയന്ത്രണശേഷി നഷ്ടപ്പെടുത്തിയിട്ടുള്ളപ്പോൾ, പ്രകോപനം നൽകിയ ആളുടെ മരണത്തിന് കാരണമാകുന്നത് കൊലപാതകം അല്ലെന്ന് ഐ.പി.സി വകുപ്പ് 300 നുള്ള അപവാദം I വ്യവസ്ഥചെയ്യുന്നു. ഐ.പി.സി വകുപ്പ് 300 നുള്ള അപവാദം I-ൻ കീഴിൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള താഴെ പറയുന്ന മൂന്ന് ഉപാധികൾ ഇപ്പോഴത്തെ കേസിൽ നിറവേറ്റപ്പെടുകയും ചെയ്യുന്നുവെന്ന് പറയേണ്ടതില്ല:—

(എ) പ്രകോപനം കുറ്റവാളി ആവശ്യപ്പെടുകയോ സ്വേച്ഛയാ പ്രകോപിപ്പിക്കുകയോ ചെയ്തതല്ല;

(ബി) പ്രകോപനം നിയമം അനുസരിച്ചുകൊണ്ട് ചെയ്ത എന്തെങ്കിലും നൽകിയതല്ല;

(സി) പ്രകോപനം സ്വയരക്ഷാവകാശത്തിന്റെ നിയമപരമായ വിനിയോഗത്തിൽ ചെയ്ത എന്തെങ്കിലും നൽകിയതല്ല.

24. മുകളിൽ ചർച്ചചെയ്ത പ്രകാരമുള്ള കാരണങ്ങളാൽ, മരണപ്പെട്ടയാൾക്ക് സ്വയം തൂങ്ങാൻ കഴിഞ്ഞിരിക്കാമെന്നും, സാഹചര്യങ്ങളുടെ ശൃംഖല പൂർണ്ണമല്ലായിരുന്നുവെന്നും വിധിച്ചതിൽ ഹൈക്കോടതിക്ക് നിയമത്തിൽ തെറ്റുപറ്റിയിട്ടുണ്ട് എന്നതാണ് ഞങ്ങളുടെ വീക്ഷണം. അതിനാൽ ഈ അപ്പീൽ അനുവദിക്കപ്പെടാൻ അർഹത നേടുന്നു. തദനുസൃതമായി, അപ്പീൽ അനുവദിക്കപ്പെടുകയും, ഡി.ബി. ക്രിമിനൽ ജയിൽ അപ്പീൽ നം. 397/2000-ൽ ഹൈക്കോടതി പാസ്സാക്കിയ, 04-01-2006-ലെ വിധിന്യായവും ഉത്തരവും റദ്ദാക്കപ്പെടുകയും ചെയ്യുന്നു. പ്രതി-എതിർകക്ഷി രമേഷ് ഐ.പി.സി ഭാഗം I വകുപ്പ് 304 പ്രകാരം കുറ്റസ്ഥാപനം ചെയ്യപ്പെടുകയും, പത്തു വർഷത്തെ കഠിനതടവിന് ശിക്ഷ വിധിക്കപ്പെടുകയും ചെയ്യുന്നു. പ്രതി ഇതിനകം അനുഭവിച്ച ശിക്ഷാ കാലാവധി തട്ടിക്കിഴിക്കേണ്ടതാണ്. വിചാരണ കോടതി രേഖപ്പെടുത്തിയ അയാളുടെ കുറ്റസ്ഥാപനവും ശിക്ഷാവിധിയും തദനുസൃതമായി രൂപഭേദപ്പെടുത്തപ്പെട്ട് നിലനിൽക്കുന്നതാണ്.

25. ശിക്ഷാവിധിയുടെ ശേഷിക്കുന്ന കാലം എതിർകക്ഷി പൂർത്തിയാ ക്കുവാൻ കീഴ്ക്കോടതി രേഖ തിരിച്ചയയ്ക്കപ്പെടേണ്ടതാണ്.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് ദീപക് മിശ്ര

## &

## ബഹു. ജസ്റ്റിസ് പ്രഫുല്ല സി. പന്ത്

## ക്രിമിനൽ അപ്പീൽ നം. 1085/2015

## [എസ്.എൽ.പി. (ക്രിമിനൽ) നം. 2623/2015-ൽ നിന്നും ഉത്ഭവിച്ചത്]

## രാജസ്ഥാൻ സർക്കാർ

## അഭി

## ജൈനുദ്ദീൻ ഷേക്കും മറ്റൊരാളും

2015 ആഗസ്റ്റ് 25–ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1973–ലെ ക്രിമിനൽ നടപടി നിയമസംഹിത, വകുപ്പ് 250--1985–ലെ വേദനസംഹാരികളും സൈക്കോട്രോപ്പിക് പദാർത്ഥങ്ങളും ആക്റ്റിലെ വകുപ്പുകൾ 8/21(ബി)യും 8/29-ഉം-ഹർദീപ് സിംഗ് അഭി മദ്ധ്യപ്രദേശ് സർക്കാർ ((2012) 1 എസ്.സി.സി 748) എന്ന കേസിൽ എടുത്തു കാട്ടപ്പെടുന്ന യാതൊരു വഞ്ചനയോ ദുരുദ്ദേശമോ പോലുള്ള വസ്തുതാസ്ഥിതി ഈ കേസിൽ ഇല്ല. ഇപ്രകാരം പാണ്ഡിത്യമുള്ള വിചാരണ ജഡ്ജി പ്രകടിപ്പിച്ച അഭിപ്രായം പൂർണ്ണമായും ന്യായീകരിക്കാനാകാത്തതും, ഹൈക്കോടതി അതിനെ സ്ഥിരീകരിച്ചത് പൂർണ്ണമായും നില നിൽക്കതക്കതല്ലാത്തതുമാണ്. മുകളിൽപറഞ്ഞ വിശകലനത്തിന്റെ കാഴ്ചപ്പാടിൽ, അപ്പീൽ അനുവദിക്കപ്പെടുകയും, നഷ്ടപരിഹാരം അനുവദിച്ചുനൽകിയ വിചാരണ ജഡ്ജിയുടെ ഉത്തരവും ആയതിന് അംഗീകാരമുദ്ര നൽകിയ ഹൈക്കോടതിയുടെ ഉത്തരവും റദ്ദാക്ക പ്പെടുന്നു.**

### വിധിന്യായം

#### ജസ്റ്റിസ് ദീപക് മിശ്ര

1985-ലെ വേദനസംഹാരികളും സൈക്കോട്രോപ്പിക് പദാർത്ഥങ്ങളും ആക്റ്റിലെ (ചുരുക്കത്തിൽ, "**എൻ.ഡി.പി.എസ്. ആക്റ്റ്**") വകുപ്പുകൾ 8/21 (ബി)- യും 8/29-ഉം പ്രകാരം ശിഗ്ഗിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് പ്രതികളായി കുറ്റാരോപണം ചെയ്യപ്പെട്ടിരുന്ന എതിർകഗ്ഗി കളിൽ ഓരോരുത്തർക്കും, ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നിന്ന് റിപ്പോർട്ട് കരസ്ഥമാക്കുന്നതിൽ കാലതാമസം ഉണ്ടായിരുന്നുവെന്നും പിടിച്ചെടുത്ത ഇനങ്ങളിൽ നിയമനിഷിദ്ധമായ വസ്തു ഉൾപ്പെട്ടിരുന്നില്ലെന്ന് പരീഗ്ഗണം മേലും വെളിപ്പെടുത്തിയിട്ടു ണ്ടെന്നും അതിനാൽ അവർ നിയമവിരുദ്ധമായ തടങ്കൽ അനുഭവിച്ചിരുന്നുവെന്നും ഉള്ളതിന്റെ അടിസ്ഥാനത്തിൽ, 1,50,000/- രൂപ നഷ്ട പരിഹാരത്തുക അനുവദിച്ചതിൽ പാണ്ഡിത്യമുള്ള പ്രത്യേക ജഡ്ജി ന്യായീകരിക്കപ്പെട്ടിരുന്നോ എന്നും, നഷ്ടപരിഹാരം അനുവദിക്കുന്നത് തെറ്റല്ലെന്ന് അഭിപ്രായപ്പെട്ടുകൊണ്ട്, പാണ്ഡിത്യ മുള്ള വിചാരണ ജഡ്ജി പ്രകടിപ്പിച്ച കാഴ്ചപ്പാട് സ്വീകരിക്കുവാൻ, ഹൈക്കോടതി വസ്തുതാ സ്ഥിതി ശരിക്കും വിലയിരുത്തിയിട്ടുണ്ടോ എന്നുമുള്ളതാണ് പ്രത്യേകാനുമതി മുഖേനയുള്ള ഈ അപ്പീലിൽ പരിഗണനക്കായി ഉത്ഭവിച്ചിട്ടുള്ള പരമപ്രധാനമായ വിവാദ്യകം.

2. പരിമിതമായ ഈ വിവാദ്യകത്തിന്റെ ന്യായനിർണ്ണയത്തിനുവേണ്ടി പ്രസ്താവി ക്കേണ്ടതായ വസ്തുതകൾ എന്തെന്നാൽ, 2-11-2011-ൽ പ്രോസിക്യൂഷൻ സാഗ്ഗി-5 ആയ നെമിചന്ദിലെ എസ്.എച്ച്.ഒ, പി.എസ്. ഭിംഗഞ്ച്, പ്രോസിക്യൂഷൻ സാഗ്ഗി-4 ആയ കോൺസ്റ്റബിൾ ഉംറാവുവിനോടും, പ്രോസിക്യൂഷൻ

സാഗ്ഗി-6 ആയ ഹെഡ്കോൺസ്റ്റബിൾ ഓംപ്രകാശിനോടും ഒപ്പം റോന്തുചുറ്റുന്ന ജോലിചെയ്തുകൊണ്ടിരുന്നപ്പോൾ, പ്രതികളായ രണ്ടുപേരേയും ഒരുമിച്ച് ശ്രദ്ധിക്കുകയും, പോലീസ് വാഹനം കണ്ട്, പ്രതിയായ ജൈനുദ്ദീൻ, മംഗൽപാണ്ഡേ സർക്കിളിനു സമീപമുള്ള കാച്ചാ ഇടവഴിയിലേയ്ക്ക് വേഗത്തിൽ നീങ്ങുകയും, ചോദ്യം ചെയ്യവേ തൃപ്തികരമായ ഏതൊരു മറുപടിയും നൽകുവാൻ അയാൾക്ക് കഴിഞ്ഞിട്ടില്ലാത്തതുമാണ് എന്നതാണ്. പ്രതിയെ മറ്റുള്ള ആളുകളുടെ സാന്നിദ്ധ്യത്തിൽ ശോധന ചെയ്യുകയും, ശോധനാവേളയിൽ പ്രതി-എതിർകക്ഷിയുടെ ട്രൗസറിന്റെ പുറകുവശത്തെ പോക്കറ്റിൽ, ആരോപിച്ചിട്ടുള്ളതുപോലെ, ലഹരിപദാർത്ഥം അടങ്ങിയിരുന്ന ഒരു പോളിത്തീൻ ബാഗ് കാണപ്പെടുകയും ചെയ്തു, എന്നാൽ അയാൾക്ക് അതിന് ലൈസൻസ് ഇല്ലായിരുന്നു, പോളിത്തീൻ ബാഗിന് 31 ഗ്രാമും 170 മില്ലീഗ്രാമും തൂക്കമുണ്ടായിരുന്നു. ആരോപിത സ്വാദിന്റെ, 5 ഗ്രാം വീതം തൂക്കത്തിലുള്ള രണ്ട് സാമ്പിളുകൾ പോലീസ് തയ്യാറാക്കുകയും, ബാക്കിയുള്ളതിനെ പോളിത്തീൻ ബാഗിൽ വെച്ച് സീൽ ചെയ്യുകയും ചെയ്തു. അതിനുശേഷം, പ്രതി-1-ാം നമ്പർ എതിർകക്ഷിയെ സംഭവ സ്ഥലത്ത് വെച്ച് അറസ്റ്റുചെയ്യുകയും പിടിച്ചെ ടുക്കൽ മെമ്മോ തയ്യാറാക്കുകയും ചെയ്തു. ആ സമയത്ത് പ്രതി ഷബ്ബീറിനെയും കസ്റ്റഡിയിൽ എടുത്തു. അതിനുശേഷം, ഒരു പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുകയും അന്വേഷണ ത്തിനുശേഷം, പ്രതി-1-ാം നമ്പർ എതിർ കക്ഷിക്കെതിരായി **എൻ.ഡി.പി.എസ്.** ആക്റ്റിലെ വകുപ്പ് 8/21 (ബി) പ്രകാരവും പ്രതി ഷബ്ബീറിനെതിരായി **എൻ.ഡി.പി.എസ്.** ആക്റ്റിലെ വകുപ്പ് 8/29 പ്രകാരവും കുറ്റപത്രം ഫയൽ ചെയ്യുകയും ചെയ്തു.

3. പ്രതികളായ ആളുകൾ കുറ്റങ്ങൾ നിഷേധിക്കുകയും, അവരെ തെറ്റായി ഉൾപ്പെടുത്തിയതായി ക്രിമിനൽ നടപടി നിയമസംഹിതയിലെ 313-ാം വകുപ്പ് പ്രകാരമുള്ള അവരുടെ പത്രികയിൽ പ്രസ്താവിക്കുകയും ചെയ്തു.

4. കുറ്റങ്ങൾ സ്ഥാപിക്കുന്നതിനായി പ്രോസിക്യൂഷൻ ആറ് സാക്ഷികളെ വിസ്തരിച്ചു. പരിശോധനക്കായി സാമ്പിളുകൾ 8-11-2011-ൽ ഫോറൻസിക് ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുകയും, അതിന്റെ രാസവിശകലനം 9-9-2013-ൽ നടത്തുകയും, 28-09-2013-ൽ കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും, അതിനെ എക്സിബിറ്റ് പി-11 ആയി എക്സിബിറ്റ് ചെയ്യുകയും ചെയ്തു എന്നതിനെ ശ്രദ്ധിക്കേണ്ടതാണ്. സാമ്പിളിൽ "കഫീൻ"-ഉം "പാരസെറ്റമോൾ"-ഉം അടങ്ങിയിരുന്നുവെന്നും അതിൽ ഡയസറ്റൈൽ മോർഫീൻ (ഹെറോയിൻ) അല്ലെങ്കിൽ ''അഫീം'' ന്റെ (ഒപ്പിയം) ആൽക്കലോയിഡ് അടങ്ങിയിരുന്നില്ല എന്നും പ്രസ്തുത രേഖ വെളിപ്പെടുത്തി. പ്രസ്തുത ഇനങ്ങൾ **എൻ.ഡി.പി.എസ്.** ആക്റ്റ് പ്രകാരമുള്ള ലഹരി പദാർത്ഥങ്ങളുടെ വിഭാഗത്തിൻകീഴിൽ ഉൾപ്പെട്ടിരുന്നില്ലെന്ന് റിപ്പോർട്ട് സൂചിപ്പിച്ചതു കൊണ്ട്, കുറ്റങ്ങൾ ഏതൊരു രീതിയിലും സ്ഥാപിക്കപ്പെട്ടിട്ടില്ല എന്ന തീരുമാനത്തിൽ വിചാരണ കോടതി എത്തിച്ചേർന്നു.

5. പാണ്ഡിത്യമുള്ള വിചാരണ ജഡ്ജി, പ്രസ്തുത തീരുമാനം രേഖപ്പെടുത്തുന്ന വേളയിൽ ഇപ്രകാരം നിരീക്ഷിച്ചു:

> ***''നിലവിലത്തെ കേസിൽ, പിടിച്ചെടുക്കൽ നടത്തിയ ആഫീസർക്ക് ലഹരി പദാർത്ഥത്തെ സംബന്ധിച്ച് യാതൊരു പരിചയവും ഇല്ല എന്നത് തീർച്ചയായും ഉത്കണ്ഠ ഉളവാക്കുന്ന വിഷയമാണ്. എന്നാലും വെറും പരിശോധന നടത്തിയതുവഴിയാണ് വസ്തു ലഹരി പദാർത്ഥമാണെന്ന് പ്രോസിക്യൂഷൻ 5-ാം സാക്ഷിയായ നെമിചന്ദ്, തന്റെ സാക്ഷിമൊഴിയിൽ കണ്ടെത്തിയിരുന്നത്. തീർച്ചയായും അത്, ലഹരി പദാർത്ഥത്തിന്റെ തിരിച്ചറിയലിനെ കുറിച്ചുള്ള പിടിച്ചെടുക്കൽ നടത്തിയ ഉദ്യോഗസ്ഥന്റെ അറിവില്ലായ്മയെ കാണിക്കുന്നു. പിടിച്ചെടുക്കൽ നടത്തിയ ഉദ്യോഗസ്ഥൻ, അത്തരം പദാർത്ഥം ലഹരിപദാർത്ഥമാണോ അല്ലയോ എന്ന് ഉറപ്പുവരുത്തുവാൻ പിടിച്ചെടുക്കപ്പെട്ട വസ്തുവിനെ രുചിച്ചു നോക്കിയിരിക്കേണ്ടതോ പിടിച്ചെടുക്കൽ നടത്തിയ സമയത്ത് ഹാജരായിരുന്ന മറ്റാളുകൾക്ക് അതിനെ കൊടുത്തിരിക്കേണ്ടതോ ആണ് എന്നുള്ളതിനുള്ള യാതൊരു ശ്രമവും***

*അയാൾ നടത്തിയിട്ടില്ല. പിടിച്ചെടുക്കൽ നടത്തിയ ഉദ്യോഗസ്ഥൻ വസ്തുവിനെ വെറുതെ മണത്തുനോക്കിയശേഷമാണ് അത് ലഹരിപദാർത്ഥമാണെന്ന് തിരിച്ചറിഞ്ഞത്.*

*ഈ വീഗ്ഗണത്തിൽ, വസ്തു ലഹരിപദാർത്ഥമാണോ അല്ലയോ എന്ന സംശയം ഉണ്ടെങ്കിൽ, അപ്പോൾ അത്തരം വസ്തു ഉടനെ രാസവിശകലനത്തിന് വിധേയമാക്കപ്പെടേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്, എന്ന് സൂചിപ്പിക്കുന്നത് നീതിയുടെ താല്പര്യത്തിലായിരിക്കുന്നതാണ്. എന്നാൽ നിലവിലത്തെ കേസിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ മേൽപ്പറഞ്ഞ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചത് 28-09-2013-ലും, ലബോറട്ടറി രാസവിശകലനം നടത്തിയത് 09-09-2013-ലും ആണ്. അതിനാൽ, 02-11-2011-ലെ സംഭവത്തിന് ഏകദേശം 2 വർഷങ്ങൾക്കുശേഷമാണ്, അതായത്, രണ്ട് വർഷ കാലയളവിന് ശേഷമാണ്, മേൽപ്പറഞ്ഞ വസ്തു രാസവിശകലനത്തിന് വിധേയമാക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാണ്, അതുകൊണ്ട്, തീർച്ചയായും ഇത്, ന്യായവും ഉചിതവുമായ നടപടിയാണെന്ന് കണക്കാക്കുവാൻ കഴിയുന്നതല്ല".*

6. അപ്രകാരം വിധിച്ചശേഷം, ഓരോ സംസ്ഥാനത്തിനും സംസ്ഥാനതലത്തിലും ഡിവിഷൻതലത്തിലും ഫോറൻസിക് സയൻസ് ലബോറട്ടറികൾ ഉണ്ടായിരിക്കേണ്ടതാണെന്ന് 2010-ലെ ക്രിമിനൽ അപ്പീൽ നമ്പർ 1640-ൽ സുപ്രീംകോടതി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും, ഉചിതമായ യാതൊരു നടപടിയും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ലെന്ന് പാണ്ഡിത്യമുള്ള വിചാരണ ജഡ്ജി അഭിപ്രായപ്പെട്ടു. ആ ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിവില്ലാതിരുന്നതും, ഫോറൻസിക് ലബോറട്ടറിയിൽനിന്ന് ന്യായമായ ഒരു സമയത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള ഒരു ക്രമീകരണം ഉണ്ടായിരുന്നിരിക്കേണ്ടതുമായിരുന്നു എന്നും കൂടി പാണ്ഡിത്യമുള്ള വിചാരണ ജഡ്ജി അഭിപ്രായപ്പെട്ടു. വീഗ്ഗണം, ഇതായിരിക്കെ, അദ്ദേഹം പ്രതികൾക്ക് അനുകൂലമായ ഒരു കുറ്റവിമുക്ത വിധിന്യായം രേഖപ്പെടുത്തി. അതിനുശേഷം പാണ്ഡിത്യമുള്ള വിചാരണ ജഡ്ജി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (ചുരുക്കത്തിൽ 'നിയമ സംഹിത') വകുപ്പ് 250-നെ പരാമർശിക്കുകയും, ഒരു ദുരുദ്ദേശത്തോടെയുള്ള പ്രോസിക്യൂഷൻ കേസിൽ പ്രതിക്ക് നഷ്ടപരിഹാരം നൽകുവാൻ ഒരു സെഷൻസ് കോടതിക്ക് കഴിയുന്നതാണെന്ന് അഭിപ്രായപ്പെടുകയും, അതിനനുസൃതമായി രണ്ടു പ്രതികൾക്കും 1,50,000/- രൂപ വീതം നൽകുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

7. രാജസ്ഥാൻ സർക്കാരിനുവേണ്ടിയുള്ള, പാണ്ഡിത്യമുള്ള എഎജി, ശ്രീ. എസ്.എസ്. ഷംഷെറിയെ ഞങ്ങൾ കേൾക്കുകയുണ്ടായി. നോട്ടീസ് നൽകിയിട്ടും, എതിർകക്ഷികൾക്ക് വേണ്ടി ആരും ഹാജരായിട്ടില്ല.

8. ചില ഉപാധികൾ നിറവേറ്റപ്പെടു ന്നതിന്മേൽ, നഷ്ടപരിഹാരം നൽകുവാൻ നിയമ സംഹിതയിലെ 250-ാം വകുപ്പ് മജിസ്ട്രേറ്റിന് അധികാരം നൽകുന്നു. പ്രസ്തുത വ്യവസ്ഥയിൽ ഒരു നടപടിക്രമം ചേർക്കപ്പെട്ടിട്ടുണ്ട്. പാണ്ഡിത്യമുള്ള സെഷൻസ് ജഡ്ജിക്ക് നഷ്ടപരിഹാരം നൽകുവാൻ കഴിയുന്ന ചില കേസുകൾ ഉണ്ട്. ഈ സന്ദർഭത്തിൽ *ദൗലത്ത് റാം* അഭി *ഹരിയാന സർക്കാർ* ((1996) 11 എസ്.സി.സി 711) എന്ന കേസിലെ വിധിന്യായം ഗുണാധിഷ്ഠിതമായി ഞങ്ങൾക്ക് പരാമർശിക്കാവുന്നതാണ്. അതിലെ അപ്പീൽവാദിയെ, പാണ്ഡിത്യമുള്ള അഡീഷണൽ സെഷൻസ് ജഡ്ജി 1985-ലെ തീവ്രവാദികളും ഭിന്നിപ്പിക്കുന്ന പ്രവർത്തനങ്ങളും (തടയൽ) ആക്റ്റിലെ (ചുരുക്കത്തിൽ 'ടാഡാ') വകുപ്പ് 6(1) മായി കൂട്ടിവായിച്ച പ്രകാരമുള്ള 1959-ലെ ആയുധങ്ങൾ ആക്റ്റിലെ 25-ാം വകുപ്പ് പ്രകാരം കുറ്റസ്ഥാപനം ചെയ്യുകയുണ്ടായി. പ്രതി എടുത്തിരുന്ന പ്രതിവാദം ഗ്രാമത്തിലെ ഹാൻസ് രാജ് ലംബാർദാർ എന്ന ഒരാളുടെ ആവശ്യപ്രകാരം അയാൾ തെറ്റായി ഉൾപ്പെടുത്തപ്പെട്ടു എന്നതായിരുന്നു. അയാൾ തന്റെ പ്രതിരോധത്തിൽ നാലു സാക്ഷികളെ വിസ്തരിച്ചിരുന്നു. അയാൾ ടാഡായിലെ 6-ാം വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കപ്പെട്ടു, എന്നാൽ ആയുധങ്ങൾ ആക്റ്റിലെ 25-ാം വകുപ്പ് പ്രകാരം

കുറ്റസ്ഥാപനം ചെയ്യപ്പെട്ടു. രേഖയിലുള്ള തെളിവിനെ വിശകലനം ചെയ്യുകയും പ്രതിവാദത്തെ ശ്രദ്ധയിലെടുക്കുകയും ചെയ്തുകൊണ്ട് കോടതി കുറ്റസ്ഥാപന വിധിന്യായത്തെ അകറ്റുകയും, അപ്രകാരം ചെയ്യുന്ന വേളയിൽ, ഈ കോടതി ഇപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു:-

***"......................പോലീസ് ഉദ്യോഗസ്ഥർ, അതായത്, പ്രോസിക്യൂഷൻ സാഗ്ഗി-2 ആയ ഹെഡ് കോൺസ്റ്റബിൾ രൺധീർ-ഉം, പ്രോസിക്യൂഷൻ സാഗ്ഗി-3 ആയ അപ്പോഴത്തെ ഹെഡ് കോൺസ്റ്റബിൾ ജയ്ദയാലും, അവർക്ക് മാത്രം അറിയാമായിരുന്ന കാരണങ്ങൾക്കായി അപ്പീൽവാദിയുടെ മേൽ ഒരു കള്ളക്കേസ് അടിച്ചേൽപ്പിച്ചു എന്നത് നിർഭാഗ്യകരമാണ്. അത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഈ കേസുമായി ബന്ധപ്പെട്ട് അപ്പീൽവാദി കുറെ ദിവസങ്ങൾ കസ്റ്റഡിയിൽ ആയിരുന്നുവെന്ന് ഞങ്ങളെ അറിയിച്ചിരിക്കുന്നു. അതിനാൽ, രണ്ടു മാസങ്ങൾക്കുള്ളിൽ അപ്പീൽവാദിക്ക് 5000/- രൂപ നഷ്ടപരിഹാരമായി കൊടുക്കുവാൻ എതിർകഗ്ഗി സർക്കാരിനോട് ഞങ്ങൾ നിർദ്ദേശിക്കുന്നു. എന്നിരുന്നാലും എതിർകഗ്ഗി-സർക്കാരിന്, അപ്പീൽവാദിയെ കള്ളക്കേസിൽ കുടുക്കുന്നതിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരായ പ്രോസിക്യൂഷൻ രണ്ടാം സാഗ്ഗി രൺധീരിൽ നിന്നും പ്രോസിക്യൂഷൻ മൂന്നാം സാഗ്ഗി ജയ്ദയാലിൽ നിന്നും പ്രസ്തുത തുക (2,500/-രൂപ വീതം) വസൂലാക്കാ വുന്നതാണ്."***

9. *മുഹമ്മദ് സാഹിദ്* അഭി *എൻസിറ്റി ഓഫ് ഡൽഹി സർക്കാർ* ((1998) 5 എസ്.സി.സി 419) എന്ന കേസിൽ, അപ്പീൽവാദി, ടാഡയുടെ 19-ാം വകുപ്പ് പ്രകാരം ഒരു അപ്പീൽ ബോധിപ്പിച്ചിരുന്നു. പദവി നിർദ്ദേശം ചെയ്യപ്പെട്ട കോടതി അയാളെ അപരാധിയായി കണ്ടെത്തുകയും, ടാഡയുടെ 5-ാം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യുകയും, അഞ്ച് വർഷം കഠിന തടവ് അനുഭവിക്കുവാനും 1000/- രൂപ പിഴ ഒടുക്കുവാനും, പിഴ ഒടുക്കുവാൻ വീഴ്ച വരുത്തിയാൽ, രണ്ടു മാസം കൂടുതൽ കഠിന തടവ് അനുഭവിക്കുവാനും അയാൾക്ക് ശിഗ്ഗ വിധിക്കുകയും ചെയ്തിരുന്നു. കോടതി അപ്പീൽ അനുവദിക്കുകയും ഒരു കുറ്റവിമുക്ത ഉത്തരവ് രേഖപ്പെടുത്തുകയും ചെയ്തു. ചില രേഖകൾ കുത്തിചെലുത്തപ്പെട്ടിരുന്നുവെന്നും, ചില സാഗ്ഗികളുടെ തെളിവ് പൂർണ്ണമായും കളവായിരുന്നുവെന്നും അതിലെ അപ്പീൽവാദി, പ്രോസിക്യൂഷൻ സാഗ്ഗികൾ 5-ന്റെയും 6-ന്റെയും മറ്റ് പോലീസ് ഉദ്യോഗസ്ഥരുടെയും ഗൂഢാലോചന മൂലം നീണ്ട നിയമവിരുദ്ധ തടവിന് ഒരു ഇരയാക്കപ്പെടുകയും ചെയ്തു എന്ന് വിശകലനത്തിന്റെ ഗതിയിൽ കോടതി അഭിപ്രായപ്പെടുകയും, അതിനനുസൃതമായി 50,000/- രൂപ നഷ്ടപരിഹാരമായി കൊടുക്കു വാൻ നിർദ്ദേശിക്കുകയും ചെയ്തു.

10. ഈ സന്ദർഭത്തിൽ, മറ്റു ചില വിധിന്യായങ്ങൾക്കുള്ള പരാമർശവും ഉചിതമായിരിക്കുന്നതാണ്. *സർക്കാരിനെ പ്രതിനിധീകരിച്ച് പോലീസ് ഇൻസ്പെക്ടറും മറ്റുള്ളവരും* അഭി *എൻ.എം.ടി ജോയ് ഇമ്മാക്കുലേറ്റ്* ((2004) 5 എസ്.സി.സി 729), എന്ന കേസിൽ, അനുവദിക്കപ്പെടുകയും ചില നിർദ്ദേശങ്ങളോടുകൂടി റിവിഷൻ തീർപ്പാക്കപ്പെടുകയും ചെയ്ത ഒരു ക്രിമിനൽ റിവിഷനിൽ മദ്രാസ് ഹൈക്കോടതിയിലെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി പാസ്സാക്കിയ വിധിന്യായത്തെയും ഉത്തരവിനെയും ഒരു മൂന്നംഗ ബെഞ്ച് പരിഗണിക്കുകയായിരുന്നു. ഒരു സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി നഷ്ടപരിഹാരമായി 1 ലഗ്ഗം രൂപ അനുവദിച്ചു നൽകിയിരുന്നു. ഹൈക്കോടതിയുടെ ഉത്തരവിനെ റദ്ദാക്കിയതിനു ശേഷം, ജസ്റ്റിസ് ജി.പി. മാത്തൂർ, പാണ്ഡിത്യമുള്ള ചീഫ് ജസ്റ്റിസിനും തനിക്കും വേണ്ടി സംസാരിച്ചുകൊണ്ട്, ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

***"പ്രതികൾ, അവർ പോലീസ് സ്റ്റേഷനിൽ നിയമവിരുദ്ധമായി തടങ്കലിൽ വയ്ക്കപ്പെട്ടുവെന്നും പോലീസ് ഉദ്യോഗസ്ഥർ ലൈംഗിക***

***പീഢനം, അശ്ലീല ബലാത്കാരം മുതലായ പ്രവൃത്തികൾ ചെയ്തു എന്നുമ്മുള്ള കാരണത്താൽ ഹൈക്കോടതി അവർക്ക് 1 ലഗ്ഗം രൂപ നഷ്ടപരിഹാരമായി അവാർഡുചെയ്യുക കൂടി ചെയ്തിട്ടുണ്ട്. അന്വേഷണത്തിനു ശേഷം പ്രതിയായ ജോയി ഇമ്മാക്കുലേറ്റിന് എതിരായി പോലീസ് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. റിവിഷന്റെ തീർപ്പിനു മുമ്പ് ജാമ്യത്തിനുള്ള അവരുടെ അപേഗ്ഗയെ പാണ്ഡിതൃമുള്ള സെഷൻസ് ജഡ്ജിയും, 18-01-2002-ൽ ഹൈക്കോടതിയും നിരസിച്ചിരുന്നു. കൊലപാതകം പോലെയുള്ള ഗുരുതര മായ ഒരു കുറ്റത്തിന് പ്രോസിക്യൂഷൻ നേരിടുന്ന ഒരാൾക്ക്, വിചാരണ ആരംഭിച്ചിട്ടുള്ളതിന് മുമ്പ് തന്നെ നഷ്ടപരിഹാരം അവാർഡ് ചെയ്യുന്നതിന് പൂർണ്ണമായും യാതൊരു ന്യായീകരണവും ഇല്ല. അതിനാൽ ഈ നിർദ്ദേശം റദ്ദാക്കൽ അർഹിക്കുന്നു."***

ജസ്റ്റിസ് ഡോക്ടർ എ.ആർ. ലഗ്ഗ്മൺ, യോജിച്ചുകൊണ്ടുള്ള തന്റെ അഭിപ്രായത്തിൽ ഇപ്രകാരം പ്രതിപാദിച്ചിട്ടുണ്ട്:-

***"എല്ലാറ്റിനും ഉപരിയായി, പോലീസ് ഉദ്യോഗസ്ഥർ ഇതിലെ എതിർ കഗ്ഗിക്കെതിരെ വൃത്തികെട്ട അതിക്രമം, പരിഹസിക്കൽ എന്നീ കൃത്യങ്ങൾ ചെയ്ത കാരണത്താൽ 1 ലഗ്ഗം രൂപ നഷ്ട പരിഹാരം അവാർഡ് ചെയ്തതിൽ പാണ്ഡിത്യമുള്ള ജഡ്ജി ഒരു ഗുരുതരമായ തെറ്റ് ചെയ്തിട്ടുണ്ട്. പാണ്ഡിതൃമുള്ള ജഡ്ജി തീരുമാനത്തിലേക്ക് വന്നു ചേരുന്നതിന് കേസിൽ ഫയൽചെയ്ത സതൃവാങ്മൂലത്തിന്റെ അടിസ്ഥാന ത്തിലും, കൂടാതെ ആ വിഷയത്തിൽ പാണ്ഡിതൃമുള്ള ജഡ്ജി ഉത്തരവിട്ട കൂടുതൽ അന്വേഷണത്തെ ഒഴിവാക്കു മെന്നുള്ള, എതിർകഗ്ഗി ആ സംഭവത്തിൽ ഉൾപ്പെട്ടിരുന്നില്ല എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലും മാത്രം വിശ്വാസം അർപ്പിച്ചിട്ടുള്ളതാണ്. കൊലപാതകം പോലുള്ള ഗുരുതരമായ ഒരു കുറ്റത്തിന് പ്രോസിക്യൂഷൻ നേരിടുന്ന ഒരാൾക്ക് വിചാരണ ആരംഭിച്ചിട്ടുള്ളതിന് മുമ്പ് തന്നെ നഷ്ടപരിഹാരം അവാർഡ് ചെയ്യുന്നതിന് യാതൊരു ന്യായീകരണവും ഇല്ല."***

11. ഈ സന്ദർഭത്തിൽ, *ഹർദീപ് സിംഗ്* അഭി *മദ്ധ്യപ്രദേശ് സർക്കാർ* ((2012) 1 എസ്.സി.സി 748) എന്ന കേസിലെ ഒരു രണ്ടംഗ ബെഞ്ചിന്റെ വിധിന്യായത്തെ ഉപയോഗപ്രദമായി ഞങ്ങൾക്ക് പരാമർശിക്കാവുന്നതാണ്. പ്രസ്തുത കേസിൽ, അപ്പീൽവാദി വിവിധ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീഗ്ഗകൾക്ക് വേണ്ടി വിദ്യാർത്ഥികളെ തയ്യാറാക്കുവാൻ അവർക്ക് ട്യൂഷൻ നൽകപ്പെട്ട ഒരു കോച്ചിംഗ് സെന്റർ നടത്തുന്നതിൽ വ്യാപൃതനായിരുന്നു. അപ്പീൽവാദി അറസ്റ്റ് ചെയ്യപ്പെടുകയും, ഐ.പി.സി 34-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം 420-ാം വകുപ്പും മറ്റു വകുപ്പുകളും പ്രകാരമുള്ള ഒരു കേസ് ആരംഭിക്കപ്പെടുകയും ചെയ്തു. അയാളെ കൈവിലങ്ങുകളോടുകൂടി പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും, കൈവിലങ്ങുകളോടു കൂടിയുള്ള അയാളുടെ ഫോട്ടോകൾ തദ്ദേശ ദിനപത്രങ്ങളിൽ പ്രതൃഗ്ഗപ്പെടുകയും ചെയ്തു. വിചാരണ പല വർഷങ്ങൾ തുടരുകയും, 12 വർഷങ്ങൾക്കു ശേഷം അന്തിമമായി അയാൾ കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്തു. അതിനുശേഷം അയാൾ മജിസ്ട്രേറ്റ് മുമ്പാകെ ഒരു പരാതി ഫയൽ ചെയ്തു, അത് അനുമതിയുടെ അഭാവം കാരണം തള്ളിക്കളയപ്പെടുകയും ചെയ്തു. ഹൈക്കോടതിയെ സമീപിക്കെ, പരാതി നിലനിൽക്കത്തക്കതല്ലായിരുന്നു എന്ന് വിധിക്കുകയും അതിനെ ആരംഭത്തിലെ തള്ളിക്കളയുകയും ചെയ്തു. അതിനുശേഷം, ഇരയായ ആൾ കളക്ടറേയും മറ്റുള്ള സർക്കാർ ജീവനക്കാരെയും പ്രോസിക്യൂട്ട് ചെയ്യുന്നതിനു വേണ്ടി ക്രിമിനൽ നടപടി നിയമസംഹിതയിലെ വകുപ്പ്-197 പ്രകാരം അനുമതിക്കായി സർക്കാരിനെ സമീപിച്ചു, അത് നിരസിക്കപ്പെട്ടു. പ്രസ്തുത നിരസന ഉത്തരവ്, റിട്ട് ഹർജി നമ്പർ 4777/2007-ൽ ചോദ്യം ചെയ്യപ്പെട്ടു. ആ റിട്ട് ഹർജിയെ ഹൈക്കോടതി തള്ളിക്കളഞ്ഞു. ഒരു ഇൻട്രാ-കോർട്ട് അപ്പീൽ ഫയൽ ചെയ്തപ്പോൾ, അതിനെ ഹൈക്കോടതി തള്ളിക്കളഞ്ഞു.

12. കുറ്റവിമുക്തനാക്കപ്പെട്ടതിനുശേഷം അപ്പീൽവാദി, അയാളെ പോലീസ് സാധുവായ യാതൊരു കാരണവും കൂടാതെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയും, അവിടെ രാത്രി കൈവിലങ്ങ് വച്ച് സൂഗ്ഗിക്കുകയും കൈവിലങ്ങു വച്ച അയാളുടെ ഫോട്ടോകൾ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയും അതിന്റെ അനന്തരഫലമായി, അയാളെ ഒരു മകനെപ്പോലെ സ്നേഹിച്ച അയാളുടെ മൂത്ത സഹോദരി ഞെട്ടൽ മൂലം മരിക്കുകയും ചെയ്തുവെന്ന്, മറ്റു പലതിന്റെയും കൂട്ടത്തിൽ, പ്രസ്താവിച്ചുകൊണ്ട് റിട്ട് ഹർജി നം. 4368/2004 ഫയൽ ചെയ്തിരുന്നത് പ്രസ്താവിക്കേണ്ടതാണ്. അയാൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ വ്യാജമായിരുന്നുവെന്ന് പ്രോസിക്യൂഷന് ആരംഭത്തിലെ അറിയാമായിരുന്നുവെന്നും, അത് അയാളുടെ അന്തസ്സിനും ഖ്യാതിക്കും വലിയ ഹാനി വരുത്തുകയും, ഭരണഘടനയുടെ 21-ാം അനുല്ലേദത്തിൻ കീഴിൽ ഉറപ്പു നൽകപ്പെട്ടിട്ടുള്ള സത്വര വിചാരണക്കുള്ള അയാളുടെ മൗലിക അവകാശത്തെ ലംഘിക്കുകയും ചെയ്തുകൊണ്ട് വിചാരണ പൂർത്തിയാക്കുന്നതിൽ മന:പൂർവ്വം കാലതാമസം വരുത്തിയെന്നും കൂടി വാദിച്ചിരുന്നു. അപ്പീൽവാദിക്ക് എതിരായ ക്രിമിനൽ കേസ് അവസാനിപ്പിക്കുന്നതിലുള്ള കാലതാമസത്തിനുവേണ്ടി അയാൾക്ക് നഷ്ടപരിഹാരം കൊടുക്കണമോ എന്ന പരിമിതമായ ചോദ്യത്തിൻമേൽ ഹൈക്കോടതിയിലെ പാണ്ഡിത്യമുള്ള ഒരു സിംഗിൾ ജഡ്ജി റിട്ട് ഹർജി അനുവദിച്ചിരുന്നു. ആ വിഷയത്തെ അന്തിമമായി കേട്ട മറ്റൊരു സിംഗിൾ ജഡ്ജി നഷ്ടപരിഹാരത്തിനുള്ള യാതൊരു കേസും ഉണ്ടായിരുന്നില്ല എന്ന് അഭിപ്രായപ്പെട്ടു. ഇൻട്രാ-കോർട്ട് അപ്പീലിൽ, ഡിവിഷൻ ബെഞ്ച് അതിനെ മാറ്റി വിധിക്കുകയും, 70,000/- രൂപ നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തു. ആ നഷ്ടപരിഹാരത്തെ ഈ കോടതി 2 ലഗ്ഗം രൂപയായി ഉയർത്തുകയും ചെയ്തു. ഈ കോടതി അംഗീകരിച്ചിട്ടുള്ള ഡിവിഷൻ ബെഞ്ച് നടത്തിയ വിശകലനം താഴെ പറയുന്ന ഫലത്തിലേക്കാണ്:-

***"അപ്പീൽവാദിയെ കൈവിലങ്ങുകൾ ഇട്ട് വയ്ക്കുന്നതിനുള്ള യാതൊരു ആവശ്യകതയും ഇല്ലായിരുന്നുവെന്ന് ഡിവിഷൻ ബെഞ്ച് മേലും വിധിച്ചു. അയാളെ വിലങ്ങിട്ടത് ന്യായീകരണം കൂടാതെയായിരുന്നുവെന്നും, അത് ഒരു മനുഷ്യൻ എന്ന നിലയിൽ അയാളുടെ അന്തസ്സിനെ പ്രതികൂലമായി ബാധിച്ചത് മാത്രമല്ല, എന്നാൽ നിർഭാഗ്യകരവും സങ്കടകരവുമായ അനന്തര ഫലങ്ങളിലേക്ക് നയിക്കുക കൂടെ ചെയ്തു".***

കൂടാതെ, നഷ്ടപരിഹാരം ഉയർത്തുന്ന വേളയിൽ ഈ കോടതി ഇപ്രകാരം വിധി കല്പിച്ചു:-

***''ഡിവിഷൻ ബെഞ്ച് എത്തിച്ചേർന്നിട്ടുള്ള കണ്ടെത്തലുകളുടെ വെളിച്ചത്തിൽ, 70,000/- രൂപ നഷ്ട പരിഹാരം തീരെ ചെറുതായിരുന്നുവെന്നും, അപ്പീൽവാദി അനുഭവിച്ച കഷ്ടതകൾക്കും അപമാനത്തിനും ന്യായം ചെയ്തിട്ടില്ല എന്നും ഞങ്ങൾ കാണുന്നു".***

13. മേൽപ്പറഞ്ഞ നിയമ പ്രസ്താവത്തെ പരിഗണിച്ചുകൊണ്ട്, ഇപ്പോഴുള്ള കേസിലെ വസ്തുതാപരമായ കേന്ദ്രബിന്ദു വിലയിരുത്തേണ്ടത് ആവശ്യമാണ്. പാണ്ഡിത്യമുള്ള വിചാരണ ജഡ്ജിയുടെ വിധിന്യായത്തിന്റെ ഒരു അതിസൂഗ്ഗ്മ പരിശോധനയിൽ, അദ്ദേഹത്തെ മൂന്ന് ഘടകങ്ങൾ, അതായത്, ഈ കോടതി പാസ്സാക്കിയ ഉത്തരവുകൾ ഉണ്ടായിരുന്നിട്ടും സംസ്ഥാന സർക്കാർ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ചിട്ടില്ല എന്നതും; പിടിച്ചെടുത്ത വസ്തുക്കളെ പരിശോധന നടത്തിയെടുത്തതിൽ കാലവിളംബം ഉണ്ടായിരുന്നു എന്നതും; പിടിച്ചെടുക്കൽ നടത്തിയ ഉദ്യോഗസ്ഥൻ നിയമനിഷിദ്ധ വസ്തു ഒപ്പിയം ആയിരുന്നുവെന്ന് തന്റെ പരിചയവും നൈപുണ്യവും ഉപയോഗിച്ച് സ്വയം ബോദ്ധ്യപ്പെട്ടിരുന്നില്ല എന്നതും ആണ് അടിസ്ഥാനപരമായി നയിച്ചിട്ടുള്ളത് എന്നത് പ്രകടമാണ്. ആദ്യത്തെ ഘടകത്തെ സംബന്ധിച്ചിടത്തോളം, അത് മൊത്തത്തിൽ ഒരു വ്യത്യസ്ത വിഷയമാണ്. കാലവിളംബത്തെ സംബന്ധിച്ചിടത്തോളം, അത് കുറ്റവിമുക്തനാക്കലിനുള്ള യുക്തിവിചാരത്തിന്റെ ആധാരമാണ്. പോലീസ് റോന്ത് ചുറ്റുന്ന വേളയിൽ പ്രതികളായ ആളുകളെ ശ്രദ്ധിച്ചിരുന്നതും, ആ സമയത്തെ

അവരുടെ പെരുമാറ്റം സംശയാസ്പദമായിരുന്നതും ശ്രദ്ധിക്കുന്നത് ഉചിതമാണ്. പിടിച്ചെടുക്കൽ നടത്തിയ ഉദ്യോഗസ്ഥന്റെ ഭാഗത്ത് ഏതെങ്കിലും വീഴ്ച ഉണ്ടായിരുന്നതായി സൂചിപ്പിക്കുവാൻ രേഖയിൽ യാതൊന്നുമില്ല. പ്രോസിക്യൂഷൻ അവരെ കള്ളക്കേസിൽ കുടുക്കി എന്ന് കാണിക്കുവാൻ തെളിവു മുഖേന യാതൊന്നും കൊണ്ടുവന്നിട്ടില്ല. ഏതെങ്കിലും ദുരുദ്ദേശം ഉണ്ടായിരുന്നതായി വിദൂരത്തിൽ സൂചിപ്പിക്കുവാൻ പോലും യാതൊന്നുമില്ല. ശ്രദ്ധിക്കപ്പെടുന്നതുപോലെ ഈ സ്വഭാവത്തിലുള്ള ഒരു കേസിൽ പ്രതികളായ ആളുകൾക്ക് നഷ്ടപരിഹാരം നൽകുന്ന ആശയത്തിലേക്ക് ഹൈക്കോടതി അതിന്റെ മനസ്സ് പ്രയോഗിച്ചിട്ടില്ല. പ്രതികളായ ആളുകളെ പ്രോസിക്യൂഷൻ മനഃപൂർവ്വം കുടുക്കിയതാണ് എന്നു കാണിക്കുവാൻ യാതൊരു വസ്തുവും എന്തായാലുമില്ല. (മുകളിലത്തെ) *ഹർദീപ് സിംഗിന്റെ* കേസിൽ എടുത്തുകാട്ടപ്പെടുന്ന വസ്തുതാസ്ഥിതി പോലുള്ള യാതൊരു വഞ്ചനയോ ദുരുദ്ദേശമോ ഇല്ല. ഇപ്രകാരം പാണ്ഡിത്യമുള്ള വിചാരണ ജഡ്ജി പ്രകടിപ്പിച്ച അഭിപ്രായം പൂർണ്ണമായും ന്യായീകരിക്കാനാകാത്തതും, ഹൈക്കോടതി അതിനെ, സ്ഥിരീകരിച്ചത് പൂർണ്ണമായും നിലനിൽക്കത്തക്കതല്ലാത്തതുമാണ്.

14. മുകളിൽപ്പറഞ്ഞ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ അനുവദിക്കപ്പെടുകയും, നഷ്ടപരിഹാരം അനുവദിച്ചു നൽകിയ വിചാരണ ജഡ്ജിയുടെ ഉത്തരവും, ആയതിന് അംഗീകാരമുദ്ര നൽകിയ ഹൈക്കോടതിയുടെ ഉത്തരവും റദ്ദാക്കപ്പെടുകയും ചെയ്യുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എം.വൈ. ഇക്ബാൽ**

**&**

**ബഹു. ജസ്റ്റിസ് സി. നാഗപ്പൻ**

**സിവിൽ അപ്പീൽ നം. 5778/2015**
**(എസ്.എൽ.പി (സിവിൽ) നമ്പർ 10430/2014-ൽ നിന്ന് ഉത്ഭവിച്ചത്)**
**രാജേശ്വർ ബാബുറാവു ബോണി**

**അഭി**

**മഹാരാഷ്ട്രാ സർക്കാരും മറ്റൊരാളും**

2015 ജൂലൈ 29-ന് പുറപ്പെടുവിച്ച ഉത്തരവ്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള തസ്തികയിലെ നിയമനം-- സത്യാപനത്തിന് റഫർ ചെയ്യപ്പെട്ട ഗോത്ര വർഗ്ഗ സർട്ടിഫിക്കറ്റിനെ—സൂഗ്മ പരിശോധനാ സമിതി പിൻവലിച്ചു—കമ്മിറ്റി മുമ്പാകെയുള്ള രേഖയിൽ കളവായ സത്യവാങ്മൂലം ഫയൽ ചെയ്തുകൊണ്ട് ഹർജിക്കാരൻ വഞ്ചന കാട്ടിയിട്ടുള്ളതിനാൽ, കമ്മിറ്റി, ഹർജിക്കാരനനുകൂലമായി സാധുതാ സർട്ടിഫിക്കറ്റ് നൽകുന്ന അതിന്റെ മുൻഉത്തരവ് പിൻവലിക്കുന്നതിൽ ന്യായീകരിക്കപ്പെട്ടിട്ടുണ്ട്. വഞ്ചന ഉണ്ടാകുമ്പോൾ സൂഗ്മപരിശോധനാ സമിതിക്ക് പുനഃ പരിശോധനാ അധികാരങ്ങൾ പ്രയോഗിക്കുവാൻ സമിതിയെ പ്രാപ്തമാക്കുന്ന പ്രത്യേക വ്യവസ്ഥയുടെ അഭാവത്തിൽ പോലും, അതിന്റെ മുൻഉത്തരവ് പിൻ വലിക്കുവാൻ കഴിയുന്നതാണ് എന്നത് നല്ലവണ്ണം സ്ഥാപിക്കപ്പെട്ടിരിക്കുന്നതാണ്— ഹൈക്കോടതി വിധി ശരിവച്ചു.**

**ഉത്തരവ്**

**ജസ്റ്റിസ് എം.വൈ. ഇക്ബാൽ**

അനുമതി നൽകി.

2. ഔറംഗബാദിലുള്ള ബോംബെ ഹൈക്കോടതി ബെഞ്ച് പാസ്സാക്കിയ 17-12-2013-ലെ ഉത്തരവിനെതിരെയാണ് പ്രത്യേകാനുമതി മുഖേനയുള്ള ഈ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്, ഇതിലെ അപ്പീൽവാദി ഫയൽ ചെയ്ത റിട്ട് ഹർജി പ്രസ്തുത ഉത്തരവ് മുഖേന ഹൈക്കോടതി തള്ളിക്കളഞ്ഞിരുന്നു.

3. കേസിന്റെ വസ്തുതകൾ ഒരു ഇടുങ്ങിയ വൃത്തത്തിൽ സ്ഥിതി ചെയ്യുന്നു.

4. ഇതിലെ അപ്പീൽവാദി ഒരു പട്ടികവർഗ്ഗ സമുദായമായ 'കോലി മഹാദേവ്'-ൽ ഉൾപ്പെടുന്നതായി അവകാശപ്പെടുന്നു. അപ്പീൽവാദി പറഞ്ഞതനുസരിച്ച്, അയാളുടെ അല്ലനുമായി വസ്തു സംബന്ധിച്ച് തർക്കം ഉണ്ടായിരുന്നതുകൊണ്ട് അയാൾ അയാളുടെ

കുടുംബത്തിൽ നിന്ന് മാറി താമസിക്കുന്നതും, കുറച്ചുകാലമായി അപ്പീൽവാദിക്ക് അയാളുടെ അല്ലനും മറ്റു കുടുംബാംഗങ്ങളുമായി യാതൊരു ബന്ധമോ ആശയവിനിമയമോ ഇല്ലാത്തതുമാണ്.

5. അപ്പീൽവാദിക്ക് ബീഡ്, സില്ലാ പരിഷത്തിൽ, പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള തസ്തികയിൽ നിയമനം ലഭിച്ചതുകൊണ്ട്, അയാൾക്ക് അനുകൂലമായി നൽകപ്പെട്ട ഗോത്രവർഗ്ഗ സർട്ടിഫിക്കറ്റ് നിയമന തീയതി മുതലുള്ള 18 വർഷത്തിനുശേഷം സൂഗ്ഗ്മപരിശോധനാ സമിതിക്ക് സത്യാപന ത്തിനായി റഫർ ചെയ്യുകയുണ്ടായി. അപ്പീൽവാദി, അയാളുടെ അവകാശവാദത്തിന് താങ്ങായി ഗുണ്ടാജി നർസിംഹ് ബോണി എന്ന പേരുള്ള അയാളുടെ മുത്തല്ലനെ സംബന്ധിക്കുന്ന, അയാളുടെ ജാതി മഹാദേവ് കോലി എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും പഴക്കംചെന്ന, 1348 ഫസാലി രേഖ ഉൾപ്പെടെ നിരവധി രേഖകൾ സമർപ്പിക്കുകയുണ്ടായി.

6. അപ്പീൽവാദിയുടെ അവകാശവാദം വിജിലൻസ് സെല്ലിന് റഫർ ചെയ്യുകയും, വിജിലൻസ് ആഫീസർ വീട്ടിലും സ്കൂളിലും അന്വേഷണം നടത്തുകയും ചെയ്തു. സത്യവാങ്മൂലവും അതുപോലെതന്നെ അപ്പീൽവാദി പൂരിപ്പിച്ച ഫോറങ്ങളും ഉൾപ്പെടെ അപ്പീൽവാദി ഹാജരാക്കിയ എല്ലാ രേഖകളുടെയും പരിഗണനയിന്മേൽ സൂഗ്ഗ്മ പരിശോധനാസമിതി 19-06-2010-ലെ യുക്തി സഹമായ ഉത്തരവ് മുഖേന സാധുതാ സർട്ടിഫിക്കറ്റ് നൽകി.

7. ശാരദ്കുമാർ ബാബുറാവു ബോണി എന്ന പേരുള്ള അപ്പീൽവാദിയുടെ സഹോദരന് അനുകൂലമായി നൽകപ്പെട്ടിട്ടുള്ള ഗോത്രവർഗ്ഗ സർട്ടിഫിക്കറ്റ്, സമിതിയുടെ 20-10-2004-ലെ ഉത്തരവ് മുഖേന അസാധുവാക്കപ്പെട്ടിട്ടുണ്ടെന്ന് പിന്നീട് വെളിവായിട്ടുള്ളതും, പ്രസ്തുത ഉത്തരവ് 27-10-2004-ൽ അയാളെ അറിയിച്ചി ട്ടുള്ളതുമാണ്. ഗോത്രവർഗ്ഗമാണെന്ന അപ്പീൽവാദിയുടെ സഹോദരന്റെ അവകാശ വാദത്തെ അസാധുവാക്കിക്കൊണ്ട് സമിതി പാസ്സാക്കിയ ഉത്തരവിനെ ചോദ്യംചെയ്തു കൊണ്ടുള്ള 6934/2004 നമ്പരായുള്ള റിട്ട് ഹർജിയെ ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുള്ളതാണ്. ആ ഹൈക്കോടതി ഉത്തരവിനെതിരെ ഫയൽ ചെയ്ത എസ്.എൽ.പിയും ഈ കോടതി തള്ളിക്കളഞ്ഞി ട്ടുള്ളതാണ്.

8. ആ നിലയിൽ, സൂഗ്ഗ്മപരിശോധന സമിതി, അപ്പീൽവാദിക്കനുകൂലമായി സാധുതാ സർട്ടിഫിക്കറ്റ് നൽകിയതുമായി ബന്ധപ്പെട്ട വിഷയത്തെ പുനഃപരിശോധിക്കുവാൻ തീരുമാനിച്ചു. സമിതി അപ്പീൽവാദിക്ക് യഥാവിധി നോട്ടീസ് നൽകുകയും, അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയുവാനുള്ള അവസരം നൽകുകയും ചെയ്തതിനുശേഷം സൂഗ്ഗ്മ പരിശോധനാസമിതി 24-02-2012-ലെ ഉത്തരവ് മുഖേന അതിന്റെ മുൻ ഉത്തരവ് പിൻ വലിക്കുകയും, അപ്പീൽവാദിയുടെ ഗോത്രവർഗ്ഗ സർട്ടിഫിക്കറ്റിനെ അസാധുവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. സൂഗ്ഗ്മ പരിശോധനാസമിതി, 7-ഉം, 8-ഉം, 9-ഉം, 10-ഉം നമ്പർ ഖണ്ഡികകളിൽ ഇപ്രകാരം നിരീഗ്ഗിക്കുകയുണ്ടായി:-

> ***''അപേഗ്ഗകൻ ഫോറം 'ഇ' സമർപ്പിച്ചിട്ടുണ്ട്, അതിൽ കോളം 17(എ) യിൽ, നിങ്ങളുടെ കുടുംബാംഗങ്ങളിൽ ഏതെങ്കിലും കുടുംബാംഗം മുൻപ് സത്യാപനം ചെയ്യപ്പെട്ടിട്ടുണ്ടോ? എന്ന് പ്രത്യേകം ചോദിച്ചിരുന്നു. അപേഗ്ഗകൻ 'ഇല്ല' എന്ന് മറുപടി നൽകി."***

അപേഗ്ഗകൻ 13-01-2009-ൽ നോട്ടറി മുമ്പാകെ നോട്ടറൈസ് ചെയ്ത, ഫോർമാറ്റ് `എഫ്'-ൽ സത്യവാങ്മൂലം ഫയൽ ചെയ്തു, അതിൽ "അല്ലന്റെ പഗ്ഗത്ത് നിന്നുള്ള എന്റെ ബന്ധുക്കൾ ആരുടെയും പട്ടികവർഗ്ഗ സർട്ടിഫിക്കറ്റിനെ സൂഗ്ഗ്മപരിശോധനാസമിതി ഒരിക്കലും അസാധുവായി വിധിച്ചിരുന്നില്ല" എന്ന പ്രസ്താവന അയാൾ ശപഥത്തിൻമേൽ പ്രത്യേകം നടത്തിയിരുന്നു.

അപേഗ്ഗകൻ 16-03-2009-ൽ മറ്റൊരു സത്യവാങ്മൂലവും സമർപ്പിച്ചു, അതിൽ "എന്റെ സഹോദരി സഹോദരൻ അല്ലെങ്കിൽ ബോണി എന്ന കുലനാമമുള്ള രക്തബന്ധമുള്ള ബന്ധുക്കൾ ആരുടെയെങ്കിലും അവകാശവാദം ഒരിക്കലും സമിതി അസാധുവാക്കിയിട്ടില്ല അല്ലെങ്കിൽ യാതൊരു ഹർജിയും ഏതൊരു കോടതി

മുമ്പാകെയും നിലവിലിരിക്കുന്നില്ല" എന്ന വ്യാജപ്രസ്താവന അയാൾ വീണ്ടും നടത്തിയിട്ടുണ്ട്.

വിജിലൻസ് സെല്ലിലെ പോലീസ് ഇൻസ്പെക്ടർ 09-04-2009-ൽ ശ്രീ. ബാബുറാവു ഗുണ്ടാജി ബോണി എന്ന പേരുള്ള അപേക്ഷകന്റെ പിതാവിന്റെ മൊഴി രേഖപ്പെടുത്തി. ***"എന്റെ കുടുംബത്തിൽ, ബോണി കുലനാമക്കാരിലോ എന്റെ ബന്ധുക്കളിലോ, ആരുടെയും അവകാശ വാദത്തെ സമിതി ഒരിക്കലും അസാധു വാക്കിയിട്ടില്ല അല്ലെങ്കിൽ യാതൊരു ഹർജിയും ഏതൊരു കോടതി മുമ്പാകെയും നിലവിലി രിക്കുന്നില്ല"*** എന്ന മൊഴി അയാളും നൽകിയിട്ടുണ്ട്.

9. അപ്പീൽവാദി, ഔറംഗബാദിലുള്ള ബോംബെ ഹൈക്കോടതി ബെഞ്ചിൽ റിട്ട് ഹർജി നം. 5160/2012 ആയുള്ള റിട്ട് ഹർജി ഫയൽ ചെയ്തുകൊണ്ട് 24-02-2012-ൽ സൂഗ്ഗ്മപരിശോധനാസമിതി പാസ്സാക്കിയ മുകളിൽ പറഞ്ഞ ഉത്തരവിനെ ചോദ്യം ചെയ്തു. ഹൈക്കോടതി, അപ്പീൽവാദിയെ കേട്ടതിനു ശേഷം റിട്ട് ഹർജി തള്ളിക്കളയുകയും, താഴെ പറയും പ്രകാരം നിരീഗ്ഗിക്കുകയും ചെയ്തു.

> ***"ഞങ്ങളുടെ അഭിപ്രായത്തിൽ, ഹർജിക്കാരൻ സാധുതാ സർട്ടിഫിക്കറ്റ് അന്യായമായി കരസ്ഥമാക്കുന്നതിനു വേണ്ടി മനഃപൂർവ്വം സൂഗ്ഗ്മപരിശോധന സമിതിയെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. ഹർജിക്കാരൻ സൂഗ്ഗ്മപരിശോധനാ സമിതി മുമ്പാകെ സത്യം ചെയ്ത് വ്യാജ പ്രസ്താവനകൾ നടത്തിയതിന് അപരാധിയാണ്. ഹർജിക്കാരൻ നേരത്തെ നടത്തിയ തെറ്റിദ്ധരിപ്പി ക്കലിന്റെ ഫലമായി സൂഗ്ഗ്മ പരിശോധനാസമിതി അയാൾക്ക നുകൂലമായി സാധുതാ സർട്ടിഫിക്കറ്റ് നൽകിയിരുന്നു. എന്നിരുന്നാലും, ഹർജിക്കാരന്റെ വഞ്ചനാപൂർവ്വകമായ പ്രവൃത്തി തിരിച്ചറിഞ്ഞതിനുശേഷം, സമിതി അതിന്റെ മുൻഉത്തരവ് പിൻവലിച്ചു. സമിതി മുമ്പാകെയുള്ള രേഖയിൽ കളവായ സത്യവാങ്മൂലം ഫയൽ ചെയ്തുകൊണ്ട് ഹർജിക്കാരൻ വഞ്ചന കാട്ടിയിട്ടുള്ളതിനാൽ, സമിതി, ഹർജിക്കാരനനുകൂലമായി സാധുതാ സർട്ടിഫിക്കറ്റ് നൽകുന്ന അതിന്റെ മുൻഉത്തരവ് പിൻവലിക്കുന്നതിൽ ന്യായീകരിക്കപ്പെട്ടിട്ടുണ്ട്. വഞ്ചന ഉണ്ടാകുമ്പോൾ സൂഗ്ഗ്മപരിശോധനാ സമിതിക്ക് പുന:പരിശോധനാ അധികാരങ്ങൾ പ്രയോഗിക്കുവാൻ സമിതിയെ പ്രാപ്തമാക്കുന്ന പ്രത്യേക വ്യവസ്ഥയുടെ അഭാവത്തിൽപോലും, അതിന്റെ മുൻഉത്തരവ് പിൻവലിക്കുവാൻ കഴിയുന്നതാണ് എന്നത് നല്ലവണ്ണം സ്ഥാപിക്കപ്പെട്ടിരിക്കുന്നതാണ്."***

10. അതിനാലാണ് പ്രത്യേകാനുമതി മുഖേനയുള്ള നിലവിലെ അപ്പീൽ.

11. അപ്പീൽവാദിക്കുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷക മിസ്സിസ് മീനാഗ്ഗി അറോറയെയും, എതിർകഗ്ഗി-സർക്കാരിനുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യമുള്ള അഭിഭാഷകൻ, മിസ്റ്റർ അരുൺ. ആർ പെഡ്നെക്കറെയും ഞങ്ങൾ കേൾക്കുക യുണ്ടായി.

12. *നാമദേവ് താക്കൂറിന്റെ മകൻ ദത്തു* അഭി *മഹാരാഷ്ട്ര സർക്കാരും മറ്റുള്ളവരും* ((2012) 1 എസ്.സി.സി 549), *ഷാലിനി* അഭി *ന്യൂ ഇംഗ്ലീഷ് ഹൈസ്ക്കൂൾ അസോസിയേഷനും മറ്റുള്ളവരും* ((2013) 16 എസ്.സി.സി 526) എന്നീ കേസുകളിലെ ഈ കോടതിയുടെ വിധിന്യായങ്ങളിൽ മിസ്സിസ് മീനാഗ്ഗി അറോറ, കൂടുതൽ ആശ്രയം അർപ്പിക്കുകയുണ്ടായി. ഇതിൽ മുകളിൽ പരാമർശിക്കുന്ന വിധിന്യായങ്ങളിൽ, ഈ കോടതി തീരുമാനിച്ചിരുന്ന റേഷ്യോ ഞങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി.

13. നിലവിലെ കേസിൽ, അപ്പീൽവാദി, അയാൾ സമർപ്പിച്ച വ്യാജ പ്രസ്താവന കളുടെയും വ്യാജ സത്യവാങ്മൂലങ്ങളുടെയും അടിസ്ഥാനത്തിൽ പട്ടികവർഗ്ഗത്തിലെ ഒരംഗമാണെന്ന് അവകാശപ്പെട്ടു. അതേസമയം അപ്പീൽവാദി, നിസ്തർക്കിതമായി, പട്ടിക

വർഗ്ഗത്തിലെ ഒരംഗമാണെന്ന അയാളുടെ അവകാശവാദത്തിന്റെ അടിസ്ഥാനത്തിൽ, 1991-ൽ ജോലി നേടി. അയാൾക്ക് ജോലി കിട്ടി 18 വർഷത്തിനുശേഷം വിഷയം സത്യാപന ത്തിനുവേണ്ടി ഒരു സൂഗ്ഗ്മപരിശോധനാ സമിതിക്ക് റഫർ ചെയ്യപ്പെട്ടു. എല്ലാ രേഖകളും വിജിലൻസ് സെൽ നടത്തിയ അന്വേഷണവും പരിഗണിച്ച് സൂഗ്ഗ്മപരിശോധനാസമിതി 19-06-2010-ൽ ഒരു സാധുതാ സർട്ടിഫിക്കറ്റ് നൽകി. എന്നിരുന്നാലും, അയാളുടെ സഹോദരനു അനുകൂലമായി നൽകിയ സാധുതാ സർട്ടി ഫിക്കറ്റിനെ സമിതി 2004-ൽ അസാധുവാക്കിയ കാരണത്താൽ, വിഷയത്തെ സൂഗ്ഗ്മ പരിശോധനാസമിതി പുന:പരിശോധി ക്കുകയും, ആ ഉത്തരവ് ഈ കോടതി വരെ തീർപ്പുകൽപ്പിക്കപ്പെട്ട് നിലനിൽക്കുകയും ചെയ്തു. സൂഗ്ഗ്മപരിശോധനാസമിതി അവസരം നൽകിയ ശേഷം, അപ്പീൽവാദിക്ക് അനുകൂലമായി സാധുതാ സർട്ടിഫിക്കറ്റ് നൽകപ്പെട്ട അതിന്റെ 19-06-2010-ലെ മുൻഉത്തരവിനെ പിൻവലിക്കുക യുണ്ടായി.

14. ഈ കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും, ഹൈക്കോടതി പാസ്സാക്കിയ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് യാതൊരു ഇടപെടലും ആവശ്യപ്പെടുന്നില്ലെന്നും, ഈ അപ്പീൽ തള്ളിക്കളയുന്നതിന് അർഹമാണെന്നുമുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. എന്നിരുന്നാലും, അപ്പീൽ വാദിയുടെ സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതിലെ അസാധാരണ കാലതാമസം കാരണം, സർവ്വീസിൽ തുടരുന്നതിനുള്ള ആനുകൂല്യം ഉൾപ്പെടെ ഭാവിയിൽ വീണ്ടും ഏതെങ്കിലും സംവരണാനുകൂല്യം നേടുന്നതിന് അപ്പീൽ വാദിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല എന്നു വ്യക്തമാക്കിക്കൊണ്ട്, അപ്പീൽ വാദി ഇതിനകം പ്രയോജനപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യത്തെ തടസ്സ പ്പെടുത്തുവാൻ പാടില്ല എന്നു ഞങ്ങൾ വിധിക്കുന്നു.

15. ഫലത്തിൽ, ഇതിൽ മുകളിൽ നടത്തിയ നിരീഗ്ഗണത്തോടെ ഈ അപ്പീൽ തള്ളി ക്കളയുന്നു.

*——————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ദീപക് മിശ്ര**

**&**

**ബഹു. ജസ്റ്റിസ് പ്രഫുല്ല സി. പന്ത്**

**പ്രഹ്ളാദും മറ്റൊരാളും**

**അഭി**

**ഹരിയാന സർക്കാർ**

**ക്രിമിനൽ അപ്പീൽ നം. 983/2015**

2015 ആഗസ്റ്റ് 3-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1860-ലെ ഇന്ത്യൻ ശിഗ്ഗാ നിയമസംഹിത, വകുപ്പുകൾ 363, 366 എ, 375, 376 (2) (ജി)—375-ാം വകുപ്പിന്റെ ആവശ്യത്തിനായുള്ള സമ്മതത്തിന്, പ്രവൃത്തി ഗൗരവത്തെയും സാന്മാർഗ്ഗിക സ്വഭാവത്തെയും അടിസ്ഥാന മാക്കിയുള്ള ബുദ്ധിയുടെ വിനിയോഗത്തിന് ശേഷമുള്ള സ്വേല്ലയാലുള്ള പങ്കുചേരൽ മാത്രമല്ല, എന്നാൽ ചെറുത്തുനിൽപ്പിനും അനുമതിക്കും ഇടയിലെ തിരഞ്ഞെടുക്കൽ പൂർണ്ണമായി വിനിയോഗിച്ചതിന് ശേഷമുള്ള സ്വേല്ലയാലുള്ള പങ്കുചേരൽ ആവശ്യമാണ്. സമ്മതം ഉണ്ടായിരുന്നോ ഇല്ലയോ എന്നത് പ്രസക്തമായ എല്ലാ സാഹചര്യങ്ങളുടെയും ശ്രദ്ധാപൂർവ്വമായ ഒരു പഠനത്തിൻമേൽ മാത്രം തീർച്ചപ്പെടുത്തേണ്ടതാണ്.**

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 14 & 21—ബലാൽസംഗ കുറ്റം അടിസ്ഥാനപരമായി ഒരു ഇരയുടെ മനുഷ്യാവകാശങ്ങളുടെ മേലുള്ള ഒരു ആക്രമണമാണ് എന്നത് മനസ്സിൽ വഹിക്കേണ്ടതുണ്ട്. അത് അവളുടെ വ്യക്തിത്വത്തിന്മേലുള്ള ഒരു ആക്രമണമാണ്. അത് അവളുടെ അവകാശത്തിലും സ്വതന്ത്രമായ ആഗ്രഹത്തിലും ശരീരത്തിന്റെ മേലുള്ള വ്യക്തിപരമായ പരമാധികാരത്തിലും നേരെയാക്കാനാകാത്ത കോട്ടം ഉണ്ടാക്കുന്നു. ഏതൊരു പരിഷ്കൃത സമൂഹത്തിലുമുള്ള ഓരോ ആളും, മറ്റു വ്യക്തിയോട് ആദരവ് കാണിക്കേണ്ടതും, യാതൊരു വ്യക്തിക്കും മറ്റൊരാളിന്റെ ശരീരത്തിൽ അതിക്രമിച്ചു കയറുവാൻ ഏതൊരു അവകാശവും ഇല്ലാത്തതുമാണ്. കുറ്റം ചെയ്യുന്നവർ, അത്തരത്തിലുള്ള ഒരു കുറ്റകൃത്യത്തിൽ ഏർപ്പെടുമ്പോൾ, വാസ്തവത്തിൽ, ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ സാഗ്ഗാൽ സത്ത അംഗീകരിക്കുന്നതും, ഉറപ്പുനൽകുന്നതും സ്ഥിരീകരിക്കുന്നതുമായ ഒരു വ്യക്തിയുടെ അന്തസ്സിലും ശരീരപൂർണ്ണതയിലും ഒരു ഇടിവ് ഉണ്ടാക്കുന്നു എന്ന് തിരിച്ചറിയേണ്ടതാണ്-ഹൈക്കോടതി വിധിന്യായം ശരിവച്ചു-അപ്പീൽ തള്ളിക്കളഞ്ഞു.**

### വിധിന്യായം

**ജസ്റ്റിസ് ദീപക് മിശ്ര**

നിലവിലുള്ള അപ്പീൽ ഹീനമായ ഒരു അവസ്ഥയെ ചിത്രീകരിക്കുകയും, വികൃതമായ ഒരു തിരക്കഥയെ വർണ്ണിക്കുകയും ചെയ്യുന്നു, ആ കദനകഥ, പൂർണ്ണമായ വിശ്വാസത്തോടെ ആരംഭിക്കുന്നു, ഹർജിക്കാരിയുടെ അല്ലന്റെ മച്ചുനൻ എന്ന നിലയിൽ അവളുടെ അമ്മാവനായ

ഒന്നാം അപ്പീൽവാദി അവളെ അയാളോടൊപ്പം കൊണ്ടുപോകുകയും, എന്നാൽ തിരികെ അയയ്ക്കാതിരിക്കുകയും, അങ്ങനെ തികച്ചും സങ്കല്പാതീതമായി വിശ്വാസവഞ്ചന നടത്തുകയും ചെയ്യുന്നു, കാരണം, പ്രോസിക്യൂഷൻ 7-ാം സാഗ്ഗിയായ ആ പെൺകുട്ടി ഒന്നാം അപ്പീൽവാദിയുടെ കൂടെ അയാളുടെ മാതൃവഴിക്കുള്ള അമ്മാവനായ 2-ാം നമ്പർ അപ്പീൽവാദിയുടെ വീട്ടിലേക്കു പോയപ്പോൾ, അവൾ ആദ്യം 1-ാം നമ്പർ അപ്പീൽവാദിയാലും, പിന്നീട് അമ്മാവൻ എന്ന നിലയിലുള്ള തന്റെ ഭീഷണിയിൽ വിജയിക്കുക കൂടി ചെയ്ത 2-ാം നമ്പർ അപ്പീൽവാദിയാലും ലൈംഗികമായി ആക്രമിക്കപ്പെടണമെന്നുള്ള അവരുടെ നിഗൂഢ ഉദ്ദേശ്യത്തെ കുറിച്ച് യാതൊരു ഊഹവും അവൾക്ക് ഇല്ലായിരുന്നു- പിന്നെ അവസാനം, അവർ 1860-ലെ ഇന്ത്യൻ ശിഗ്ഗാ നിയമസംഹിതയിലെ 363, 366 എ/376/34 എന്നീ വകുപ്പുകൾ പ്രകാരം ശിഗ്ഗിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് വിചാരണക്കായി അയയ്ക്കപ്പെട്ടതിനുശേഷം, ചാർജ്ജിൽ നിന്ന് രഗ്ഗപ്പെടുന്നതിനുവേണ്ടി അവരുടെ ശാരീരിക ആഗ്രഹത്തെയും നെറികെട്ട കൃത്യങ്ങളെയും ന്യായീകരിച്ചുകൊണ്ട്, അവൾക്കു സമ്മതമുണ്ടായിരുന്നതായി വാദിച്ചു.

2. വസ്തുതാസ്ഥിതി അനാവരണം ചെയ്യുന്നതുപോലെ, ഹർജിക്കാരിക്ക് പതിനാറ് വയസ്സിനു താഴെ പ്രായമുണ്ടായിരുന്നു എന്നതാണ് ആരംഭത്തിലേയുള്ള പ്രോസിക്യൂഷൻ കേസ്. ഹർജിക്കാരിയുടെ പ്രായത്തെ സംബന്ധിച്ച് വിചാരണ കോടതി പ്രോസിക്യൂഷനെ വിശ്വസിക്കുകയും, അതിന്റെ അനന്തരഫലമായി പ്രതിവാദം ഒരു ചീട്ടുകൂട് പോലെ പൊളിഞ്ഞുവീഴുകയും, അത് ചുമത്തപ്പെട്ട കുറ്റങ്ങൾക്കുള്ള കുറ്റ സ്ഥാപനത്തെ 2003 മാർച്ച് മാസം 10-ാം തീയതിയിലെ വിധിന്യായപ്രകാരം ആവശ്യമാക്കിത്തീർക്കു കയും, ആയത് ഐ.പി.സി 363-ാം വകുപ്പ് പ്രകാരമുള്ള പ്രത്യേക ശിഗ്ഗാവിധിയോടൊപ്പം ഐ.പി.സി വകുപ്പ് 376(2) (ജി) പ്രകാരം പത്തുവർഷത്തെ കഠിന തടവിനുള്ള ശിഗ്ഗാ വിധിയിലേക്ക് നയിക്കുകയും ചെയ്തു, എല്ലാ ശിഗ്ഗകളും ഒരേകാലത്തിൽ അനുഭവിക്കേണ്ടതാണെന്ന വ്യവസ്ഥയോട് കൂടിയതായിരുന്നു അത്.

3. 2002-ലെ സെഷൻസ് കേസ് നമ്പർ 55-ൽ സിർസയിലെ പാണ്ഡിത്യമുള്ള അഡീഷണൽ സെഷൻസ് ജഡ്ജി പാസ്സാക്കിയ വിധിന്യായത്തിലെ കുറ്റസ്ഥാപന വിധിന്യായവും ശിഗ്ഗാ ഉത്തരവും ഹൈക്കോടതി മുമ്പാകെ 2003-ലെ ക്രിമിനൽ അപ്പീൽ നമ്പർ 914-ൽ ചോദ്യം ചെയ്യപ്പെടുകയും, പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി, പ്രോസിക്യൂഷൻ 1-ാം സാഗ്ഗിയായ സിർസ ജില്ലയിലെ രൂപന ഖുർദ് സർക്കാർ പ്രൈമറി വിദ്യാലയത്തിലെ പ്രിൻസിപ്പൽ മനോഹർ ലാലിന്റെയും, പ്രോസിക്യൂഷൻ 9-ാം സാഗ്ഗിയായ ഹർജിക്കാരിയുടെ അല്ലൻ ഭജൻലാലിന്റെയും, പ്രതിയെയും ഹർജിക്കാരി യെയും പരിശോധിച്ച ഡോക്ടർ സന്തോഷ് ബിഷ്ണോയിയുടെയും തെളിവിനെ പരാമർശിക്കുകയും, എക്സിബിറ്റ് ഡി എ ഓസിഫിക്കേഷൻ ടെസ്റ്റ് (അസ്ഥിപരിശോധന) റിപ്പോർട്ടിനെ ശ്രദ്ധയിൽ എടുക്കുകയും, രേഖയിൽ കൊണ്ടുവരപ്പെട്ട ദൃഷ്ടിഗോചരമായതും രേഖാമൂലമുള്ളതുമായ തെളിവിനെ ഉചിതമായി വിലയിരുത്തിയതിന്മേൽ ഹർജിക്കാരിയുടെ പ്രായം 16 വയസ്സിനു താഴെ യായിരുന്നു എന്ന, വിചാരണ കോടതി പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുകയും ചെയ്തു. ഓസിഫിക്കേഷൻ ടെസ്റ്റ് റിപ്പോർട്ടിൽ ധാരാളം വൈകല്യങ്ങൾ ഹൈക്കോടതി കണ്ടതുകൊണ്ട് അതിനെ ആശ്രയിക്കുന്നത് ഉചിതമാണെന്ന് കരുതാതിരിക്കുകയും, അത് വിശ്വാസയോഗ്യമായതല്ലായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും ചെയ്തുവെന്നത് പ്രസ്താവിക്കേണ്ടതാണ്. ഹർജിക്കാരിക്ക്, അവളുടെ അമ്മാവനായ പ്രതി പ്രഹ്ളാദിന്റെ ദുഷിച്ച ഉദ്ദേശ്യത്തെ കുറിച്ച് യാതൊരു ചിന്തയും ഇല്ലായിരുന്നുവെന്നും, അവൾ ഉത്തമവിശ്വാസത്തിൽ അയാളോടൊപ്പം പോയെന്നും, നിർബന്ധിത സാഹചര്യങ്ങളിൽ അവൾ പ്രതികളാൽ ബലാൽസംഗം ചെയ്യപ്പെട്ടുവെന്നും, അതിനാൽ യഥാർത്ഥത്തിലുള്ള യാതൊരും സമ്മതവും ഉണ്ടായിരുന്നി ല്ലായെന്നും ഹൈക്കോടതി കൂടുതലായി അഭിപ്രായപ്പെട്ടു. പ്രസ്തുത വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, അത് വിചാരണ കോടതി പാസ്സാക്കിയ കുറ്റസ്ഥാപന വിധിന്യായത്തെയും ശിഗ്ഗാവിധി ഉത്തരവിനെയും സ്ഥിരപ്പെടുത്തി. അതുകൊണ്ടാണ്, പ്രത്യേക അനുമതി മുഖേനയുള്ള ഈ അപ്പീൽ.

4. അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ഹരിന്ദ്രർ മോഹൻ സിംഗിനെയും, എതിർകഗ്ഗി- സർക്കാരിനു

വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശേഖർ രാജ് ശർമ്മയെയും ഞങ്ങൾ കേൾക്കുകയുണ്ടായി.

5. ഈ അപ്പീലിൽ പരിഗണനയ്ക്കായി ഉയരുന്ന കാതലായ പ്രശ്നങ്ങൾ, ഹർജിക്കാരിയുടെ പ്രായം സംബന്ധിച്ച കണ്ടെത്തൽ, രേഖയിൽ കൊണ്ടുവന്നിട്ടുള്ള തെളിവിന്റെ ശരിയായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണോ, അല്ലെങ്കിൽ അത് ഭരണ ഘടനയുടെ 136-ാം അനുച്ഛേദ പ്രകാരമുള്ള അധികാരിത വിനിയോഗിച്ച് അനുവദിക്ക പ്പെടാതിരിക്കുന്നതിന് അർഹമാകുന്ന രീതിയിൽ തലതിരിഞ്ഞതാണോ, എന്നതും മേലും സമ്മതത്തെ സംബന്ധിച്ച ഹൈക്കോടതിയുടെ അഭിപ്രായം സൂഗ്ഗ്മ പരിശോധനയിൽ പിടിച്ചുനിൽക്കുന്നുണ്ടോ എന്നതുമാണ്. പാണ്ഡിത്യമുള്ള വിചാരണ ജഡ്ജിയും അതുപോലെതന്നെ ഹൈക്കോടതിയും നൽകിയ കണ്ടെത്തലുകളുടെ ഒരു സൂഗ്ഗ്മ വായനയിൽ, പാണ്ഡിത്യമുള്ള വിചാരണ ജഡ്ജി ഹർജിക്കാരിയുടെയും, അവളുടെ അല്ലന്റെയും സാഗ്ഗിമൊഴിയെയും, രേഖയിൽ കൊണ്ടുവന്നിട്ടുള്ളതും തെളിവിൽ നൽകിയതുമായ വിദ്യാലയ വിടുതൽ സാഗ്ഗ്യപത്രത്തെയും ആശ്രയിച്ചിട്ടുണ്ടെന്നുള്ളതും, ഹർജിക്കാരിയുടെയും അവളുടെ അല്ലന്റെയും സാഗ്ഗിമൊഴിയെ പ്രോസിക്യൂഷൻ 1-ാം സാഗ്ഗിയായ ബന്ധപ്പെട്ട വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകന്റെ സാഗ്ഗിമൊഴിയോടു കൂട്ടിച്ചേർത്ത് പുനർവിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രോസിക്യൂഷന്റെ ഭാഷ്യം സത്യമായതാണെന്ന് ഹൈക്കോടതി കണ്ടെ ത്തിയിട്ടുണ്ടെന്നുള്ളതും ശ്രദ്ധിക്കപ്പെടുന്നു. കാണുന്നതുപോലെ, ഹർജിക്കാരി അവളുടെ അമ്മാവനോടൊപ്പം പോകുകയും, അപ്പീൽ വാദികളുടെ നിയന്ത്രണമില്ലാത്ത തരംതാഴ്ന്ന പ്രവൃത്തിയുടെ ഒരു ഇരയാകപ്പെടുകയും ചെയ്ത സമയം അവൾക്ക് ഏകദേശം 14 വയസ്സ് പ്രായം ഉണ്ടായിരുന്നുവെന്ന് ഹർജിക്കാരിമൊഴി നൽകിയിട്ടുണ്ട്. ഹർജിക്കാരിയുടെ പ്രായത്തിന്റെ വസ്തുതയെ കുറിച്ച് ഹർജിക്കാരിയുടെ അല്ലൻ സ്പഷ്ടമായ രീതിയിൽ സാഗ്ഗ്യപ്പെടുത്തിയിട്ടുണ്ട്. വിദ്യാലയവിടുതൽ സാഗ്ഗ്യപത്രത്തെ തെളിയിച്ച പ്രോസിക്യൂഷൻ 1-ാം സാഗ്ഗിയായ പ്രിൻസിപ്പൽ, അദ്ദേഹത്തിന്റെ സാഗ്ഗി മൊഴിയിൽ പൂർണ്ണമായി ഉറച്ചുനിൽക്കുകയും, ചുറ്റി വളച്ചുള്ള എതിർ വിസ്താരം ഉണ്ടായിരുന്നിട്ടും തിരിമറിക്ക് വഴിതെളി ക്കാതിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സാഗ്ഗിമൊഴിയിൽ സംശയത്തിന്റെ കണികപോലും സൃഷ്ടിക്കുവാൻ യാതൊന്നും വെളിപ്പെടുത്തിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ, ഞങ്ങൾ കാണുന്നതുപോലെ, ഹർജിക്കാരിക്ക് 16 വയസ്സിനു താഴെ പ്രായമുണ്ടായിരുന്നു എന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്.

6. ഹർജിക്കാരിക്ക് 16-നും 17-നും ഇടയ്ക്ക് പ്രായം ഉണ്ടായിരിക്കാമെന്ന് ഓസിഫിക്കേഷൻ ടെസ്റ്റ് നടത്തിയ റേഡിയോളജിസ്റ്റ് അഭിപ്രായപ്പെട്ടിട്ടുണ്ടെന്ന് ഇവിടെ പ്രസ്താവിക്കേണ്ടത് അത്യാവശ്യമാണ്. പല്ല് മുളയ്ക്കലിനേയും പല്ലുകളുടെ എണ്ണത്തെയും മറ്റനവധി വസ്തുതകളെയും ഓസിഫിക്കേഷൻ ടെസ്റ്റ് നടത്തിയ ഡോക്ടർ നിരീഗ്ഗിക്കാത്തതുകൊണ്ട്, നിജസ്ഥിതിയെ പ്രസ്തുത തെളിവുശകലം ചിത്രീകരിക്കാതിരുന്നിടത്തോളം, അത് തിരസ്കാരത്തിന് അതീതമായിരുന്നില്ലെന്ന് ഹൈക്കോടതി, അതിന്റെ വിശകലനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ, *രാജ്നാഥ് എന്നും പേരുള്ള രാംദേവ് ചൗഹാൻ* അഭി *ആസ്സാം സർക്കാർ* ((2001) 5 എസ്.സി.സി 714), എന്ന കേസിലെ വിധിന്യായത്തിന്റെ പരാമർശം അനുയോജ്യമായിരിക്കുന്നതാണ്. ഈ കേസിൽ, ജസ്റ്റിസ് സേത്തി, റേഡിയോളജിക്കൽ പരിശോധനയുടെ തെളിവുമൂല്യം പരിഗണിക്കുന്ന വേളയിൽ ഇപ്രകാരം അഭിപ്രായപ്പെട്ടു:-

> ***"ഡോക്ടറുടെ പ്രസ്താവന ഒരു അഭിപ്രായത്തേക്കാൾ കൂടുതലായ യാതൊന്നുമല്ലാത്തതും, കോടതി അതിന്റെ നിഗമനങ്ങളെ, ആരുടെ പ്രായമാണോ ചോദ്യംചെയ്യപ്പെടുന്നത്, അയാളുടെ ശാരീരിക പ്രത്യേകതകൾ പരിശോധിച്ചതിൽ വെളിവായ എല്ലാ വസ്തുതകളുടെയും സാഹചര്യ ങ്ങളുടെയും മേൽ ലഭ്യമാകാവുന്ന വാച്യായുള്ള സാഗ്ഗിത്തെളിവിനെ സംയോജിപ്പിച്ച് നിജപ്പെടുത്തേണ്ടതായിട്ടുണ്ട്. ഒരു മെഡിക്കൽ വിദഗ്ദ്ധന്റെ അഭിപ്രായത്തേക്കാൾ ഒരു എക്സ്-റേ ഓസിഫിക്കേഷൻ ടെസ്റ്റിന് ഒരു വ്യക്തിയുടെ പ്രായം കണക്കാക്കുന്നതിനുള്ള കൂടുതൽ തീർച്ചയായ ഒരു അടിസ്ഥാനം***

***നൽകാവുന്നതാണ്, എന്നാൽ അത് ബന്ധപ്പെട്ട ഒരു വ്യക്തിയുടെ യഥാർത്ഥ ജനന തീയതി സൂചിപ്പിക്കുന്നതിന് തക്കതായ ഒരിക്കലും തെറ്റുപറ്റാത്തതും കൃത്യവു മായ ഒരു ടെസ്റ്റായിരിക്കുവാൻ ഒട്ടും തന്നെ സാദ്ധ്യമല്ല. ഒരു പ്രതിയുടെ പ്രായം തീരുമാനിക്കുമ്പോൾ ടെക്സ്റ്റ് പുസ്തകങ്ങളിലും, മെഡിക്കൽ നിയമശാസ്ത്രതത്വത്തിലും വിഷ-പ്രതിവിഷ വൈദ്യശാസ്ത്രത്തിലും കണക്കിലേറെ അധിക ആശ്രയം അർപ്പിക്കുവാൻ കഴിയുന്നതല്ല. വ്യത്യസ്ത അസ്ഥിംശങ്ങളും, ഉയരങ്ങളും, പരിസ്ഥിതിയും, സസ്യ ലതാദികളും, പോഷകാഹാരങ്ങളും ഉള്ള ഈ വിശാലമായ രാജ്യത്തിൽ ഏകരീതിയുള്ള ഉയരവും തൂക്കവും പ്രതീഗ്ഗിക്കുവാൻ കഴിയുന്നതല്ല.".***

ജസ്റ്റിസ് സേത്തി പ്രകടമാക്കിയ അഭിപ്രായ ത്തോട് ജസ്റ്റിസ് ഫുക്കനും യോജിച്ചത് ശ്രദ്ധിക്കേണ്ടതാണ്.

7. ഇതു സംബന്ധിച്ച്, ഓസിഫിക്കേഷൻ ടെസ്റ്റ് നടത്തുന്നത് വഴി ഒരു ഹർജിക്കാരിയുടെ പ്രായം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടുവെന്നും അതിന് സ്വീകാര്യത അർഹിച്ചു വെന്നുമുള്ള ഒരു വാദം ഉന്നയിച്ചിരുന്ന *ഉണ്ടിയ എന്നു പേരുള്ള വിഷ്ണു* അഭി *മഹാരാഷ്ട്ര സർക്കാർ* [(2006) 1 എസ്.സി.സി 283] എന്ന കേസിലെ വിധിന്യായത്തെ അനുകൂലമായി ഞങ്ങൾക്ക് പരാമർശിക്കാ വുന്നതാണ്. പ്രസ്തുത വാദത്തെ കോടതി ഇപ്രകാരം പ്രസ്താവിച്ചു കൊണ്ട് നിരാകരിച്ചു:-

***"വിദഗ്ദ്ധ മെഡിക്കൽ തെളിവ്, കണ്ണ് കൊണ്ട് കണ്ട തെളിവിന് ബാധകമാകുന്നില്ല എന്ന കാരണത്താൽ ഈ വാദത്തെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് കഴിയാതിരിക്കുന്നു. മെഡിക്കൽ ആഫീസർ ഒരു വസ്തുതാ സാഗ്ഗി അല്ലാത്തതുകൊണ്ട് അയാളുടെ അഭിപ്രായം കോടതിയെ സഹായിക്കുക എന്നതായിരിക്കുന്നതും, മെഡിക്കൽ ആഫീസർ നൽകുന്ന തെളിവ് വാസ്തവത്തിൽ ഒരു ഉപദേശ സ്വഭാവത്തിലുള്ളതും വസ്തുതാ സാഗ്ഗിക്ക് ബാധകമല്ലാത്തതുമാണ്".*** ഇതേ അഭിപ്രായം അർജ്ജുൻ സിംഗ് അഭി ഹിമാചൽ പ്രദേശ് സർക്കാർ [(2009) 4 എസ്.സി.സി 18] എന്ന കേസിൽ പ്രകടമാക്കിയിട്ടുണ്ട്.

8. മേൽ പറഞ്ഞ നിയമ പശ്ചാത്തലത്തിന്റെ ഉരകല്ലിൽ പരീഗ്ഗിക്കുമ്പോൾ, ഹർജിക്കാരി യുടെ വയസ്സിന്റെ നിർണ്ണയം സംബന്ധിച്ച സമീപന ത്തിൽ ഏതൊരു വിപര്യയവും ഞങ്ങൾക്ക് കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല.

9. അടുത്ത കാര്യം, സമ്മതത്തെ സംബന്ധിച്ച കാര്യമാണ്. ഹർജിക്കാരി 16 വയസ്സിൽ താഴെ പ്രായമുള്ളവളാണെന്ന് ഒരിക്കൽ കണക്കാക്കപ്പെടുന്നെങ്കിൽ, സമ്മതം തികച്ചും അപ്രസക്തവും പൂർണ്ണമായും അർത്ഥമില്ലാത്തതു മാണെന്ന് പറയുന്നതിന് ഊന്നൽ ആവശ്യമില്ല. എന്നിരുന്നാലും, നേരത്തേ പറഞ്ഞതുപോലെ, പ്രതികൾ മുന്നോട്ടുവെച്ച സമ്മതം എന്ന വാദത്തെ സംബന്ധിച്ച് ഹൈക്കോടതി തന്നെ പരിഗണിച്ചിട്ടുണ്ട്. ഹർജിക്കാരിയുടെ അല്ലന്റെ ആദ്യത്തെ മച്ചുനനായ പ്രഹ്ളാദ്, അവളുടെ മാതാപിതാക്കൾ വീട്ടിൽ ഇല്ലാത്തപ്പോൾ ഗോതമ്പ് വിളയുടെ വിളവെടുക്കുന്നതിന് അയാളോടൊപ്പം റുപനഗഞ്ച ഗ്രാമത്തിലേക്ക് പോകുവാൻ അവളോടു ആവശ്യപ്പെടുകയും അതനുസരിച്ച് അവൾ, 2-ാം നമ്പർ അപ്പീൽവാദിയായ പ്രഹ്ളാദിന്റെ മാതൃവഴിയുള്ള അമ്മാവന്റെ വീട്ടിലേക്ക് അയാളോടൊപ്പം പോകുകയും ചെയ്തു എന്ന് രേഖയിൽ കൊണ്ടുവന്നിട്ടുള്ള വസ്തുത വ്യക്തമായി വെളിവാക്കുന്നു. ഹർജിക്കാരി പൂർണ്ണമായും നിസ്സഹായാവസ്ഥ യിലായിരുന്നെന്നും, അവളുടെ എതിർപ്പിനെ വകവെയ്ക്കാതെ അവൾ ലൈംഗികമായി ചൂഷണം ചെയ്യപ്പെട്ടെന്നും അവൾ സത്യ വാങ്മൂലം നൽകിയിട്ടുണ്ട്. കാമാതുരമായ പെരുമാറ്റത്തിന് അടിമകളായി തീർന്ന രണ്ട് മുതിർന്ന പുരുഷന്മാരുടെ അധീനതയിൽ അകപ്പെട്ട പെൺകുട്ടിയുടെ മാനസികവും ശാരീരികവും ആയ സ്ഥിതിയെ നല്ലവണ്ണം ഊഹിക്കുവാൻ കഴിയുന്നതാണ്. സമ്മതം, നിയമപരമായി അനുവദനീയമല്ലാത്തതിനു പുറമെ, ഊഹിക്കുവാൻ കഴിയാത്തതാണ്. ഈ സന്ദർഭത്തിൽ, ചില അധികാരിതകളെ പരാമർശിക്കുന്നത് ഉചിതമായിരിക്കുന്നതാണ്. *ഹിമാചൽപ്രദേശ് സർക്കാർ* അഭി *മാംഗോറാം*

(2000) 7 എസ്.സി.സി 224 എന്ന കേസിൽ, സമ്മതത്തെ പരിഗണിക്കുന്ന വേളയിൽ ഒരു മൂന്നംഗ ബെഞ്ച് ഇപ്രകാരം പ്രസ്താവിക്കുക യുണ്ടായി:-

> ***"13..................ഭീകരതയുടെ ഭയത്തിൻകീഴിൽ ശരീരം വഴങ്ങി ക്കൊടുക്കുന്നതിന്, സമ്മതപ്രകാരമുള്ള ലൈംഗിക പ്രവൃത്തിയായി അർത്ഥം കൽപ്പിക്കുവാൻ കഴിയുന്നതല്ല. 375-ാം വകുപ്പിന്റെ ആവശ്യത്തിനായുള്ള സമ്മതത്തിന്, പ്രവൃത്തിയുടെ ഗൗരവ ത്തെയും സാന്മാർഗ്ഗിക സ്വഭാവത്തെയും അടിസ്ഥാനമാക്കിയുള്ള ബുദ്ധിയുടെ വിനിയോഗത്തിന് ശേഷമുള്ള സ്വേച്ഛ യാലുള്ള പങ്കുചേരൽ മാത്രമല്ല, എന്നാൽ ചെറുത്തുനില്പിനും അനുമതിക്കും ഇടയിലെ തിരഞ്ഞെടുക്കൽ പൂർണ്ണമായി വിനിയോഗിച്ചതിന് ശേഷമുള്ള സ്വേച്ഛ യായുള്ള പങ്കു ചേരൽ ആവശ്യമാണ്. സമ്മതം ഉണ്ടായിരുന്നോ ഇല്ലയോ എന്നത് പ്രസക്തമായ എല്ലാ സാഹചര്യങ്ങളു ടെയും ശ്രദ്ധാപൂർവ്വമായ ഒരു പഠന ത്തിൻമേൽ മാത്രം തീർച്ചപ്പെടുത്തേണ്ട താണ്".***

10. *ഉദയ്* അഭി *കർണ്ണാടക സർക്കാർ* [(2003) 4 എസ്.സി.സി 46] എന്ന കേസിൽ, സമാനമായ ഒരു അഭിപ്രായം ആവർത്തിച്ചുകൊണ്ട് കോടതി ഇപ്രകാരം നിരീഗ്ഗിച്ചു:-

> ***" 21. ...................... ഈ വീഗ്ഗണത്തോട് യോജിക്കുവാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്............. ലൈംഗിക സംഭോഗത്തിന് ഹർജിക്കാരി നൽകിയ സമ്മതം സ്വേച്ഛയായു ള്ളതാണോ അല്ലെങ്കിൽ അത് നൽകപ്പെട്ടത് വസ്തുതയുടെ ഒരു മിഥ്യാബോധത്തിൻ കീഴിലാണോ എന്നതിനെ തീരുമാനി ക്കുന്നതിനുള്ള ഉറപ്പുള്ള സൂത്രവാക്യം യാതൊന്നുമില്ല. അന്തിമ വിശകലന ത്തിൽ, കോടതികൾ പ്രതിപാദിച്ചിട്ടുള്ള പരീഗ്ഗണങ്ങൾ, സമ്മതത്തിന്റെ ഒരു പ്രശ്നം പരിഗണിക്കുമ്പോൾ നീതിന്യായ മനസ്സിന്റെ മികച്ച മാർഗ്ഗദർശനം നൽകുന്നു, എന്നാൽ കോടതി, ഓരോ കേസിലും, ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതിനു മുമ്പ് അതിന്റെ മുമ്പാകെയുള്ള തെളിവിനെയും ചുറ്റുമുള്ള സാഹചര്യങ്ങളെയും പരിഗണിക്കേണ്ട താണ്, എന്തെന്നാൽ ഓരോ കേസിനും അതിന്റേതായ പ്രത്യേക വസ്തുതകൾ ഉണ്ടായിരിക്കുന്നതും അവയ്ക്ക്, സമ്മതം സ്വേച്ഛയായുള്ളതായിരുന്നോ അല്ലെങ്കിൽ വസ്തുതയുടെ ഒരു മിഥ്യാബോധ ത്തിൻ കീഴിൽ നൽകിയതായിരുന്നോ എന്ന ചോദ്യത്തിൻമേൽ ഒരു സ്വാധീനം ഉണ്ടായിരിക്കാവുന്നതാണ്. കുറ്റത്തിന്റെ ഘടകങ്ങൾ സകലതും, സമ്മതം ഇല്ലായ്മ അവയിൽ ഒന്നായിരിക്കെ, തെളിയിക്കേണ്ട ഭാരം പ്രോസിക്യൂഷനാണ് എന്ന വസ്തുത വീഗ്ഗണത്തിൽ സൂഗ്ഗിച്ചുകൊണ്ട് തെളിവിനെ വിലയിരുത്തേണ്ടതുമാണ്".***

സമാന വീഗ്ഗണങ്ങൾ *ദിലീപ് സിംഗ് അഭി ബീഹാർ സർക്കാർ (2005) 1 എസ്.സി.സി 88, പ്രദീപ് കുമാർ വർമ്മ എന്നും പേരുള്ള പ്രദീപ് കുമാർ അഭി ബീഹാർ സർക്കാരും മറ്റൊരാളും (2007) എസ്.സി.സി 413, ദിലിപ് അഭി മദ്ധ്യപ്രദേശ് സർക്കാർ* [*(2013) 14 എസ്.സി.സി 331*] എന്നീ കേസുകളിൽ പ്രതിധ്വനിച്ചിട്ടുണ്ട്.

നിറംപിടിപ്പിച്ച ഈ യുക്തിവിചാരത്തെ അടിസ്ഥാനമാക്കി വീഗ്ഗിക്കുമ്പോൾ, വസ്തുതാ പരമായ നില ലഭ്യമാക്കുന്നതിൻമേൽ ഹൈക്കോടതി എത്തിച്ചേർന്നിട്ടുള്ള തീരുമാനത്തെ കുറ്റം പറയുവാൻ കഴിയുന്നതല്ല.

11. അപ്പീൽവാദി 8 വർഷത്തിലധികമായി തടവിലാണെന്ന് അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പി ച്ചിട്ടുണ്ട്. അത് ശിഗ്ഗാവിധിയുടെ അളവിനെ സംബന്ധിച്ച മറ്റൊരു രീതിയിലുള്ള വാദമാണെന്ന് പറയേണ്ട ആവശ്യമില്ല. മറ്റു കുറ്റങ്ങൾക്കു പുറമെ, ഐ.പി.സി വകുപ്പ് 376(ജി)-ൻ കീഴിലുള്ള കുറ്റത്തിനും 10 വർഷം വീതമുള്ള കഠിന തടവ് അനുഭവിക്കുന്നതിന് പാണ്ഡിത്യമുള്ള വിചാരണ ജഡ്ജി അപ്പീൽവാദികൾക്ക് ശിഗ്ഗ വിധിച്ചിട്ടുണ്ട്. ബലാൽസംഗ കുറ്റം സംബന്ധിച്ച ശിഗ്ഗാവിധി നിയമത്തിന് അനുയോജ്യമായിരിക്കേണ്ടതുണ്ട്. 03-02-2013 മുതൽ പ്രാബല്യത്തോടെ 2013-ലെ 13-ാം ആക്റ്റ് മുഖേന പ്രാബല്യത്തിൽ കൊണ്ടു വന്നിട്ടുള്ള ഭേദഗതിക്കു മുമ്പ് ഐ.പി.സി. യിൽ ഉൾപ്പെടുത്തിയിരുന്ന പ്രത്യേക കാരണങ്ങൾ എന്ന

ആശയം ചോദിച്ചതിനു വേണ്ടി പിൻവലിക്കുവാൻ പാടില്ലാത്തതാണ്. അതു സംബന്ധിച്ച് ഏതൊന്നും ഞങ്ങൾ എണ്ണിപ്പറയേണ്ടതില്ല, കാരണം ഈ കേസിൽ ശിഗ്ഗാവിധി കുറയ്ക്കുന്നതിനെ കുറിച്ച് ചിന്തിക്കുന്നതിന് യാതൊരു ന്യായീകരണമോ ആവശ്യകതയോ ഇല്ല. ഏറ്റവും കുറച്ച് പറഞ്ഞാൽ, അപ്പീൽവാദികൾ ഹർജിക്കാരിയുമായുള്ള അവരുടെ സാമൂഹ്യബന്ധത്തെ മുതലെടുത്തിട്ടുണ്ട്. ഒന്നാം അപ്പീൽവാദിയെ അവൾ നിഷ്കളങ്കമായി വിശ്വസിച്ചിരുന്നതും, വാസ്തവത്തിൽ, ഏതൊരു തരത്തിലുമുള്ള സംശയം വച്ചുപുലർത്തുവാനുള്ള യാതൊരു കാരണവും അവൾക്ക് ഇല്ലായിരുന്നതുമാണ്. 1-ാം നമ്പർ അപ്പീൽവാദിയുടെ നീചമായ ഉദ്ദേശ്യവും, 2-ാം നമ്പർ അപ്പീൽവാദിയുടെ നിപുണമായ കൗശലവും പ്രകടമാണ്. ബലാൽസംഗകുറ്റം, അടിസ്ഥാനപരമായി ഒരു ഇരയുടെ മനുഷ്യാവകാശങ്ങളുടെ മേലുള്ള ഒരു ആക്രമണമാണ് എന്നത് മനസ്സിൽ വഹിക്കേണ്ടതുണ്ട്. അത് അവളുടെ വ്യക്തിത്വത്തിന്മേലുള്ള ഒരു ആക്രമണമാണ്. അത് അവളുടെ അവകാശത്തിലും സ്വതന്ത്രമായ ആഗ്രഹത്തിലും ശരീരത്തിന്റെ മേലുള്ള വ്യക്തിപരമായ പരമാധികാരത്തിലും നേരെയാക്കാനാകാത്ത കോട്ടം ഉണ്ടാക്കുന്നു. ഏതൊരു പരിഷ്കൃത സമൂഹത്തിലുമുള്ള ഓരോ ആളും മറ്റു വ്യക്തിയോട് ആദരവ് കാണിക്കേണ്ടതും യാതൊരു വ്യക്തിക്കും മറ്റൊരാളിന്റെ ശരീരത്തിൽ അതിക്രമിച്ചു കയറുവാൻ ഏതൊരു അവകാശവും ഇല്ലാത്തതുമാണ്. അത് ഒരു കുറ്റകൃത്യം മാത്രമല്ല, എന്നാൽ അങ്ങനെയുള്ള ഒരു പ്രവൃത്തി ഇരയുടെ മനസ്സിന്റെ മജ്ജയിൽ ഒരു വടു ഉണ്ടാക്കുന്നു. അത്തരം സ്വഭാവത്തിലുള്ള ഒരു കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന ഏതൊരാളും ഐ.പി.സിയിലെ ശിഗ്ഗാവ്യവസ്ഥ ലംഘിക്കുന്നതു മാത്രമല്ല, എന്നാൽ സമത്വത്തിനുള്ള അവകാശത്തെയും, വ്യക്തി അനന്യതാവകാശത്തെയും ഏറ്റവും ഒടുവിൽ ഭരണഘടനാപരമായ ഒരു ആത്മസമർപ്പണമായ നിയമവാഴ്ചയുടെ ഒരു പ്രധാന വശത്തെയും ലംഘിക്കുന്നു. ജീവനുള്ള ഒരു രേഖയായ ഭാരതത്തിന്റെ ഭരണഘടന അവകാശങ്ങൾ നൽകുന്നു. അത് ഏതെങ്കിലും അനുവാദമോ ധനസഹായമോ ഗൗരവം വിട്ട് സംസാരിക്കുകയോ അനുവദിച്ചു നൽകുകയോ ചെയ്യുന്നില്ല. അത് അവകാശങ്ങളെ അംഗീകരിക്കുന്നതും ആ അവകാശങ്ങൾ ഭരണഘടനാപരമായ ചട്ടക്കൂടിലും, അതിന്റെ മുഖ്യപ്രകൃതിയിലും തത്വത്തിലും നിശ്ചിത പരിമിതിക്ക് വിധേയമായി ശക്തമായി ഉറപ്പിക്കപ്പെട്ടിരിക്കുന്നു. എല്ലാ പൗരന്റേയും അന്തസ്സ്, അടിസ്ഥാന ശാസനങ്ങളായ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള സമത്വഖണ്ഡത്തിലും, 21-ാം അനുച്ഛേദത്തിൻ കീഴിലുള്ള ജീവിക്കാനുള്ള അവകാശത്തിലും നിന്നും ഒഴുകിവരുന്നു, കാരണം അവ നമ്മുടെ ഭരണഘടനയുടെ 'നിയമത്തിന്റെ ഉറവിടമാണ്'. പ്രസ്തുത അവകാശങ്ങൾ ഭരണഘടനാ പരമായി സുരക്ഷിതമാണ്. അതിനാൽ, കുറ്റകൃത്യത്തിന്റെ ഉഗ്രത പരിഗണിക്കെ, സാങ്കല്പികമായ ഏതെങ്കിലും പ്രത്യേക കാരണം സൂചിപ്പിച്ചുകൊണ്ട് ശിഗ്ഗ കുറയ്ക്കുന്നത് നിയമവാഴ്ച എന്ന ഉത്തമ ആശയത്തിന് ഒരു ശാപം ആയിരിക്കുന്നതാണ്. കുറ്റം ചെയ്യുന്നവർ, അത്തരത്തിലുള്ള ഒരു കുറ്റകൃത്യത്തിൽ ഏർപ്പെടുമ്പോൾ, അവർ വാസ്തവത്തിൽ, ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ സാഗ്ഗാൽ സത്ത അംഗീകരിക്കുന്നതും, ഉറപ്പുനൽകുന്നതും സ്ഥിരീകരിക്കുന്നതുമായ ഒരു വ്യക്തിയുടെ അന്തസ്സിലും ശരീരപൂർണ്ണതയിലും ഒരു ഇടിവ് ഉണ്ടാക്കുന്നു എന്ന് തിരിച്ചറിയേണ്ടതാണ്.

12. തൽഫലമായി, അപ്പീൽ അടിസ്ഥാനമില്ലാത്തതായിരിക്കെ, തള്ളിക്കളഞ്ഞിരിക്കുന്നു.

*——————*

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ദീപക് മിശ്ര**

**&**

**ബഹു. ജസ്റ്റിസ് ആർ. ഭാനുമതി**

**സിവിൽ അപ്പീൽ നം. 5731/2011**

**ലക്നൗ സർവ്വകലാശാല വൈസ് ചാൻസലർ**

**അഭി**

**അഖിലേഷ് കുമാർ ഖാരെയും മറ്റൊരാളും**

**ഒപ്പം**

**2011–ലെ സിവിൽ അപ്പീൽ നമ്പരുകൾ 5732, 5733, 5736, 5737, 5738, 5739, 5740, 5741, 5742, 5743, 5744, 5745, 5746, 5747, 5748, 5749, 5750**

2015 സെപ്റ്റംബർ 8–ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1947–ലെ വ്യവസായിക തർക്കങ്ങൾ ആക്റ്റ്--വകുപ്പ് 17 ബി & വകുപ്പ് 25 എഫ്--എതിർകക്ഷികൾ വെറും കാഷ്വൽ തൊഴിലാളികൾ ആകുന്നതും, തസ്തികകൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള ഏതൊരു നിശ്ചിത അവകാശവും അവർക്ക് ഇല്ലാത്ത തുമാണ്. റെഗുലറൈസേഷന് നിർദ്ദേശിച്ചു കൊണ്ട് ലേബർ കോടതി പാസ്സാക്കിയ അവാർഡിനെ സ്ഥിരീകരിച്ചതിൽ ഹൈ ക്കോടതിക്ക് തെറ്റുപറ്റി. കേസിന്റെ വസ്തുത കളിലും സാഹചര്യങ്ങളിലും, എതിർകക്ഷികൾ 20 വർഷത്തിൽ കൂടുതൽ ജോലിക്ക് പുറത്തായിരിക്കുന്നതിനാലും, ഇപ്പോൾ അവർക്ക് നിർദ്ദിഷ്ട പ്രായം കഴിഞ്ഞിരിക്കു ന്നതിനാലും, അവർക്ക് റെഗുലർ നിയമനം തേടാൻ കഴിയുന്നതല്ലാത്തതും, ഞങ്ങളുടെ കാഴ്ച പ്പാടിൽ, നാശനഷ്ടങ്ങൾക്കുള്ള പണപരമായ നഷ്ടപരിഹാരം എതിർ കക്ഷികൾക്ക് കൊടുക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ഹൈക്കോടതിയുടെ വിധിന്യായത്തെ ആ വ്യാപ്തിയോളം രൂപഭേദപ്പെടുത്തുക യാണെങ്കിൽ, നീതിയുടെ താൽപ്പര്യത്തിന് ഉതകുന്നതാണ്.

ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായം രൂപഭേദപ്പെടുത്തുകയും, രണ്ട് പതിറ്റാണ്ടുകൾക്ക് കൂടുതൽ നിലവിലിരുന്ന വ്യവഹാരം കാരണം എതിർകക്ഷികൾ കഷ്ടത നേരിട്ടുകൊണ്ടിരിക്കുന്ന വസ്തുതയും, എതിർകക്ഷികളിൽ ചിലർ നിർദ്ദിഷ്ടപ്രായം കഴിഞ്ഞവരാണെന്ന വസ്തുതയും, ഇപ്രകാരം വേറെ എവിടെയെങ്കിലും ഒരു ജോലി നേടുവാനുള്ള അവസരം നഷ്ടപ്പെട്ടിട്ടുള്ള വസ്തുതയും വീക്ഷണത്തിൽ സൂക്ഷിച്ചുകൊണ്ട്, എതിർ കക്ഷികൾ ഓരോരുത്തർക്കും നാലു ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുവാൻ അപ്പീൽവാദി സർവ്വകലാശാലയോട് നിർദ്ദേശി ക്കുന്നതുവഴി നീതിയുടെ താൽപ്പര്യം നിറവേറ്റ പ്പെടുന്നതുമാണ്. 1947–ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ വകുപ്പ് 17 ബി യുടെ ആവശ്യകതകളെ അനുസരിക്കുവാൻ ഈ കോടതി 11-07-2011–ലെ ഉത്തരവു മുഖേന അപ്പീൽവാദിയോട് നിർദ്ദേശിച്ചിട്ടുള്ളതും, ആയത് അനുസരിക്കപ്പെട്ടുകൊണ്ടിരി ക്കുന്നുവെന്ന് പ്രസ്താവിച്ചിട്ടുള്ളതുമാണ്.ഈ വിധിന്യായം കൈപ്പറ്റിയ തീയതി മുതൽ

**നാലുമാസത്തിനുള്ളിൽ എതിർകക്ഷികൾക്ക് നാലു ലക്ഷം രൂപ വീതം കൊടുക്കുവാൻ അപ്പീൽവാദി-സർവ്വകലാശാലയോട് നിർദ്ദേശിക്കുന്നു. നാലു ലക്ഷം രൂപ കൊടുക്കുന്നത് 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ വകുപ്പ് 17 ബി പ്രകാരം കൊടുത്തിട്ടുള്ള കൂലിക്ക് പുറമെ ആയിരി ക്കേണ്ടതാണ്--അപ്പീലുകൾ ഭാഗികമായി അനുവദിക്കപ്പെട്ടു.**

**വിധിന്യായം**

ജസ്റ്റിസ് ആർ. ഭാനുമതി

ഈ ഒരു കൂട്ടം അപ്പീലുകൾ, (റിട്ട് ഹർജി നം. 6690/1996 (എസ്/എസ്) ഉം കൂട്ടവും) റിട്ട് ഹർജികളെ തള്ളിക്കളഞ്ഞു കൊണ്ടുള്ള, അലഹബാദ് ഹൈക്കോടതിയുടെ ലക്നൗ ബെഞ്ചിന്റെ 14-09-2009-ലെ പൊതു വിധി ന്യായത്തിൽ നിന്ന് ഉത്ഭവിക്കുന്നു, ആ പൊതു വിധിന്യായം മുഖേന ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പാസ്സാക്കിയ അവാർഡിനെ ഹൈക്കോടതി ശരിവയ്ക്കുകയും, ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എതിർകക്ഷികളെ അവരുടെ സർവ്വീസുകളുടെ റെഗുലറൈസേഷനു വേണ്ടി പരിഗണിക്കുവാനും, ആ സമയം വരെ, അനുവദിക്കപ്പെടാത്ത തസ്തികകൾക്കു നേരെ സമാനമായി സ്ഥിതിചെയ്യുന്ന തൊഴിലാളികൾക്ക് സർവ്വകലാശാല അധികാരികൾ കൊടുത്തു കൊണ്ടിരിക്കുന്ന വേതനം കൊടുക്കുവാനും, അപ്പീൽവാദി-സർവ്വകലാശാലയോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2. വിവാദ വിഷയങ്ങളിലേക്ക് ഞങ്ങൾ പോകുന്നതിനുമുമ്പ് കേസിന്റെ വസ്തുതാ പരമായ പശ്ചാത്തലത്തെ എടുത്തുപറയുന്നത് ഉചിതമായിരിക്കുന്നതാണ്. 1989-ാം വർഷം, ലക്നൗ സർവ്വകലാശാലയിലെ ഫിനാൻസ് ഓഫീസറായ ശ്രീ. ആർ.എസ്. വിശ്വകർമ്മ, ഈ ഒരു കൂട്ടം അപ്പീലുകളിലെ എതിർകക്ഷികളെ സെൻട്രൽ അക്കൗണ്ട്സ് ഓഫീസിനുവേണ്ടി റൂട്ടീൻ ഗ്രേഡ് ക്ലാർക്ക്/പ്യൂൺ ആയി, വാക്കാലുള്ള നിയോജനം വഴി, ദിവസ വേതനക്കാരായി നിയോഗിക്കുകയും, അവർക്ക് ആകസ്മികതാനിധിയിൽ നിന്ന് പണം കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. ദിവസ വേതനക്കാരെ നിയോഗിക്കുന്നതിലുള്ള അധികാര ദുരുപയോഗത്തെ തടയുവാൻ വേണ്ടി ലക്നൗ സർവ്വകലാശാലയുടെ അപ്പോഴത്തെ വൈസ് ചാൻസലർ, ദിവസ വേതനക്കാർ, വൈസ് ചാൻസലറിൽ നിന്ന് രേഖാമൂലമുള്ള മുൻകൂർ അംഗീകാരം കരസ്ഥമാക്കിയിട്ടില്ലാത്തപക്ഷം, ഏതൊരു സംഗതിയിലും 31-12-1990-ന് ശേഷം തുടരുവാൻ അനുവദിക്കുന്നതല്ലായെന്ന് വിജ്ഞാപനം ചെയ്തുകൊണ്ട് 03-08-1990-ലെ ഉത്തരവ് നം. വിസി/1932/90 പുറപ്പെടുവിച്ചു. ഏതെങ്കിലും കൂടുതൽ ആളിന്റെ ഏതെങ്കിലും ആവശ്യമുണ്ടായിരുന്നെങ്കിൽ, സർവ്വകലാ ശാലയിൽ പുതിയ തസ്തികകൾ അനുവദിക്കു ന്നതിനുവേണ്ടി ഏകീകരിച്ച ഒരു സ്റ്റേറ്റ്മെന്റ് സംസ്ഥാന സർക്കാരിന് അയച്ചിരിക്കണം എന്ന ലക്ഷ്യത്തോടെ, തസ്തികകൾ സൃഷ്ടിക്കുന്ന തിനുവേണ്ടിയുള്ള ഒരു ആവശ്യം, ആ ആവ ശ്യത്തെ ന്യായീകരിക്കുന്ന വിശദാംശങ്ങൾ സഹിതം, ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ)-ന് സെഗ്മൻ മേധാവികൾ അയയ്ക്കേണ്ട താണെന്നും കൂടി നിർദ്ദേശിക്കപ്പെട്ടു. അപ്പീൽ വാദി-സർവ്വകലാശാല പറഞ്ഞതനുസരിച്ച്, ഫിനാൻസ് ഓഫീസർ എതിർകക്ഷികളെ/ ദിവസക്കൂലിക്കാരെ വേണ്ടെന്നുവച്ചിട്ടുമില്ല, വൈസ് ചാൻസലറിൽ നിന്ന് അയാൾ രേഖാ മൂലമുള്ള അംഗീകാരം വാങ്ങിയിട്ടുമില്ല. എതിർകക്ഷികളുടെ നിയോഗം 01-01-1991 മുതൽക്കുള്ള പ്രഭാവത്തോടുകൂടി അവസാനിച്ചു.

3. പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ, അവർ സർവ്വകലാശാലയിൽ 31-12-1990 വരെ തുടർച്ചയായി സേവനം അനുഷ്ഠിച്ചിരുന്നു എന്നും, ഏതൊരു കാരണവും പറയാതെ അവർ പിരിച്ചുവിടപ്പെട്ടു എന്നും പ്രസ്താവിച്ചു കൊണ്ട് 28-01-1992-ൽ മസ്ദൂർ സഭ മുഖാന്തിരം വൈസ് ചാൻസലർക്ക് ഒരു വക്കീൽ നോട്ടീസ് അയയ്ക്കുകയും, സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനും, കഴിഞ്ഞ കാലത്തിനുള്ള വേതനങ്ങൾക്കും ഉള്ള ആവശ്യം മുന്നോട്ടു വയ്ക്കുകയും ചെയ്തു. എല്ലാ മുൻ ദിവസ ക്കൂലിക്കാരും അവർ ഉന്നയിച്ച തർക്കത്തിന്റെ അനുരഞ്ജനത്തിനുവേണ്ടി 1992 ഫെബ്രുവരി യിൽ ഒറ്റപ്പെട്ട അപേക്ഷകൾ ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് നൽകുകയും ചെയ്തു. യാതൊരു അനുരഞ്ജനവും കൈവരിക്കുവാൻ കഴിയാത്തതുകൊണ്ട്, അനുരഞ്ജന ഉദ്യോഗ സ്ഥന്റെ ശിപാർശയിൻമേൽ, ഡെപ്യൂട്ടി ലേബർ

കമ്മീഷണർ എതിർകക്ഷികളും അപ്പീൽവാദി-സർവ്വകലാശാലയും തമ്മിലുള്ള തർക്കത്തിന്റെ ന്യായനിർണ്ണയത്തിനുവേണ്ടി എല്ലാ കേസുകളെയും തന്റെ 18-08-1992-ലെ ഉത്തരവു മുഖേന ലക്നൗവിലെ ലേബർകോടതിയിലേക്ക് റഫർ ചെയ്തു. ലേബർ കോടതിയിലെ അദ്ധ്യക്ഷ്യം വഹിച്ച ഉദ്യോഗസ്ഥൻ 30-01-1996-ലെ ഉത്തരവ് മുഖേന സർവ്വകലാശാല തൊഴിലാളി കളെ 01-01-1991 മുതൽ പിരിച്ചുവിട്ടത് നിയമ വിരുദ്ധമാണെന്ന് വിധിക്കുകയും, കഴിഞ്ഞ കാലത്തിനുള്ള മുഴുവൻ വേതനത്തോടു കൂടി 1-ാം നമ്പർ എതിർകക്ഷിയെ തിരികെ പ്രവേശിപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. അപ്പീൽ വാദി-സർവ്വകലാ ശാല, സങ്കടപ്പെട്ടുകൊണ്ട്, അവാർഡിനെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതി മുമ്പാകെ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു. ഹൈക്കോടതി, ലേബർ കോടതി പാസ്സാക്കിയ അവാർഡിനെ സ്ഥിരീകരിച്ചുകൊണ്ട് 14-09-2009-ലെ ഒരു പൊതു ഉത്തരവു മുഖേന ആ റിട്ട് ഹർജിയെയും ബന്ധപ്പെട്ട ഹർജികളെയും തീർപ്പാക്കുകയും, മറ്റു പലതിന്റെയും കൂട്ടത്തിൽ, മുകളിൽ പറഞ്ഞപ്രകാരം നിർദ്ദേശം നൽകുകയും ചെയ്തു. ഹൈക്കോടതി പാസ്സാക്കിയ ആ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് അപ്പീലുകളുടെ ഈ കൂട്ടത്തെ സർവ്വകലാശാല ഫയൽ ചെയ്തിട്ടുള്ളതാണ്.

4. ഒരു കാഷ്വൽ കൂലിത്തൊഴിലാളിയോ, ഒരു താൽക്കാലിക ജീവനക്കാരനോ, ഒരു വർഷത്തിൽ 240 ദിവസത്തിൽ കൂടുതൽ തുടർച്ചയായി ജോലി ചെയ്തിരുന്ന കാരണത്താൽ മാത്രം, ആദ്യത്തെ നിയമനം ചട്ടങ്ങൾ വിവക്ഷിക്കുന്ന പ്രകാരം യഥാവിധിയുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പിൻതുടരാതെ നടത്തപ്പെട്ടിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള തുടരലിന്റെ ബലത്തിൽ, റെഗുലർ സർവ്വീസിൽ ഉൾക്കൊള്ളിക്കപ്പെടുവാനോ സ്ഥിരമാക്കപ്പെടുവാനോ അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ലായെന്ന് അപ്പീൽവാദികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ വാദിച്ചു. എതിർകക്ഷികൾ അനുവദിക്കപ്പെട്ട ഏതെങ്കിലും തസ്തികക്കുനേരെ നിയോഗിക്കപ്പെട്ടിട്ടില്ലെന്നും, റെഗുലറൈസേഷനെ നിർദ്ദേശിക്കുന്ന, ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെടുന്ന വിധിന്യായം *സെക്രട്ടറി, കർണ്ണാടക സർക്കാരും* അഭി *ഉമാദേവി (3)-ഉം മറ്റുള്ളവരും* (2006) 4 എസ്.സി.സി1 എന്ന കേസിൽ ഈ കോടതി പ്രതിപാദിച്ച തത്വങ്ങളുടെ ലംഘനമാണെന്നും ബോധിപ്പിക്കപ്പെട്ടു.

5. നേരെമറിച്ച്, എതിർകക്ഷികളുടെ സർവ്വീസുകൾ ഏതൊരു നോട്ടീസോ റിട്രഞ്ച്മെന്റ് നഷ്ടപരിഹാരമോ നൽകാതെ പിരിച്ചുവിടപ്പെട്ടിട്ടുള്ളതും, അത് 1947-ലെ യു.പി. വ്യവസായിക തർക്കങ്ങൾ ആക്റ്റിലെ വകുപ്പ് 6-എൻ-ന്റെ ഉല്ലംഘനം ആണെന്നും, എതിർകക്ഷിക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷക ശ്രീമതി ശോഭാ ദീക്ഷിത് ബോധിപ്പിച്ചു. 1991 മുതൽ എതിർകക്ഷികൾക്ക് തൊഴിലില്ലാതിരുന്നുവെന്നും, 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ വകുപ്പ് 17 ബി പ്രകാരം അവർക്ക് അവാർഡ് ചെയ്ത തുല്ലമായ തുകയായ 650/- രൂപ കൊണ്ട് അവരുടെ കുടുംബത്തോടൊപ്പം അവർക്ക് അതിജീവിക്കുവാൻ പ്രയാസമാണെന്നും വാദിക്കപ്പെട്ടു. എതിർകക്ഷികളുടെ ജൂനിയർന്മാർ സർവ്വീസിൽ നിലനിർത്തപ്പെടുകയും, തുടരുകയും, തുടർന്ന് പുതിയ ആളുകൾ പോലും നിയോഗിക്കപ്പെടുകയും ചെയ്തിട്ടുള്ളതും അങ്ങനെയായിരിക്കെ, എതിർ കക്ഷികൾ വിവേചനം ചെയ്യപ്പെടുകയും, കീഴ്ക്കോടതികൾ അവരുടെ റെഗുലറൈസേഷൻ ശരിയായി നിർദ്ദേശിക്കുകയും ചെയ്തതായി മേലും ബോധിപ്പിക്കപ്പെട്ടു.

6. രണ്ടു കക്ഷികളുടെയും എതിർവാദങ്ങൾക്ക് ഞങ്ങൾ, ഞങ്ങളുടെ വിവേകമുള്ള പരിഗണന നൽകുകയും, ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തെയും രേഖയിലുള്ള വസ്തുവിനെയും സൂക്ഷ്മമായി വായിക്കുകയും ചെയ്തു.

7. ലക്നൗ സർവ്വകലാശാല ഒരു നിയമാധിഷ്ഠിത നികായമായിരിക്കുകയും, 1973-ലെ യു.പി. സംസ്ഥാന സർവ്വകലാ ശാലകൾ ആക്റ്റിനാൽ അനുശാസിക്കപ്പെടുകയും ചെയ്യുന്നു. വൈസ് ചാൻസലർ പ്രധാന എക്സിക്യൂട്ടീവ് ആയിരിക്കുകയും, അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനങ്ങൾ ഉൾപ്പെടെ അതിന്റെ എല്ലാ കാര്യങ്ങളിന്മേലും പൊതുവായ മേൽനോട്ടവും നിയന്ത്രണവും വിനിയോഗിക്കുകയും ചെയ്യുന്നു. സർവ്വകലാശാലയുടെ രജിസ്ട്രാർ, ഭരണനിർവ്വഹണ തലവനായിരിക്കുന്നു, അദ്ദേഹം വൈസ്

ചാൻസലർ യഥാവിധി നടത്തിയതും അംഗീകരിച്ചതുമായ നിയമനത്തിന്റെ ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. സർക്കാർ സൃഷ്ടിക്കുന്ന അനുവദിക്കപ്പെട്ട തസ്തിക കൾക്കു നേരെ സർവ്വകലാശാല നിയമനങ്ങൾ നടത്തേണ്ടതും, ജീവനക്കാരുടെ ശമ്പള സ്കെയിലുകളും ബത്തകളും സർക്കാർ തീരുമാനിക്കുന്നതുമാണ്. ഏതെങ്കിലും ആളെ നിയമിക്കാനുള്ള യാതൊരു അവകാശവും ഫിനാൻസ് ഓഫീസർക്ക് സ്വയം ഇല്ലാതിരുന്നതും, റൂട്ടിൻ ഗ്രേഡ് ക്ലാർക്കിന്റെയോ, റിക്കാർഡ് ബോയിയുടെയോ, പ്യൂണിന്റെയോ കൂടുതൽ തസ്തിക സർവ്വകലാശാല സൃഷ്ടിച്ചിട്ടില്ലാത്തതുമാണ്. ഇപ്പോഴത്തെ കേസിൽ, സർവ്വകലാശാലയിലെ ഫിനാൻസ് ഓഫീസർ എതിർകക്ഷികളെ തന്റെ സെൻട്രൽ അക്കൗണ്ട്സ് സെക്ഷനുവേണ്ടി ദിവസക്കൂലി ക്കാരായി നിയോഗിച്ചു. സമ്മതിച്ചിട്ടുള്ളതു പോലെ, എതിർകക്ഷികൾ യഥാവിധിയുള്ള നടപടിക്രമത്തെ പിൻതുടർന്നുകൊണ്ട് നിയോഗിക്കപ്പെട്ടിട്ടില്ലാത്തതും, അവരുടെ നിയോഗം, അനുവദിക്കപ്പെട്ട ഏതെങ്കിലും തസ്തികകൾക്കു നേരെ അല്ലാത്തതും ആണ്. ദിവസക്കൂലിക്കാരെ നിയോഗിക്കുന്ന, നിയമ വിരുദ്ധമായ പതിവിനെ നിയന്ത്രിക്കുന്നതിനു വേണ്ടി സർവ്വകലാശാലയുടെ വൈസ് ചാൻസലർ, ദിവസക്കൂലിക്കാർ, മുൻകൂട്ടിയുള്ള ലിഖിതമായ അംഗീകാരം വൈസ് ചാൻസലർ നൽകുന്നതുവരെ, 31-12-1990-ന് ശേഷം തുടരുവാൻ അനുവദിക്കുന്നതല്ല എന്ന് സ്പഷ്ടീകരിച്ചു കൊണ്ട് 03-08-1990-ലെ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. അങ്ങനെയുള്ള യാതൊരു അംഗീകാരവും, അങ്ങനെയുള്ള നിലയിൽ, എതിർകക്ഷികൾ അവർ തുടരുന്നതിനുവേണ്ടി സ്വീകരിച്ചിട്ടില്ല. എതിർകക്ഷികൾ 01-01-1991 മുതൽ പ്രഭാവത്തോടുകൂടി പിരിച്ചുവിടപ്പെട്ടു. എതിർകക്ഷികളുടെ നിയമനങ്ങൾ നിയമവിരുദ്ധമായിരുന്നപ്പോൾ റെഗുലറൈസ് ചെയ്യപ്പെടാനോ ഉൾക്കൊള്ളിക്കപ്പെടാനോ എതിർകക്ഷികൾക്ക് ഏതൊരു അവകാശവും ഉണ്ടായിരുന്നില്ല.

8. മുമ്പ് ശ്രദ്ധിച്ചതുപോലെ, എതിർ കക്ഷികളെ നിയോഗിക്കപ്പെട്ടതിന് അടിസ്ഥാന മായി രജിസ്ട്രാർ അവർക്ക് നൽകിയ യാതൊരു നിയമനകത്തും ഇല്ലാത്തതാണ്. എതിർ കക്ഷികൾ അവരുടെ അവകാശ വാദത്തിന് ലക്നൗ സർവ്വകലാശാലയിലെ അപ്പോഴത്തെ ഫിനാൻസ് ഓഫീസറായ ശ്രീ. ആർ. എൻ. ശുക്ല നൽകിയ സർവ്വീസ് സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കിയിട്ടുണ്ട്. അപ്പോഴത്തെ ഫിനാൻസ് ഓഫീസറായ ആർ.എസ്. വിശ്വകർമ്മ ദിവസക്കൂലിക്കാരെ അവരുടെ ആവശ്യമനുസരിച്ച് അക്കൗണ്ട്സ് സെക്ഷനിൽ ദിവസക്കൂലി ജീവനക്കാരായി നിയോഗിച്ചു എന്നും, അവരുടെ സേവനങ്ങൾ ആവശ്യമില്ലാതെ വന്നപ്പോൾ അവർ പിരിച്ചുവിടപ്പെട്ടു എന്നും ശ്രീ. ആർ. എൻ. ശുക്ല തന്റെ തെളിവിൽ പ്രസ്താവിച്ചിട്ടുണ്ട്. എതിർ കക്ഷികൾക്ക് അക്കൗണ്ട്സ് സെക്ഷനിൽ പ്രത്യേക സ്വഭാവത്തിലുള്ള യാതൊരു ജോലിയും നൽകപ്പെട്ടിട്ടില്ലെന്നും, എതിർ കക്ഷികൾക്ക് ആവർത്തന ചെലവ് ഇനത്തിൽ നിന്ന് കൂലി കൊടുത്തു വരികയായാണെന്നും അദ്ദേഹം മേലും പ്രസ്താവിച്ചു. എതിർകക്ഷികൾക്ക് നൽകിയ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചിടത്തോളം, ആ സർട്ടിഫിക്കറ്റുകൾ എതിർകക്ഷികൾ-തൊഴിലാളികൾക്ക് നൽകിയത് മറ്റു ജോലി അന്വേഷിക്കാൻ അവരെ പ്രാപ്തരാക്കുവാൻ വേണ്ടി മാത്രമാണെന്ന് ശ്രീ. ശുക്ല പ്രസ്താവിച്ചിട്ടുണ്ട്.

9. എതിർകക്ഷികളെ നീക്കം ചെയ്തതിനു ശേഷം, സമാന സ്ഥിതിയിലുള്ള ജീവനക്കാർ റെഗുലറൈസ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് എതിർ കക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ബോധിപ്പിക്കുകയും, അങ്ങനെയുള്ള ഒരാളായ നരേന്ദ്ര പ്രതാപ് സിംഗിന്റെ റെഗുലറൈസേഷനിലേക്ക് ഞങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. റെഗുലറൈസ് ചെയ്യപ്പെടുന്ന ആളുകൾ യഥാവിധിയുള്ള നടപടിക്രമം പിന്തുടർന്നു കൊണ്ട് നിയമിക്കപ്പെട്ടവർ മാത്രമായിരുന്നു എന്ന് സർവ്വകലാശാലയുടെ മുൻ രജിസ്ട്രാറായിരുന്ന ശ്രീ. ബ്രിജിപാൽ ദാസ് മെഹ്റോത്രയുടെ തെളിവ് കാണിക്കുന്നതാണ്. പ്രസ്തുത നരേന്ദ്ര പ്രതാപ് സിംഗും യഥാവിധിയുള്ള നടപടിക്രമം പിന്തുടർന്നു കൊണ്ട് നിയമിക്കപ്പെട്ടിട്ടുള്ളതാണ്. എതിർവാദ സത്യവാങ്മൂലത്തോടൊപ്പം ഫയൽ ചെയ്ത അനുബന്ധം (പി-5)-ൽ നിന്ന് കാണാവുന്നതുപോലെ, പ്രസ്തുത നരേന്ദ്രപ്രതാപ് സിംഗിനെ ദിവസക്കൂലി അടിസ്ഥാനത്തിൽ

റൂട്ടിൻ ഗ്രേഡ് ക്ലാർക്കായി സർവ്വകലാശാലയുടെ രജിസ്ട്രാർ നിയമിച്ചതാണ്, എതിർകക്ഷികൾ അപ്രകാരം സർവ്വകലാശാലയുടെ രജിസ്ട്രാറിനാൽ നിയമിക്കപ്പെട്ടിട്ടില്ല. നിയമാധിഷ്ഠിത ചട്ടങ്ങൾക്കനുസൃതമായി അനുവദിക്കപ്പെട്ട തസ്തികകൾക്കു നേരെ എതിർകക്ഷികൾ നിയമിക്കപ്പെട്ടു എന്ന് കാണിക്കുവാൻ അവർ സമ്മതിച്ചിട്ടുള്ളതു പോലെ, ഏതൊരു രേഖയും ഹാജരാക്കിയിട്ടില്ല. ആദ്യത്തെ നിയമനം പ്രസക്ത ചട്ടങ്ങൾ വിവക്ഷിക്കുന്ന പ്രകാരം യഥാവിധിയുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പിൻതുടർന്നുകൊണ്ട് നടത്തപ്പെട്ടിട്ടില്ലെങ്കിൽ, റെഗുലറൈസേഷൻ ആവശ്യപ്പെടുവാൻ എതിർകക്ഷികൾക്ക് കഴിയുന്നതല്ല. ഞങ്ങളുടെ കാഴ്ചപ്പാടിൽ, എതിർകക്ഷികളുടെ റെഗുലറൈ സേഷനെ നിർദ്ദേശിച്ചതിൽ ലേബർ കോടതിക്കും ഹൈക്കോടതിക്കും തെറ്റു പറ്റിയിട്ടുണ്ട്.

10. സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന ആളുകളെ റഗുലറൈസ് ചെയ്യുന്നതിനുവേണ്ടി വിവിധ വിഭാഗങ്ങളിലായി 755 തസ്തികകളുടെ സാങ്ഷനുവേണ്ടി സർവ്വകലാശാല സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന് അപ്പീൽവാദി-സർവ്വകലാശാല ഫയൽ ചെയ്ത എതിർവാദ സത്യവാങ്മൂലത്തിൽ പറഞ്ഞി രിക്കുന്നു. സംസ്ഥാന സർക്കാർ വിവിധ വിഭാഗങ്ങളിലായി 330 തസ്തികകൾ മാത്രം സാങ്ഷൻ ചെയ്തു, അതിന്റെ ഫലമായി 330 ആളുകളുടെ റെഗുലറൈസേഷൻ/സമയോജൻ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാന ത്തിൽ കർശനമായി നടത്തപ്പെട്ടു. ലക്നൗ സർവ്വകലാശാലയിൽ അദ്ധ്യാപകേതര തസ്തി കകളുടെ ഉൾക്കൊള്ളിക്കൽ സംബന്ധിച്ച് യു.പി. സർക്കാരിന്റെ സ്പെഷ്യൽ എക്സിക്യൂട്ടീവ് ഓഫീസറാലുള്ള, 29-09-1999-ലെ 26/സി.എസ്/70-4-99-3(27)/ 99-ാം നമ്പർ കത്തിന്റെ വെറുമൊരു വായനയിൽ, ഏതെങ്കിലും ജീവനക്കാരന്റെ സർവ്വീസിൽ ഏതെങ്കിലും ഭഞ്ജനം ഉണ്ടെങ്കിൽ, അപ്പോൾ, പ്രസ്തുത ഭഞ്ജനം മുതലുള്ള മുൻ കാലയളവിലെ സർവ്വീസുകൾ കണക്കാക്ക പ്പെടാവുന്നതല്ലെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു. സർവ്വകലാശാലയിൽ തുടർച്ചയായി ജോലി ചെയ്തുകൊണ്ടിരുന്ന ജീവനക്കാർ മാത്രമാണ് റെഗുലറൈസ് ചെയ്യപ്പെട്ടിട്ടുള്ളത് എന്നത് 16-01-2001-ൽ നടന്ന എക്സിക്യൂട്ടിവ് കമ്മിറ്റി രൂപീകരിച്ച സബ് കമ്മിറ്റിയുടെ നടപടിക്കുറിപ്പുകളുടെ ഒരു സൂഗ്ഗ്മവായനയിൽ നിന്ന് വ്യക്തമാണ്. 01-01-1991 മുതൽ എതിർകക്ഷികൾ ജോലിക്ക് പുറത്തായിരിക്കുകയും, റെഗുലറൈസേഷൻ/ സംയോജൻ സമയത്ത് എതിർകക്ഷികൾ സർവ്വീസിൽ ഇല്ലായിരുന്നുവെന്നും അതിനാൽ, അവർക്ക് ഉൾക്കൊള്ളിക്കപ്പെട്ട ആളുകളു മായുള്ള തുല്യത ആവശ്യപ്പെടാൻ കഴിയു ന്നതല്ലാത്തതുമാണ്.

11. യാതൊരു കാഷ്വൽ തൊഴിലാളികളും, കോടതികളാലോ സംസ്ഥാന സർക്കാരിനാലോ റെഗുലറൈസ് ചെയ്യപ്പെടാൻ പാടില്ലായെന്നും, ഭരണഘടനാപരമായ വ്യവസ്ഥകളനുസരിച്ച് ഈ രാജ്യത്തിലെ എല്ലാ പൗരൻമാർക്കും തൊഴിലിനുവേണ്ടി മൽസരിക്കുവാൻ അവകാശ മുണ്ടായിരിക്കുന്നുവെന്നും, താൽക്കാലിക അല്ലെങ്കിൽ കാഷ്വൽ തൊഴിലാളികൾക്ക് റെഗുലറൈസേഷൻ ആവശ്യപ്പെടാൻ യാതൊരു അവകാശവും ഇല്ലെന്നുമുള്ള തത്വം *ഉമാദേവിയുടെ* കേസിൽ, ഈ കോടതി തീരുമാനിച്ചിട്ടുള്ളതാണ്. (47)-ാം ഖണ്ഡികയിൽ ഈ കോടതി താഴെ പറയും പ്രകാരം വിധിച്ചിരുന്നു.

> *"47. ഒരാൾ ഒരു താൽക്കാലിക തൊഴിലിൽ പ്രവേശിക്കുകയോ, കരാർപരമോ, കാഷ്വലോ ആയ ഒരു തൊഴിലാളിയായി നിയോജനം നേടുകയോ ചെയ്യുകയും, ആ നിയോജനം പ്രസക്തമായ ചട്ടങ്ങളോ നടപടിക്രമമോ അംഗീകരിക്കുന്ന പ്രകാരം ഒരു ഉചിതമായ സെലക്ഷനെ അടിസ്ഥാനമാക്കിയിട്ടല്ലാതിരിക്കുകയും ചെയ്യുമ്പോൾ, അയാൾ, സ്വഭാവത്തിൽ താൽക്കാലികമോ കാഷ്വലോ കരാർ പരമോ ആയിരിക്കുന്ന ആ നിയമന ത്തിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് ബോധവാനാണ്. ആ തസ്തികയിലേ ക്കുള്ള ഒരു നിയമനം, സെലക്ഷനു വേണ്ടിയുള്ള ഉചിതമായ ഒരു നടപടി ക്രമത്തെ പിന്തുടർന്നുകൊണ്ടും,*

*ബന്ധപ്പെട്ട കേസുകളിൽ, പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ചും മാത്രം നടത്തുവാൻ കഴിയുന്നതായിരിക്കുമ്പോൾ, അങ്ങനെയുള്ള ഒരാൾക്ക് ആ തസ്തികയിൽ സ്ഥിരീകരിക്കപ്പെടുന്നതിന് നിയമാനുസൃത പ്രതീഗ്ഗാസിദ്ധാന്തത്തിന്റെ സഹായം തേടുവാൻ കഴിയുന്നതല്ല. അതിനാൽ, താൽക്കാലികമോ, കരാർപരമോ, കാഷ്വലോ ആയ തൊഴിലാളികൾക്ക് നിയമാനുസൃത പ്രതീഗ്ഗാ സിദ്ധാന്തം വിജയകരമായി മുന്നോട്ടുവയ്ക്കാൻ കഴിയുന്നതല്ല. ഈ ആളുകളെ നിയോഗിക്കുന്ന വേളയിൽ അവർ എവിടെയായിരിക്കുന്നുവോ അവിടെ അവരെ തുടർന്നു കൊണ്ടുപോകുവാനോ, അവരെ സ്ഥിരമാക്കുവാനോ ഉള്ള ഏതെങ്കിലും വാഗ്ദാനം സംസ്ഥാനം കൊടുത്തിട്ടുണ്ട് എന്ന് വിധിക്കുവാനും കഴിയുന്നതല്ല. അങ്ങനെയുള്ള ഒരു വാഗ്ദാനം ഭരണഘടനാപരമായി സംസ്ഥാനത്തിന് നൽകുവാൻ കഴിയുന്നതല്ല. ആ തസ്തികയിൽ സ്ഥിരമാക്കപ്പെടുന്നതിനുള്ള യഥാർത്ഥമായ ഒരു നിവൃത്തി ആവശ്യപ്പെടുന്നതിന് ആ സിദ്ധാന്തത്തിന്റെ സഹായം തേടുവാൻ കഴിയുന്നതല്ല എന്നതും സ്പഷ്ടമാണ്".*

12. ഉമാദേവിയുടെ കേസിലെ (53)-ാം ഖണ്ഡികയിൽ, ഭരണഘടനാ ബെഞ്ച് മുകളിൽ എണ്ണിപ്പറഞ്ഞ സാമാന്യ തത്വങ്ങൾക്ക് ഒരു അപവാദം ഉണ്ടാക്കിയിട്ടുള്ളതും, അത് താഴെ പറയും പ്രകാരവുമാണ്.

*"53. ഒരു സംഗതി സ്പഷ്ടീകരിക്കേണ്ടത് ആവശ്യമാണ്. എസ്.പി. നാരായണപ്പയുടെയും (1967) 1 എസ്.സി.ആർ 128), ആർ.എൻ. നഞ്ചുണ്ടപ്പയുടെയും (1972) 1 എസ്.സി.സി 409, ബി.എൻ. നാഗരാജന്റെയും (1979) 4 എസ്.സി.സി 507 കേസുകളിൽ വിശദീകരിക്കുകയും, മുകളിൽ 15-ാം ഖണ്ഡികയിൽ പരാമർശിക്കുകയും ചെയ്തിട്ടുള്ളതുപോലെ, യഥാവിധി അനുവദിക്കപ്പെട്ട ഒഴിഞ്ഞ തസ്തികകളിൽ യഥാവിധി യോഗ്യത നേടിയ ആളുകളുടെ ക്രമവിരുദ്ധ നിയമനങ്ങൾ (നിയമവിരുദ്ധ നിയമനങ്ങൾ അല്ല) നടത്തപ്പെട്ടിരിക്കാവുന്നതും, ആ ജീവനക്കാർ പത്ത് വർഷമോ അതിൽ കൂടുതലോ കാലം, എന്നാൽ കോടതികളുടെയോ ട്രിബ്യൂണലുകളുടെയോ ഉത്തരവുകളുടെ ഇടപെടൽ കൂടാതെ തുടർന്ന് ജോലി ചെയ്തിട്ടുള്ളതുമായ കേസുകൾ ഉണ്ടായിരിക്കാവുന്നതുമാണ്. അങ്ങനെയുള്ള ജീവനക്കാരുടെ സർവ്വീസുകളുടെ റെഗുലറൈസേഷന്റെ പ്രശ്നം, മുകളിൽ പരാമർശിച്ച കേസുകളിൽ ഈ കോടതി തീരുമാനിച്ചിട്ടുള്ള തത്വങ്ങളുടെ വെളിച്ചത്തിലും, ഈ വിധിന്യായത്തിന്റെ വെളിച്ചത്തിലും, യഥാർത്ഥ യോഗ്യതയിൽ മേൽ പരിഗണിക്കേണ്ടതായി വരാവുന്നതാണ്. ആ സന്ദർഭത്തിൽ ഇന്ത്യൻ യൂണിയനും, സംസ്ഥാന സർക്കാറുകളും, അവയുടെ ഉപഘടകങ്ങളും പത്ത് വർഷമോ അതിൽ കൂടുതലോ കാലം യഥാവിധി അനുവദിക്കപ്പെട്ട തസ്തികകളിൽ, എന്നാൽ കോടതികളുടെയോ ട്രിബ്യൂണലുകളുടെയോ ഉത്തരവുകളുടെ മറയില്ലാതെ ജോലി ചെയ്തിട്ടുള്ള, അങ്ങനെ ക്രമവിരുദ്ധമായി നിയമിക്കപ്പെട്ടവരുടെ സേവനങ്ങൾ, ഒറ്റ തവണയായുള്ള നടപടിയായി റെഗുലറൈസ് ചെയ്യാനുള്ള നടപടികൾ എടുക്കേണ്ടതും, താല്ക്കാലിക ജീവനക്കാരോ ദിവസക്കൂലിക്കാരോ ഇപ്പോൾ നിയമിക്കപ്പെട്ടുകൊണ്ടിരി ക്കുന്ന സംഗതികളിൽ, നികത്തുവാൻ ആവശ്യമായിട്ടുള്ള അനുവദിക്കപ്പെട്ട ഒഴിവുള്ള തസ്തികകൾ നികത്തുവാൻ റെഗുലർ റിക്രൂട്ട്മെന്റുകൾ ഏറ്റെടുക്ക പ്പെടുന്നു എന്ന് മേലും ഉറപ്പുവരുത്തേ ണ്ടതുമാണ്. ഈ പ്രക്രിയ ഈ തീയതി മുതൽ ആറ് മാസത്തിനകം ആരംഭിച്ചിരി ക്കേണ്ടതാണ്. ഏതെങ്കിലും റെഗുലറൈസേഷൻ ഇതിനകം നടത്തിയിട്ടു ണ്ടെങ്കിൽ, എന്നാൽ കോടതിയുടെ പരിഗണനയിലിരിക്കുന്നതല്ലാത്തതാണെങ്കിൽ, ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുനരാരംഭിക്കേണ്ട ആവശ്യമില്ല, എന്നാൽ, ഭരണഘടനാ പരമായ*

*ആവശ്യകതയെ വീണ്ടും അവഗണിക്കുന്നതും ഭരണഘടനാ പരമായ പദ്ധതി പ്രകാരം യഥാവിധി നിയമിക്കപ്പെടാത്തവരെ റെഗുലറൈസ് ചെയ്യുന്നതും അല്ലെങ്കിൽ സ്ഥിരപ്പെടു ത്തുന്നതും ഉണ്ടാകാൻ പാടില്ലാത്ത താണ്".*

13. എതിർകക്ഷികൾ ഏകദേശം ഒന്നരവർഷം മാത്രവും, അനുവദിക്കപ്പെട്ട ഏതെങ്കിലും തസ്തികകൾക്ക് നേർക്ക് അല്ലാതെയും കാഷ്വൽ തൊഴിലാളികളായി ജോലി ചെയ്തതുകൊണ്ട്, *ഉമാദേവിയുടെ* കേസിലെ (53)-ാം ഖണ്ഡിക യിലെ ആനുകൂല്യങ്ങൾപോലും എതിർ കക്ഷികൾക്ക് നൽകുവാൻ കഴിയുന്നതല്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്.

14. *സത്യപ്രകാശും മറ്റുള്ളവരും അഭി ബീഹാർ സർക്കാരും മറ്റുള്ളവരും* (2010) 4 എസ്.സി.സി 179 എന്ന കേസിൽ ഈ കോടതി താഴെ പറയും പ്രകാരം വിധിച്ചു :

*"7. <u>അനുവദിക്കപ്പെട്ട ഏതെങ്കിലും തസ്തികകളിൽ ഒരിക്കലും അപ്പീൽ വാദികൾ നിയമിക്കപ്പെടാത്തതുകൊണ്ട്, അവരുടെ സർവ്വീസുകളുടെ റെഗുല റൈസേഷന്റെ ആനുകൂല്യം ലഭിക്കുവാൻ അവർക്ക് അവകാശമില്ല എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. അപ്പീൽ വാദികൾ ബീഹാർ ഇന്റർമീഡിയറ്റ് എഡ്യൂക്കേഷൻ കൗൺസിലിൽ ദിവസ വേതനക്കാരായി മാത്രം നിയമിക്കപ്പെട്ടിട്ടുള്ളതാണ്.</u>*

*8. ഉമാദേവി (3)-ന്റെ കേസിൽ (2006) 4 എസ്.സി.സി 1, താൽക്കാലി കമോ, കരാർപരമോ, കാഷ്വലോ, ദിവസക്കൂലിക്കാരോ, അഡ്ഹോക്കോ ആയ ജീവനക്കാരുടെ ഉൾപ്പെടു ത്തലിനോ/റെഗുലറൈസേഷനോ സ്ഥിരമായ തുടരലിനോ വേണ്ടിയുള്ള ഏതെങ്കിലും നിർദ്ദേശം പുറപ്പെടു വിക്കുവാൻ കോടതികളെ പ്രതീക്ഷി ക്കരുതെന്ന് ഈ കോടതി വിധിച്ചിരുന്നു. പുറപ്പെടുവിച്ചിട്ടുള്ള അത്തരം നിർദ്ദേശങ്ങൾ പൊതുനിയോജനത്തിനുള്ള ഭരണഘടനാപരമായ പദ്ധതിക്ക് അസംഗതമാണെന്ന് പറയുവാൻ കഴിയുന്നതല്ലായെന്ന് ഈ കോടതി വിധിച്ചു. ഒരു താൽക്കാലിക ജീവന ക്കാരനോ, ഒരു കാഷ്വൽ കൂലിത്തൊഴി ലാളിയോ അയാളുടെ നിയോജന കാലാവധിക്കപ്പുറത്തുള്ള ഒരു കാലത്തേക്ക് തുടരുന്നു എന്ന വെറും ഒരു കാരണത്താൽ മാത്രം, പ്രസക്തമായ ചട്ടങ്ങൾ വിവക്ഷിക്കുന്ന പ്രകാരം യഥാവിധിയുള്ള ഒരു സെലക്ഷൻ പ്രക്രിയയെ പിന്തുടർന്നുകൊണ്ട് ആദ്യനിയമനം നടത്തപ്പെട്ടിട്ടില്ലെങ്കിൽ, അങ്ങനെയുള്ള തുടരലിന്റെ ബലത്തിൽ മാത്രം റെഗുലർ സർവ്വീസിൽ ഉൾപ്പെടു ത്തപ്പെടുവാനോ, സ്ഥിരമാക്കപ്പെടു വാനോ അയാൾക്ക് അവകാശമുണ്ടാ യിരിക്കുന്നതല്ല എന്ന് ഈ കോടതി വിധിച്ചു. ഈ കോടതി പ്രതിപാദിച്ചി ട്ടുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽവാദികൾ ആവശ്യപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ നൽകുവാൻ കഴിയുന്നതല്ല".*

15. എതിർകക്ഷികൾ വെറും കാഷ്വൽ തൊഴിലാളികൾ ആകുന്നതും, തസ്തികകൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള ഏതൊരു നിക്ഷിപ്ത അവകാശവും അവർക്ക് ഇല്ലാത്തതു മാണ്. റെഗുലറൈസേഷന് നിർദ്ദേശിച്ചുകൊണ്ട് ലേബർ കോടതി പാസ്സാക്കിയ അവാർഡിനെ സ്ഥിരീകരിച്ചതിൽ ഹൈക്കോടതിക്ക് തെറ്റുപറ്റി. കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും, എതിർകക്ഷികൾ 20 വർഷത്തിൽ കൂടുതൽ ജോലിക്ക് പുറത്തായിരിക്കുന്നതിനാലും, ഇപ്പോൾ അവർക്ക് നിർദ്ദിഷ്ടപ്രായം കഴിഞ്ഞിരി ക്കുന്നതിനാലും, അവർക്ക് റെഗുലർ നിയമനം തേടാൻ കഴിയുന്നതല്ലാത്തതും, ഞങ്ങളുടെ കാഴ്ചപ്പാടിൽ, നാശനഷ്ടങ്ങൾക്കുള്ള പണപരമായ നഷ്ടപരിഹാരം എതിർ കക്ഷികൾക്ക് കൊടുക്കുന്നതിന് നിർദ്ദേശിച്ചു കൊണ്ട് ഹൈക്കോടതിയുടെ വിധിന്യായത്തെ ആ വ്യാപ്തിയോളം രൂപഭേദപ്പെടുത്തുകയാണെങ്കിൽ, നീതിയുടെ താൽപ്പര്യത്തിന് ഉതകുന്നതാണ്.

16. *ഇൻചാർജ് ഓഫീസറും മറ്റൊരാളും അഭി ശങ്കർഷെട്ടി* (2010) 9 എസ്.സി.സി 126 എന്ന

കേസിൽ, 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ വകുപ്പ് 25 എഫ്-ന്റെ ലംഘനം പരിഗണിക്കുമ്പോഴും, വിവിധ വിധിന്യായങ്ങളെ പരാമർശിച്ചതിനുശേഷവും, കഴിഞ്ഞകാല വേതനം വഴിയുള്ള നിവൃത്തി സ്വമേധയാ ഉള്ളതല്ലെന്നും, തിരികെ പ്രവേശിപ്പിക്കുന്നതിനുപകരം നഷ്ടപരിഹാരം നീതിയുടെ ലഗ്ഗ്യങ്ങൾ നിറവേറ്റുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ടെന്നും, ഈ കോടതി വിധിച്ചിട്ടുള്ളതും അത് ഇപ്രകാരമായിരി ക്കുകയും ചെയ്യുന്നു :

*''2. ഒരു ദിവസക്കൂലിക്കാരന്റെ നിയോജനം, 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റ് (ചുരുക്കത്തിൽ ''ഐ.ഡി. ആക്റ്റ്'')-ന്റെ വകുപ്പ് 25 എഫ്-നെ ലംഘിച്ചുകൊണ്ട് അവസാനിക്കപ്പെട്ടിട്ടുള്ള ഒരു കേസിൽ, ഒരു തിരികെ പ്രവേശിപ്പിക്കൽ ഉത്തരവ് സ്വമേധയാ അനുവർത്തിക്കേണ്ടതുണ്ടോ? മുകളിലത്തെ ചോദ്യത്തെ സംബന്ധിച്ച് ഈ കോടതിയുടെ സമീപകാലങ്ങളിലെ, വിധിന്യായങ്ങളുടെ ഗതി, ഏകരൂപമായിരിക്കുന്നു.*

*3. ജഗ്ബീർ സിംഗ് അഭി ഹരിയാന സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് ബോർഡ് (2009) 15 എസ്.സി.സി 327 എന്ന കേസിൽ, ഈ കോടതിയുടെ വിധിന്യായം പറയുമ്പോൾ, ഞങ്ങളിൽ ഒരാൾ (ജസ്റ്റിസ് ആർ.എം. ലോധ) ഈ കോടതിയുടെ സമീപകാല വിധിന്യായങ്ങളിൽ ചിലത്, അതായത് യു.പി. സ്റ്റേറ്റ് ബ്രാസ്വെയർ കോർപ്പറേഷൻ ലിമിറ്റഡ് അഭി ഉദയ് നരൈൻ പാണ്ടേ (2006) 1 എസ്.സി.സി 479. ഉത്തരാഞ്ചൽ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ അഭി എം.സി. ജോഷി (2007) 9 എസ്.സി.സി 353, മധ്യപ്രദേശ് സംസ്ഥാനം അഭി ലളിത് കുമാർ വർമ (2007) 1 എസ്.സി.സി 575, മധ്യപ്രദേശ് അഡ്മിനിസ്ട്രേഷൻ അഭി ത്രിഭുബൻ (2007) 9 എസ്.സി.സി 748, സീതാറാം അഭി മോത്തിലാൽ നെഹ്റു ഫാർമേർസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (2008) 5 എസ്.സി.സി 75, ജയ്പൂർ ഡെവലപ് മെന്റ് അതോറിറ്റി അഭി രാംസഹായി (2006) 11 എസ്.സി.സി 684, ജി.ഡി.എ അഭി അശോക് കുമാർ (2008) 4 എസ്.സി.സി. 261-ഉം മെഹബൂബ് ദീപക് അഭി നഗർ പഞ്ചായത്ത്, ഗജ്റൗള (2008)1 എസ്.സി.സി 575 സൂചിപ്പിക്കുകയും, താഴെ പറയും പ്രകാരം പ്രസ്താവിക്കുകയും ചെയ്തു. (ജഗ്ബീർസിംഗ് കേസ് (2009) 15 എസ്.സി.സി പേജുകൾ 330 & 335, ഖണ്ഡികകൾ 7 & 14).*

*7. ഒരു ജീവനക്കാരന്റെ പിരിച്ചുവിടൽ നിയമവിരുദ്ധമായി കണ്ടെത്തപ്പെട്ടിരുന്നെങ്കിൽ, കഴിഞ്ഞകാലത്തെ പൂർണ്ണവേതനത്തോടുകൂടിയുള്ള തിരികെ പ്രവേശിപ്പിക്കൽ എന്ന നിവൃത്തി സാധാരണയായി അനുവർത്തിക്കുന്നതാണെന്ന നിയമ സ്ഥിതിയെ, നിരവധി വിധിന്യായങ്ങളിൽ വ്യക്തമായി ഉച്ചരിക്കപ്പെട്ട ഈ കോടതിയുടെ മുൻവീഗ്ഗണം പ്രതിഫലിപ്പിച്ചിട്ടുണ്ട് എന്നത് സത്യമാണ്. എന്നിരുന്നാലും, അടുത്തകാലത്ത്, ആ നിയമസ്ഥിതിയിൽ ഒരു മാറ്റം ഉണ്ടായിട്ടുള്ളതും, കേസുകളുടെ ഒരു നീണ്ട നിരയിൽ, കഴിഞ്ഞകാല വേതനത്തോടു കൂടിയ തിരികെ പ്രവേശിപ്പിക്കൽ വഴിയുള്ള നിവൃത്തി, സ്വമേധയാ ഉള്ളതല്ലെന്നും ഒരു ജീവനക്കാരന്റെ പിരിച്ചുവിടൽ നിർണ്ണയിച്ചിട്ടുള്ള നടപടിക്രമത്തെ ലംഘിച്ചുകൊണ്ടുള്ളതാണെങ്കിൽക്കൂടിയും, കൊടുത്തിട്ടുള്ള ഒരു വസ്തുതാസ്ഥിതി വിശേഷത്തിൽ പൂർണ്ണമായും അനുചിതമായിരിക്കുന്നതുമാണ് എന്ന കാഴ്ചപ്പാട് ഈ കോടതി നിരന്തരം എടുത്തിട്ടുണ്ട്. തിരികെ പ്രവേശിക്കലിനുപകരം നഷ്ടപരിഹാരം നീതിയുടെ ലഗ്ഗ്യങ്ങൾ നിറവേറ്റുന്നതായും കണക്കാക്കപ്പെട്ടിട്ടുണ്ട്.*

*14. ഇപ്രകാരം, അടുത്തകാലത്തു വിധിന്യായങ്ങളുടെ ഒരു പരമ്പര മുഖേന ഈ കോടതി, വകുപ്പ് 25 എഫ്-നെ ലംഘിച്ചുകൊണ്ട് പാസ്സാക്കിയ ഒരു റിട്രഞ്ച്മെന്റ് ഉത്തരവ് അസാധുവാക്കപ്പെടാവുന്നതാണെങ്കിൽ കൂടിയും, തിരികെ പ്രവേശിപ്പിക്കലിനുള്ള ഒരു*

*അവാർഡ്, എങ്ങനെയായാലും, സ്വമേധയാ പാസ്സാക്കാവുന്നതല്ല എന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതായി കാണാവുന്നതാണ്. തൊഴിലാളി, പിരിച്ചുവിടൽ തീയതിക്ക് മുമ്പുള്ള ഒരു വർഷത്തിൽ 240 ജോലി ദിവസങ്ങൾ പൂർത്തിയാക്കിയിട്ടുള്ള ഒരു കേസിൽ, കഴിഞ്ഞകാലത്തെ മുഴുവൻ വേതനത്തോടുകൂടി, പ്രത്യേകിച്ച് ദിവസക്കൂലിക്കാരെ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള അവാർഡ്, ഉചിതമായതാണെന്ന് ഈ കോടതി കണ്ടെത്തിയിട്ടില്ലാത്തതും, പകരം നഷ്ടപരിഹാരം അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു തസ്തികയും വഹിക്കാത്ത ഒരു ദിവസക്കൂലിക്കാരനെയും ഒരു സ്ഥിര ജീവനക്കാരനെയും തമ്മിൽ ഈ കോടതി വേർതിരിച്ചിട്ടുണ്ട്.*

*4. ടെലിഗ്രാഫ് ഡിപ്പാർട്ട്മെന്റ് അഭി സന്തോഷ് കുമാർ സീൽ (2010) 6 എസ്.സി.സി 773 എന്ന കേസിൽ, ജഗ്ബീർ സിംഗിന്റെ (2009) 15 എസ്.സി.സി 327 കേസിലെ വിധിന്യായത്തെ വളരെ അടുത്ത കാലത്ത് ബാധകമാക്കിയിട്ടുണ്ട്. അതിൽ ഈ കോടതി ഇപ്രകാരം പറഞ്ഞു: (എസ്.സി.സി പേജ്. 777, ഖണ്ഡിക 11)*

*"11. മുൻപറഞ്ഞ നിയമസ്ഥിതിയുടെയും, തൊഴിലാളികൾ ഏകദേശം 25 വർഷങ്ങൾക്കുമുമ്പ് ദിവസക്കൂലിക്കാരായി നിയോഗിക്കപ്പെട്ടു എന്ന വസ്തുതയുടെയും അവർ കഷ്ടിച്ച് രണ്ടോ, മൂന്നോ വർഷം ജോലി ചെയ്തിരുന്നു എന്ന വസ്തുതയുടെയും അടിസ്ഥാനത്തിൽ, തിരികെ പ്രവേശിപ്പിക്കലും കഴിഞ്ഞകാലത്തെ വേതനവും എന്ന അവർക്കുള്ള നിവൃത്തി ന്യായീകരിക്കപ്പെടുന്നതായി പറയുവാൻ കഴിയുന്നതല്ലാത്തതും, പകരം പണപരമായ നഷ്ടപരിഹാരം നീതിയുടെ ലക്ഷ്യങ്ങൾക്ക് ഉതകുന്നതുമാണ്".*

17. മുകളിലത്തെ ചർച്ചയുടെ വെളിച്ചത്തിൽ, ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായം രൂപഭേദപ്പെടുത്തുകയും, രണ്ട് പതിറ്റാണ്ടുകൾക്കു കൂടുതൽ നിലവിലിരുന്ന വ്യവഹാരം കാരണം എതിർകക്ഷികൾ കഷ്ടത നേരിട്ടു കൊണ്ടിരിക്കുന്ന വസ്തുതയും, എതിർകക്ഷികളിൽ ചിലർ നിർദ്ദിഷ്ടപ്രായം കഴിഞ്ഞവരാണെന്ന വസ്തുതയും, ഇപ്രകാരം വേറെ എവിടെയെങ്കിലും ഒരു ജോലി നേടുവാനുള്ള അവസരം നഷ്ടപ്പെട്ടിട്ടുള്ള വസ്തുതയും വീക്ഷണത്തിൽ സൂക്ഷിച്ചു കൊണ്ട്, എതിർകക്ഷികൾ ഓരോരുത്തർക്കും നാലു ലക്ഷം രൂപ നഷ്ടപരിഹാരം കൊടു ക്കുവാൻ അപ്പീൽവാദി സർവ്വകലാശാലയോട് നിർദ്ദേശിക്കുന്നതുവഴി നീതിയുടെ താൽപ്പര്യം നിറവേറ്റപ്പെടുന്നതുമാണ്. 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ വകുപ്പ് 17 ബി യുടെ ആവശ്യകതകളെ അനുസരിക്കുവാൻ ഈ കോടതി 11-07-2011-ലെ ഉത്തരവുമുഖേന അപ്പീൽവാദിയോട് നിർദ്ദേശിച്ചിട്ടുള്ളതും, ആയത് അനുസരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് പ്രസ്താവിച്ചിട്ടുള്ളതുമാണ്. ഈ വിധിന്യായം കൈപ്പറ്റിയ തീയതി മുതൽ നാലുമാസത്തിനുള്ളിൽ എതിർകക്ഷികൾക്ക് നാലു ലക്ഷം രൂപ വീതം കൊടുക്കുവാൻ അപ്പീൽവാദി-സർവ്വകലാശാലയോട് നിർദ്ദേശിക്കുന്നു. നാലു ലക്ഷം രൂപ കൊടുക്കുന്നത് 1947-ലെ വ്യാവസായിക തർക്കങ്ങൾ ആക്റ്റിലെ വകുപ്പ് 17 ബി പ്രകാരം കൊടുത്തിട്ടുള്ള കൂലിക്ക് പുറമെ ആയിരിക്കേണ്ടതാണ്.

18. തൽഫലമായി ചോദ്യം ചെയ്യപ്പെട്ട വിധിന്യായം രൂപഭേദപ്പെടുത്തുകയും, മുകളിൽ പറഞ്ഞ പ്രകാരം ഈ അപ്പീലുകൾ ഭാഗികമായി അനുവദിക്കപ്പെടുകയും ചെയ്യുന്നു. ചിലവുകളെ സംബന്ധിച്ച് യാതൊരു ഉത്തരവുമില്ല.

*——————*

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ജെ. ചെലമേശ്വർ**

**&**

**ബഹു. ജസ്റ്റിസ് അഭയ് മനോഹർ സപ്രേ**

**സിവിൽ അപ്പീൽ നം. 8536/2015**

**(പ്രത്യേകാനുമതി ഹർജി (സിവിൽ) നം. 28428/2014-ൽ നിന്ന് ഉത്ഭവിച്ചത്)**

**അജിത് കുമാർ. പി യും മറ്റുള്ളവരും**

**അഭി**

**റെമിൻ കെ.ആർ-ഉം മറ്റുള്ളവരും**

**ഒപ്പം**

**സിവിൽ അപ്പീൽ നം. 8537/2015**

**(പ്രത്യേകാനുമതി ഹർജി (സിവിൽ) നം. 28743/2014-ൽ നിന്ന് ഉത്ഭവിച്ചത്)**

**ഗിരിലാൽ. ഡി**

**അഭി**

**നിധീഷ് ബി-ഉം മറ്റുള്ളവരും**

2015 ഒക്ടോബർ 13-ന് വിധി കൽപ്പിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 14&16--1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ, ചട്ടം 14—കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി ചട്ടങ്ങൾ—ചട്ടം 3 പരീഗ്ഗകളിൽ പങ്കെടുക്കുവാൻ അർഹരാകുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക പരീഗ്ഗക്ക് നിയമപരമായ യാതൊരു അടിസ്ഥാനവും ഇല്ല. അങ്ങനെയുള്ള പ്രാഥമിക പരീഗ്ഗയെ കേരള എസ് & എസ് ചട്ടങ്ങളും ഉദ്ദേശിക്കുന്നില്ല, നടപടി ചട്ടങ്ങളും ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും, പരിമിത എണ്ണം തസ്തികകൾ നികത്തുന്നതിനുവേണ്ടി, കൈകാര്യം ചെയ്യാനാകാത്തവിധം ധാരാളം എണ്ണം അപേഗ്ഗകൾ സ്വീകരിക്കപ്പെടുന്നിടത്തെല്ലാം ഒരു പ്രാഥമിക പരീഗ്ഗ നടത്തുവാനുള്ള നിയമപരമായ ഒരു അധികാരസ്ഥാനത്തിന്റെ അസ്തിത്വം ഈ കോടതി അംഗീകരിച്ചിട്ടുണ്ട്. ഹൈക്കോടതി ആശ്രയിച്ച കേരള എസ് & എസ് ചട്ടങ്ങളിലെ ചട്ടം 14(ഇ) യും, നടപടി ചട്ടങ്ങളിലെ 4-ാം ചട്ടവും, നടപടി ചട്ടങ്ങളിലെ ചട്ടം 2(ജി)യിൻ കീഴിൽ നിർവ്വചിച്ചിട്ടുള്ള ഒരു പദപ്രയോഗമായ `റാങ്ക്ലിസ്റ്റിനെ' പരാമർശിക്കുന്നു. അങ്ങനെയുള്ള `റാങ്ക് ലിസ്റ്റ്' ചട്ടം 3 പരീഗ്ഗകളെ തുടർന്ന് മാത്രം തയ്യാറാക്ക പ്പെടുന്നു. ഒരു പ്രാരംഭ സ്ക്രീനിംങ് പരീഗ്ഗ, ചട്ടം 3 പരീഗ്ഗകളുടെ പരിധിക്ക് പുറത്തുള്ളതാണ്. അതിനാൽ, ഹൈക്കോടതി ആശ്രയിച്ച കേരള എസ് & എസ് ചട്ടങ്ങളിലെ ചട്ടം 14 (ഇ) യിലെയോ നടപടി ചട്ടങ്ങളിലെ 4-ാം ചട്ടത്തിനുള്ള 3-ാം പരിമിതി വ്യവസ്ഥയി ലെയോ ഉള്ളടക്കത്തെ കണക്കിലെടുക്കാതെ, ഒരു പ്രാരംഭ പരീഗ്ഗയെ തുടർന്ന് ഒരു 'ചുരുക്കപ്പട്ടിക' തയ്യാറാക്കുന്ന സന്ദർഭത്തിൽ ഈ ചട്ടങ്ങൾക്ക് യാതൊരു ബാധകതയും ഉണ്ടായിരിക്കുന്നത് സാധ്യമല്ലാത്തതാണ്—അപ്പീൽ അനുവദിച്ചു.**

വിധിന്യായം

ജസ്റ്റിസ് ചെലമേശ്വർ

1. ആദ്യഹർജി (കെ.എ.റ്റി.) നമ്പർ 239/ 2014-ലെയും, ആദ്യഹർജി (കെ.എ.റ്റി.) നമ്പർ 112/ 2014-ലെയും, കേരള ഹൈക്കോടതിയുടെ 08-08-2014-ലെ പൊതുവിധിന്യായത്താൽ സങ്കടപ്പെട്ടുകൊണ്ട്, പരാജിതരായ അതിലെ ഹർജിക്കാർ ഈ രണ്ടു പ്രത്യേകാനുമതി ഹർജികൾ ബോധിപ്പിച്ചു.

2. അനുമതി നൽകി.

3. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (ചുരുക്കത്തിൽ `ട്രിബ്യൂണൽ') പാസ്സാക്കിയ 20-02-2014-ലെ ഉത്തരവിനാൽ സങ്കടപ്പെട്ടു കൊണ്ട് മേൽ പറഞ്ഞ ആദ്യ ഹർജികൾ (റിട്ട് ഹർജികൾ) ഫയൽ ചെയ്യപ്പെട്ടു, ആ ഉത്തരവ് മുഖേന ട്രിബ്യൂണൽ മൂന്ന് ആദ്യ അപേക്ഷകളായ ഒ.എ. നമ്പരുകൾ 2395/13, 2587/13, 58/14 എന്നിവയെ തീർപ്പാക്കിയിരുന്നു.

4. ഇപ്പോഴുള്ള വ്യവഹാരത്തിന്റെ പശ്ചാത്തല വസ്തുതകൾ താഴെ പറയും പ്രകാരമാണ്:

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചുരുക്കത്തിൽ `സർവ്വീസ് കമ്മീഷൻ') സബ് ഇൻസ്പെക്ടർ (ട്രെയിനി) തസ്തികകളി ലേക്കുള്ള നിയമനത്തിനായി യോഗ്യരായ അപേക്ഷകരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനം 28-09-2007-ൽ പുറപ്പെടുവിച്ചു. നികത്തുവാൻ ഉദ്ദേശിക്കപ്പെട്ട തസ്തികകളുടെ എണ്ണം ആ വിജ്ഞാപനം എടുത്തു പറഞ്ഞിരുന്നില്ല, എന്നാൽ ആ തസ്തികകൾ മൂന്ന് ഉറവിടങ്ങളിൽ നിന്നും നികത്തുവാൻ ഉദ്ദേശിക്കപ്പെടുന്നു എന്ന് പറഞ്ഞിരുന്നു. അവ,

> ***"(1) കാറ്റഗറി നമ്പർ 315/2007- ഓപ്പൺ മാർക്കറ്റ്.***
>
> ***(2) കാറ്റഗറി നമ്പർ 316/2007- പോലീസിലെയും വിജിലൻസ് വകുപ്പിലെയും ബിരുദധാരികളായ മിനിസ്റ്റീരിയൽ ജീവനക്കാർ, ഫിംഗർ പ്രിന്റ് ബ്യൂറോയിലെ ഫിംഗർ പ്രിന്റ് വിദഗ്ദ്ധർ, ഫിംഗർ പ്രിന്റ് സെർച്ചർമാർ.***
>
> ***(3) കാറ്റഗറി നമ്പർ 317/2007- ബിരുദധാരികളായ പോലീസ് കോൺസ്റ്റബിൾമാരും, ഹെഡ് കോൺസ്റ്റബിൾ മാരും, പോലീസ് വകുപ്പിലെ തത്തുല്യപദവിയിലുള്ള ഉദ്യോഗസ്ഥരും".***

5. കേരള സർക്കാർ മുമ്പ് പുറപ്പെടുവിച്ച ചില ഉത്തരവുകൾക്ക് അനുസൃതമായി മുകളിൽ പറഞ്ഞ മൂന്ന് വിഭാഗങ്ങൾക്കിടയിൽ ഒഴിവുകൾ വീതം വയ്ക്കുന്നതാണ് എന്നു കൂടി ആ വിജ്ഞാപനത്തിൽപ്രത്യേകം പറഞ്ഞിരുന്നു. അവയുടെ വിശദാംശങ്ങൾ ഈ വിധിന്യായ ത്തിന്റെ ഉദ്ദേശ്യത്തിന് അനിവാര്യമല്ലാത്തതാണ്.

6. കേരള സംസ്ഥാനത്തിന്റെ സർവ്വീസിലെ ഏതെങ്കിലും തസ്തികകൾ നികത്തുന്നതിന് തെരഞ്ഞെടുപ്പുകൾ നടത്തുന്നതിൽ സർവ്വീസ് കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം അടങ്ങിയിരിക്കുന്ന, "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി ചട്ടങ്ങൾ" (ചുരുക്കത്തിൽ **"നടപടി ചട്ടങ്ങൾ"**) എന്നറിയപ്പെടുന്ന ഒരു കൂട്ടം ചട്ടങ്ങൾ ഉണ്ട്. അതിനുവേണ്ടി സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെടുമ്പോൾ, നിയമനം തേടുന്ന ഉദ്യോഗാർത്ഥികളുടെ യോഗ്യത വിലയിരുത്തുന്നതിന് പ്രസ്തുത ചട്ടങ്ങളിലെ 3-ാം ചട്ടത്തിൻകീഴിൽ സൂചിപ്പിച്ചിട്ടുള്ള പരീക്ഷകളിൽ ഒന്നോ അതിൽ കൂടുതലോ നടത്തുവാൻ സർവ്വീസ് കമ്മീഷൻ അധികാരപ്പെടുത്ത പ്പെട്ടിരിക്കുന്നു. ആ ചട്ടത്തിലെ പ്രസക്ത ഭാഗം ഇപ്രകാരമാണ്.

> ***"3. ഒരു സർവ്വീസിലേക്കോ തസ്തികയിലേക്കോ ഉള്ള റിക്രൂട്ട് മെന്റിനുവേണ്ടി പരിഗണിക്ക പ്പെടുന്ന ഉദ്യോഗാർത്ഥികളുടെ യോഗ്യതകൾ വിലയിരുത്തുവാൻ കമ്മീഷന് താഴെ പ്പറയുന്ന പരീക്ഷകൾ എല്ലാമോ, എന്തെങ്കിലും ഒന്നോ, അതിൽ കൂടുതലോ നടത്താവുന്നതാണ്;***
>
> *(I) എഴുത്തുപരീക്ഷ*
> *(II) പ്രായോഗിക പരീക്ഷ*
> *(III) ശാരീരിക ക്ഷമതാ പരീക്ഷ*
> *(IV) വാചാ പരീക്ഷ (അഭിമുഖം)*
> *(V) നടത്തുന്നത് ഉചിതമാണെന്ന് കമ്മീഷൻ കരുതാവുന്ന മറ്റേതെങ്കിലും ടെസ്റ്റോ പരീക്ഷയോ".*

7. കൂടുതലായി, ചട്ടം 4 പ്രകാരം ഏതെങ്കിലും തസ്തികകൾ നികത്തുന്നതിനായി ഒരു എഴുത്തു പരീഗ്ഗയോ, ഒരു പ്രായോഗിക പരീഗ്ഗയോ, രണ്ടുമോ നടത്തുവാൻ സർവ്വീസ് കമ്മീഷൻ തീരുമാനിക്കുന്നിടത്തെല്ലാം, താഴെ പറയുന്ന വിവരം സർവ്വീസ് കമ്മീഷൻ അറിയിക്കേണ്ടത് ആവശ്യമാണ്.

*"(I) അറിയിക്കുക:*

***(എ) പരീഗ്ഗക്കുവേണ്ടി ഉദ്യേഗാർത്ഥികൾക്ക് ആവശ്യമായ യോഗ്യതകൾ.***

***(ബി) ഫീസ് ഉൾപ്പെടെ പരീഗ്ഗക്കുള്ള പ്രവേശന നിബന്ധനകൾ.***

***(സി) പരീഗ്ഗയുടെ വിഷയങ്ങളോ, പദ്ധതിയോ, പാഠ്യക്രമമോ; കൂടാതെ***

***(ഡി) പരീഗ്ഗയ്ക്കുള്ള ഉദ്യോഗാർത്ഥികൾക്കിടയിൽ നിന്ന് നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം".***

8. വിജ്ഞാപനത്തിന് പ്രതികരണമായി, സർവ്വീസ് കമ്മീഷൻ ഏകദേശം 42,000 (നാല്പത്തിരണ്ടായിരം) അപേഗ്ഗകൾ കൈപ്പറ്റി.

9. പ്രശ്നത്തിലുള്ള റിക്രൂട്ട്മെന്റിനുവേണ്ടി, സമ്മതിച്ചിട്ടുള്ളതുപോലെ, ഒരു എഴുത്തു പരീഗ്ഗയും, തുടർന്ന് ഒരു വാചാ പരീഗ്ഗയും (3-ാം ചട്ടത്തിൻകീഴിൽ ഉദ്ദേശിച്ചിട്ടുള്ളത്, സൗകര്യത്തിനുവേണ്ടി ഇതിനുശേഷം '**ചട്ടം 3 പരീഗ്ഗകൾ**' എന്നാണ് പരാമർശിക്കപ്പെടുക) നടത്തുവാൻ സർവ്വീസ് കമ്മീഷൻ തീരുമാനിച്ചു.. എന്നിരുന്നാലും, കൈപ്പറ്റിയ ധാരാളം എണ്ണം അപേഗ്ഗകളുടെ അടിസ്ഥാനത്തിൽ **ചട്ടം 3 പരീഗ്ഗകൾക്ക്** ഹാജരാകുന്നതിന് അനുവദിക്കുവാൻ കഴിയുന്ന ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടിക, എല്ലാ 42,000 അപേഗ്ഗകർക്കുംവേണ്ടി ഒരു പ്രാഥമിക പരീഗ്ഗ നടത്തുന്നതു വഴി തയ്യാറാക്കുന്നത് ഉചിതമാണെന്ന് സർവ്വീസ് കമ്മീഷൻ ചിന്തിച്ചു.

10. അങ്ങനെയുള്ള പരീഗ്ഗാ പ്രക്രിയ യിലൂടെ ആകെയുള്ള 42,000 അപേഗ്ഗകരിൽ നിന്ന്, 2000 പേരുടെ ചുരുക്ക പട്ടിക തയ്യാറാക്കുവാൻ കഴിയുന്നതാണെന്ന് കമ്മീഷൻ ആരംഭത്തിൽ അഭിപ്രായപ്പെട്ടു. പരീഗ്ഗ നടത്തിയതിനുശേഷം വിജയികളായ, 2000 അപേഗ്ഗകരുടെ (പട്ടികയിൽ ഉയർന്ന സ്ഥാനം നേടിയവരുടെ) പട്ടിക പരിശോധിച്ച തിൻമേൽ, **ചട്ടം 3 പരീഗ്ഗകൾക്ക്** ആ 2000 അപേഗ്ഗകരെ മാത്രം വിധേയമാക്കുന്നത് സംവരണ വിഭാഗങ്ങളിൽ (എസ്.സിയും എസ്.ടിയും ഒബിസിയും) ഉൾപ്പെടുന്ന ഒഴിവുകൾ നികത്തുവാൻ ആവശ്യമായ ഉദ്യോഗാർത്ഥികളെ കിട്ടാതാകുമെന്ന ഒരു താത്കാലിക തീരുമാനത്തിലേക്ക് സർവ്വീസ് കമ്മീഷൻ എത്തിച്ചേർന്നു. അതുകൊണ്ട്, വിവിധ സംവരണ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുറച്ചധികം ഉദ്യോഗാർത്ഥികളെ അനുവദിക്കുവാൻ സർവ്വീസ് കമ്മീഷൻ തീരുമാനിച്ചു. ആകെ നൂറ് മാർക്കിന് നടത്തിയ പരീഗ്ഗയിൽ, മുകളിൽ പറഞ്ഞ 2000 ഉദ്യോഗാർത്ഥികളിൽ അവസാനത്തെ ആൾ 100 ന് 49 മാർക്ക് നേടിയിരുന്നു. അതിനാൽ, സർവ്വീസ് കമ്മീഷൻ അതിലേക്കായി വിനിർദ്ദേശിച്ച കട്ട്-ഓഫ് മാർക്കുകളുടെ മുകളിൽ മാർക്ക് നേടിയ വിവിധ സംവരണ ഉദ്യോഗാർത്ഥികളെ അനുവദിക്കുവാൻ സർവ്വീസ് കമ്മീഷൻ തീരുമാനിച്ചു. സംവരണ വിഭാഗങ്ങളിലെ ഓരോന്നിനെയും സംബന്ധിച്ച് അപ്രകാരം വിനിർദ്ദേശിക്കപ്പെട്ട കട്ട്-ഓഫ് മാർക്കുകൾ താഴെ പറയും പ്രകാരമാണ്:-

| | | |
|---|---|---|
| *"ഈഴവ* | – | *46* |
| *എസ്സി* | – | *45* |
| *എസ്റ്റി* | – | *32* |
| *മുസ്ലീം* | – | *45* |
| *എൽസി/എഐ* | – | *45* |
| *ഒബിസി* | – | *47* |
| *വിശ്വകർമ്മ* | – | *46* |
| *എസ്ഐയുസി നാടാർ* | – | *46* |
| *ഒഎക്സ്* | – | *42* |
| *ധീവര* | – | *46* |
| *ഹിന്ദു നാടാർ* | – | *44"* |

11. അത്തരത്തിലുള്ള ഉദ്യമത്തെ തുടർന്ന്, മറ്റ് 657 ഉദ്യോഗാർത്ഥികൾ **ചട്ടം 3 പരീഗ്ഗ കൾക്ക്** ഹാജരാകുവാൻ അർഹരായി.

12. സംവരണ വിഭാഗ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചുള്ള കട്ട്-ഓഫ് മാർക്കുകളിൽ ഇളവ് വരുത്തുവാനുള്ള സർവ്വീസ് കമ്മീഷന്റെ തീരുമാനം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ മുമ്പാകെ ആരംഭത്തിൽ ചോദ്യം ചെയ്യപ്പെട്ടു. അപേഗ്ഗകൾ നിരസിച്ചു കൊണ്ടുള്ള,

ട്രിബ്യൂണലിന്റെ 13-09-2012-ലെ തീർപ്പിന്റെ അടിസ്ഥാനത്തിൽ, വിഷയം കേരള ഹൈക്കോടതിയിലേക്ക് റിട്ട് ഹർജി മുഖേന കൊണ്ടുവരപ്പെട്ടത് വെറുതെയായി. അവസാനമായി, ആ വിഷയം എസ്.എൽ.പി. ....... (സി.സി) നം. 14564/2013 ആയി ഈ കോടതിയിൽ എത്തിച്ചേർന്നു, അത് 26-08-2013 ലെ ഒരു ഉത്തരവ് മുഖേന തള്ളിക്കളയപ്പെട്ടു.

13. സർവ്വീസ് കമ്മീഷൻ **ചട്ടം 3 പരീഗ്ഗകൾ** നടത്തുകയും, 838 അപേഗ്ഗകരെ തെരഞ്ഞെടുക്കുകയും, 07-09-2013-ൽ ഒരു "റാങ്ക്ഡ് ലിസ്റ്റ്" പ്രസിദ്ധീകരിക്കുകയും ചെയ്തു.

14. അതിനുശേഷം ഉദ്യോഗാർത്ഥികളെ പരിശീലനത്തിന് അയച്ചു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരെ നിയമിക്കുകയും, അവർക്ക് പോസ്റ്റിംഗ് നൽകുകയും ചെയ്തു. അപ്രകാരം നിയമിക്കപ്പെട്ട, വിവിധ സംവരണ വിഭാഗങ്ങളിൽപെടുന്ന ഉദ്യോഗാർത്ഥികളുടെ ഇടയിലുള്ളവരാണ് അപ്പീൽവാദികൾ. പൊതു വിഭാഗ ഒഴിവുകൾക്കു നേരെ അവർ നിയമിക്കപ്പെട്ടു. എന്നിരുന്നാലും, അവർ പ്രാഥമിക സ്ക്രീനിംഗ് ടെസ്റ്റിൽ കണ്ടെത്തപ്പെട്ട ഉയർന്ന മാർക്കു നേടിയ 2000 ഉദ്യോഗാർത്ഥികളുടെ ഇടയിലുള്ളവരല്ലാത്തവരായിരുന്നു, എന്നാൽ വിവിധ സംവരണ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായി അനുവദിച്ചു നൽകപ്പെട്ട ഇളവിന്റെ ബലത്തിൽ **ചട്ടം 3 പരീഗ്ഗകൾക്ക്** ഹാജരായിരുന്നവരാണ്.

15. അതിനിടയിൽ, വിവിധ ആദ്യ അപേഗ്ഗകൾ, ട്രിബ്യൂണലിന്റെ മുമ്പാകെ ഫയൽ ചെയ്യുകയുണ്ടായി, അവയിൽ നിന്ന് ഇപ്പോഴത്തെ അപ്പീലുകൾ ഉത്ഭവിക്കുന്നു. ആ അപേഗ്ഗകളിൽ ഒന്നിൽ ആവശ്യപ്പെട്ടിരുന്ന നിവർത്തി:

***"(എ) പ്രാഥമിക പരീഗ്ഗയിൽ 49-ൽ താഴെ മാർക്ക് നേടിയ ഉദ്യോഗാർത്ഥിയെ അനുബന്ധം എ6 മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് നിയമ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കുക***

***(ബി) പ്രാഥമിക പരീഗ്ഗയിൽ 49-ൽ താഴെ മാർക്ക് നേടിയ ഉദ്യോഗാർത്ഥികളെ അനുബന്ധം എ6 മെയിൻ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യുന്നതിന് 3-ാം എതിർ കഗ്ഗിയോട് നിർദ്ദേശിക്കുക***

***(സി) പ്രാഥമിക പരീഗ്ഗയിൽ 49-ൽ താഴെ മാർക്ക് നേടിയ ഏതൊരു ഉദ്യോഗാർത്ഥിയെയും പൊതു മത്സര ഉദ്യോഗാർത്ഥികൾക്ക് നൽകിയിട്ടുള്ള ഒഴിവുകൾക്ക് നേരെ അഡ്വൈസ് ചെയ്യുവാൻ പാടില്ലായെന്ന് 3-ാം എതിർ കഗ്ഗിയോടും നിയമിക്കുവാൻ പാടില്ലായെന്ന് 1-ഉം 2-ഉം എതിർ കഗ്ഗികളോടും നിർദ്ദേശിക്കുക.***

ഇവയാണ്".

16. മറ്റ് രണ്ട് ആദ്യഅപേഗ്ഗകളിലും ഉള്ള അഭ്യർത്ഥനകൾ സമാനമായവയാണ്.

17. ട്രിബ്യൂണൽ, അതിന്റെ 20-02-2014-ലെ ഉത്തരവുപ്രകാരം പ്രസ്തുത ആദ്യ അപേഗ്ഗകൾ അനുവദിച്ചു.

18. പ്രസ്തുത ഉത്തരവിനെ സർവ്വീസ് കമ്മീഷൻ ആദ്യ ഹർജി, അതായത്, ഒ.പി (കെഎറ്റി) നമ്പർ 136/2014-ൽ ചോദ്യം ചെയ്തു. എസ്.എൽ.പി (സി) നം. 28428/2014-ലെ അപ്പീൽവാദികൾ, ട്രിബ്യൂണലിന്റെ 20-02-2014-ലെ ഉത്തരവിന്റെ പുന:പരിശോധന, പ്രസ്തുത നടപടികളിൽ അവർ കഗ്ഗികളല്ലായിരുന്നു എങ്കിൽകൂടിയും പ്രസ്തുത ഉത്തരവ് അവരുടെ താല്പര്യത്തെ പ്രതികൂലമായി ബാധിക്കുന്നതാണ് എന്ന കാരണത്തിൻമേൽ, ആവശ്യപ്പെടുകയുണ്ടായി. എന്നിരുന്നാലും, 04-04-2014-ലെ ഉത്തരവ് പ്രകാരം ട്രിബ്യൂണൽ പുന:പരിശോധന ഹർജിയെ നിരസിച്ചു. അതിനാൽ, പരാജയപ്പെട്ട പുനഃപരിശോധന ഹർജിക്കാർ ട്രിബ്യൂണലിന്റെ 20-02-2014-ലെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ആദ്യ ഹർജി (കെ.എ.റ്റി) നമ്പർ 239/2014 ബോധിപ്പിച്ചു. എസ്.എൽ.പി (സി) നമ്പർ 28743/2014-ലെ ഹർജിക്കാരനായിരുന്നു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20-02-2014-ലെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ഫയൽ ചെയ്യപ്പെട്ട ആദ്യ ഹർജി (കെ.എ.റ്റി) നം. 112/ 2014-ലെ രണ്ടാം ഹർജിക്കാരൻ. രണ്ട് ആദ്യ ഹർജികളും മറ്റു സമാന ഹർജികളോടൊപ്പം

ഒരുമിച്ച് കേൾക്കപ്പെടുകയും, നിലവിലത്തെ അപ്പീലുകളിൽ ചോദ്യം ചെയ്യപ്പെടുന്ന പൊതുവായ ഒരു വിധിന്യായവും ഉത്തരവും മുഖേന തള്ളിക്കളയപ്പെടുകയും ചെയ്തു.

19. അപ്പീൽവാദികളുടെ തെരഞ്ഞെടുപ്പും നിയമനവും, അവർ പ്രാഥമിക സ്ക്രീനിംഗ് പരീഗ്ഗയിൽ 49 മാർക്കും, അതിനു മുകളിലും നേടിയ 2000 അപേഗ്ഗകർക്കിടയിലുള്ള വരല്ലെന്നും, അതിനാൽ പ്രാഥമിക പരീഗ്ഗയെ തുടർന്ന് അനുവദിച്ചുനൽകിയ ഇളവ് ഇല്ലായിരുന്നുവെങ്കിൽ, അവർ **ചട്ടം 3 പരീഗ്ഗകൾക്ക്** ഹാജരാകുന്നതിന് അർഹരായിരിക്കുമായിരുന്നില്ല എന്ന കാരണത്താൽ, ചോദ്യം ചെയ്യപ്പെടുന്നു. അതിനാൽ, അവരെ പൊതുവിഭാഗ തസ്തികകളിലേക്ക് നിയമിക്കുവാൻ കഴിയുന്നതല്ല. തർക്കിക്കുന്ന എതിർ കഗ്ഗികൾ പറഞ്ഞതനുസരിച്ച്, ഇളവ് അനുവദിച്ചത് സംവരണവിഭാഗ തസ്തികകൾ നികത്തുവാൻ മതിയായ എണ്ണം ഉദ്യോഗാർത്ഥികളെ ഉറപ്പുവരുത്തുവാൻ മാത്രമാണ്. പൊതുവിഭാഗ തസ്തികകൾക്കുവേണ്ടി മത്സരിക്കുവാൻ അപ്പീൽവാദികളെ അനുവദിച്ചതുമൂലം, സർവ്വീസ് കമ്മീഷൻ ഭാരതത്തിന്റെ ഭരണ ഘടനയുടെ 14-ഉം 16-ഉം അനുച്ഛേദങ്ങളെ ലംഘിച്ചു പ്രവർത്തിച്ചു.

20. പ്രശ്നത്തിലുള്ള തസ്തികകൾ ഭാരതത്തിന്റെ ഭരണഘടനയുടെ 309-ാം അനുച്ഛേദപ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് ഉണ്ടാക്കിയ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളാൽ, (ചുരുക്കത്തിൽ **"കേരള എസ് & എസ് ചട്ടങ്ങൾ"**) അനുശാസിക്കപ്പെടുന്നു. പ്രശ്നത്തിലുള്ള തസ്തികകളിൽ ചിലതിനെ പട്ടിക ജാതിക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും മറ്റു പിന്നാക്ക വിഭാഗങ്ങൾക്കും അനുകൂലമായി സംവരണം ചെയ്യുവാൻ ചട്ടം 14 സർക്കാരിനെ പ്രാപ്തമാക്കുന്നു. നിസ്തർക്കിതമായി, പ്രശ്നത്തിലുള്ള തസ്തികകളിൽ ചിലത് അപ്രകാരം സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

21. ഈ കോടതി, സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്ക വിഭാഗങ്ങളിൽ പ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായി നിശ്ചിത എണ്ണം തസ്തികകൾ സംവരണം ചെയ്യപ്പെടുന്നിടത്ത്, ആ വിഭാഗങ്ങളിൽ പെടുന്ന മെരിറ്റിലുള്ള ഉദ്യോഗാർത്ഥികൾ സംവരണം ചെയ്ത അങ്ങനെയുള്ള തസ്തിക കളിൽ നിയമിക്കപ്പെടുവാൻ പാടില്ലാത്തതാണ്, എന്നാൽ പൊതുവിഭാഗത്തിൽ വരുന്ന തസ്തികകളിൽ നിയമിക്കപ്പെടേണ്ടതാണ് എന്ന് *ആർ.കെ. സബർവാളും മറ്റുള്ളവരും* അഭി *പഞ്ചാബ് സർക്കാരും മറ്റുള്ളവരും* (1995) 2 എസ്സിസി 745 എന്ന കേസിൽ വിധിച്ചിരുന്നു.

22. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ പെടുന്ന വിദ്യാർത്ഥികൾക്ക് അനുകൂലമായി സീറ്റുകൾ സംവരണം ചെയ്യപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള (മെഡിക്കൽ കോളേജുകൾ) പ്രവേശനങ്ങളുടെ സന്ദർഭത്തിൽ, പ്രസ്തുത തത്വത്തെ *റിതേഷ് ആർ സാഹ* അഭി *ഡോ. വൈ.എൽ യാമുലും മറ്റുള്ളവരും* (1996) 3 എസ്സിസി 253 എന്ന കേസിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു. (മുകളിലത്തെ) *ആർ.കെ. സബർവാളിന്റേത്* ഉൾപ്പെടെ വിവിധ വിധിന്യായങ്ങളുടെ പരിശോധനയിൻമേൽ ഈ കോടതി ഇപ്രകാരം വിധിക്കുകയുണ്ടായി.

> ***"17. ............ മുൻപറഞ്ഞ കേസുകളിൽ ഈ കോടതി പ്രഖ്യാപിച്ച നിയമ സ്ഥിതിയുടെ അടിസ്ഥാനത്തിൽ, മെരിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശിക്കപ്പെടാൻ അർഹനായ ഒരു വിദ്യാർത്ഥി, ഒരു സംവരണ വിഭാഗത്തിൽ പെടുന്നെങ്കിൽ കൂടിയും, സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്ക് നേരെ പ്രവേശിപ്പിക്കപ്പെടുന്നതിന് പരിഗണിക്കുവാൻ കഴിയുന്നതല്ല എന്ന നിഗമനം അപ്രതിരോധ്യമാണ് ..........".***

23. മുകളിലത്തെ തത്വത്തിന്റെ പ്രയോഗിക്കലാണ് ഇപ്പോഴത്തെ അപ്പീലിലെ തർക്ക വിഷയം. നേരത്തേ ശ്രദ്ധിച്ചതുപോലെ, അപ്പീൽവാദികൾ **ചട്ടം 3 പരീഗ്ഗകളിൽ** നല്ല മാർക്കുകൾ നേടിയിട്ടുണ്ട്, അതുകൊണ്ട് അവർക്ക് മുകളിൽ പറഞ്ഞ വിധിന്യായങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നിയമ തത്വത്തിന്റെ പ്രവർത്തനം മൂലം പൊതുവിഭാഗം തസ്തികകൾക്ക് നേരെയുള്ള നിയമനത്തിന് അവകാശ

മുണ്ടായിരിക്കേണ്ടതാണ്. എന്നിരുന്നാലും, **ചട്ടം 3 പരീക്ഷകൾക്ക്** ഹാജരാകുവാൻ അപ്പീൽ വാദികൾക്ക് കഴിഞ്ഞത് സർവ്വീസ് കമ്മീഷൻ അനുവദിച്ച് നൽകിയ ഒരു ഇളവിനെ തുടർന്ന് മാത്രമാണെന്നും അതുകൊണ്ട് അവരെ പൊതുവിഭാഗ തസ്തികകളിലേക്ക് നിയമിക്ക പ്പെടുന്നതിന് അർഹതയുള്ള കൂടുതൽ മെരിറ്റുള്ള ഉദ്യോഗാർത്ഥികളായി പരിഗണിക്കുവാൻ കഴിയുന്നതല്ല എന്ന കാരണത്തിൻമേൽ, തർക്കിക്കുന്ന എതിർകക്ഷികൾ മുകളിൽ പറഞ്ഞ നിയമതത്വത്തിന്റെ ബാധകതയെ എതിർക്കുക യുണ്ടായി.

24. ഈ വാദത്തെ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും ഹൈക്കോടതിയും അനുകൂലിച്ചു. സാരത്തിൽ, ഇളവില്ലാ യിരുന്നുവെങ്കിൽ, **ചട്ടം 3 പരീക്ഷകളിൽ** പങ്കെടുക്കുവാൻ അപ്പീൽവാദികൾ ഒട്ടുംതന്നെ അർഹരായിരിക്കുമായാരുന്നില്ല. തത്ഫലമായി, പരീക്ഷയിൽ അപ്പീൽവാദികളുടെ പ്രകടനം എന്താ യാലും, **ചട്ടം 3 പരീക്ഷകളിൽ** അവർ ഹാജരായ അവസരം, അവർക്ക് പൊതുവിഭാഗ തസ്തികകൾ അവകാശപ്പെടുവാനുള്ള ഏതൊരു അവകാശവും നൽകുന്നതല്ലാത്തതും, അപ്പീൽവാദികളിൽ ഓരോ രുത്തരും പെടുന്ന വിഭാഗത്തിന് അനുകൂലമായി സംവരണം ചെയ്യപ്പെടുന്ന തസ്തികകൾക്ക് വേണ്ടിമാത്രം മത്സരിക്കുവാൻ അവർക്ക് അവകാ ശമുണ്ടായിരിക്കുന്നതാണെന്നും രണ്ടു ഫോറ ങ്ങളും വിധിച്ചു. അങ്ങനെയുള്ള ഒരു തീരുമാന ത്തിലേക്ക് എത്തിച്ചേരുന്നതിന് ഹൈക്കോടതി കേരള എസ് & എസ് ചട്ടങ്ങളിലെ ചട്ടം 14-(ഇ) യെയും നടപടി ചട്ടങ്ങളിലെ ചട്ടം 4-നെയും ആശ്രയിച്ചു. ഹൈക്കോടതി താഴെ പറയും പ്രകാരം വിധിക്കുകയും:-

> ***"32. നടപടി ചട്ടങ്ങളിലെ ചട്ടം 14(ഇ) യ്ക്ക് സമാനമായ ഒരു ചട്ടത്തെയോ, 4-ാം ചട്ടത്തിനുള്ള മൂന്നാം പരിമിതി വ്യവസ്ഥയെയോ പരിഗണിക്കാനുള്ള അവസരം ഈ കേസുകളിൽ യാതൊന്നിലും സുപ്രീം കോടതിക്ക് ഉണ്ടായിരുന്നില്ലായെന്ന് ഈ വിധിന്യായ ങ്ങളുടെ വായന വെളിപ്പെടുത്തുന്നു. മറിച്ച്, പ്രാരംഭഘട്ടത്തിൽ ഇളവോ ആനുകൂല്യമോ നൽകപ്പെടുമ്പോൾ, അതിന് അന്തിമ റാങ്ക് തയ്യാറാക്കുന്നതിൽ യാതൊരു സ്വാധീനവും ഉണ്ടായിരിക്കുന്ന തല്ല, അന്തിമ റാങ്ക് തയ്യാറാക്കുന്നതിനെ സംബന്ധിച്ചിടത്തോളം, അപ്രകാരം നൽകപ്പെട്ട ഇളവിന് ഏതൊരു പ്രസക്തിയും ഉണ്ടാകാൻ സാധ്യ മല്ലായെന്ന നിയമസ്ഥിതിയെ പരമോന്നത കോടതി സാമാന്യമായി പരിഗണിച്ചിരുന്നു. ഈ തത്വങ്ങളെ ഞങ്ങൾ ആദരപൂർവ്വം പിന്തുടരുമ്പോൾ, ഞങ്ങളുടെ വീക്ഷണ ത്തിൽ, പ്രശ്നത്തിലുള്ള തെരഞ്ഞെ ടുപ്പിനെ നടപടി ചട്ടങ്ങളിലെ ചട്ടം 14 (ഇ) അല്ലെങ്കിൽ 4-ാം ചട്ടത്തി നുള്ള 3-ാം പരിമിതി വ്യവസ്ഥ അനുശാസിക്കുന്നു എന്ന വസ്തുത പരിഗണിച്ച്, ഹർജിക്കാർക്ക് വേണ്ടിയുള്ള പാണ്ഡിത്യ മുള്ള അഭിഭാഷകൻ ആശ്രയിച്ച വിധി ന്യായങ്ങളിൽ പരമോന്നത കോടതി പ്രതിപാദിച്ച സാമാന്യ തത്വങ്ങളെ ഈ കേസുകളുടെ വസ്തുതകൾക്ക് ബാധകമാക്കാൻ കഴിയുന്നതല്ല".***

കൂടാതെ, *ചാറ്റർ സിംഗും മറ്റുള്ളവരും* അഭി *രാജസ്ഥാൻ സർക്കാരും മറ്റുള്ളവരും* (1996) 11 എസ്.സി.സി 742, *ആന്ധ്രപ്രദേശ് പബ്ലിക് സർവ്വീസ് കമ്മീഷൻ* അഭി *ബാലോജി ബദാവത്തും മറ്റുള്ളവരും* (2009) 5 എസ്.സി.സി 1, *ജിതേന്ദ്രകുമാർ സിംഗും മറ്റൊരാളും* അഭി *ഉത്തർപ്രദേശ് സർക്കാരും മറ്റുള്ളവരും* (2010) 3 എസ്സിസി 119 എന്നീ കേസുകളിലെ ഈ കോടതിയുടെ മൂന്ന് മുൻവിധിന്യായങ്ങളെ വേർതിരിക്കുകയും ചെയ്തു.

25. ഞങ്ങളുടെ അഭിപ്രായത്തിൽ, ഹൈക്കോടതി എത്തിച്ചേർന്ന തീരുമാനം തെറ്റായതാണ്. **ചട്ടം 3 പരീക്ഷകളിൽ** പങ്കെടുക്കുവാൻ അർഹരാകുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ ചുരുക്കപട്ടിക തയ്യാറാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക പരീക്ഷക്ക് നിയമപരമായ യാതൊരു അടിസ്ഥാനവും ഇല്ല. അങ്ങനെയുള്ള പ്രാഥമിക പരീക്ഷയെ **കേരള എസ് & എസ് ചട്ടങ്ങളും** ഉദ്ദേശിക്കുന്നില്ല, **നടപടി ചട്ടങ്ങളും** ഉദ്ദേശി

ക്കുന്നില്ല. എന്നിരുന്നാലും, പരിമിത എണ്ണം തസ്തികകൾ നികത്തുന്നതിനുവേണ്ടി, കൈകാര്യം ചെയ്യാനാകാത്തവിധം ധാരാളം എണ്ണം അപേക്ഷകൾ സ്വീകരിക്കപ്പെടുന്നിടത്തെല്ലാം ഒരു പ്രാഥമിക പരീക്ഷ നടത്തുവാനുള്ള നിയമപരമായ ഒരു അധികാരസ്ഥാനത്തിന്റെ അസ്തിത്വം ഈ കോടതി അംഗീകരിച്ചിട്ടുണ്ട്. ഹൈക്കോടതി ആശ്രയിച്ച **കേരള എസ് & എസ് ചട്ടങ്ങളിലെ** ചട്ടം 14(ഇ) യും, **നടപടി ചട്ടങ്ങളിലെ** 4-ാം ചട്ടവും, നടപടി ചട്ടങ്ങളിലെ ചട്ടം 2 (ജി) യിൻകീഴിൽ നിർവ്വചിച്ചിട്ടുള്ള ഒരു പദപ്രയോഗമായ `റാങ്ക് ലിസ്റ്റിനെ' പരാമർശിക്കുന്നു. അങ്ങനെയുള്ള `റാങ്ക് ലിസ്റ്റ്' **ചട്ടം 3 പരീക്ഷകളെ** തുടർന്ന് മാത്രം തയ്യാറാക്കപ്പെടുന്നു. ഒരു പ്രാരംഭ സ്ക്രീനിംഗ് പരീക്ഷ, ചട്ടം 3 പരീക്ഷകളുടെ പരിധിക്ക് പുറത്തുള്ളതാണ്. അതിനാൽ, ഹൈക്കോടതി ആശ്രയിച്ച **കേരള എസ് & എസ് ചട്ടങ്ങളിലെ** ചട്ടം 14 (ഇ) യിലെയോ **നടപടി ചട്ടങ്ങളിലെ** 4-ാം ചട്ടത്തിനുള്ള 3-ാം പരിമിതി വ്യവസ്ഥയിലെയോ ഉള്ളടക്കത്തെ കണക്കിലെടുക്കാതെ, ഒരു പ്രാരംഭ പരീക്ഷയെ തുടർന്ന് ഒരു `ചുരുക്കപ്പട്ടിക' തയ്യാറാക്കുന്ന സന്ദർഭത്തിൽ ഈ ചട്ടങ്ങൾക്ക് യാതൊരു ബാധകതയും ഉണ്ടായിരിക്കുന്നത് സാധ്യമല്ലാത്തതാണ്.

26. അതിനാൽ, അപ്പീൽവാദികൾ ആശ്രയിച്ച (മുകളിൽ പരാമർശിച്ച) മൂന്ന് വിധിന്യായങ്ങളെ വേർതിരിക്കുവാൻ ഹൈക്കോടതി അടിസ്ഥാനമാക്കിയ ചുറ്റുപാട് നിയമപരമായി നിലനിൽക്കത്തക്കതല്ല. ആരംഭ ഘട്ടത്തിൽ നൽകപ്പെട്ട ഇളവിനോ ആനുകൂല്യത്തിനോ ഉദ്യോഗാർത്ഥിയുടെ യോഗ്യത തീരുമാനിക്കുന്നതിൽ ഏതൊരു പ്രസക്തിയും ഉണ്ടായിരിക്കുവാൻ സാധ്യമല്ലെന്നുള്ള തത്വത്തെ ഇതിലെ അപ്പീൽവാദികൾ ആശ്രയിച്ച 3 വിധിന്യായങ്ങളും പ്രതിപാദിക്കുന്നതായി ചോദ്യം ചെയ്യപ്പെട്ട വിധിന്യായം യഥോചിതം മനസ്സിലാക്കിയിട്ടുണ്ട്.

27. ഈ സാഹചര്യങ്ങളിൽ, ചോദ്യം ചെയ്യപ്പെടുന്ന വിധിന്യായം നിലനിൽക്കത്തക്കതല്ല എന്നത് ഞങ്ങളുടെ അഭിപ്രായമായിരിക്കുന്നതും, അതിനനുസൃതമായി അത് റദ്ദാക്കപ്പെടുകയും ചെയ്യുന്നു. ചിലവു സംബന്ധിച്ച യാതൊരു ഉത്തരവും കൂടാതെ അപ്പീലുകൾ അനുവദിക്കപ്പെടുന്നു.

*——————*

# ഹൈക്കോടതി വിധിന്യായങ്ങൾ

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് അലക്സാണ്ടർ തോമസ്**

**ലക്ഷ്മി പ്രതാപൻ**

**അഭി**

**കേരള സർക്കാർ**

**ക്രിമിനൽ എം.സി. നമ്പർ 4776/2014**

2014 ഡിസംബർ 18-ന് പുറപ്പെടുവിച്ച ഉത്തരവ്

### ഉത്തരവിലെ പ്രസക്തഭാഗങ്ങൾ

**2000-ലെ വിവര സാങ്കേതിക വിദ്യ ആക്റ്റ്, വകുപ്പുകൾ 66ഇ & 67-വിവര സാങ്കേതിക വിദ്യ ആക്റ്റിലെ 66ഇ വകുപ്പ് പ്രകാരമുള്ള കുറ്റം ആകർഷിക്കുന്നതിന്, പ്രതി മന:പൂർവ്വമായോ അറിഞ്ഞു കൊണ്ടോ ഏതെങ്കിലും ആളിന്റെ ഒരു സ്വകാര്യഭാഗത്തിന്റെ ഛായാചിത്രം അയാളുടെയോ അവരുടെയോ സമ്മതമില്ലാതെ ആ ആളിന്റെ സ്വകാര്യതയെ ലംഘിക്കുന്ന സാഹചര്യങ്ങളിൽ എടുക്കുകയോ, പ്രസിദ്ധീകരിക്കുകയോ അയയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന ഒരു നിശ്ചിത കേസ് ഉണ്ടായിരിക്കേണ്ടതാണ്—ഈ കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും ആരോപിത കുറ്റങ്ങളിൽ ഏതൊന്നും സ്ഥാപിച്ചെടുക്കുവാൻ പോലീസിന് കഴിഞ്ഞിട്ടില്ല—ചോദ്യം ചെയ്യപ്പെട്ട ക്രിമിനൽ നടപടികൾ റദ്ദാക്കുന്നു.**

**ഉത്തരവ്**

കേരള പോലീസ് ആക്റ്റിലെ 119(1) (ബി) വകുപ്പും, വിവര സാങ്കേതിക വിദ്യ ആക്റ്റിലെ 66ഇ-യും 67-ഉം വകുപ്പുകളും, 2000-ലെ ബാലനീതി (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്റ്റിലെ 21-ാം വകുപ്പും പ്രകാരമുള്ള കുറ്റങ്ങൾക്ക് ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1500/2012-ലെ ഏക പ്രതിയാണ് ഹർജിക്കാരി. ക്രിമിനൽ നടപടി നിയമ സംഹിതയിലെ 156(3) വകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള പ്രാപ്തമാക്കുന്ന അധികാരങ്ങളുടെ ബലത്തിൽ അധികാരിതയുള്ള മജിസ്ട്രേറ്റ് പുറപ്പെടുവിച്ച നിർദ്ദേശങ്ങളനുസരിച്ച്, അന്വേഷണത്തിനുവേണ്ടി പോലീസിന് റഫർ ചെയ്ത ഒരു പരാതിയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത കുറ്റം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ആ പരാതി, എറണാകുളം കാക്കനാട്ടെ കുട്ടികളുടെ മന്ദിരത്തിന്റെ കെയർടേക്കർ, ആലുവ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ 05-06-2012-ൽ ഫയൽ ചെയ്തിട്ടുള്ളതായി കാണുന്നു. പരാതിക്കാരി പറഞ്ഞതനുസരിച്ച്, അവർ കാക്കനാട്ടെ കുട്ടികളുടെ മന്ദിരത്തിലെ കെയർടേക്കർ ആയിരിക്കുകയും, വരാപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 549/2011-ലെ ഇരയായ വ്യക്തി പ്രസ്തുത കുട്ടികളുടെ മന്ദിരത്തിൽ താമസിച്ചുവരികയും, ആ കുറ്റത്തിലെ സംശയിക്കപ്പെടുന്ന ഒരു പ്രതിയെ സംബന്ധിച്ച തിരിച്ചറിയൽ പരേഡ് ടെസ്റ്റിന്റെ ആവശ്യത്തിനായി, 05-06-2012-ാം തീയതി വൈകുന്നേരം

ഏകദേശം 3.30-ന് കോടതിയിലേയ്ക്ക് കൊണ്ടുവരികയും ചെയ്തിട്ടു ള്ളതാണ്. മുകളിൽപ്പറഞ്ഞ വരാപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 549/2011-ലെ സംശയിക്കപ്പെടുന്ന പ്രതിയുടെ ഭാര്യയായ ഇതിലെ പ്രതി, ഇരയായ വ്യക്തിയുടെ മൊബൈൽ ഫോട്ടോ എടുത്തിരുന്നുവെന്നും, ആ ഫോട്ടോ ദുരുപയോഗപ്പെടുത്തിയതിന് നടപടി എടുക്കേണ്ട താണെന്നും പരാതിയിൽ ആരോപിച്ചിരിക്കുന്നു. ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ഇപ്പോഴത്തെ ക്രൈം നമ്പർ 1500/2012-ലെ പ്രസ്തുത പ്രതിയായ ഇതിലെ ഹർജിക്കാരിയുടെ കേസ്, ആരോപണങ്ങളെ മൊത്തത്തിൽ അംഗീകരിച്ചാൽപോലും, ഈ കേസിന്റെ വസ്തുതകളിൽ പ്രസ്തുത ക്രൈമിൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളിൽ യാതൊന്നും ആകർഷിക്ക പ്പെടുന്നതല്ല എന്നതാണ്. ആലുവ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കെയർടേക്കർ ബോധിപ്പിച്ച 05-06-2012-ലെ പരാതിയാണ് അനുബന്ധം I, അത് ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1500/2012-ൽ ചോദ്യം ചെയ്യപ്പെട്ട അനുബന്ധം II എഫ്.ഐ.ആർ-ന്റെ രജിസ്ട്രേഷനിലേക്ക് നയിച്ചു. ഈ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും വെളിച്ചത്തിലാണ് ഇതിലെ ഹർജിക്കാരി, ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1500/2012-ലെ ചോദ്യം ചെയ്യപ്പെട്ട അനുബന്ധം II എഫ്.ഐ.ആറിനെയും, അതിൽ നിന്ന് ഉത്ഭവിക്കുന്ന എല്ലാ മേൽ നടപടികളെയും റദ്ദാക്കാനുള്ള അഭ്യർത്ഥന യോടുകൂടി ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പനുസരിച്ച് ഈ കോടതിക്ക് നൽകിയിട്ടുള്ള സഹജാധികാരങ്ങളുടെ വിനിയോഗം ആവശ്യപ്പെട്ടുകൊണ്ട് ഇപ്പോഴത്തെ ക്രിമിനൽ എം.സി ഫയൽ ചെയ്തിട്ടുള്ളത്. ക്രിമിനൽ എം.സി നിലവിലിരിക്കുന്ന വേളയിൽ, പോലീസ് അന്വേഷണം പൂർത്തിയാക്കുകയും ചോദ്യം ചെയ്യപ്പെടുന്ന അനുബന്ധം II ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1500/2012-ൽ ഫയൽ ചെയ്ത അനുബന്ധം IX അന്തിമ റിപ്പോർട്ട്/കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിരുന്നു.

2. ഹർജിക്കാരി ഈ ക്രിമിനൽ എം.സി യി-ൽ ഉചിതമായ ഭേദഗതികൾ ആവശ്യപ്പെട്ടു കൊണ്ടും, കൂടാതെ ചോദ്യം ചെയ്യപ്പെട്ട അനുബന്ധം II ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1500/2012-ൽ ഫയൽ ചെയ്ത അനുബന്ധം IX അന്തിമ റിപ്പോർട്ട്/കുറ്റപത്രം റദ്ദാക്കുവാനുള്ള ഭേദഗതി അഭ്യർത്ഥനയും ആവശ്യപ്പെട്ടുകൊണ്ടും, ക്രിമിനൽ എം.എ നമ്പർ 10936/2014 ഫയൽ ചെയ്തിരുന്നു. ഇപ്പോഴത്തെ കുറ്റങ്ങൾ ചെയ്യുന്നതിൽ പ്രതി ഉപയോഗിച്ചിരുന്നതായി ആരോപിക്കപ്പെട്ട മൊബൈൽ ഫോണും അതിലെ ക്യാമറയും സൈബർ ഫോറൻസിക് പരിശോധനയ്ക്കു വേണ്ടി ബന്ധപ്പെട്ട ഫോറൻസിക് സയൻസ് ലബോറട്ടറിയിലേക്ക് അയച്ചിട്ടുണ്ടെന്നും, അതു സംബന്ധിച്ച റിപ്പോർട്ട് ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നിന്ന് പോലീസ് കരസ്ഥമാക്കുന്ന ഉടൻതന്നെ ആയത് കോടതി മുമ്പാകെ സമർപ്പിക്കപ്പെടുന്നതാണെന്ന് പ്രസ്താവിച്ചുകൊണ്ട്, പോലീസ് അനുബന്ധം IX അന്തിമ റിപ്പോർട്ട്/26-05-2014-ലെ കുറ്റപത്രം ബന്ധപ്പെട്ട അധികാരിതയുള്ള മജിസ്ട്രേറ്റ് മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതാണ്. അതിനനുസൃതമായി, ഈ കോടതി ഈ ക്രിമിനൽ എം.സി.യിൽ സൈബർ ഫോറൻസിക് പരിശോധനയ്ക്കു വേണ്ടി മൊബൈൽ ഫോൺ അയച്ചിട്ടുണ്ടായിരുന്ന തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയോട് ഏതൊരു കൂടുതൽ കാലതാമസവും കൂടാതെ വസ്തുവിന്റെ സൈബർ ഫോറൻസിക് പരിശോധന ഉടൻതന്നെ നടത്തുവാനും പൂർത്തീകരിക്കുവാനും, റിപ്പോർട്ട് മൊബൈൽ ഫോണിനോടൊപ്പം ഇപ്പോഴത്തെ ക്രൈമിലെ കേസിനെ കൈകാര്യം ചെയ്യുന്ന മുകളിൽപ്പറഞ്ഞ മജിസ്ട്രേറ്റ് കോടതിക്ക് അയയ്ക്കുവാനും നിർദ്ദേശിച്ചുകൊണ്ട്, 05-11-2014 തീയതി വച്ച് ഒരു ഉത്തരവ് പാസ്സാക്കുകയും, മുകളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അവശ്യമായ റിപ്പോർട്ട് വസ്തുവിനോടൊപ്പം, അന്വേഷണ ഉദ്യോഗ സ്ഥന്റെ അവശ്യമായ റിപ്പോർട്ട് സഹിതം മുൻപറഞ്ഞ മജിസ്ട്രേറ്റ് കോടതിയിൽ 27-11-2014-ലോ അതിനുമുമ്പോ എത്തി ച്ചേരേണ്ടതാണെന്ന കൂടുതൽ നിർദ്ദേശ ത്തോടുകൂടി, ആ ഉത്തരവിന്റെ അനുസരിക്കൽ ഉറപ്പാക്കുവാൻ തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു. 12-12-2014-ൽ

കേസിനെ പരിഗണനയ്ക്കായി എടുത്തപ്പോൾ തിരുവനന്തപുരത്തെ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി, ഈ ക്രൈമിൽ ഫയൽ ചെയ്ത 17-11-2014 തീയതി വച്ച സൈബർ ഫോറൻസിക് വിശകലന റിപ്പോർട്ടിന്റെ ഒരു പകർപ്പ് പാണ്ഡിത്യമുള്ള പബ്ലിക് പ്രോസിക്യൂട്ടർ കോടതിക്ക് ലഭ്യമാക്കിയിരുന്നു. പ്രതിയുടെ പ്രസ്തുത മൊബൈൽ ക്യാമറയിൽ നിന്ന് പുന:ലഭിച്ചിട്ടുള്ള വീഡിയോ ചിത്രങ്ങളുടെ/ ഫോട്ടോകളുടെ പ്രിന്റൗട്ടും, പ്രസ്തുത സൈബർ ഫോറൻസിക് വിശകലന റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. ക്യാമറയിൽ നിന്ന് പുന:ലഭിച്ചിട്ടുള്ള അങ്ങനെയുള്ള വീഡിയോ ക്ലിപ്പുകളുടെ/ഫോട്ടോകളുടെ എല്ലാ പ്രിന്റൗട്ടുകളും സൂഗ്മമായി പരിശോധിച്ച തിനുശേഷം, ഈ ഫോട്ടോകൾ യാതൊന്നും ഈ ക്രൈമിൽ ഉൾപ്പെട്ടിട്ടുള്ള ആരോപിത കുറ്റങ്ങളിൽ ഏതൊന്നും നടത്തിയതിനെ വെളിപ്പെടുത്തുന്ന തല്ലായെന്ന് പാണ്ഡിത്യമുള്ള പബ്ലിക് പ്രോസിക്യൂട്ടർ ന്യായമായി ബോധിപ്പി ച്ചിരിക്കുന്നു. 12-12-2014-ലെ ഉത്തരവു മുഖേന, ക്രിമിനൽ എം.സി യുടെ ഭേദഗതിക്ക് വേണ്ടിയുള്ള ക്രിമിനൽ എം.എ. 10936/2014-ലെ അഭ്യർത്ഥന അനുവദിക്കപ്പെടുകയും ചെയ്തു. ഭേദഗതി ചെയ്ത ക്രിമിനൽ എം.സി യും ഹർജിക്കാരി ഇന്ന് ഫയൽ ചെയ്തിട്ടുള്ളതാണ്.

3. ഈ ക്രൈമിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങളിൽ യാതൊന്നും ഇപ്പോഴത്തെ കേസിൽ സ്ഥാപിച്ചെടുക്കപ്പെടുന്നതല്ലെന്ന് ഫോറൻസിക് സയൻസ് ലബോറട്ടറി സമർപ്പിച്ചിട്ടുള്ള സൈബർ ഫോറൻസിക് പരിശോധനാ റിപ്പോർട്ട്, വ്യക്തമായും ഉറപ്പായും കാണിക്കുമെന്ന് ഹർജിക്കാരിക്ക് വേണ്ടി പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. ആർ.റ്റി. പ്രദീപ് ബോധിപ്പിക്കുന്നു.

4. ഹർജിക്കാരിക്ക് വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. ആർ. റ്റി. പ്രദീപിനെയും, എതിർകക്ഷി കേരള സർക്കാരിനു വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള പബ്ലിക് പ്രോസിക്യൂട്ടറെയും കേൾക്കുക യുണ്ടായി.

5. ചോദ്യം ചെയ്യപ്പെട്ട അനുബന്ധം IX അന്തിമ റിപ്പോർട്ട്/കുറ്റപത്രത്തിൽ ആരോപിക്ക പ്പെട്ടിട്ടുള്ള കുറ്റങ്ങൾ കേരള പോലീസ് ആക്റ്റിലെ വകുപ്പ് 119 (1) (ബി) യും വിവര സാങ്കേതിക വിദ്യ ആക്റ്റിലെ വകുപ്പുകൾ 66 ഇ യും 67-ഉം, 2000-ലെ ബാലനീതി (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്റ്റിലെ 21-ാം വകുപ്പും പ്രകാരമുള്ള കുറ്റങ്ങളാണ്.

6. കേരള പോലീസ് ആക്റ്റിലെ വകുപ്പ് 119(1) (ബി) ഇപ്രകാരമാണ്:

***"119. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കുള്ള ശിക്ഷ.—(1)***

***(എ) : : :***

***(ബി) ഏതെങ്കിലും സ്ഥലത്തുവച്ച് സ്ത്രീകളുടെ ന്യായമായ സ്വകാര്യതയെ ബാധിക്കുന്ന ഒരു രീതിയിൽ ഫോട്ടോകൾ എടുക്കുകയോ വീഡിയോകൾ റിക്കാർഡു ചെയ്യുകയോ അവയെ പ്രചരിപ്പിക്കുകയോ,***

***ചെയ്യുന്ന ഏതൊരാളും,***

***കുറ്റസ്ഥാപനത്തിന്മേൽ മൂന്നുവർഷം വരെ ആകാവുന്ന തടവോ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്ക പ്പെടുന്നതാണ്".***

7. 2000-ലെ വിവര സാങ്കേതിക വിദ്യ ആക്റ്റിലെ വകുപ്പുകൾ 66 ഇ യും 67-ഉം താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു:-

***"66ഇ. സ്വകാര്യതയുടെ ലംഘന ത്തിനുള്ള ശിക്ഷ.—മന:പൂർവ്വമോ അറിഞ്ഞുകൊണ്ടോ ഏതെങ്കിലും ആളിന്റെ ഒരു സ്വകാര്യ ഭാഗത്തിന്റെ ഛായാചിത്രം അയാളുടെയോ അവരുടെയോ സമ്മതമില്ലാതെ ആ ആളിന്റെ സ്വകാര്യതയെ ലംഘിക്കുന്ന സാഹചര്യ ങ്ങളിൽ എടുക്കുകയോ, പ്രസിദ്ധീകരി ക്കുകയോ അയയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും, മൂന്ന് വർഷം വരെ ആകാവുന്ന തടവോ രണ്ട് ലക്ഷം രൂപയിൽ കവിയാത്ത പിഴയോ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്ക പ്പെടുന്നതാണ്".***

***"67. അശ്ലീല വസ്തു ഇലക്ട്രോണിക് രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനോ അയയ്ക്കുന്നതിനോ ഉള്ള ശിക്ഷ.— കാമവികാരജന്യമായതോ കാമാതുരമായ***

*താത്പര്യം ആകർഷിക്കുന്നതോ, അല്ലെങ്കിൽ അതിൽ അടങ്ങിയിട്ടുള്ളതോ ഉൾപ്പെടുത്തിയിട്ടുള്ളതോ ആയ വിഷയം, വായിക്കുവാനോ കാണുവാനോ കേൾക്കുവാനോ ഇടയുള്ള ആളുകളെ വഷളാക്കുവാനോ ദുഷിപ്പിക്കുവാനോ, പ്രസക്തമായ എല്ലാ സാഹചര്യങ്ങളെയും പരിഗണിക്കെ ഉദ്യമിക്കുന്നതരത്തിൽ ഫലമായിരിക്കുന്നതോ ആയ ഏതെങ്കിലും വസ്തു ഇലക്ട്രോണിക് രൂപത്തിൽ പ്രസിദ്ധീകരിക്കുകയോ അയയ്ക്കുകയോ പ്രസിദ്ധീകരിക്കുവാനോ അയയ്ക്കുവാനോ ഇടവരുത്തുകയോ ചെയ്യുന്ന ഏതൊരാളും, ആദ്യ കുറ്റസ്ഥാപനത്തിന്മേൽ, മൂന്ന് വർഷം വരെ ആകാവുന്ന ഒരു കാലാവധിക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവും, അഞ്ച് ലക്ഷം രൂപ വരെ ആകാവുന്ന പിഴയും, രണ്ടാമത്തെയോ പിന്നീടുള്ളതോ ആയ കുറ്റസ്ഥാപനം സംഭവിച്ചാൽ, അഞ്ച് വർഷം വരെ ആകാവുന്ന ഒരു കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപെട്ട തടവും, പത്ത് ലക്ഷം രൂപ വരെ ആകാവുന്ന പിഴയും കൂടി നൽകി ശിഗ്ഗിക്കപ്പെടുന്നതാണ്".*

8. 2000 ത്തിലെ ബാലനീതി (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്റ്റിലെ 21-ാം വകുപ്പ് താഴെപ്പറയും പ്രകാരമാണ്:

*"21. ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ ഉൾപ്പെട്ടിട്ടുള്ള ബാലന്റെ പേര് മുതലായവ പ്രസിദ്ധീകരിക്കലിന്റെ നിരോധനം.—*

*(1) ഏതെങ്കിലും പത്രത്തിലോ, മാഗസിനിലോ, ന്യൂസ് ഷീറ്റിലോ, ദൃശ്യ മാദ്ധ്യമങ്ങളിലോ ഉള്ള, ഈ ആക്റ്റ് പ്രകാരം നിയമവുമായി പൊരുത്തപ്പെടാത്ത ഒരു ബാലനെ സംബന്ധിച്ച ഏതെങ്കിലും അന്വേഷണ വിചാരണയുടെ യാതൊരു റിപ്പോർട്ടും, ആ ബാലന്റെ തിരിച്ചറിയലിലേക്ക് നയിക്കുവാൻ കണക്കാക്കി പേരോ, മേൽ വിലാസമോ, സ്കൂളോ, മറ്റേതെങ്കിലും വിവരങ്ങളോ വെളിപ്പെടുത്തുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും ബാലന്റെ ഏതൊരു ചിത്രവും പ്രസിദ്ധീകരിക്കുവാൻ പാടില്ലാത്തതുമാണ്:*

*എന്നാൽ, അന്വേഷണ വിചാരണ നടത്തുന്ന അധികാരസ്ഥാനത്തിന്, അതിന്റെ അഭിപ്രായത്തിൽ, അങ്ങനെയുള്ള വെളിപ്പെടുത്തൽ ആ ബാലന്റെ താൽപ്പര്യത്തിനാണെങ്കിൽ, എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അങ്ങനെയുള്ള വെളിപ്പെടുത്തൽ അനുവദിക്കാവുന്നതാണ്.*

*(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും ആയിരം രൂപ വരെ ആകാവുന്ന പിഴ നൽകി ശിഗ്ഗിക്കപ്പെടുന്നതാണ്."*

9. ഇപ്പോൾ ചോദ്യം ചെയ്യപ്പെട്ട അനുബന്ധം IX അന്തിമ റിപ്പോർട്ട്/ കുറ്റപത്രം ഇതിനകം തന്നെ ഫയൽ ചെയ്തിരിക്കുകയും, സൈബർ ഫോറൻസിക് പരിശോധനാ റിപ്പോർട്ട് കൂടി ലഭ്യമാക്കിയിരിക്കുകയും ചെയ്തിട്ടുള്ളതിനാൽ, ചോദ്യം ചെയ്യപ്പെട്ട ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1500/2011-ലെ അനുബന്ധം II എഫ്.ഐ.ആറിന്റെ വിശദാംശങ്ങളിലേക്ക് പോകേണ്ട യാതൊരു ആവശ്യകതയുമില്ല.

10. പ്രതിയിൽ നിന്ന് കൈവശത്തിലാക്കിയ മൊബൈൽ ക്യാമറയിൽ നിന്ന് പുനഃലഭിച്ചിട്ടുള്ള എല്ലാ മൊബൈൽ ചിത്രങ്ങളുടെയും ഫോട്ടോകളുടെയും പ്രിന്റൗട്ട് ഉൾപ്പെടെ, സൈബർ ഫോറൻസിക് പരിശോധനാ റിപ്പോർട്ടിന്റെ ഒരു സൂഗ്ഗ്മ വായനയിൽ നിന്ന് ഇപ്പോഴത്തെ ക്രൈമിൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളിൽ യാതൊന്നും സ്ഥാപിച്ചെടുക്കപ്പെടുന്നില്ലായെന്നത് ഏതൊരു സംശയത്തിനും അതീതമായി വ്യക്തമാണ്. വിവര സാങ്കേതിക ആക്റ്റിലെ വകുപ്പ് 66 ഇ പ്രകാരമുള്ള കുറ്റം ആകർഷിക്കുന്നതിന്, പ്രതി മന:പൂർവ്വമായോ അറിഞ്ഞുകൊണ്ടോ ഏതെങ്കിലും ആളിന്റെ ഒരു സ്വകാര്യഭാഗത്തിന്റെ ഛായാചിത്രം അയാളുടെയോ അവരുടെയോ സമ്മതമില്ലാതെ ആ ആളിന്റെ സ്വകാര്യതയെ ലംഘിക്കുന്ന സാഹചര്യങ്ങൾ മുതലായവ എടുത്തിട്ടുണ്ടെന്നോ പ്രസിദ്ധീകരിച്ചുണ്ടെന്നോ അയച്ചിട്ടുണ്ടെന്നോ

ഉള്ള ഒരു നിശ്ചിത കേസ് ഉണ്ടായിരിക്കേണ്ടതാണ്. ചോദ്യം ചെയ്യപ്പെട്ട സൈബർ ഫോറൻസിക് പരിശോധനാ റിപ്പോർട്ടിനോടൊപ്പം ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള ഫോട്ടോകൾ/വീഡിയോ ചിത്രങ്ങൾ യാതൊന്നും, വിവര സാങ്കേതിക വിദ്യ ആക്റ്റിലെ വകുപ്പ് 66 ഇ-ൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം ഏതെങ്കിലും ആളിന്റെ ഒരു സ്വകാര്യഭാഗത്തിന്റെ ഛായാചിത്രം എടുത്തതായോ പ്രസിദ്ധീകരിച്ചതായോ അയച്ചതായോ ഉള്ള ഏതൊരു കേസും സ്ഥാപിച്ചെടുക്കുന്നില്ല, അല്ലെങ്കിൽ അതുമായി ഏതൊരു വിദൂരബന്ധം പോലും അവയിലില്ലാത്ത താണ്. 17-11-2014-ലെ സൈബർ ഫോറൻസിക് വിശകലന റിപ്പോർട്ടിന്റെ അനുബന്ധം I-നോടൊപ്പം വിവിധ ഫോട്ടോ കളുടെ/വീഡിയോ ചിത്രങ്ങളുടെ പ്രിന്റൗട്ടുകൾ കൊടുത്തിരിക്കുന്നു. ആദ്യത്തെ ഫോട്ടോ ഒരു കേക്കിന്റെ ഫോട്ടോയെ സംബന്ധിക്കുന്നതാണ്. രണ്ടാമത്തെയും മൂന്നാമത്തെയും ഫോട്ടോകൾ ഗണപതിയുടെയും ശ്രീകൃഷ്ണന്റെയും വിഗ്രഹങ്ങളെ സംബന്ധിച്ചുള്ളതാണ്. ഹാനി വരുത്താത്ത അടുത്ത രണ്ട് ഫോട്ടോകൾ രണ്ടു കൊച്ചുകുട്ടികളുടെതാണ്. മറ്റു ഫോട്ടോകളിൽ ചിലത് കാറിൽ ഇരിക്കുന്നതോ ഒരു കെട്ടിടത്തിന്റെ അരികിൽ നിൽക്കുന്നതോ മുതലായവ ആയ ആളുകളുടെ മങ്ങിയ ചിത്രങ്ങളെ സംബന്ധി ച്ചിട്ടുള്ളതാണ്. മറ്റു ചില ഫോട്ടോകൾ ചെടികളെയും പ്രകൃതിദൃശ്യങ്ങളെയും സംബന്ധിച്ചുള്ളതാണ്. മറ്റു ചില ഫോട്ടോകൾ കലാരൂപങ്ങളെ സംബന്ധിച്ചുള്ളതാണ്. ഈ ഫോട്ടോകളിൽ യാതൊന്നിനും ഒരു കുട്ടിയോ ഒരു സ്ത്രീയോ ഉൾപ്പെടെ ഏതൊരാളിന്റെയും ന്യായമായ സ്വകാര്യതയെ ബാധിക്കുവാനുള്ള ഏതൊരു വിദൂര ബന്ധവും ഇല്ല. ആയതിനാൽ, വകുപ്പ് 66 ഇ പ്രകാരമുള്ള കുറ്റങ്ങളിൽ യാതൊന്നും സ്ഥാപിച്ചെടുക്കപ്പെടുന്നില്ല എന്നത് വ്യക്തമാണ്. ഹർജിക്കാരി/പ്രതി അവരുടെ സ്വന്തം മൊബൈൽ ക്യാമറ ഉപയോഗിച്ച് ചില ഫോട്ടോകൾ എടുത്തിട്ടുണ്ടെന്ന പ്രസ്താവം ഒഴികെ, ഹർജിക്കാരി മനഃപൂർവ്വമായോ അറിഞ്ഞു കൊണ്ടോ ഏതെങ്കിലും ആളിന്റെ ഒരു സ്വകാര്യ ഭാഗത്തിന്റെ ഛായാചിത്രം അയാളുടെയോ അവരുടെയോ സമ്മതമില്ലാതെ വിവര സാങ്കേതിക വിദ്യ ആക്റ്റിലെ വകുപ്പ് 66 ഇ-യിൽ വിവക്ഷിച്ച പ്രകാരം ആ ആളിന്റെ സ്വകാര്യതയെ ലംഘിച്ചുകൊണ്ട് എടുത്തിരുന്നുവെന്നോ, പ്രസിദ്ധീകരിച്ചിരുന്നുവെന്നോ, അയച്ചിരുന്നു വെന്നോ ഉള്ള യാതൊരു പ്രസ്താവവും ചോദ്യം ചെയ്യപ്പെട്ട അനുബന്ധം I പരാതിയിലോ, അനുബന്ധം II എഫ്.ഐ.ആറിലോ അനുബന്ധം IX അന്തിമ റിപ്പോർട്ട്/ കുറ്റപത്രത്തിലോ ഒരിടത്തുമില്ല. 67-ാം വകുപ്പ്, 66 ഇ വകുപ്പ് പ്രകാരമുള്ള കുറ്റത്തെ സംബന്ധിച്ച ശിക്ഷയ്ക്കുള്ള വ്യവസ്ഥയാണ്.

11. ചോദ്യം ചെയ്യപ്പെട്ട ഫോറൻസിക് സൈബർ പരിശോധനാ റിപ്പോർട്ടിന്റെ അനുബന്ധം I-ൽ കൊടുത്തിട്ടുള്ള ഫോട്ടോകളുടെ പ്രിന്റൗട്ടുകളിൽ നിന്ന് ഉയരുന്ന മുൻപറഞ്ഞ വസ്തുതകളുടെ അടിസ്ഥാന ത്തിൽ, ഇപ്പോഴത്തെ കേസിലെ ഫോട്ടോകളോ വീഡിയോകളോ കേരള പോലീസ് ആക്റ്റിലെ 119(1) (ബി) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സ്ത്രീയുടെ ന്യായമായ സ്വകാര്യതയെ ബാധിക്കുന്ന ഒരു രീതിയിൽ എടുക്കപ്പെട്ടിട്ടുള്ളതാണ് എന്ന് പറയുവാൻ കഴിയുന്നതല്ല. മുകളിൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ കേരള പോലീസ് ആക്റ്റിലെ വകുപ്പ് 119(1) (ബി) പ്രകാരമുള്ള കുറ്റവും സ്ഥാപിച്ചെടുക്കപ്പെടുന്നില്ല. ഏതെങ്കിലും പത്രത്തിലോ, മാഗസിനിലോ, ദൃശ്യമാധ്യമങ്ങൾ മുതലായവയിലോ ഉള്ള, ഈ ആക്റ്റിലെ നിയമവുമായി പൊരുത്തപ്പെടാത്ത ഒരു ബാലനെയോ പരിരക്ഷയും സംരക്ഷണവും ആവശ്യമുള്ള ഒരു കുട്ടിയെയോ സംബന്ധിച്ച അന്വേഷണ വിചാരണയുടെ യാതൊരു റിപ്പോർട്ടും, ആ ബാലന്റെ തിരിച്ചറിയലിലേക്ക് നയിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് പേരോ, സ്കൂളിന്റെ മേൽവിലാസമോ, മറ്റേതെങ്കിലും വിവരങ്ങളോ വെളിപ്പെടുത്താൻ പാടില്ലാത്ത താണെന്നും അങ്ങനെയുള്ള ഏതെങ്കിലും ബാലന്റെ ഏതൊരു ചിത്രവും പ്രസിദ്ധീകരി ക്കുവാൻ പാടില്ലാത്തതാണെന്നും, 2000-ത്തിലെ ബാലനീതി (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്റ്റിന്റെ 21-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. പ്രശ്നത്തിലുള്ള കുട്ടിയുടെ ഏതെങ്കിലും ഫോട്ടോ, ബാലനീതി (കുട്ടികളുടെ

പരിരക്ഷയും സംരക്ഷണവും) ആക്റ്റിലെ വകുപ്പ് 21(1)-ൽ ഉദ്ദേശിച്ച പ്രകാരമുള്ള ഏതെങ്കിലും രീതിയിൽ പ്രസിദ്ധീകരിക്കുന്നതിന് പ്രതി ഇടയാക്കിയിട്ടുണ്ട് എന്ന യാതൊരു പ്രസ്താവവും ചോദ്യം ചെയ്യപ്പെട്ട അനുബന്ധം I പരാതിയിലോ, അനുബന്ധം IIഎഫ്.ഐ.ആറിലോ, ചോദ്യം ചെയ്യപ്പെട്ട അനുബന്ധം IX അന്തിമറിപ്പോർട്ട്/ കുറ്റപത്രത്തിലോ ഇല്ലാത്തതാണ്. അതുപോലെ തന്നെ, ബാലനീതി (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്റ്റിലെ വകുപ്പ് 21(1)-ൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം പ്രശ്നത്തിലുള്ള കുട്ടിയുടെ, തിരിച്ചറിയലിലേക്ക് നയിക്കുന്ന തിനായി, ആ കുട്ടിയുടെ പേരിന്റെയോ, സ്കൂളിന്റെ മേൽവിലാസത്തിന്റെയോ, മറ്റേതെങ്കിലും വിവരങ്ങളുടെയോ വെളി പ്പെടുത്തലിന് പ്രതി ഇടയാക്കിയിട്ടുണ്ട് എന്ന യാതൊരു കേസും ചോദ്യം ചെയ്യപ്പെട്ട പ്രസ്തുത ക്രിമിനൽ നടപടികളിൽ സ്ഥാപിച്ചെടുക്ക പ്പെടുന്നില്ല. അതിനാൽ, ബാലനീതി (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്റ്റിലെ 21-ാം വകുപ്പ് പ്രകാരമുള്ള കുറ്റവും ഈ കേസിലെ വസ്തുതകളിൽ ആകർഷിക്കപ്പെടുന്നില്ല.

12. 2012(4) കെ.എൽ.റ്റി 108 (എസ്.സി)=2013 (1) എസ്.സി.സി (ക്രിമിനൽ) 160, ഖണ്ഡിക 61=(2012) 10 എസ്.സി.സി 303-ആയി റിപ്പോർട്ടുചെയ്ത *ഗ്യാൻസിങ്ങ്* അഭി *പഞ്ചാബ് സർക്കാർ* എന്ന കേസിൽ, പരമോന്നത കോടതി, പ്രധാന വിഷയത്തിന്മേലുള്ള അനേകം വിധിന്യായങ്ങൾ നിരീക്ഷിച്ച തിനുശേഷം, ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാം വകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഹൈക്കോടതി യുടെ സഹജാധികാരങ്ങൾ നിയമാധിഷ്ഠിത പരിമിതി യാതൊന്നുമില്ലാതെ വിശാലമായ ധാരാളിത്തം ഉള്ളതാണെന്നും, (i) നീതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ, അല്ലെങ്കിൽ (ii) ഏതെങ്കിലും കോടതിയുടെ നടപടിയുടെ ദുരുപയോഗം തടയുവാൻ, അല്ലെങ്കിൽ (iii) യഥാർത്ഥവും, പൂർണ്ണവും, സാരവത്തായതുമായ നീതി നടത്തുവാൻ വിനിയോഗിക്കപ്പെടേണ്ട താണെന്നും സ്പഷ്ടമായി വിധിച്ചിട്ടുണ്ട്. 2008(4) കെ.എൽ.റ്റി. സപ്ലി.676 (എസ്.സി)=(2007) 12 എസ്.സി.സി 1)-ആയി റിപ്പോർട്ടു ചെയ്ത *ഇന്ദർ മോഹൻ ഗോസ്വാമി* അഭി *ഉത്തരാഞ്ചൽ സർക്കാർ* എന്ന കേസിൽ, ഓരോ ഹൈക്കോടതിക്കും, യഥാർത്ഥവും സാരവത്തായതുമായ നീതിയുടെ നിർവ്വഹണത്തിനുവേണ്ടി കോടതി നില നിൽക്കുന്നതുകൊണ്ട്, അത് നിർവ്വഹി ക്കുന്നതിനോ, കോടതിയുടെ നടപടിയുടെ ദുരുപയോഗം തടയുന്നതിനോ നീതിയുടെ അവശ്യകതയ്ക്ക് അനുസൃതമായി പ്രവർത്തി ക്കുവാനുള്ള സഹജാധികാരങ്ങൾ ഉണ്ടെന്ന് പരമോന്നത കോടതി വിധിച്ചിട്ടുണ്ട്.

13. 1992 സപ്ലിമെന്ററി. (1) എസ്.സി.സി 335=എ.ഐ.ആർ 1992 എസ്.സി 604-ആയി റിപ്പോർട്ടു ചെയ്ത *ഹരിയാന സർക്കാർ* അഭി *ഭജൻ ലാൽ* എന്ന കേസിൽ, സുപ്രീം കോടതി ക്രിമിനൽ പരാതികൾ റദ്ദാക്കുന്നതിനുള്ള വിവിധ പരിധികൾ താഴെപ്പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്:

***(1) പ്രഥമ വിവര റിപ്പോർട്ടിലോ പരാതിയിലോ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ, അവ അവയുടെ മുഖവിലയ്ക്ക് എടുക്കപ്പെടുകയും പൂർണ്ണമായി അംഗീകരിക്കപ്പെടുകയും ചെയ്താൽ പോലും, പ്രഥമദൃഷ്ട്യാ ഏതെങ്കിലും കുറ്റം ആകാതിരിക്കുകയോ, പ്രതിക്കെതിരായി ഒരു കേസ് സ്ഥാപി ച്ചെടുക്കാതിരിക്കുകയോ ചെയ്യാത്തിടത്ത്.***

***(2) പ്രഥമ വിവര റിപ്പോർട്ടിലും, എഫ്.ഐ.ആർ-നെ അനുഗമിക്കുന്ന മറ്റു വസ്തുക്കൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, അവയിലും ഉള്ള ആരോപണങ്ങൾ ഒരു മജിസ്ട്രേറ്റിന്റെ, സംഹിതയിലെ വകുപ്പ് 155(2)-ന്റെ അധികാര പരിധിക്കുള്ളിലുള്ള ഒരു ഉത്തരവ് പ്രകാരമൊഴികെയുള്ള, സംഹിതയിലെ 156(1) പ്രകാരം പോലീസ് ഉദ്യോഗസ്ഥരാലുള്ള ഒരു അന്വേഷണത്തെ ന്യായീകരിക്കുന്ന ഒരു കൊഗ്നൈസിബിൾ കുറ്റം വെളിപ്പെടുത്താത്തിടത്ത്.***

***(3) എഫ്.ഐ.ആർ-ലോ പരാതിയിലോ ഉന്നയിച്ചിട്ടുള്ള തർക്കിക്കപ്പെടാത്ത ആരോപണങ്ങളും, ആയതിനു താങ്ങായി ശേഖരിച്ച തെളിവും ഏതെങ്കിലും കുറ്റം ചെയ്യലിനെ വെളിപ്പെടുത്താതിരിക്കുകയും,***

*പ്രതിക്കെതിരായി ഒരു കേസ് സ്ഥാപിച്ചെടുക്കാതിരിക്കുകയും ചെയ്യുന്നിടത്ത്.*

*(4)എഫ്.ഐ.ആർ-ലെ ആരോപണങ്ങൾ, ഒരു കൊഗ്നൈസിബിൾ കുറ്റം ആകാതിരിക്കുകയും, എന്നാൽ ഒരു നോൺ കൊഗ്നൈസിബിൾ കുറ്റം മാത്രം ആയിരിക്കുകയും, സംഹിതയിലെ വകുപ്പ് 155(2)-ന് കീഴിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം ഒരു മജിസ്ട്രേറ്റിന്റെ ഉത്തരവില്ലാതെ യാതൊരു അന്വേഷണവും ഒരു പോലീസ് ഉദ്യോഗസ്ഥൻ അനുവദിക്കാതിരിക്കുന്നിടത്ത്.*

*(5) എഫ്.ഐ.ആർ-ലൊ പരാതിയിലോ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ, അതിന്റെ അടിസ്ഥാനത്തിൽ, പ്രതിക്കെതിരായി നടപടിയെടുക്കുന്നതിനുള്ള മതിയായ കാരണം ഉണ്ടെന്ന്, വിവേകമുള്ള യാതൊരാൾക്കും ഒരു ന്യായമായ തീരുമാനത്തിൽ ഒരിക്കലും എത്താൻ കഴിയാത്ത വിധത്തിൽ പരിഹാസമായതായും സഹജമായി സാധ്യതയില്ലാത്തതുമായി ഇരിക്കുന്നിടത്ത്.*

*(6) സംഹിതയിലെയോ ബന്ധപ്പെട്ട ആക്റ്റിലെയോ (ഏത് പ്രകാരമാണോ ഒരു ക്രിമിനൽ നടപടി ആരംഭിക്കപ്പെടുന്നത് അത്) വ്യവസ്ഥകൾ, ഏതിലെങ്കിലും നടപടികൾ ആരംഭിക്കുന്നതിനും തുടരുന്നതിനും പ്രകടമായ, നിയമപരമായ ഒരു തടസ്സം ഒട്ടിച്ചേർത്തിട്ടുള്ളിടത്തും/അല്ലെങ്കിൽ, സങ്കടകക്ഷിയുടെ സങ്കടത്തിനുള്ള കാര്യക്ഷമമായ പരിഹാരം നൽകുന്ന ഒരു പ്രത്യേക വ്യവസ്ഥ സംഹിതയിലോ ബന്ധപ്പെട്ട ആക്റ്റിലോ ഉണ്ടായിരിക്കുന്നിടത്തും.*

*(7) ഒരു ക്രിമിനൽ നടപടിയിൽ പ്രകടമായി ദുരുദ്ദേശ്യത്തോടുകൂടി പങ്കെടുക്കുന്നിടത്തും, അല്ലെങ്കിൽ പ്രതിയുടെ മേൽ പകരംവീട്ടുന്നതിനും സ്വകാര്യവും വ്യക്തിപരവുമായ വെറുപ്പുകൊണ്ട് അയാളെ അവഹേളിക്കുന്നതിനും വേണ്ടി ഗൂഢോദ്ദേശ്യത്തോടുകൂടിയുള്ള നടപടി ദുരുദ്ദേശ്യപരമായി ആരംഭിക്കപ്പെടുന്നിടത്തും.*

14. *ഗ്യാൻ സിങ്ങിന്റെ* കേസ്, *ഇന്ദർ മോഹൻ ഗോസ്വാമിയുടെ* കേസ്, *ഭജൻ ലാലിന്റെ* കേസ് മുതലായവ പോലുള്ള വിധിന്യായങ്ങളിൽ പരമോന്നത കോടതി പ്രതിപാദിച്ച മുൻപറഞ്ഞ തത്വങ്ങൾ ഈ കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും അനുയോജ്യമായി ബാധകമാക്കാൻ കഴിയുന്നതാണ്. മുകളിൽ പ്രസ്താവിച്ച വസ്തുതാപരമായ വശങ്ങളുടെ അടിസ്ഥാനത്തിൽ, അന്വേഷണത്തിന്റെ പൂർത്തീകരണത്തിന് ശേഷംപോലും, ഇപ്പോഴത്തെ കേസിലെ ആരോപിത കുറ്റങ്ങളിൽ ഏതൊന്നും ഈ കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്ന ഏതൊരു കേസും പോലീസിന് സ്ഥാപിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് ഫോറൻസിക് സയൻസ് ലബോറട്ടറി ഇപ്പോൾ സമർപ്പിച്ചിട്ടുള്ള സൈബർ ഫോറൻസിക് റിപ്പോർട്ട് പോലും വ്യക്തമായി സൂചിപ്പിക്കുന്നതാണ്. അതിനാൽ, ചോദ്യം ചെയ്യപ്പെട്ട ക്രിമിനൽ നടപടികൾ റദ്ദാക്കുവാൻ ഈ കോടതിക്ക് യാതൊരു മടിയുമില്ല.

15. വിഷയത്തിന്റെ ഈ വീക്ഷണത്തിൽ, ക്രിമിനൽ എം. സി. അനുവദിക്കപ്പെടുന്നു. അതിനനുസൃതമായി, ആലുവ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി I-ന്റെ ഫയലിലുള്ള ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1500/2012-ലെ ചോദ്യം ചെയ്യപ്പെട്ട അനുബന്ധം II എഫ്.ഐ.ആർ.-ൽ ഫയൽ ചെയ്ത ചോദ്യം ചെയ്യപ്പെട്ട അനുബന്ധം IX അന്തിമ റിപ്പോർട്ടും/കുറ്റപത്രവും, അതിൽ നിന്ന് ഉത്ഭവിക്കുന്ന മറ്റ് എല്ലാ മേൽ നടപടികളും നീതിയുടെ താൽപര്യത്തിൽ റദ്ദാക്കപ്പെട്ട് നിലനിൽക്കുന്നു.

16. ഹർജിക്കാരിയിൽനിന്ന് കൈവശമാക്കിയ മൊബൈൽ ഫോൺ തിരികെ നൽകുവാൻ അധികാരിതയുള്ള മജിസ്ട്രേറ്റിന് ഉചിതമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്ന് ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. ആർ. റ്റി. പ്രദീപ് ബോധിപ്പിക്കുന്നു. അതു സംബന്ധിച്ച് അധികാരിതയുള്ള മജിസ്ട്രേറ്റിനു

മുമ്പാകെ ഉചിതമായ അപേക്ഷ നൽകുവാൻ ഹർജിക്കാരിക്ക് സ്വാതന്ത്ര്യമുണ്ടായിരി ക്കുന്നതും, അങ്ങനെയുള്ള അപേക്ഷ ഫയൽ ചെയ്യ പ്പെടുന്നെങ്കിൽ, അതിന്മേൽ നിയമത്തിന നുസൃതമായി ബന്ധപ്പെട്ട അധികാരിതയുള്ള മജിസ്ട്രേറ്റ് ഉചിതമായ ഉത്തരവ് പാസ്സാക്കേണ്ടതു മാണ്.

ഈ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹർജിക്കാരി ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ആഫീസർക്കും, ആലുവ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്കും അയച്ചു കൊടുക്കേണ്ടതാണ്.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ,
ബഹു. ജസ്റ്റിസ് എ.എം. ഷഫീക്ക്, ബഹു. ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള, ബഹു. ജസ്റ്റിസ് എ. ഹരിപ്രസാദ് & ബഹു. ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ**

**ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം**

**അഭി**

**പൗലോസ്**

**എം.എ.സി.എ. നം. 585/2003**

2015 ജനുവരി 21-ന് വിധി കൽപ്പിച്ചത്

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1988-ലെ മോട്ടോർ വാഹന ആക്റ്റ്, വകുപ്പുകൾ 2(10), 3, 14, 15(1) & 149(2) (എ)(ii) -ലൈസൻസ്, അതിന്റെ കാലാവധി അവസാനിച്ച തീയതി മുതൽ മുപ്പത് ദിവസ കാലാവധിക്കുള്ളിൽ പുതുക്കുന്നതിനുള്ള അപേക്ഷ ഫയൽ ചെയ്താൽ മാത്രമേ, സ്വയമേവ പുതുക്കപ്പെട്ട് നിലനിൽക്കുന്നുള്ളൂ എന്നത് തർക്കാതീതമാണ്. അങ്ങനെയുള്ള കേസുകളിൽ, മുൻപറഞ്ഞ കാലാവധിക്കുള്ളിൽ ഒരു അപകടം സംഭവിക്കുന്നെങ്കിൽ പോലും, ഡ്രൈവർ സാധുവായ ഒരു ഡ്രൈവിംഗ് ലൈസൻസ് കൈവശം വച്ചിരുന്നതായി കണക്കാക്കപ്പെടാവുന്നതാണ്.

ഡ്രൈവിംഗ് ലൈസൻസിന്റെ സാധുത അതിന്റെ സാധുതാ കാലാവധി അവസാനിച്ചെങ്കിൽ കൂടിയും, അതുപോലെതന്നെ നിയമാധിഷ്ഠിത കാലാവധിക്കുള്ളിൽ അതിന്റെ സാധുത പുതുക്കുന്നതിൽ വീഴ്ച ഉണ്ടെങ്കിൽ കൂടിയും, ലൈസൻസ് നൽകപ്പെട്ട ആൾ ഒരു ലൈസൻസ് കൈവശം വയ്ക്കുവാൻ അയോഗ്യനാക്കപ്പെട്ടിരുന്നു എന്ന് കാണിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, തുടർന്നും നിലനിൽക്കുന്നതാണെന്ന, *ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി* അഭി *പൗലോസ്* (2004 (1) കെ.എൽ.റ്റി.8 (ഫു.ബെ) എന്ന കേസിലെ കണ്ടെത്തലിന് ഒരു വിപര്യയം ആവശ്യമാണ്.

ഇൻഷ്വറൻസ് നൽകുന്ന ആൾ, അയാളുടെ പ്രതിരോധം വകുപ്പ് 149-ലെ (7)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരമുള്ള വകുപ്പ് 149 (2)-ലെ വ്യവസ്ഥകൾക്കനുസൃതമായി തൃപ്തികരമായി തെളിയിച്ചിട്ടുണ്ടെന്ന ഒരു തീരുമാനത്തിൽ എത്തിച്ചേർന്നശേഷം പോലും, അവാർഡ് തുക കൊടുക്കുവാൻ, ആയത് ഇൻഷ്വർ ചെയ്ത ആളിൽ നിന്ന് വസൂലാക്കുവാനുള്ള ഇൻഷ്വറൻസ് നൽകുന്ന ആളുടെ അവകാശത്തെ കരുതിവച്ചുകൊണ്ട്, നിർദ്ദേശിക്കുവാൻ

**കഴിയുന്നതാണ്. അപ്പീൽവാദിയായ ഇൻഷ്വറൻസ് കമ്പനി, അത് 1-ാം എതിർകക്ഷിക്ക് കൊടുത്ത തുക 2-ാം എതിർകക്ഷിയിൽ നിന്ന് വസൂലാക്കുവാൻ അനുവദിക്കപ്പെടേണ്ടതാണ്. അപ്പീൽ അനുവദിച്ചു.**

## വിധിന്യായം

### ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള

'റോഡ് ട്രാഫിക് അപകടം നടന്ന തീയതിയിൽ കാലാവധി തീർന്നിരുന്നതും, നിയമാധിഷ്ഠിത കാലാവധിക്കുള്ളിൽ പുതുക്കപ്പെടാത്തതുമായ ഒരു ഡ്രൈവിംഗ് ലൈസൻസ്, 1988-ലെ മോട്ടോർ വാഹനങ്ങൾ ആക്റ്റിന്റെ (ചുരുക്കത്തിൽ 'ആക്റ്റ്') വകുപ്പ് 149 (2) (എ) (ii) പ്രകാരം 'യഥാവിധിയുള്ള ലൈസൻസുള്ള' എന്ന അവശ്യകോപാധി നിറവേറ്റുന്നതാണോ?' ഇതാണ് ഫുൾബെഞ്ച് നടത്തിയിട്ടുള്ള ഈ റഫറൻസിൽ ഉത്തരം നൽകുവാൻ ഞങ്ങളോട് ആവശ്യപ്പെടുന്ന പ്രധാന ചോദ്യം. ആനുഷംഗികമായി, അവകാശവാദിക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ബാധ്യതയിൽ നിന്ന് ഇൻഷുറൻസ് നൽകുന്ന ആളെ ഒഴിവാക്കുവാൻ കഴിയുമോ അല്ലെങ്കിൽ അവാർഡ് തുക കൊടുക്കുവാനും, അപ്രകാരം കൊടുത്ത അവാർഡ് തുക ഇൻഷ്വർ ചെയ്ത ആളിൽ നിന്ന് വസൂലാക്കുവാനും ഇൻഷ്വറൻസ് നൽകുന്ന ആളോട് നിർദ്ദേശിക്കാമോ എന്നും ഞങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

2. അവാർഡ് തുക കൊടുക്കുവാൻ ക്ലെയിംസ് ട്രിബ്യൂണലിനാൽ നിർദ്ദേശിക്കപ്പെട്ട ഇൻഷ്വറൻസ് നൽകിയ ആൾ ഫയൽ ചെയ്ത ഈ അപ്പീൽ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയ്ക്കു വന്നപ്പോൾ, *ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി* അഭി *പൗലോസ്* (2004 (1) കെ.എൽ.റ്റി. 8 (ഫു.ബെ) എന്ന കേസിലെ ഈ കോടതിയുടെ വിധിന്യായവും, *മല്ല പ്രകാശ്റാവ്* അഭി *മല്ല ജാനകിയും മറ്റുള്ളവരും* ((2004) 3 എസ്.സി.സി 343) എന്ന കേസിലെയും അതുപോലെ തന്നെ *നാഷണൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം* അഭി *കുസുംറായ്* (2006(2) കെ.എൽ.റ്റി. 300 (എസ്.സി)=2006 എസിജെ 1336 (എസ്.സി) എന്ന കേസിലെയും പരമോന്നത കോടതിയുടെ പ്രത്യക്ഷമായ വിധിന്യായങ്ങളും തമ്മിലുള്ള പൊരുത്തക്കേട് ഡിവിഷൻ ബെഞ്ച് ശ്രദ്ധിക്കുകയുണ്ടായി. അതിനാൽ ഡിവിഷൻ ബെഞ്ച്, വിഷയം ഒരു ഫുൾബെഞ്ചിന് റഫർ ചെയ്തു. എന്നിരുന്നാലും, *രാംബാബു തിവാരി* അഭി *യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തവും മറ്റുള്ളവരും* (2008 എ.സി.ജെ 2654) എന്ന കേസിലെയും മറ്റു കേസുകളിലേയും പരമോന്നത കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ആ വിഷയത്തിന് ഒരു ലാർജർ ബെഞ്ചിനാലുള്ള പുന:പരിഗണന ആവശ്യമാണ് എന്ന അഭിപ്രായമാണ് ഫുൾബെഞ്ചിനുണ്ടായിരുന്നത്. ഇപ്രകാരം വിഷയം ഞങ്ങളുടെ മുമ്പാകെ വന്നിട്ടുണ്ട്.

3. കേസിന്റെ പ്രസക്തമായ വസ്തുതകൾ ചുരുക്കി പറയാവുന്നതാണ്:

ഇതിലെ 1-ാം എതിർകക്ഷി, 07-03-1996-ൽ സംഭവിച്ച ഒരു റോഡ് ട്രാഫിക് അപകടത്തിൽ അയാൾ അനുഭവിച്ച ക്ഷതികൾക്കായി 3 ലക്ഷം രൂപയോളമുള്ള നഷ്ടപരിഹാരത്തിനുവേണ്ടി ആക്റ്റിലെ 166-ാം വകുപ്പ്പ്രകാരം ക്ലെയിം ഹർജി ഫയൽ ചെയ്തു. അയാൾ റോഡരികിൽ നിൽക്കുന്ന സമയത്ത്, 2-ാം എതിർകക്ഷിക്ക് സ്വന്തമായതും അയാൾ ഓടിച്ചുവന്നതുമായ ഒരു ചരക്ക് വാഹനം അയാളെ ഇടിച്ചിടുകയും, അയാൾക്ക് മാരകമായ ക്ഷതികൾ ഉണ്ടാക്കുകയും ചെയ്തു. ഉപേക്ഷ ആരോപിക്കപ്പെട്ട 2-ാം എതിർകക്ഷി, എക്സ്പാർട്ടി ആയി നിന്നിരുന്നു. അപകടമുണ്ടാക്കിയ ചരക്ക് വാഹനത്തിന്റെ പോളിസി സമ്മതിക്കുന്ന വേളയിൽ, 2-ാം എതിർകക്ഷിയുടെ ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി 24-06-1995-ൽ കഴിഞ്ഞ കാരണത്താൽ, അപകടം നടന്ന സമയത്ത്, അതായത് 07-05-1996-ൽ, 2-ാം എതിർകക്ഷിക്ക് 'യഥാവിധിയുള്ള ലൈസൻസ്' ഉണ്ടായിരുന്നില്ല എന്ന് വാദിക്കപ്പെട്ടു. ട്രിബ്യൂണൽ തെളിവ് പരിഗണിച്ചശേഷം, എതിർകക്ഷി സാഹസികവും ഉപേക്ഷാപൂർവ്വകവും ആയിരുന്നു എന്ന് കണ്ടെത്തുകയും, 1,36,900/- രൂപയ്ക്കും ഒപ്പം പലിശയ്ക്കുമുള്ള ഒരു അവാർഡ് പാസാക്കുകയും, അത് അപ്പീൽവാദി നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

4. പ്രസ്തുത അവാർഡിനാൽ സങ്കടപ്പെട്ടു കൊണ്ട് ഫയൽ ചെയ്തിട്ടുള്ളതാണ് ഈ അപ്പീൽ. അപ്പീലിൽ, അപകട സമയത്ത് 2-ാം എതിർകക്ഷിക്ക് 'യഥാവിധിയുള്ള ലൈസൻസ്' ഇല്ലായിരുന്നതുകൊണ്ട്, 1-ാം എതിർകക്ഷിക്ക് നഷ്ടപരിഹാരം കൊടുക്കുവാൻ അപ്പീൽവാദി ബാധ്യസ്ഥനല്ല എന്ന അയാളുടെ വാദം ട്രിബ്യൂണൽ അംഗീകരിക്കേണ്ടതായിരുന്നു എന്ന് അപ്പീൽവാദി വാദിക്കുന്നു.

5. അപ്പീൽവാദിക്ക് വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ മാത്യൂസ് ജേക്കബിനേയും, 1-ാം എതിർകക്ഷി/അവകാശ വാദിക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ പി. വി. ബേബിയെയും ഞങ്ങൾ കേൾക്കുകയുണ്ടായി.

6. ആക്റ്റിലെ 3-ാം വകുപ്പ് വായിച്ചു നോക്കുമ്പോൾ, അവകാശവാദിക്ക് നഷ്ട പരിഹാരം കൊടുക്കുന്നതിനുള്ള ബാധ്യത ഇൻഷ്വറൻസ് നൽകുന്ന ആൾക്ക് ചാർത്തുന്നതിനായി, അപകടമുണ്ടാക്കിയ വാഹനത്തിന്റെ ഡ്രൈവർക്ക്, അപകടം നടക്കുന്ന സമയത്ത് പ്രഭാവമുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ് എന്ന് ശ്രീ. മാത്യൂസ് ജേക്കബ് വാദിച്ചു. ഡ്രൈവിംഗ് ലൈസൻസിനെ നിർവ്വചിക്കുന്ന, ആക്റ്റിന്റെ വകുപ്പ് 2(10)-ലേക്കും, ഒരു ഡ്രൈവിംഗ് ലൈസൻസിന്റെ ആവശ്യകതയെ നിർബന്ധമാക്കുന്ന ആക്റ്റിലെ 3-ാം വകുപ്പിലേക്കും ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു കൊണ്ട്, ആക്റ്റിലെ 3-ാം വകുപ്പിന്റെ വെളിച്ചത്തിൽ, വാഹനം ഓടിക്കുന്ന ഏത് വ്യക്തിക്കും അപകടം നടക്കുന്ന തീയതിയിൽ 'പ്രഭാവമുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ്' ഉണ്ടായിരിക്കേണ്ടതാണെന്നും, ഈ കേസിൽ ഒരു പ്രഭാവമുള്ള ഡ്രൈവിംഗ് ലൈസൻസിന്റെ അഭാവം ആക്റ്റിലെ 149(2) (എ) (ii) വകുപ്പ് പ്രകാരം പോളിസിയുടെ നിബന്ധനകളുടെ ലംഘനത്തിൽ വന്നവസാനി ച്ചിട്ടുണ്ടെന്നും ശ്രീ. മാത്യൂസ് ജേക്കബ് വാദിച്ചു.

7. നേരെമറിച്ച്, അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ പോളിസിയുടെ ലംഘനം സ്വമേധയായുള്ളതാണെന്ന ഇൻഷ്വറൻസ് കമ്പനിയുടെ വാദം അംഗീകരിക്കുവാൻ കഴിയുന്നതല്ല എന്നും, ഇപ്പോഴത്തെ കേസിലെ വസ്തുതകൾ വായിച്ചുനോക്കുമ്പോൾ, അവകാശ വാദി ഒരു 3-ാം കക്ഷിയാണെന്നും, 2-ാം എതിർകക്ഷിയുടെ ഡ്രൈവിംഗ് ലൈസൻസിന്റെ അഭാവമാണ് അപകടത്തിന്റെ മൂലകാരണമെന്ന യാതൊരു കേസും അപ്പീൽവാദിക്ക് ഇല്ലായെന്നും, 1-ാം എതിർകക്ഷിക്കുവേണ്ടിയുള്ള പാണ്ഡിത്യ മുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. അതിനാൽ, അവകാശവാദിക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള ബാധ്യത ഇൻഷ്വറൻസ് കമ്പനിക്കുണ്ട്; ഇപ്രകാരം 1-ാം എതിർകക്ഷിക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു.

8. ഈ കേസിൽ, അപകടം 07-03-1996-ൽ ആയിരുന്നുവെന്നും, അപകടം ഉണ്ടാക്കിയ വാഹനത്തിന്റെ ഉടമസ്ഥനും ഡ്രൈവറും ആയ 2-ാം എതിർകക്ഷിയുടെ ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി 24-06-1995-ൽ കഴിഞ്ഞതാണെന്നും എന്നത് സമ്മതിച്ചിട്ടുള്ള ഒരു വസ്തുത ആണ്.

9. അപകടത്തീയതിയിൽ ഡ്രൈവറുടെ ലൈസൻസ് പുതുക്കപ്പെട്ടിരുന്നില്ല എന്ന കാരണത്താൽ മാത്രം ഇൻഷ്വർ ചെയ്ത ആൾക്ക് നഷ്ടപരിഹാരം കൊടുക്കുവാനുള്ള ബാധ്യതയിൽ നിന്ന് ഇൻഷ്വറൻസ് നൽകിയ ആൾ വിമുക്തനാക്കപ്പെടുമോ എന്ന ചോദ്യം മുകളിൽ സൂചിപ്പിച്ച *ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി* അഭി *പൗലോസ്* എന്ന കേസിൽ ഫുൾ ബെഞ്ച് പരിഗണിച്ചിരുന്നു. ആ കേസിൽ 23-05-1997-ൽ അപകടം സംഭവിച്ചതും, ആ തീയതിയിൽ ഇൻഷ്വറൻസ് പോളിസി നിലനിന്നിരുന്നതുമാണ്. വാഹനത്തിന്റെ ഡ്രൈവറായിരുന്ന 3-ാം എതിർകക്ഷിയുടെ ഡ്രൈവിംഗ് ലൈസൻസിന്റെ സാധുത കാലാവധി 30-11-1996-ൽ കഴിഞ്ഞിരുന്നു. എന്നിരുന്നാലും, അയാൾ പിന്നീട് 18-06-1997-ൽ അതിനെ പുതുക്കി. ലൈസൻസ്, അപകട ത്തീയതിയിൽ കാലാവധി കഴിഞ്ഞതായി രുന്നെങ്കിൽ കൂടിയും, പിന്നീടുള്ള അതിന്റെ പുതുക്കൽ നിയമത്തിന്റെ ആജ്ഞ നിറവേറ്റുന്ന താണ് എന്ന് ഫുൾബെഞ്ച് നിരീക്ഷിച്ചു.

ഫുൾബെഞ്ച് പറഞ്ഞതനുസരിച്ച്, ആക്റ്റിലെ ലൈസൻസിന്റെ നിർവ്വചനം ഏതൊരു സാധുതാ കാലാവധിയെയും വ്യവസ്ഥ ചെയ്യാത്തതും, ഒരു ഡ്രൈവർക്ക് ഒരിക്കൽ ലൈസൻസ് നൽകുമ്പോൾ അത് യഥാവിധി നൽകപ്പെട്ടിട്ടുള്ളതായി പരിഗണിക്കേണ്ടതുമാണ്. ലൈസൻസിന്റെ പ്രഭാവ കാലാവധി അതിന്റെ അവസാനത്തിൽ പുതുക്കുവാൻ കഴിഞ്ഞിരുന്നതുകൊണ്ട് , അതിന്റെ സാധുതാ കാലാവധി അവസാനിച്ചെങ്കിലും ആ ലൈസൻസ്, ലൈസൻസ് നൽകപ്പെട്ടയാൾ അതിനെ കൈവശം വയ്ക്കുവാൻ അയോഗ്യനാക്കപ്പെട്ടിരുന്നുവെന്ന് കാണിച്ചിട്ടില്ലാത്തപഗ്ഗം, തുടർന്ന് നിലവിലിരുന്നു എന്ന് വിധിക്കുകയുണ്ടായി.

10. ഈ അപ്പീൽ ആദ്യമായി പരിഗണിച്ച ഡിവിഷൻ ബെഞ്ച് ശ്രദ്ധിച്ച പൊരുത്തപ്പെടാത്ത വിധിന്യായങ്ങളിൽ ഒന്ന് *മല്ല പ്രകാശ റാവ്* അഭി *മല്ല ജാനകിയും മറ്റുള്ളവരും* ((2004) 3 എസ്സിസി 343) എന്ന കേസിലെ പരമോന്നത കോടതിയുടെ വിധിന്യായമായിരുന്നു. മോട്ടോർ അപകട ക്ലെയിമുകളിൽ നിന്ന് ഉത്ഭവിക്കുന്ന ചില സിവിൽ അപ്പീലുകൾ തീർപ്പാക്കുന്ന വേളയിൽ, പരമോന്നത കോടതി ആക്റ്റിലെ വകുപ്പ് 149(2) (എ) (ii)-ൽ വരുന്ന 'യഥാവിധിയുള്ള ലൈസൻസുള്ള' എന്ന പദങ്ങളുടെ അർത്ഥം പരിഗണിച്ചിരുന്നു. ഒരു ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത ഒരു ഡ്രൈവർ ഓടിച്ച വാഹനം അപകടമുണ്ടാക്കിയതുകൊണ്ട് നഷ്ടപരിഹാരം കൊടുക്കാനുള്ള യാതൊരു ബാദ്ധ്യതയും ഇൻഷ്വറൻസ് കമ്പനിക്ക് ഇല്ലായിരുന്നു എന്നതാണ് കേസുകളിൽ ഒന്നിലെ കീഴ്ക്കോടതികളുടെ കണ്ടെത്തൽ. ഇത് പരമോന്നത കോടതി മുമ്പാകെ ചോദ്യം ചെയ്യപ്പെട്ടു. അവിടെ, വാഹനത്തിന്റെ ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി 20-11-1982-ൽ കഴിഞ്ഞിരുന്നു എന്നും, 1939-ലെ മോട്ടോർ വാഹനങ്ങൾ ആക്റ്റ്, (ഭേദഗതി ചെയ്യപ്പെടാത്ത) ആക്റ്റിന്റെ 11-ാം വകുപ്പിൻ കീഴിൽ ആവശ്യപ്പെടുന്ന പ്രകാരം പ്രസ്തുത ലൈസൻസിന്റെ കാലാവധി കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ പുതുക്കലിനുവേണ്ടി ഡ്രൈവർ അപേഗിച്ചിരുന്നില്ല എന്നുമുള്ളത് തർക്കിക്കപ്പെട്ടിരുന്നില്ല. അപകടം സംഭവിച്ച സമയത്ത്, ഡ്രൈവർക്ക് ഒരു ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരുന്നില്ല എന്നതും തർക്കിക്കപ്പെട്ടിരുന്നില്ല.

11. കോൺട്രാക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച്, ഒരു ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത ഒരാൾ ഓടിച്ച ഒരു വാഹനം ഒരു അപകടം ഉണ്ടാക്കുന്നിടത്ത്, നഷ്ടപരിഹാരം കൊടുക്കുവാനുള്ള യാതൊരു ബാധ്യതയും ഒരു ഇൻഷ്വറൻസ് കമ്പനിക്കില്ലാത്തതാണെന്ന് പരമോന്നത കോടതി വിധിക്കുകയും, വിഷയത്തിന്റെ ആ വീഗ്ഗണത്തിൽ ഹൈക്കോടതിയുടെ വിധിന്യായത്തെ സ്ഥിരീകരിച്ചുകൊണ്ട് പ്രസ്തുത അപ്പീലിനെ തള്ളിക്കളയുകയും ചെയ്തു.

12. ഡിവിഷൻ ബെഞ്ച് ശ്രദ്ധിച്ച പൊരുത്തപ്പെടാത്ത മറ്റൊരു വിധിന്യായം *നാഷണൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം* അഭി *കുസും റായ്* (2006 (2) കെ.എൽ.റ്റി. 300 (എസ്.സി) എന്ന കേസിലെ വിധിന്യായമാണ്. ആ കേസിൽ, അപകടം ഉണ്ടാക്കിയ വാഹനത്തിന്റെ ഡ്രൈവർ ഉചിതമായ ഒരു ലൈസൻസ് കൈവശം വയ്ക്കേണ്ടത് ഒരു ആവശ്യമായിരുന്നു എന്നതിലും, അത് ഒരു ടാക്സിയായി, അതായത് ഒരു വാണിജ്യ വാഹനമായി, ഉപയോഗിക്കപ്പെട്ടുകൊണ്ടിരുന്നു എന്നതിലും തർക്കമുണ്ടായിരുന്നില്ല. ആ കേസിൽ, അപകടത്തിന്റെ പ്രസക്തമായ സമയത്ത് ഡ്രൈവർ ഭാരം കുറഞ്ഞ മോട്ടോർ വാഹനം ഓടിക്കാനുള്ള ഒരു ലൈസൻസിന്റെ കൈവശക്കാരനായിരിക്കുകയും, ഒരു വാണിജ്യ വാഹനം ഓടിക്കാനുള്ള ഒരു ലൈസൻസ് കൈവശം വയ്ക്കാതിരിക്കുകയും ചെയ്തിരുന്നു. ഇൻഷ്വറൻസ് കോൺട്രാക്റ്റിലെ ഉപാധിയുടെ ഒരു ലംഘനം ഉണ്ടായിരുന്നുവെന്നും പ്രസ്തുത പ്രതിവാദം ഉന്നയിക്കാൻ ഇൻഷ്വറൻസ് കമ്പനിക്ക് കഴിയുന്നതാണെന്നും പരമോന്നത കോടതി വിധിച്ചു. (മുകളിലത്തെ)*കുസുംറായിയുടെ* കേസിൽ പ്രതിപാദിച്ചിരുന്ന തത്വം പരമോന്നത കോടതി *ഈശ്വർ ചന്ദ്രയും മറ്റുള്ളവരും* അഭി *ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തവും മറ്റുള്ളവരും* (2007 എസിജെ 1067) എന്ന കേസിലെ വിധിന്യായത്തിലും, പിന്നീട് *രാം ബാബു തിവാരി* അഭി *യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി*

*ക്ലിപ്തവും മറ്റുള്ളവരും* (2008 എസിജെ 2654) എന്ന കേസിലെ വിധിന്യായത്തിലും, അതായത് വിഷയത്തെ ലാർജർ ബെഞ്ചിന്റെ പരിഗണനയ്ക്കുവേണ്ടി പരാമർശിച്ച ഫുൾബെഞ്ച് ശ്രദ്ധിച്ചിരുന്ന വിധിന്യായത്തിലും ഊന്നിപ്പറഞ്ഞു.

13. (മുകളിൽ സൂചിപ്പിച്ച) *ഈശ്വർ ചന്ദ്രയുടെ* കേസിൽ, പരമോന്നതകോടതി, ആക്റ്റിന്റെ 15-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിനെ പരാമർശിച്ചുകൊണ്ട്, ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളും അനുസരിച്ച്, ലൈസൻസ് പുതുക്കപ്പെടുന്നതായി പ്രസ്തുത വ്യവസ്ഥയുടെ വെറും ഒരു സൂഗ്ഗ്മവായനയിൽ നിന്ന് പ്രത്യഗ്ഗമാകുന്നതാണെന്ന് നിരീഗ്ഗിച്ചു. അനുവദിച്ചുനൽകിയ ലൈസൻസ്, കാലാവധി കഴിഞ്ഞാലും, അസ്സൽ കാലാവധി കഴിഞ്ഞ തീയതി മുതൽ 30 ദിവസ കാലത്തേക്ക് സാധുവായി നിലനിൽക്കുന്നു വെന്നും, അതിനുശേഷം അതിന്റെപുതുക്കലിനു വേണ്ടി ഒരു അപേഗ്ഗ ഫയൽ ചെയ്യുക യാണെങ്കിൽ, ആയത് അതിന്റെ പുതുക്കൽ തീയതി മുതൽ പുതുക്കപ്പെടുന്നതാണെന്നും, ആക്റ്റിലെ വകുപ്പ് 15(1)-നുള്ള പരിമിതി വ്യവസ്ഥ വ്യക്തമായ പദങ്ങളിൽ പറയുന്നതായി പരമോന്നത കോടതി കണ്ടെത്തി. ആ കേസിൽ, അപകടത്തീയതിയിൽ ഡ്രൈവർ പുതുക്കൽ അപേഗ്ഗ ഫയൽചെയ്തി ട്ടില്ലാത്തതും, വാഹനം അപകടം നേരിട്ടപ്പോൾ ഡ്രൈവർക്ക് സാധുവായ ഒരു ലൈസൻസ് ഇല്ലായിരുന്നുവെന്ന് പരമോന്നത കോടതി കണ്ടെത്തുകയും ചെയ്തു.

14. (മുകളിലത്തെ) *റാം ബാബു തിവാരിയുടെ* കേസിൽ അപകടം 27-01-1996-ൽ സംഭവിച്ചു. ഡ്രൈവർക്ക് 11-02-1992 മുതൽ 10-02-1993 വരെയും, 07-02-1996 മുതൽ 06-02-1999 വരെയും ഉള്ള കാലയളവിലേക്ക് മാത്രമാണ് സാധുവായ ലൈസൻസ് ഉണ്ടായിരുന്നതെന്ന് തെളിവിൻമേൽ ട്രിബ്യൂണൽ കണ്ടെത്തി. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, അപകടത്തീയതി ഉൾപ്പെട്ടിരുന്ന 11-02-1993 മുതൽ 06-02-1996 വരെയുള്ള കാലയളവിൽ, ഡ്രൈവർക്ക് ഏതൊരു ലൈസൻസും കൈവശം ഉണ്ടായിരുന്നില്ല. നഷ്ടപരിഹാരം കൊടുക്കുന്ന ബാധ്യതയിൽ നിന്നും ഇൻഷ്വർ നൽകിയ ആളിനെ ഒഴിവാക്കാൻ ട്രിബ്യൂണൽ വിസമ്മതിച്ചു. എന്നിരുന്നാലും, അപ്പീലിൽ ഹൈക്കോടതി *നാഷണൽ ഇൻഷുറൻസ് കമ്പനി ക്ലിപ്തം* അഭി *സ്വരൺ സിംഗ്* (2004 (1) കെഎൽറ്റി 781 (എസ്.സി)=(2004) 3 എസ്.സി.സി 297) എന്ന കേസിലെ പരമോന്നത കോടതിയുടെ വിധിന്യായത്തെ പിന്തുടർന്നു കൊണ്ട് ട്രിബ്യൂണലിന്റെ കണ്ടെത്തലിനെ മറിച്ചു വിധിക്കുകയും, അപ്പീൽവാദി/ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരത്തുക കൊടുക്കേണ്ട താണെന്നും, അതിനെ വാഹനത്തിന്റെ ഡ്രൈവറിൽ നിന്നും ഉടമസ്ഥനിൽനിന്നും വസൂലാക്കേണ്ടതാണെന്നും വിധിച്ചു. പരമോന്നത കോടതി, (മുകളിൽ സൂചിപ്പിച്ച) *സ്വരൺസിംഗിന്റെ കേസിലെ* വിധിന്യായം ഉൾപ്പെടെ മുകളിൽ പരാമർശിച്ച വിവിധ വിധിന്യായങ്ങളെ പരിഗണിക്കുകയും, അവാർഡിനെ സ്ഥിരീ കരിച്ചുകൊണ്ട് അപ്പീൽ തള്ളിക്കളയുകയും ചെയ്തു.

15. ആക്റ്റിലെ പ്രസക്തമായ വ്യവസ്ഥ കളെ ഒന്നു നോക്കുന്നത് ഉപയോഗപ്രദമാണ്.

16. ആക്റ്റിലെ വകുപ്പ് 2(10) ഡ്രൈവിംഗ് ലൈസൻസിനെ നിർവ്വചിക്കുന്നത്, ഒരു മോട്ടോർ വാഹനത്തെയോ ഏതെങ്കിലും വിനിർദ്ദിഷ്ട വിഭാഗത്തിലോ വിവരണത്തിലോ ഉള്ള ഒരു മോട്ടോർ വാഹനത്തെയോ ഓടിക്കുവാൻ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു ലേണർ അല്ലാതെ ഉള്ള ആളെ അധികാരപ്പെടുത്തിക്കൊണ്ട് II-ാം അദ്ധ്യായപ്രകാരം ഗ്ഗമത ഉള്ള ഒരു അധികാര സ്ഥാനം നൽകുന്ന ലൈസൻസിനെ അർത്ഥ മാക്കുന്നു.

17. ആക്റ്റിന്റെ 3-ാം വകുപ്പിൽ ഒരു ഡ്രൈവിംഗ് ലൈസൻസിനുള്ള ആവശ്യകതയെ പറഞ്ഞിരിക്കുന്നു, അത് താഴെപ്പറയും പ്രകാരമാണ്:

> ***"യാതൊരാളും, ഒരു മോട്ടോർ വാഹനം, ആ വാഹനം ഓടിക്കുവാൻ അയാളെ അധികാരപ്പെടുത്തിക്കൊണ്ട്, അയാൾക്ക് നൽകിയിട്ടുള്ള ഫലപ്രദമായ ഒരു ഡ്രൈവിംഗ് ലൈസൻസ് അയാൾ കൈവശം വയ്ക്കാത്തപഗ്ഗം, ഏതൊരു***

*പൊതുസ്ഥലത്തും ഓടിക്കുവാൻ പാടില്ലാത്തതും; യാതൊരാളും തന്റെ സ്വന്തം ഉപയോഗത്തിനുവേണ്ടി വാടക ക്കെടുത്തതോ, 75-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കി യിട്ടുള്ള ഏതെങ്കിലും പദ്ധതി പ്രകാരം വാടകക്ക് കൊടുത്തിട്ടുള്ളതോ ആയ ഒരു മോട്ടോർ ക്യാബോ, മോട്ടോർ സൈക്കിളോ അല്ലാത്ത ഒരു പരിവഹണ വാഹനത്തെ, അപ്രകാരം അയാളുടെ ഡ്രൈവിംഗ് ലൈസൻസ്, അപ്രകാരം ചെയ്യുവാൻ അയാളെ അർഹതപ്പെടുത്താത്തപക്ഷം, ഓടിക്കുവാൻ പാടില്ലാത്തതുമാണ്.*

*(2) ഒരു മോട്ടോർ വാഹനം ഓടിക്കുന്നതിന് നിർദ്ദേശങ്ങൾ കൈപ്പറ്റുന്ന ഒരാൾക്ക് ഏതു ഉപാധികൾക്ക് വിധേയ മായാണോ (1)-ാം ഉപവകുപ്പ് ബാധക മല്ലാതിരിക്കുന്നത്, അവ കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്ക പ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് . (ഊന്നൽ കൂട്ടിചേർക്കുന്നു.)*

18. ആക്റ്റിന്റെ 14-ഉം 15-ഉം വകുപ്പുകൾ യഥാക്രമം മോട്ടോർ വാഹനങ്ങൾ ഓടിക്കുന്ന തിനുള്ള ഡ്രൈവിംഗ് ലൈസൻ സിന്റെ കാലാവധിയെയും, ഡ്രൈവിംഗ് ലൈസൻസിന്റെ പുതുക്കലിനെയും കുറിച്ചു പറയുന്നു. ഈ വകുപ്പുകൾ താഴെപ്പറയും പ്രകാരമാണ്:

*14. മോട്ടോർ വാഹനങ്ങൾ ഓടിക്കു ന്നതിനുള്ള ലൈസൻസുകളുടെ കാലാവധി.—(1) ഈ ആക്റ്റ് പ്രകാരം നൽകപ്പെടുന്ന ഒരു ലേണേഴ്സ് ലൈസൻസിന്, ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി, ലൈസൻസ് നൽകുന്ന തീയതി മുതലുള്ള ആറുമാസ കാലാവധിയിലേക്ക് പ്രഭാവമുണ്ടായിരി ക്കുന്നതാണ്.*

*(2) ഈ ആക്റ്റ് പ്രകാരം നൽകുന്നതോ പുതുക്കുന്നതോ ആയ ഒരു ഡ്രൈവിംഗ് ലൈസൻസ്,-*

*(എ) ഒരു പരിവഹണ വാഹനം ഓടിക്കുവാനുള്ള ഒരു ലൈസൻസിന്റെ സംഗതിയിൽ, മൂന്നു വർഷ കാലത്തേക്ക് പ്രഭാവമുണ്ടായിരിക്കേണ്ടതാണ്:*

*എന്നാൽ, അപകടകരമോ ആപൽ ക്കരമോ ആയ സ്വഭാവത്തിലുള്ള ചരക്കുകൾ വഹിക്കുന്ന ഒരു പരിവഹണ വാഹനം ഓടിക്കുവാനുള്ള ലൈസൻസിന്റെ സംഗതിയിൽ, ഒരു വർഷകാലത്തേക്ക് പ്രഭാവമുണ്ടായിരിക്കുന്നതും, അതിന്റെ പുതുക്കൽ നിർണ്ണയിക്കപ്പെട്ട പാഠ്യക്രമ ത്തിലുള്ള ഒരു ദിവസത്തെ പഠനാനന്തര പരിശീലനം നേടിയിരിക്കണം എന്ന ഉപാധിക്ക് വിധേയമായിരിക്കുന്നതുമാണ്; കൂടാതെ*

*(ബി) മറ്റേതെങ്കിലും ലൈസൻസിന്റെ സംഗതിയിൽ,—*

*(i) ലൈസൻസ് ആദ്യമായോ അതിന്റെ പുതുക്കലിൻമേലോ കരസ്ഥമാക്കുന്ന ആൾക്ക്, നൽകിയ തീയതിയിൽ അല്ലെങ്കിൽ, അതതുസംഗതിപോലെ, അതിന്റെ പുതുക്കൽ തീയതിയിൽ അമ്പത് വയസ്സ് തികഞ്ഞി ട്ടില്ലെങ്കിൽ,-*

*(എ) അങ്ങനെയുള്ള നൽകൽ തീയതി അല്ലെങ്കിൽ പുതുക്കൽ തീയതി മുതൽ ഇരുപത് വർഷക്കാലത്തേക്കോ; അല്ലെങ്കിൽ*

*(ബി) അങ്ങനെയുള്ള ആൾക്ക് അമ്പത് വയസ്സ് തികയുന്ന തീയതി വരെയോ, ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രഭാവമുണ്ടായിരിക്കേണ്ടതാണ്;*

*(ii) (i)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ച ആൾ, നൽകൽ തീയതിയിൽ അല്ലെങ്കിൽ, അതതുസംഗതിപോലെ, അതിന്റെ പുതുക്കൽ തീയതിയിൽ അമ്പത് വയസ്സ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ, നിർണ്ണ യിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് കൊടുക്കുന്നതിന്മേൽ അങ്ങനെയുള്ള നൽകൽ തീയതി അല്ലെങ്കിൽ പുതുക്കൽ തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക് പ്രഭാവമുണ്ടായിരിക്കേണ്ടതാണ്:*

*എന്നാൽ, ഓരോ ഡ്രൈവിംഗ് ലൈസൻസിനും, ഈ ഉപവകുപ്പ് പ്രകാരം അതിന്റെ കാലാവധി അവസാനിച്ചാൽ തന്നെയും, അങ്ങനെയുള്ള കാലാവധി അവസാനിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലത്തേക്ക് തുടർന്നും പ്രഭാവ മുണ്ടായിരിക്കുന്നതാണ് (ഊന്നൽ കൂട്ടിച്ചേർക്കുന്നു).*

*15. ഡ്രൈവിംഗ് ലൈസൻസുകളുടെ പുതുക്കൽ. (1) ലൈസൻസ് നൽകുന്ന ഏതൊരു അധികാരസ്ഥാനത്തിനും, അതിന് നൽകുന്ന അപേക്ഷയിൻമേൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നൽകിയിട്ടുള്ള ഒരു ഡ്രൈവിംഗ് ലൈസൻസിനെ, അതിന്റെ കാലാവധി അവസാനിച്ച തീയതി മുതൽക്കുളള പ്രഭാവത്തോടുകൂടി പുതുക്കാവുന്നതാണ്:*

*എന്നാൽ, ഒരു ലൈസൻസിന്റെ പുതുക്കലിനുവേണ്ടി, അതിന്റെ കാലാവധി തീയതി കഴിഞ്ഞ് മുപ്പതിൽ കൂടുതൽ ദിവസത്തിനുശേഷം അപേക്ഷ സമർപ്പിക്കുന്ന ഏതൊരു സംഗതിയിലും, ഡ്രൈവിംഗ് ലൈസൻസ്, അതിന്റെ പുതുക്കൽ തീയതി മുതലുള്ള പ്രഭാവത്തോടുകൂടി പുതുക്കേണ്ടതാണ്.*

*എന്നുമാത്രമല്ല, അപേക്ഷ, ഒരു പരിവഹണ വാഹനം ഓടിക്കുവാനുള്ള ഒരു ലൈസൻസിന്റെ പുതുക്കലിനുവേണ്ടി ആയിരിക്കുന്നിടത്തോ, മറ്റേതെങ്കിലും സംഗതിയിൽ അപേക്ഷകന് നാല്പത് വയസ്സ് പൂർത്തിയാക്കിയിട്ടുള്ളിടത്തോ, ആയതിനോടൊപ്പം 8-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന അതേ ഫാറത്തിലും അതേ രീതിയിലും ഉള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് ഉണ്ടായിരി ക്കേണ്ടതും, അങ്ങനെയുള്ള ഓരോ കേസിനെ സംബന്ധിച്ചിടത്തോളവും 8-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ആകാവുന്നിടത്തോളവും, അവ ഒരു ലേണേഴ്സ് ലൈസൻസിനെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.*

*(2) ഒരു ഡ്രൈവിംഗ് ലൈസൻസിന്റെ പുതുക്കലിനുവേണ്ടിയുള്ള ഒരു അപേക്ഷ, കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്ക പ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ സമർപ്പിക്കേണ്ടതും, അങ്ങനെയുള്ള രേഖകൾ ഒപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.*

*(3) ഒരു ഡ്രൈവിംഗ് ലൈസൻസിന്റെ പുതുക്കലിനുവേണ്ടിയുള്ള ഒരു അപേക്ഷ, അതിന്റെ കാലാവധി അവസാനിക്കുന്ന തീയതിക്ക് മുമ്പോ, മുപ്പതിൽ കൂടുതൽ ദിവസം കഴിഞ്ഞ് അല്ലാതെയോ സമർപ്പിക്കുന്നിടത്ത്, അങ്ങനെയുള്ള പുതുക്കലിന് വേണ്ടി ഒടുക്കേണ്ടതായ ഫീസ്, കേന്ദ്ര സർക്കാരിനാൽ ഇതിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരി ക്കുന്നതാണ്.*

*(4) ഒരു ഡ്രൈവിംഗ് ലൈസൻസിന്റെ പുതുക്കലിനുള്ള ഒരു അപേക്ഷ, അതിന്റെ കാലാവധി തീയതി കഴിഞ്ഞ്, മുപ്പതിൽ കൂടുതൽ ദിവസം കഴിഞ്ഞ് സമർപ്പിക്കു ന്നിടത്ത്, അങ്ങനെയുള്ള പുതുക്കലിന് വേണ്ടി ഒടുക്കേണ്ടതായ ഫീസ്, കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തുക ആയിരിക്കുന്നതാണ്.*

*എന്നാൽ, ഒരു ഡ്രൈവിംഗ് ലൈസൻസിന്റെ പുതുക്കലിനുവേണ്ടി ഈ ഉപവകുപ്പ് പ്രകാരം സമർപ്പിക്കപ്പെടുന്ന ഒരു അപേക്ഷയെ സംബന്ധിച്ച്, (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയ ത്തിനുള്ളിൽ അപേക്ഷിക്കുന്നതിൽ നിന്ന് അപേക്ഷകൻ ഉത്തമവും മതിയായതുമായ കാരണത്താൽ തടയപ്പെട്ടുവെന്ന് ലൈസൻസ് നൽകുന്ന അധികാരസ്ഥാനത്തിന് ബോധ്യപ്പെടുന്നെങ്കിൽ അതിന് (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഫീസ് സ്വീകരി ക്കാവുന്നതാണ്.*

*എന്നുമാത്രമല്ല, ഡ്രൈവിംഗ് ലൈസൻസ് പ്രഭാവമില്ലാതായിത്തീർന്ന് അഞ്ചു വർഷത്തിൽക്കൂടുതൽ ആയതിനു ശേഷം അപേക്ഷ സമർപ്പിക്കപ്പെടുന്നെങ്കിൽ,*

*ലൈസൻസ് നൽകുന്ന അധികാര സ്ഥാനത്തിന്, അപേക്ഷകൻ 9-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള, ഓടിക്കുവാനുള്ള ക്ഷമതാപരീക്ഷക്ക് വിധേയനാകുകയും അതിന് തൃപ്തി യാകുംവിധം പാസ്സാകുകയും ചെയ്യാത്ത പക്ഷം, ഡ്രൈവിംഗ് ലൈസൻസിനെ പുതുക്കുവാൻ വിസമ്മതിക്കാവുന്നതാണ്.*

*(5) പുതുക്കലിനുവേണ്ടിയുള്ള അപേക്ഷ നിരസിക്കപ്പെട്ടിട്ടുള്ളിടത്ത്, കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യാപ്തിയോളവും അങ്ങനെയുള്ള രീതിയിലും, ഒടുക്കിയ ഫീസ് തിരികെ നൽകേണ്ടതാണ്.*

*(6) ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്ന അധികാരസ്ഥാനം, ഡ്രൈവിംഗ് ലൈസൻസ് നൽകിയ അധികാരസ്ഥാനം അല്ലാതിരിക്കുന്നിടത്ത്, അത് പുതുക്കലിന്റെ വസ്തുത ഡ്രൈവിംഗ് ലൈസൻസ് നൽകിയ അധികാര സ്ഥാനത്തിനെ അറിയിക്കേണ്ട താണ് (ഊന്നൽ കൂട്ടിച്ചേർക്കുന്നു).*

19. ലൈസൻസ്, അതിന്റെ കാലാവധി അവസാനിച്ച തീയതി മുതൽ മുപ്പത് ദിവസ കാലാവധിക്കുള്ളിൽ പുതുക്കുന്നതിനുള്ള അപേക്ഷ ഫയൽ ചെയ്താൽ മാത്രമേ, സ്വയമേവ പുതുക്കപ്പെട്ട് നിലനിൽക്കുന്നുള്ളൂ എന്നത് തർക്കാതീതമാണ്. അങ്ങനെയുള്ള കേസുകളിൽ, മുൻപറഞ്ഞ കാലാ വധിയ്ക്കുള്ളിൽ ഒരു അപകടം സംഭവി ക്കുന്നെങ്കിൽ പോലും, ഡ്രൈവർ സാധുവായ ഒരു ഡ്രൈവിംഗ് ലൈസൻസ് കൈവശം വച്ചിരുന്നതായി കണക്കാക്കപ്പെടാവുന്ന താണ്. ലൈസൻസിന്റെ പുതുക്കലിനു വേണ്ടിയുള്ള ഒരു അപേക്ഷ, അതിന്റെ കാലാവധി അവസാനിച്ച തീയതിക്ക് മുപ്പതിൽ കൂടുതൽ ദിവസങ്ങൾക്കുശേഷം സമർപ്പിക്കപ്പെടുന്നെങ്കിൽ, ആ ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ തീയതി മുതൽക്കുള്ള പ്രഭാവത്തോടുകൂടി മാത്രമേ പുതുക്ക പ്പെടുന്നുള്ളൂവെന്ന് 15-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിനുള്ള പരിമിതി വ്യവസ്ഥ വ്യക്തമാക്കുന്നു. അതിന്റെ അർത്ഥം, അങ്ങനെയുള്ള വ്യവസ്ഥകളിന്മേൽ ലൈസൻസ് പുതുക്കിയിരിക്കെ, കാലാവധി അവസാനിച്ച തീയതി മുതൽ പുതുക്കിയ തീയതി വരെ വാഹനത്തിന്റെ ഡ്രൈവർക്ക് സാധുവായ ഒരു ഡ്രൈവിംഗ് ലൈസൻസ് കൈവശം ഉണ്ടായിരുന്നിരുന്നുവെന്ന് പറയുവാൻ കഴിയുന്നതല്ല.

20. (മുകളിൽ സൂചിപ്പിച്ച) *ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി* അഭി *പൗലോസ്* എന്ന കേസിലെ വിധിന്യായം ശരിയായ നിയമത്തെ പ്രതിപാദിക്കുന്നില്ല എന്നതാണ് ഞങ്ങളുടെ നിശ്ചിത കാഴ്ചപ്പാട്. അതിനാൽ, ഡ്രൈവിംഗ് ലൈസൻസിന്റെ സാധുത അതിന്റെ സാധുതാ കാലാവധി അവസാനിച്ചെങ്കിൽ കൂടിയും, അതുപോലെതന്നെ നിയമാധിഷ്ഠിത കാലാവധിക്കുള്ളിൽ അതിന്റെ സാധുത പുതുക്കുന്നതിൽ വീഴ്ച ഉണ്ടെങ്കിൽ കൂടിയും, ലൈസൻസ് നൽകപ്പെട്ട ആൾ ഒരു ലൈസൻസ് കൈവശം വയ്ക്കുവാൻ അയോഗ്യ നാക്കപ്പെട്ടിരുന്നു എന്ന് കാണിക്കപ്പെട്ടിട്ടില്ലാത്ത പക്ഷം, തുടർന്നും നിലനിൽക്കുന്ന താണെന്ന, മുൻപറഞ്ഞ കേസിലെ കണ്ടെത്തലിന് ഒരു വിപര്യയം ആവശ്യമാണ്.

21. ഇപ്പോഴത്തെ കേസിലെ അപ്പീൽ വാദിയെ/ഇൻഷ്വറൻസ് നൽകിയ ആളെ ഏതെങ്കിലും തുക കൊടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയുന്നതാണോ അല്ലെങ്കിൽ അവാർഡ് തുക കൊടുക്കുവാൻ അപ്പീൽ വാദിയോട് നിർദ്ദേശിക്കുകയും അപ്രകാരം കൊടുക്കുന്ന തുക 2-ാം എതിർകക്ഷിയായ ഇൻഷ്വർ ചെയ്ത ആളിൽ നിന്ന് വസൂലാ ക്കുവാൻ അനുവദിക്കുകയും ചെയ്യാമോ എന്ന ആനുഷംഗിക ചോദ്യം ഞങ്ങൾക്ക് ഇപ്പോൾ പരിഗണിക്കാവുന്നതാണ്.

22. മൂന്നാം കക്ഷി അപായസാധ്യതകളെ സംബന്ധിച്ച് ഇൻഷ്വർ ചെയ്ത വ്യക്തികൾക്ക് നേരെയുള്ള അവാർഡുകൾ നിറവേറ്റുവാനുള്ള ഇൻഷ്വറൻസ് നൽകുന്ന ആളുടെ കർത്തവ്യത്തെ ആക്റ്റിലെ 149-ാം വകുപ്പ് പ്രതിപാദിക്കുന്നു. അത് താഴെപ്പറയും പ്രകാരമാണ്:

***149. മൂന്നാംകക്ഷി അപായ സാദ്ധ്യതകൾ സംബന്ധിച്ച്, ഇൻഷ്വർ ചെയ്ത ആളുകൾക്ക് നേരെയുള്ള വിധി ന്യായങ്ങളും***

അവാർഡുകളും നിറവേറ്റുവാനുള്ള ഇൻഷ്വറൻസ് നൽകുന്ന ആളുകളുടെ കർത്തവ്യം.—(1) ഒരു പോളിസി പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുള്ള ആൾക്ക് അനുകൂലമായി, 147-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് പ്രകാരം ഒരു ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് നൽകപ്പെട്ടു കഴിഞ്ഞതിനു ശേഷം, (പോളിസിയുടെ വ്യവസ്ഥകളിൽ ഉൾപ്പെടുന്ന ഒരു ബാദ്ധ്യത ആയിട്ട്) 147-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡപ്രകാരമോ വകുപ്പ് 163 എ യിലെ വ്യവസ്ഥകൾ പ്രകാരമോ ഒരു പോളി സിയിൽ ഉൾപ്പെടുത്തേണ്ടതിന് ആവശ്യമായ, അങ്ങനെയുള്ള ഏതെങ്കിലും ബാധ്യത സംബന്ധിച്ച് വിധിന്യായമോ അവാർഡോ, ആ പോളിസി മുഖേന ഇൻഷ്വർ ചെയ്യപ്പെട്ട ഏതെങ്കിലും ആൾക്ക് എതിരെ കരസ്ഥമാക്കപ്പെടുന്നെങ്കിൽ, അപ്പോൾ, ഇൻഷ്വറൻസ് നൽകിയ ആൾക്ക്, ആ പോളിസിയെ ഒഴിവാക്കുവാനോ പിൻവലിക്കുവാനോ അവകാശമുണ്ടായിരിക്കാമെങ്കിൽതന്നെയും അതിനെ ഒഴിവാക്കിയിരിക്കുകയോ പിൻവലിച്ചിരിക്കുകയോ ചെയ്തിരുന്നാൽതന്നെയും, ഇൻഷ്വറൻസ് നൽകിയ ആൾ ആ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആ ബാധ്യതയെ സംബന്ധിച്ച് അയാൾ വിധികടക്കാരൻ എന്നപോലെ, അതിൻ കീഴിൽ കൊടുക്കേണ്ടതായി ഉറപ്പു നൽകിയിട്ടുള്ള തുകയിൽ കവിയാത്ത ഏതെങ്കിലും തുകയും, ചിലവുകൾ സംബന്ധിച്ച് കൊടുക്കേണ്ടതായ ഏതെങ്കിലും തുകയും, വിധിന്യായങ്ങളിന്മേൽ പലിശയെ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമ ത്തിന്റെ ബലത്തിൽ ആ തുകയിൻമേലുള്ള പലിശ സംബന്ധിച്ച് കൊടുക്കേണ്ടതായ ഏതെങ്കിലും തുകയും ചേർത്ത് വിധിയുടെ ആനുകൂല്യത്തിന് അവകാശപ്പെട്ട ആൾക്ക് കൊടുക്കേണ്ടതാണ്.

(2) ഏതെങ്കിലും വിധിന്യായത്തിനെയോ അവാർഡിനെയോ സംബന്ധിച്ച്, ആ വിധിന്യായമോ അവാർഡോ നൽകപ്പെടുന്ന നടപടികൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ഇൻഷ്വറൻസ് നൽകിയ ആൾക്ക് ആ കോടതിയോ, അതതുസംഗതിപോലെ, ക്ലെയിംസ് ട്രിബ്യൂണലോ മുഖാന്തിരമുള്ള നോട്ടീസ് കിട്ടിയിട്ടില്ലാത്തപക്ഷം അല്ലെങ്കിൽ അങ്ങനെയുള്ള വിധിന്യായത്തേയോ അവാർഡിനേയോ സംബന്ധിച്ച് ഒരു അപ്പീൽ നിലവിലിരിക്കെ അതിന്മേലുള്ള വിധി നടത്തൽ സ്റ്റേ ചെയ്യപ്പെടുന്ന കാലത്തോളം, (1)-ാം ഉപവകുപ്പുപ്രകാരം ഇൻഷ്വറൻസ് നൽകിയ ഒരാൾ യാതൊരു തുകയും കൊടുക്കേണ്ടതല്ലാത്തതും; അങ്ങനെയുള്ള ഏതെങ്കിലും നടപടികൾ കൊണ്ടുവരുന്നതിനെക്കുറിച്ചുള്ള നോട്ടീസ് അപ്രകാരം നൽകപ്പെടുന്ന, ഇൻഷ്വറൻസ് നൽകിയ ഒരാൾക്ക്, അതിലെ ഒരു കക്ഷി ആക്കപ്പെടുവാനും, താഴെ പറയുന്ന കാരണങ്ങളിൽ ഏതിൻമേലും ആ വ്യവഹാരത്തെ പ്രതിരോധിക്കുവാനും അവകാശമുണ്ടായിരിക്കുന്നതാണ്, അതായത്:—

താഴെ പറയുന്ന ഉപാധികളിൽ ഒന്നായ പോളിസിയിലെ ഒരു വിനിർദ്ദിഷ്ട ഉപാധിയുടെ ഒരു ലംഘനം ഉണ്ടായിരുന്നു, അതായത്:-

(*i*) ആ വാഹനത്തിന്റെ;

(എ) ഇൻഷ്വറൻസിന്റെ കോൺട്രാക്റ്റ് തീയതിയിൽ ആ വാഹനം, വാടകക്കോ പ്രതിഫലത്തിനോ വേണ്ടി ഉപയോഗിക്കുവാൻ ഒരു പെർമിറ്റ് ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വാഹനമായിരിക്കുന്നിടത്ത്, വാടകക്കോ പ്രതിഫലത്തിനോ വേണ്ടിയോ, അല്ലെങ്കിൽ

(ബി) സംഘടിത മത്സരത്തിനും വേഗതാ പരിശോധനയ്ക്കും വേണ്ടിയോ, അല്ലെങ്കിൽ

(സി) വാഹനം ഒരു പരിവഹണ വാഹനമായിരിക്കുന്നിടത്ത്, ആ വാഹനം ഏത് പെർമിറ്റിൻകീഴിലാണോ ഉപയോഗിക്കപ്പെടുന്നത്, അത് അനുവദിച്ചിട്ടില്ലാത്ത ആവശ്യത്തിനുവേണ്ടിയോ, അല്ലെങ്കിൽ

(ഡി) വാഹനം ഒരു മോട്ടോർ സൈക്കിൾ ആയിരിക്കുന്നിടത്ത്, അനുബന്ധിച്ചിട്ടുള്ള

ഒരു സൈഡ് കാർ ഇല്ലാതെ ഉള്ള ഉപയോഗത്തെ ഒഴിവാക്കുന്ന ഒരു ഉപാധി; അല്ലെങ്കിൽ

(ii) പേര് പറഞ്ഞിട്ടുള്ള ഒരാളോ, ആളുകളോ, യഥാവിധിയുള്ള ലൈസൻസ് നൽകപ്പെടാത്ത ഏതെങ്കിലും ആളോ, അയോഗ്യതാ കാലത്ത് ഒരു ഡ്രൈവിംഗ് ലൈസൻസ് കൈവശം വെയ്ക്കുവാനോ കരസ്ഥമാക്കുവാനോ അയോഗ്യനാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളോ, ഓടിക്കുന്നതിനെ ഒഴിവാക്കുന്ന ഒരു ഉപാധി; അല്ലെങ്കിൽ

(iii) യുദ്ധത്തിന്റേയോ, ആഭ്യന്തര യുദ്ധത്തിന്റേയോ, ലഹളയുടെയോ, ആഭ്യന്തര കുഴപ്പത്തിന്റേയോ സ്ഥിതി വിശേഷങ്ങൾ ഉണ്ടാക്കിയിട്ടുള്ളതോ പങ്കു വഹിച്ചിട്ടുള്ളതോ ആയ ഗ്ഗതിക്കുള്ള ബാധ്യതയെ ഒഴിവാക്കുന്ന ഒരു ഉപാധി; അല്ലെങ്കിൽ

(ബി) പോളിസി, സാരവത്തായ ഒരു വസ്തുത വെളിപ്പെടുത്താതേയോ സാരവത്തായ ചില വിവരണത്തിൽ വ്യാജമായിരുന്ന വസ്തുത ഹാജരാക്കിയോ അത് കരസ്ഥമാക്കപ്പെട്ടു എന്ന കാരണത്താൽ അസാധുവായിരി ക്കുന്നു എന്നോ.

(3) 1-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും വിധിന്യായം ഒരു പ്രതിപ്രവർത്തക രാജ്യത്തിലെ ഒരു കോടതിയിൽ നിന്ന് കരസ്ഥമാക്കപ്പെടുന്നിടത്തും, ഒരു വിദേശ വിധി ന്യായം, 1908-ലെ സിവിൽ നടപടി നിയമ സംഹിതയിലെ (1908-ലെ 5) 13-ാം വകുപ്പിലെ വ്യവസ്ഥകളുടെ ബലത്തിൽ അതിൻമേൽ ന്യായനിർണ്ണയം ചെയ്യപ്പെട്ട ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് നിർണായക മായിരിക്കുന്ന സംഗതിയിലും, (ഇൻഷ്വറൻസ് നൽകുന്ന ആൾ, 1938-ലെ ഇൻഷ്വറൻസ് ആക്റ്റ് (1938-ലെ 4) പ്രകാരം രജിസ്റ്റർ ചെയ്ത ഒരു ഇൻഷ്വറൻസ് നൽകുന്ന ഒരാളും, പ്രതിപ്രവർത്തക രാജ്യത്തിലെ തൽസ്ഥാനീയ നിയമ പ്രകാരം അയാൾ രജിസ്റ്റർ ചെയ്യപ്പെടുകയോ അല്ലെങ്കിലോ ആയാലും), ആ വിധിന്യായം ഇന്ത്യയിലെ ഒരു കോടതിയാൽ നൽകപ്പെട്ടു എന്നപോലെ, (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള രീതിയിലും വ്യാപ്തിയോളവും വിധിയുടെ ആനുകൂല്യത്തിന് അവകാശപ്പെട്ട ഒരാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്.

എന്നാൽ, ഏതെങ്കിലും അങ്ങനെയുള്ള വിധിന്യായത്തിനെ സംബന്ധിച്ച്, ആ വിധിന്യായം നൽകപ്പെടുന്ന നടപടികളുടെ പ്രാരംഭത്തിനുമുമ്പ് ആ നടപടികൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ഇൻഷ്വറൻസ് നൽകിയ ആൾക്ക് ബന്ധപ്പെട്ട കോടതി മുഖാന്തിരമുള്ള നോട്ടീസ് കിട്ടിയിട്ടില്ലാത്ത പക്ഷം, ഇൻഷ്വറൻസ് നൽകിയ ആൾ യാതൊരു തുകയും കൊടുക്കേണ്ടതല്ലാത്തതും, അപ്രകാരം നോട്ടീസ് നൽകപ്പെടുന്ന, ഇൻഷ്വറൻസ് നൽകുന്ന ഒരാൾക്ക്, പ്രതിപ്രവർത്തക രാജ്യത്തിലെ തൽസ്ഥാനീയ നിയമപ്രകാരമുള്ള നടപടികളിൽ ഒരു കക്ഷി ആക്കപ്പെടുവാനും, (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ളതിന് സമാനമായ കാരണങ്ങളാൽ ആ വ്യവഹാരത്തെ പ്രതിരോധിക്കുവാനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) ഒരു പോളിസി പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുള്ള ആൾക്ക് 147-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് പ്രകാരം ഒരു ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് നൽകപ്പെട്ടിട്ടുള്ളിടത്ത്, ആ പോളിസി വഴി ഇൻഷ്വർ ചെയ്ത ആളുകളുടെ ഇൻഷ്വറൻസിനെ (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിലുള്ളതല്ലാത്ത മറ്റേതെങ്കിലും ഉപാധി പരാമർശിച്ച് പരിമിതപ്പെടുത്തുവാൻ കരുതുന്നത്രത്തോളം, 147-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡപ്രകാരം ഒരു പോളിസി ഉൾപ്പെടുത്തേണ്ടതിന് ആവശ്യമായ അങ്ങനെയുള്ള ബാധ്യതകളെ സംബന്ധിച്ച് യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ല:

*എന്നാൽ, പോളിസി ഉൾപ്പെടുത്തിയിരിക്കുന്ന, ഏതെങ്കിലും ആളിന്റെ ഏതെങ്കിലും ബാധ്യത തീർത്തുകൊണ്ടോ തീർക്കുന്നതിലേക്കോ ഈ ഉപവകുപ്പിന്റെ ബലത്തിൽ മാത്രം ഇൻഷ്വറൻസ് നൽകുന്ന ആൾ കൊടുക്കുന്ന ഏതൊരു തുകയും, ആ ആളിൽ നിന്ന് ഇൻഷ്വറൻസ് നൽകുന്ന ആൾക്ക് വസൂലാക്കാവുന്നതാണ്.*

*(5) ഒരു പോളിസി മുഖേന ഇൻഷ്വർ ചെയ്യപ്പെട്ട ഒരാൾ വഹിച്ചിട്ടുള്ള ഒരു ബാധ്യതയെ സംബന്ധിച്ച് ഇൻഷ്വറൻസ് നൽകുന്ന ഒരാൾ കൊടുക്കുവാൻ ഈ വകുപ്പ് പ്രകാരം ബാദ്ധ്യസ്ഥനായി തീരുന്ന തുക, ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് പുറമെ ആ പോളിസി പ്രകാരം ഇൻഷ്വറൻസ് നൽകിയ ആൾ ബാദ്ധ്യസ്ഥനാകുമെന്നുള്ള തുകയിൽ കവിയുകയാണെങ്കിൽ, ഇൻഷ്വറൻസ് നൽകുന്ന ആൾക്ക് ആ ആളിൽ നിന്ന് അധികത വസൂലാക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.*

*(6) ഈ വകുപ്പിൽ 'സാരവത്തായ വസ്തുത', 'സാരവത്തായ വിവരണം' എന്നീ പദപ്രയോഗങ്ങൾ, യഥാക്രമം ഇൻഷ്വറൻസ് നൽകുന്ന കരുതലുള്ള ഒരാൾ, അപായ സാധ്യത അയാൾ ഏറ്റെടുക്കുമോ, അങ്ങനെയാണെങ്കിൽ പ്രീമിയം എന്താണെന്നും ഏത് ഉപാധികളിൻ മേലാണെന്നും തീരുമാനിക്കുന്നതിൽ അയാളുടെ വിലയിരുത്തലിനെ സ്വാധീനിക്കുന്ന ഒരു സ്വഭാവത്തിലുള്ള ഒരു വസ്തുതയോ വിവരണമോ എന്നും, 'പോളിസിയിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്ന ബാദ്ധ്യത' എന്ന പദപ്രയോഗം, പോളിസി ഉൾപ്പെടുത്തിയിരിക്കുന്നതോ, പോളിസിയെ ഒഴിവാക്കുവാനോ പിൻവലിക്കുവാനോ ഇൻഷ്വറൻസ് നൽകുന്ന ആൾക്ക് അവകാശമുണ്ടായിരിക്കുന്നുവെന്നോ, അല്ലെങ്കിൽ അയാൾ അതിനെ ഒഴിവാക്കുകയോ അല്ലെങ്കിൽ പിൻവലിക്കുകയോ ചെയ്തിട്ടുണ്ട് എന്ന വസ്തുത ഇല്ലായിരുന്നുവെങ്കിൽ, അപ്രകാരം ഉൾപ്പെടുത്തിയിരിക്കുമെന്നുള്ളതോ ആയ ഒരു ബാധ്യത എന്നും അർത്ഥമാക്കുന്നു.*

*(7) (2)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള നോട്ടീസ് നൽകപ്പെട്ടിട്ടുള്ള ഇൻഷ്വറൻസ് നൽകുന്ന യാതൊരാളും, (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന അങ്ങനെയുള്ള ഏതെങ്കിലും വിധിന്യായത്തിന്റെയോ അവാർഡിന്റെയോ, (3)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന അങ്ങനെയുള്ള വിധിന്യായത്തിന്റെയോ ആനുകൂല്യത്തിന് അവകാശമുള്ള ഏതെങ്കിലും ആൾക്കുള്ള തന്റെ ബാധ്യത, അതതു സംഗതിപോലെ, (2)-ാം ഉപ വകുപ്പിലോ, പ്രതിപ്രവർത്തക രാജ്യ ത്തിലെ തൽസ്ഥാനീയ നിയമത്തിലോ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അല്ലാതെ, ഒഴിവാക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.*

*വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യത്തിനായി 'ക്ലെയിംസ് ട്രിബ്യൂണൽ' എന്നാൽ 165-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു ക്ലെയിംസ് ട്രിബ്യൂണൽ എന്നർത്ഥമാകുന്നതും, അവാർഡ് എന്നാൽ 168-ാം വകുപ്പ് പ്രകാരം ആ ട്രിബ്യൂണൽ ഉണ്ടാക്കിയിട്ടുള്ള ഒരു അവാർഡ് എന്നും അർത്ഥമാകുന്നു.*

23. (മുകളിൽ സൂചിപ്പിച്ച) *സ്വരൺ സിംഗിന്റെ* കേസിൽ, ഉടമസ്ഥന് നേരെയുള്ള ഇൻഷ്വറൻസ് കമ്പനിയുടെ ബാധ്യത വിവിധ ഘടകങ്ങളെ ആശ്രയിക്കുന്നതാണെന്ന് പരമോന്നത കോടതി വിധിച്ചു. ഡ്രൈവർക്ക് ലൈസൻസ് ഇല്ലാതിരുന്ന ഒരു കേസിൽ, വാഹനം ഓടിക്കുവാനുള്ള ഉചിതമായ ലൈസൻസ് ഡ്രൈവർക്ക് ഉണ്ടായിരുന്നോ എന്ന് ശ്രദ്ധിക്കേണ്ട കടമ ഉടമസ്ഥന്റെ ഭാഗത്തുള്ളതായിരുന്നതു കൊണ്ട്, ഉടമസ്ഥൻ നഷ്ടപരിഹാരം കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനാകുന്നതാണെന്ന് വിധിക്കപ്പെട്ടു.

24. ഈ നിർണ്ണായക ഘട്ടത്തിൽ, ഇപ്പോഴത്തെ കേസിൽ, രണ്ടാം എതിർകക്ഷി അപകടം ഉണ്ടാക്കിയ വാഹനത്തിന്റെ ഉടമസ്ഥനും

ഡ്രൈവറുമായിരുന്നതുകൊണ്ട്, വാഹനം ഏൽപ്പിക്കപ്പെട്ട ഡ്രൈവർക്ക് ലൈസൻസ് ഉണ്ടായിരുന്നോ ഇല്ലയോ എന്ന് സ്വയം അറിയാനുള്ള ശ്രദ്ധ, അപകടം ഉണ്ടാക്കിയ വാഹനത്തിന്റെ ഉടമസ്ഥൻ എടുത്തിട്ടു ണ്ടായിരുന്നോ എന്ന ചോദ്യം ഒട്ടുംതന്നെ ഉയരുന്നില്ല എന്ന് മിസ്റ്റർ മാത്യൂസ് ജേക്കബ് വാദിക്കുന്നു. അതിനാൽ അപ്പീൽവാദിക്ക് ബാധ്യത ചുമത്താൻ കഴിയുന്നതല്ല എന്ന് മിസ്റ്റർ മാത്യൂസ് ജേക്കബ് ബോധിപ്പിച്ചിട്ടുണ്ട്.

25. (മുകളിൽ സൂചിപ്പിച്ച) *സ്വരൺ സിംഗിന്റെ* കേസിൽ നിരീക്ഷിച്ചപോലെ, ഡ്രൈവർ സാധുവായ ഒരു ലൈസൻസ് കൈവശം വയ്ക്കുന്നതിനെ സംബന്ധിച്ച പോളിസി ഉപാധിയുമായി ബന്ധപ്പെട്ട് ഇൻഷ്വർ ചെയ്ത ആളിന്റെ ഭാഗത്തുള്ള ലംഘനം സ്ഥാപിക്കാൻ ഇൻഷ്വറൻസ് നൽകുന്ന ആൾക്ക് കഴിയുന്നിടത്തു പോലും, ഇൻഷ്വർ ചെയ്ത ആൾക്ക് നേർക്കുള്ള ഇൻഷ്വറൻസ് നൽകുന്ന ആളിന്റെ ബാധ്യത ഒഴിവാക്കുന്നതിനുവേണ്ടി, ഡ്രൈവിംഗ് ലൈസൻസ് ഉപാധിയുടെ പ്രസ്തുത ലംഘനമോ ലംഘനങ്ങളോ അപകടത്തിന്റെ കാരണത്തിന് പങ്ക് നൽകിയിട്ടുള്ളതായി കണ്ടെത്തപ്പെടുന്ന തരത്തിൽ അടിസ്ഥാനപരമായതല്ലാത്തപക്ഷം' ഇൻഷ്വറൻസ് നൽകുന്ന ആൾ ഇൻഷ്വർ ചെയ്ത ആൾക്കു നേരെയുള്ള അയാളുടെ ബാധ്യത ഒഴിവാക്കുവാൻ അനുവദിക്കപ്പെടുന്നതല്ല. അതിനാൽ, ഒരു ബാഡ്ജിന്റെ അഭാവം പോലുള്ള വെറുമൊരു സാങ്കേതികപരമായ ലംഘനം ഒരു മൂന്നാം കക്ഷി ബാധ്യത ഒഴിവാക്കുവാൻ ഇൻഷ്വറൻസ് നൽകുന്ന ആളെ അനുവദിക്കുന്നതല്ല. (*നാഷണൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം* അഭി *ജിഷ. കെ.പി യും മറ്റുള്ളവരും* (2015 (1) കെ.എൽ.റ്റി.1 (എഫ്.ബി)=2015 (1) കെ.എൽ.ജെ 82) എന്ന കേസിലെ ഈ കോടതിയുടെ ഫുൾബെഞ്ചിന്റെ വിധിന്യായം കാണുക).

26. (മുകളിൽ സൂചിപ്പിച്ച) *സ്വരൺ സിംഗിന്റെ* കേസിൽ, ഇൻഷ്വറൻസ് നൽകുന്ന ആൾ, അയാളുടെ പ്രതിരോധം വകുപ്പ് 149-ലെ (7)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരമുള്ള വകുപ്പ് 149 (2)-ലെ വ്യവസ്ഥകൾക്കനുസൃതമായി തൃപ്തികരമായി തെളിയിച്ചിട്ടുണ്ടെന്ന ഒരു തീരുമാനത്തിൽ എത്തിച്ചേർന്ന ശേഷംപോലും, അവാർഡ് തുക കൊടുക്കുവാൻ, ആയത് ഇൻഷ്വർ ചെയ്ത ആളിൽ നിന്ന് വസൂലാക്കുവാനുള്ള ഇൻഷ്വറൻസ് നൽകുന്ന ആളുടെ അവകാശത്തെ കരുതിവച്ചുകൊണ്ട്, നിർദ്ദേശിക്കുവാൻ കഴിയുന്നതാണെന്ന് പരമോന്നത കോടതി മേലും നിരീക്ഷിച്ചു. ഈ കേസിൽ പ്രസ്തുത രീതി എന്തുകൊണ്ട് അനുവർത്തിച്ചു കൂടാ എന്നതിന് യാതൊരു കാരണവും ഞങ്ങൾ കാണുന്നില്ല. (മുകളിൽ സൂചിപ്പിച്ച) *രാം ബാബു തിവാരി* അഭി *യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം* എന്ന കേസിൽ, വസൂലാക്കലിനെ നിർദ്ദേശിക്കുന്ന ഹൈക്കോടതിയുടെ വിധിന്യായത്തിൽ പരമോന്നത കോടതി ഇടപെട്ടില്ല എന്നത് ശ്രദ്ധിക്കുന്നത് പ്രസക്തമാണ്.

27. വാദം നടന്നുകൊണ്ടിരുന്ന വേളയിൽ ഞങ്ങൾ ചോദിച്ച ഒരു പ്രത്യേക കാര്യയിൻമേൽ, അപ്പീൽവാദി അവാർഡ് തുക കൊടുത്തിരുന്നു വെന്ന് രണ്ടുപക്ഷവും ബോധിപ്പിച്ചു. അതിനാൽ, അപ്പീൽവാദിയായ ഇൻഷ്വറൻസ് കമ്പനി, അത് 1-ാം എതിർകക്ഷിക്ക് കൊടുത്ത തുക 2-ാം എതിർകക്ഷിയിൽ നിന്ന് വസൂലാക്കുവാൻ അനുവദിക്കപ്പെടേണ്ടതാണ് എന്നതാണ് ഞങ്ങളുടെ വീക്ഷണം.

തൽഫലമായി:

***(എ) ലൈസൻസ് നൽകപ്പെട്ട ആൾ, ഒരു ലൈസൻസ് കൈവശം വയ്ക്കാൻ അയോഗ്യനാക്കപ്പെട്ടിരുന്നു എന്ന് കാണിച്ചിട്ടില്ലാത്തപക്ഷം, ഡ്രൈവിംഗ് ലൈസൻസ്, അതിന്റെ സാധുതാ കാലാവധി അവസാനിച്ചാൽപോലും തുടർന്ന് നിലവിലിരിക്കുന്നതാണെന്ന, (മുകളിൽ സൂചിപ്പിച്ച) ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി അഭി പൗലോസ് എന്ന കേസിലെ ഫുൾബെഞ്ചിന്റെ വിധിന്യായം ശരിയായ നിയമത്തെ പ്രതിപാദിക്കുന്നില്ല എന്ന് ഞങ്ങൾ വിധിക്കുന്നു. അതിനാൽ, അതിനെ അസ്ഥിരപ്പെടുത്തുന്നു.***

*(ബി) വാഹന അപകട തീയതിയിൽ കാലാവധി കഴിഞ്ഞിരുന്നതും പിന്നീട് നിയമാധിഷ്ഠിത കാലാവധിയായ മുപ്പത് ദിവസത്തിനുള്ളിൽ പുതുക്കാത്തതുമായ ഒരു ഡ്രൈവിംഗ് ലൈസൻസ് ആക്റ്റിലെ വകുപ്പ് 149 (2) (എ) (ii) പ്രകാരമുള്ള യഥാവിധിയുള്ള ലൈസൻസുള്ള എന്നതിന്റെ അവശ്യകതയെ നിറവേറ്റുന്നതല്ല എന്ന് ഞങ്ങൾ മേലും വിധിക്കുന്നു.*

*(സി) അവാർഡ് തുക ഇതിനകം തന്നെ കൊടുത്തിട്ടുള്ള അപ്പീൽവാദിയായ ഇൻഷ്വറൻസ് കമ്പനിയെ, അത് 1-ാം എതിർകക്ഷിക്ക് കൊടുത്ത തുക ഉടമസ്ഥനും ഡ്രൈവറുമായ 2-ാം എതിർകക്ഷിയിൽ നിന്ന് വസൂലാക്കാൻ അനുവദിച്ചു കൊണ്ട് അപ്പീൽ തീർപ്പാക്കപ്പെടുന്നു.*

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ

&

ബഹു. ജസ്റ്റിസ് എ.എം. ഷഫീക്ക്

കേരള സർക്കാർ

അഭി

അനിത

റിട്ട് അപ്പീൽനമ്പർ 622/2010

2015 ഫെബ്രുവരി 3-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 311 (2) (എ)-1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 18—

ഒരു ജീവനക്കാരന്റെ കുറ്റസ്ഥാപനം, ആ കുറ്റസ്ഥാപനത്തിന്റെ സ്റ്റേ കൊണ്ടുമാത്രം തുടച്ചു മാറ്റപ്പെടാത്തതും, അനുച്ഛേദം 311 (2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരമുള്ള അധികാരം നിയോജകൻ വിനിയോഗിക്കുന്നതിൽ യാതൊരു തടസ്സവും ഇല്ലാത്തതുമാണ്. ജീവനക്കാരന്റെ താല്പര്യം 1960-ലെ കെ.സി.എസ് (സി.സി. & എ) ചട്ടങ്ങളിലെ 18-ാം ചട്ടത്താൽ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നു, അത് ഒരു ജീവനക്കാരന്, അയാളുടെ കുറ്റസ്ഥാപനം റദ്ദാക്കപ്പെടുന്നെങ്കിൽ, ആ ജീവനക്കാരൻ സർവ്വീസിൽനിന്ന് ഒരിക്കലും പിരിച്ചുവിടപ്പെട്ടിട്ടില്ല എന്ന പോലെയുള്ള ആനുകൂല്യത്തിന് അവകാശ മുണ്ടായിരിക്കുന്നതാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡം വിനിയോഗിച്ചുകൊണ്ട് നിയമനാധികാരി പാസ്സാക്കിയ പിരിച്ചുവിടൽ ഉത്തരവിൽ, അത് ഹർജിക്കാരനുള്ള അവസരം കൂടാതെ പാസ്സാക്കപ്പെട്ടു എന്ന കാരണത്താൽ, യാതൊരു കുറ്റവും കണ്ടെത്തുവാൻ കഴിയുന്നതല്ല.

1973-ലെ ക്രിമിനൽനടപടി നിയമസംഹിത വകുപ്പ് 389-ശിക്ഷാവിധിയുടെയോ ഉത്തരവിന്റെയോ നടപ്പാക്കൽ നിർത്തി വയ്ക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നു. കുറ്റസ്ഥാപനത്തിന്റെ നിർത്തിവയ്ക്കലിനെക്കുറിച്ച് അത് സംസാരിക്കുന്നില്ല റിട്ട് അപ്പീൽ അനുവദിച്ചു.

### വിധിന്യായം

**ആക്റ്റിംഗ് ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ**

ഈ റിട്ട് അപ്പീൽ, റിട്ട് ഹർജി (സിവിൽ) നം. 9795/2009-ലെ 19-11-2009-ലെ വിധിന്യായത്തിനെതിരെയാണ് ഫയൽചെയ്തിരിക്കുന്നത്, ആ വിധിന്യായം, മുഖേന ഹർജിക്കാരൻ/എതിർ കക്ഷി ഫയൽചെയ്ത റിട്ട് ഹർജി അനുവദിക്കപ്പെട്ടിരുന്നു. റിട്ട് അപ്പീലിന് ഇടവരുത്തിയ കേസിന്റെ ചുരുക്ക വസ്തുതകൾ ഇവയാണ് :

റിട്ട് ഹർജിക്കാരിയായ, ശ്രീമതി. എസ്. അനിത, 04-06-1997 മുതൽ 16-02-1998 വരെയുള്ള കാലയളവിൽ മത്സ്യബന്ധന വകുപ്പിന്റെ മത്സ്യഭവന്റെ ചുമതലയുള്ള ആഫീസറായി ജോലി ചെയ്തുവരികയും, ആ ആഫീസിലെ സർക്കാർ സ്വത്തിന്റെ സാമ്പത്തിക ഇടപാടുകളുടെ നിയന്ത്രണം ഏൽപ്പിക്കപ്പെടുകയും ചെയ്തിരുന്നു. തിരുവനന്തപുരത്തെ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽജഡ്ജിയുടെ ഫയലിലെ സി.സി.നം.66/2004-ൽ അവരെ പ്രതിയായി ചേർത്തിരുന്നു. ഹർജിക്കാരി, 09-02-2009-ലെ വിധിന്യായം മുഖേന, 1988-ലെ അഴിമതി നിരോധന ആക്റ്റിലെ വകുപ്പ് 13(1) (സി) യുമായി കൂട്ടിവായിച്ച പ്രകാരം വകുപ്പ് 13 (2)-നു കീഴിലുള്ള കുറ്റത്തിന് രണ്ടു വർഷ കാലാവധിക്കുള്ള കഠിന തടവിനും, 35,000/- രൂപ പിഴയ്ക്കും വീഴ്ച വരുത്തിയാൽ ആറു മാസ കഠിന തടവിനുള്ള ഒരു ഖണ്ഡത്തോടു കൂടിയും, ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 409-ാം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് രണ്ടു വർഷ കാലയളവിനുള്ള കഠിന തടവിനും, 35,000/- രൂപ പിഴയ്ക്കും, വീഴ്ച വരുത്തിയാൽ ആറുമാസ തടവിനുള്ള ഖണ്ഡത്തോടുകൂടിയും കുറ്റസ്ഥാപനം ചെയ്യപ്പെട്ടു. അവരുടെ കുറ്റസ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ, ഫിഷറീസ് ഡയറക്ടർ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311 (2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയുടെ (എ) ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളെ വിനിയോഗിച്ചുകൊണ്ട് ഹർജിക്കാരിയെ സർവ്വീസിൽനിന്ന് നീക്കം ചെയ്യുന്ന 04-03-2009-ലെ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. കുറ്റസ്ഥാപനത്തിനെതിരെ ഹർജിക്കാരി ക്രിമിനൽ അപ്പീൽനം. 477/2009 ആയുള്ള അപ്പീൽ ഈ കോടതി മുമ്പാകെ ഫയൽചെയ്തു. ഹർജിക്കാരി ക്രിമിനൽഎം.എ.നം. 2521/2009 ഫയൽചെയ്തു, അതിൽ ഈ കോടതി 06-03-2009-ൽതാഴെപ്പറയുന്ന ഇടക്കാല ഉത്തരവ് പാസ്സാക്കുകയുണ്ടായി.:

**'ഹർജിക്കാരി/അപ്പീൽവാദിയുടെ മേൽചുമത്തപ്പെട്ട ശിക്ഷാവിധിയുടെ നടപ്പാക്കൽ നിർത്തിവയ്ക്കപ്പെട്ടിരിക്കുന്നതും, ഹർജിക്കാരി വിചാരണ കോടതിക്ക് തൃപ്തിയാകും വിധം, 25,000/- രൂപയ്ക്കുള്ള (ഇരുപത്തി അയ്യായിരം രൂപ മാത്രം) ഒരു ബോണ്ട്, തുല്യതുകയ്ക്ക് സാമ്പത്തികശേഷിയുള്ള രണ്ട് ജാമ്യക്കാരുമായി ഒപ്പിട്ടു പൂർത്തീകരിക്കുന്നതിൻ മേൽകുറ്റസ്ഥാപനം നിർത്തിവയ്ക്കപ്പെടുകയും ചെയ്യുന്നു. ആകെ പിഴത്തുകയിൽനിന്ന്, 35,000/- രൂപ ബോണ്ട് ഒപ്പിട്ടു പൂർത്തീകരിക്കുന്ന സമയത്ത് നിക്ഷേപിക്കേണ്ടതും, ബാക്കിത്തുകയായ 35,000/- രൂപ വിടുതൽതീയതി മുതൽ ഒരു മാസത്തിനകം നിക്ഷേപിക്കേണ്ടതാണെന്നും മേലും ഉത്തരവിട്ടിരിക്കുന്നു'.**

2. ഹർജിക്കാരിയുടെ കുറ്റസ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ, ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയുടെ (എ) ഖണ്ഡപ്രകാരമുള്ള അധികാരം വിനിയോഗിച്ചിട്ടുണ്ടെന്ന് വാദിച്ചുകൊണ്ട് സംസ്ഥാനത്തിനുവേണ്ടി റിട്ട് ഹർജിയിൽ എതിർസത്യവാങ്മൂലം ഫയൽചെയ്യപ്പെട്ടു. 27-08-1998-ലെ സർക്കാർ ഉത്തരവിന്റെ പരാമർശം കൂടി എതിർ സത്യവാങ്മൂലത്തിൽ നടത്തപ്പെട്ടിട്ടുണ്ട്. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി റിട്ട് ഹർജി കേൾക്കുകയും, എക്സിബിറ്റ്.പി.3 റദ്ദാക്കുകയും, ഹർജിക്കാരിയെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ എതിർകക്ഷിയോട് നിർദ്ദേശിക്കുകയും ചെയ്തു കൊണ്ട് 19-11-2009-ലെ വിധിന്യായം മുഖേന റിട്ട് ഹർജിയെ അനുവദിക്കുകയും ചെയ്തു. പ്രസ്തുത വിധിന്യായത്താൽ സങ്കടപ്പെട്ടുകൊണ്ട് ഈ റിട്ട് അപ്പീലുമായി കേരള സർക്കാർ വന്നിട്ടുള്ളതാണ്.

3. ഹർജിക്കാരിയുടെ കുറ്റസ്ഥാപനത്തിനെ തുടർന്ന് അവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടപ്പെട്ടതിൽ യാതൊരു തെറ്റും ചെയ്യപ്പെട്ടിട്ടില്ല എന്ന് അപ്പീൽവാദിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന സർക്കാർ അഭിഭാഷകൻ ശ്രീ. പി.ഐ. ഡേവിസ് ബോധിപ്പിക്കുകയുണ്ടായി. കുറ്റസ്ഥാപന ഉത്തരവിനെ ഈ കോടതി ക്രിമിനൽഅപ്പീൽനം. 477/2009-ൽ സ്റ്റേ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും, കുറ്റസ്ഥാപനം അവസാനിച്ചിട്ടില്ലെന്നും, കുറ്റസ്ഥാപനം സ്റ്റേ ചെയ്തിട്ടുണ്ട് എന്ന വെറും വസ്തുത, സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കൽ

അവകാശപ്പെടാൻ ഹർജിക്കാരിയെ അർഹ യാക്കുന്നില്ലായെന്നും ബോധിപ്പി ച്ചിരിക്കുന്നു. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരമുള്ള അധികാരത്തിന്റെ വിനിയോഗത്തിൽ പറയുവാനുള്ളത് പറയുവാനുള്ള ഒരു അവസരം ഹർജിക്കാരിക്ക് നൽകുന്നതിനുള്ള യാതൊരു ആവശ്യകതയു മില്ലെന്ന് അദ്ദേഹം മേലും ബോധിപ്പിക്കുന്നു. 1960-ലെ സിവിൽസർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ 18-ാം ചട്ടം അനുസരിച്ച്, ക്രിമിനൽ അപ്പീൽ അനുവദിക്ക പ്പെടുകയും, പിന്നീട് അപ്പീലിൽ കുറ്റസ്ഥാപനം റദ്ദാക്കപ്പെടുകയും ചെയ്യുന്ന പക്ഷം, ഹർജിക്കാരി സർവ്വീസിൽ ഉണ്ടായിരുന്നുവെങ്കിൽ അവർക്ക് അവകാശമുണ്ടായിരിക്കുമായിരുന്ന എല്ലാ ആനുകൂല്യ ങ്ങളോടുംകൂടി തിരികെ പ്രവേശിക്ക പ്പെടുന്നതിന് അവർക്ക് അർഹതയുണ്ടാ യിരിക്കുന്നുവെന്ന് മേലും ബോധിപ്പിച്ചിരി ക്കുന്നു. കുറ്റസ്ഥാപനത്തെ തുടർന്ന്, അപ്പീൽ നിലവിലിരിക്കുന്നു അല്ലെങ്കിൽ ചട്ടം 18-ലെ പരിമിതി വ്യവസ്ഥ പ്രകാരം ശിഗ്ഗാവിധിയുടെ നടപ്പാക്കൽ നിറുത്തി വയ്ക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത കണക്കി ലെടുക്കാതെ, ആ ജീവനക്കാരനെ ഉടൻതന്നെ പിരിച്ചുവിടേണ്ട താണെന്ന് ചട്ടം 18-നുള്ള പരിമിതി വ്യവസ്ഥ, ആജ്ഞാപിക്കുന്നുവെന്ന് അദ്ദേഹം മേലും ബോധിപ്പിച്ചു. വിധിന്യായത്തിന്റെ കോടതിയലഗ്യ ഭീഷണിയിൻ കീഴിൽ ഹർജിക്കാരി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്ക പ്പെട്ടിട്ടുണ്ടെങ്കിൽകൂടിയും, അങ്ങനെയുള്ള തിരികെ പ്രവേശിപ്പിക്കൽ അപ്പീലിലെ തീരുമാനത്തിന് വിധേയമായി ട്ടായിരുന്നുവെന്ന് മേലും ബോധിപ്പിച്ചിരിക്കുന്നു.

4. ക്രിമിനൽ അപ്പീൽനം. 477/2009-ൽറിട്ട് ഹർജിക്കാരിയുടെ കുറ്റസ്ഥാപനം ഈ കോടതിയാൽ 06-03-2009-ലെ വിധിന്യായം മുഖേന സ്റ്റേ ചെയ്യപ്പെട്ടിരിക്കെ, ഉടൻ തന്നെ തിരികെ പ്രവേശിക്കപ്പെടുന്നതിന് റിട്ട് ഹർജിക്കാരിക്ക് അവകാശമുണ്ടായിരുന്നുവെന്ന് പാണ്ഡിത്യമുള്ള സർക്കാർ അഭിഭാഷകന്റെ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഹർജിക്കാരിക്കു വേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. കുറ്റസ്ഥാപന ത്തിന്റെ സ്റ്റേ വ്യക്തമായും കുറ്റസ്ഥാപനത്തിന്റെ ഇല്ലാതാകൽ ആകുന്നതും, യാതൊരു കുറ്റസ്ഥാപനവും ഉത്തരവാക്കപ്പെട്ടിട്ടില്ല എന്ന പോലെയാണ് സ്റ്റേയുടെ അനന്തരഫലമെന്നും വാദിച്ചിരിക്കുന്നു. 04-03-2009-ലെ പിരിച്ചു വിടൽഉത്തരവ് പാസ്സാക്കുന്നതിന് മുമ്പ് ഹർജിക്കാരിക്ക് യാതൊരു അറിയിപ്പോ അവസരമോ നൽകാത്തതുകൊണ്ട്, ആ ഉത്തരവ് സ്വാഭാവിക നീതിയുടെ തത്വങ്ങളെ ലംഘിച്ചുകൊണ്ട് ഡയറക്ടർ പുറപ്പെടു വിച്ചിട്ടുള്ളതും, അതിനാൽ ആ പിരിച്ചു വിടൽ ഉത്തരവും തെറ്റായിരുന്നു എന്ന് മേലും ബോധിപ്പിച്ചിരിക്കുന്നു.

5. കക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യ മുള്ള അഭിഭാഷകർ പരമോന്നത കോടതി യുടെയും, അതുപോലെതന്നെ ഈ കോടതിയുടെയും വിവിധ വിധിന്യായങ്ങളിൽ ആശ്രയം അർപ്പിച്ചിട്ടുണ്ട്, അവയെ, വാദങ്ങൾ വിശദമായി പരിഗണിക്കുന്ന വേളയിൽ ഇതിനുശേഷം പരാമർശിക്കുന്ന താണ്.

6. ഞങ്ങൾ കക്ഷികളുടെ വാദങ്ങളെ പരിഗണിക്കുകയും രേഖകളെ സൂഗ്ഗ്മമായി വായിക്കുകയും ചെയ്തിട്ടുണ്ട്.

7. കക്ഷികൾക്കുവേണ്ടിയുള്ള പാണ്ഡിത്യ മുള്ള അഭിഭാഷകർ നടത്തിയിട്ടുള്ള വാദങ്ങളിലും, രേഖയിലുള്ള വാദപ്രതിവാദങ്ങളിലും നിന്നും ഈ റിട്ട് അപ്പീലിൽ പരിഗണനയ്ക്കുയരുന്ന വിവാദ്യകങ്ങൾ താഴെ പറയുന്നവയാണ്:

***(i) ക്രിമിനൽഅപ്പീൽനം. 477/2009-ലെ സിആർഎംഎ 2521/2009-ലുള്ള ഈ കോടതിയുടെ 06-03-2009-ലെ ഉത്തരവ് മുഖേനയുള്ള കുറ്റസ്ഥാപനത്തിന്റെ സ്റ്റേയുടെ അടിസ്ഥാനത്തിൽ കുറ്റ സ്ഥാപനം, യാതൊരു കുറ്റസ്ഥാപനവും ഇല്ല എന്നപോലെ ഇല്ലാതാക്കപ്പെട്ടിട്ടുണ്ടോ?***

***(ii) ഹർജിക്കാരിയുടെ കുറ്റസ്ഥാപന ത്തെ സ്റ്റേ ചെയ്തുകൊണ്ടുള്ള ഈ കോടതിയുടെ 06-03-2009-ലെ ഉത്തരവിനു ശേഷം, സർവ്വീസിൽ തിരികെ പ്രവേശിക്ക***

***പ്പെടുന്നതിന് ഹർജിക്കാരിക്ക് അവകാശ മുണ്ടായിരുന്നോ?***

***(iii) ഹർജിക്കാരിയെ പിരിച്ചു വിടുന്നതിലെ ഡയറക്ടറുടെ നടപടി 1960-ലെ സിവിൽസർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 18 നും, ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡത്തിനും അനുസൃതമായതാണോ?***

***(iv) ഹർജിക്കാരിയെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടുകൊണ്ട് ഡയറക്ടർ പാസ്സാക്കിയ 04-03-2009-ലെ ഉത്തരവ്, ആ ഉത്തരവ് പാസ്സാക്കുന്നതിനു മുമ്പ് ഹർജിക്കാരിക്ക് യാതൊരു അവസരവും നൽകപ്പെട്ടിട്ടില്ല എന്ന കാരണത്താൽ അസാധുവാക്കപ്പെടാൻ അർഹതയുള്ള താണോ?***

8. വിവാദ്യകം നമ്പരുകൾ i-ഉം, ii-ഉം, iii-ഉം പരസ്പരം ബന്ധപ്പെട്ടിരിക്കെ, ഒരുമിച്ചെടുക്ക പ്പെടുന്നു. മുകളിൽ ശ്രദ്ധിച്ചതു പോലെ, ഹർജിക്കാരിയുടെ കുറ്റസ്ഥാപന ത്തിനെ, മുകളിൽ ഉദ്ധരിച്ചപോലെ ക്രിമിനൽ അപ്പീൽ നം. 477/ 2009-ൽ പാസ്സാക്കിയ 06-03-2009-ലെ ഉത്തരവ് മുഖേന ഈ കോടതി സ്റ്റേ ചെയ്തു. കുറ്റസ്ഥാപനത്തിന്റെ സ്റ്റേയുടെ അനന്തരഫല മെന്താണെന്നതാണ് ഈ റിട്ട് അപ്പീലിൽ പരിഗണനയ്ക്കുള്ള ചോദ്യം.

9. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി താഴെപ്പറയുന്ന വീഗ്ഗണമെടുത്തുകൊണ്ട് ഹർജി അനുവദിച്ചു:

***'എന്നിരുന്നാലും, ഒരു ക്രിമിനൽ കോടതി ചുമത്തിയിട്ടുള്ള കുറ്റസ്ഥാപനം ഉണ്ടായിരിക്കുമ്പോൾ മാത്രം സർക്കാർ ജീവനക്കാരൻ നീക്കം ചെയ്യപ്പെടാൻ ബാദ്ധ്യസ്ഥനായിരിക്കുന്നു. വിഷയത്തെ കൈവശമാക്കിയിരിക്കുന്ന അപ്പീൽ കോടതി കേസിന്റെ സാഹചര്യങ്ങളെ യഥാവിധി പരിഗണിച്ചതിനുശേഷം, അതേ കുറ്റ സ്ഥാപനത്തിന്റെ തന്നെ സ്റ്റേയ്ക്ക് ഉത്തരവിടുമ്പോൾ, അങ്ങനെയുള്ള കുറ്റസ്ഥാപനം ഇല്ലാതാക്കപ്പെടുന്നു. കുറ്റസ്ഥാപനം തന്നെ ഒരിക്കൽ സ്റ്റേ ചെയ്യപ്പെടുന്നെങ്കിൽ, അങ്ങനെയുള്ള കുറ്റസ്ഥാപനത്തിന്റെ എല്ലാ അനന്തര ഫലങ്ങളും കൂടി അപ്പീൽ തീരുമാനിക്ക പ്പെടുന്നതുവരെ നിലവിലില്ലാതാകേണ്ട താണ്'.***

10. ഇപ്രകാരം, അപ്പീൽകോടതി കുറ്റസ്ഥാപനം, സ്റ്റേ ചെയ്യുമ്പോൾ, അത് ഇല്ലാതാക്കപ്പെടുന്നു എന്ന വീഗ്ഗണം പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി എടുത്തിട്ടുണ്ട്. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി എടുത്ത മുൻപ്പറഞ്ഞ വീഗ്ഗണം ഈ അപ്പീലിൽചോദ്യം ചെയ്യപ്പെടുകയുണ്ടായി. കുറ്റസ്ഥാപനത്തിന്റെ സ്റ്റേയുടെ അനന്തരഫലത്തെ സംബന്ധിച്ച വിവാദ്യകം അനേകം എണ്ണം കേസുകളിൽ പരമോന്നത കോടതി യുടെയും ഈ കോടതിയുടെയും പരിഗണന യ്ക്കായി വന്നിട്ടുണ്ട്. നിയമനാധികാരി, ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയുടെ (എ) ഖണ്ഡപ്രകാരമുള്ള അധികാരം വിനിയോഗിച്ചിട്ടുള്ള ഒരു കേസാണ് ഇപ്പോഴത്തേത്. ഭാരതത്തിന്റെ ഭരണഘടനയുടെ 311-ാം അനുച്ഛേദം താഴെപ്പറയും പ്രകാരമാണ്:

***'311. യൂണിയന്റെയോ ഒരു സംസ്ഥാന ത്തിന്റെയോ കീഴിൽ സിവിൽ പദവികളിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുകളുടെ പിരിച്ചുവിടലും നീക്കം ചെയ്യലും തരംതാഴ്ത്തലും.-(1) യൂണിയന്റെ സിവിൽസർവ്വീസിലെയോ അഖിലേന്ത്യാ സർവ്വീസിലെയോ ഒരു സംസ്ഥാനത്തിന്റെ സിവിൽസർവ്വീസിലെയോ ഒരംഗമായിരി ക്കുകയോ, അല്ലെങ്കിൽ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിലുള്ള ഒരു സിവിൽതസ്തിക വഹിക്കുകയോ ചെയ്യുന്ന യാതൊരാളെയും, അയാളെ നിയമിച്ച അധികാരസ്ഥാനത്തിന് കീഴിലുള്ള ഒരു അധികാരസ്ഥാനം പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല.***

***(2) മുൻപറഞ്ഞ വിധത്തിലുള്ള അങ്ങനെയുള്ള യാതൊരാളേയും അയാൾ ക്കെതിരായുള്ള കുറ്റാരോപണങ്ങൾ അയാളെ അറിയിക്കുകയും ആ കുറ്റാരോപണങ്ങൾ സംബന്ധിച്ച് അയാൾക്ക് കേൾക്കപ്പെടുവാൻ ന്യായമായ ഒരു***

*അവസരം നൽകുകയും ചെയ്യുന്ന ഒരു അന്വേഷണവിചാരണയ്ക്കു ശേഷമല്ലാതെ പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ തരം താഴ്ത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല:*

*എന്നാൽ, അങ്ങനെയുള്ള അന്വേഷണ വിചാരണയ്ക്കുശേഷം അയാളുടെ മേൽ അങ്ങനെയുള്ള ഏതെങ്കിലും ശിഗ്ഗ ചുമത്തുവാൻ ഉദ്ദേശിക്കുന്നിടത്ത് ആ ശിഗ്ഗ, അങ്ങനെയുള്ള അന്വേഷണ വിചാരണയിൽ നൽകിയിട്ടുള്ള തെളിവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്നതും, ചുമത്താൻ ഉദ്ദേശിക്കുന്ന ശിഗ്ഗയെപ്പറ്റി കേൾക്കപ്പെടുവാൻ ആ ആൾക്ക് അവസരം നൽകേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു:*

*എന്നുമാത്രമല്ല, ഈ ഖണ്ഡം–*

*(ക) ഒരു ക്രിമിനൽ കുറ്റാരോപണത്തിന്റെ അടിസ്ഥാനത്തിൽ, കുറ്റസ്ഥാപനം നടത്താൻ ഇടയാക്കിയ പെരുമാറ്റത്തിന് ഒരാളെ പിരിച്ചു വിട്ടിരിക്കുകയോ നീക്കം ചെയ്തിരിക്കുകയോ തരം താഴ്ത്തിയിരിക്കുകയോ ചെയ്തിരിക്കുന്നിടത്ത്; അല്ലെങ്കിൽ*

*(ഖ) ഒരാളെ പിരിച്ചുവിടുന്നതിനോ നീക്കം ചെയ്യുന്നതിനോ തരം താഴ്ത്തുന്നതിനോ അധികാരമുള്ള അധികാരസ്ഥാനത്തിന്, ആ അധികാരസ്ഥാനം എഴുതി രേഖപ്പെടുത്തുന്ന ഏതെങ്കിലും കാരണത്താൽ, അങ്ങനെ യുള്ള അന്വേഷണ വിചാരണ നടത്തുന്നത് പ്രായോഗികമല്ലെന്ന് ന്യായമായും ബോദ്ധ്യം വന്നിരിക്കുന്നിടത്ത്; അല്ലെങ്കിൽ*

*(ഗ) രാഷ്ട്രത്തിന്റെ സുരഗ്ഗിതത്വ ത്തിന് അങ്ങനെയുള്ള അന്വേഷണ വിചാരണ നടത്തുന്നത് യുക്തമല്ലെന്നും, രാഷ്ട്രപതിയ്ക്കോ ഗവർണ്ണർക്കോ, അതതുസംഗതിപോലെ, ബോദ്ധ്യം വന്നിരിക്കുന്നിടത്ത്,*

ബാധകമാകുന്നതല്ല'.

11. അനുല്ലേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയുടെ (എ) ഖണ്ഡത്തിൽ ചിത്രീകരിച്ച പ്രകാരമുള്ള അപവാദം, ഒരു ക്രിമിനൽചാർജ്ജിൻമേൽ ഒരാളുടെ കുറ്റസ്ഥാപനത്തിലേക്ക് നയിച്ചിട്ടുള്ള പെരുമാറ്റം കാരണം അയാളെ പിരിച്ചു വിടുകയോ നീക്കംചെയ്യുകയോ തരംതാഴ്ത്തുകയോ ചെയ്യുമ്പോൾ, യാതൊരു അന്വേഷണവും നടത്തേണ്ട ആവശ്യമില്ല എന്നതാണ്. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ (അഡ്മിനിസ്ട്രേഷൻ) അഭി എസ്. നാഗൂർ മീര ((1995) 3 എസ്.സി.സി 377) എന്ന കേസിൽ, അനുല്ലേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡത്തിനെ പരിഗണിക്കുവാനുള്ള ഒരവസരം പരമോന്നത കോടതിക്ക് ഉണ്ടായിരുന്നു. പ്രസ്തുത കേസിലും, ജീവനക്കാരൻ ഇന്ത്യൻ ശിഗ്ഗാ നിയമസംഹിതയിലെ 420-ാം വകുപ്പും, 1947-ലെ അഴിമതി നിരോധന ആക്റ്റിലെ 5-ാം വകുപ്പും പ്രകാരമുള്ള ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടു. മുകളിലത്തെ കേസിലെ ജീവനക്കാരൻ കുറ്റസ്ഥാപനത്തിനും ശിഗ്ഗാവിധിക്കുമെതിരെ അപ്പീൽഫയൽ ചെയ്യുകയും, ചുമത്തിയ ശിഗ്ഗ കോടതി നിറുത്തിവയ്ക്കുകയും, അയാളെ ജാമ്യത്തിൽ വിടുകയും ചെയ്തു. വിധിന്യായത്തിലെ 9-ഉം, 10-ഉം ഖണ്ഡികകളിൽ പ്രസക്തമായ നിരീഗ്ഗണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്, അവയെ താഴെ ഉദ്ധരിക്കുന്നു:

*'9. കുറ്റസ്ഥാപനത്തിന് എതിരായ അപ്പീൽ തീർപ്പാക്കപ്പെടുന്നതു വരെ, അനുല്ലേദം 311 (2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡ പ്രകാരമുള്ള നടപടി അനുവദനീയമല്ല എന്ന അഭിപ്രായം ട്രിബ്യൂണലിന് ഉണ്ടായിരി ക്കുന്നതായി കാണുന്നു. പ്രസ്തുത വീഗ്ഗണത്തിനുള്ള യാതൊരു അടിസ്ഥാനമോ ന്യായീകരണമോ ഞങ്ങൾകാണുന്നില്ല. ഒരു സർക്കാർ ജീവനക്കാരൻ ഒരു ക്രിമിനൽ കുറ്റത്തിന് ഒരിക്കൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ടാൽ, അനുല്ലേദം 311 (2)നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരം നടപടി എടുക്കുക എന്നതാണ് അങ്ങനെയുള്ള എല്ലാ കേസുകളിലും കൂടുതൽ ഉചിതമായ ഗതിയായിരിക്കുന്നതും, അതതുസംഗതി*

*പോലെ, അപ്പീലിനോ റിവിഷനോ വേണ്ടി കാത്തിരിക്കുന്നത് അല്ലാത്തതുമാണ്. എന്നിരുന്നാലും, സർക്കാർ ജീവന ക്കാരൻ–പ്രതി അപ്പീലിലോ മറ്റു നടപടിയിലോ കുറ്റവിമുക്തനാക്കപ്പെടുന്നെങ്കിൽ, ഉത്തരവിനെ എപ്പോഴും മാറ്റാൻ കഴിയുന്നതും, ആ സർക്കാർ ജീവനക്കാരൻ തിരികെ പ്രവേശിക്കപ്പെടുന്നെങ്കിൽ, അയാൾ സർവ്വീസിൽ തുടർന്നിരുന്നുവെങ്കിൽ അയാൾക്ക് അവകാശമുണ്ടായിരിക്കു മായിരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അയാൾക്ക് അവകാശമുണ്ടായിരി ക്കുന്നതുമാണ്. നിർദ്ദേശിച്ചിട്ടുള്ള മറ്റ് ഗതി, അതായത്, അപ്പീലും റിവിഷനും മറ്റു പരിഹാര മാർഗ്ഗങ്ങളും കഴിയുന്നതുവരെ കാത്തിരിക്കുക എന്നത്, ഉപദേശകമായതല്ല, കാരണം അത് ഗൗരവമുള്ള ഒരു കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയാൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഒരാൾ സർവ്വീസിൽ തുടരുന്നതിനെ അർത്ഥമാക്കുന്നതാണ്. അനുച്ഛേദം 311(2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡ പ്രകാരമുള്ള നടപടി അയാളുടെ കുറ്റസ്ഥാപനത്തിന് നയിച്ചിട്ടുള്ള പെരുമാറ്റം അനുച്ഛേദം 311(2)ൽ പറഞ്ഞിട്ടുള്ള മൂന്ന് വലിയ ശിഗ്ഗകളിൽ ഏതിനെങ്കിലും അർഹിക്കുന്ന അത്തരത്തി ലായിരിക്കുന്നിടത്തുമാത്രമേ സ്വീകരിക്ക പ്പെടുന്നതാണെന്നത് ഓർമ്മിക്കേണ്ടതാണ്. ശങ്കർ ദാസ് അഭി ഇൻഡ്യൻ യൂണിയൻ (എസ്.സി.സി പേജ് 362, ഖണ്ഡിക 7) എന്ന കേസിൽ ഈ കോടതി വിധിച്ചതുപോലെ,*

*''ഭരണഘടനയുടെ അനുച്ഛേദം 311(2)–നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡം, ഒരാളെ 'ഒരു ക്രിമിനൽ പെരുമാറ്റം ഹേതുവായി ഒരു ക്രിമിനൽ ചാർജ്ജിൻമേൽ അയാളുടെ കുറ്റ സ്ഥാപനത്തിന് നയിച്ചിട്ടുള്ള പെരുമാറ്റം കാരണം' സർവ്വീസിൽനിന്ന് പിരിച്ചു വിടുവാനുള്ള അധികാരം സർക്കാരിനു നൽകുന്നു. എന്നാൽ ആ അധികാരം, മറ്റു ഓരോ അധികാരത്തെയുംപോലെ, ന്യായപൂർവ്വമായും, നീതിപൂർവ്വമായും, യുക്തിപൂർവ്വമായും വിനിയോഗിക്ക പ്പെടേണ്ടതുണ്ട്. പാർക്കിംഗ് സ്ഥലം അല്ലാത്ത ഒരു സ്ഥലത്ത് തന്റെ സ്ക്കൂട്ടർ പാർക്ക് ചെയ്തതിന് കുറ്റസ്ഥാപനം ചെയ്യപ്പെടുന്ന ഒരു സർക്കാർ ജീവനക്കാരൻ സർവ്വീസിൽനിന്ന് നീക്കം ചെയ്യപ്പെടേണ്ട താണെന്ന് തീർച്ചയായും ഭരണഘടന ഉദ്ദേശിക്കുന്നില്ല. ഒരു ക്രിമിനൽ ചാർജ്ജിൻ മേൽഒരു സർക്കാർ ജീവനക്കാരന്റെ കുറ്റസ്ഥാപനത്തിന് നയിച്ചിട്ടുള്ള കാരണ ത്താൽ അയാളുടെ മേൽ ഒരു പിഴ ശിഗ്ഗ ചുമത്തുമ്പോൾ, അനുച്ഛേദം 311(2)–നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡം, ആ അനുച്ഛേദത്തിലെ വ്യവസ്ഥ കളെ ബാധകമല്ലാത്തതാക്കുന്നതുകൊണ്ട്, പിഴ ശിഗ്ഗയുടെ പ്രശ്നത്തിൻമേൽ കേൾക്ക പ്പെടാൻ അയാൾക്ക്, ഒരു പഗ്ഗേ, അവകാശം ഉണ്ടായിരിക്കാവുന്നതല്ലാത്ത താണ്. എന്നാൽ ഒരു പിഴ ശിഗ്ഗ ചുമത്തുവാനുള്ള അവകാശം, നീതി പൂർവ്വമായി പ്രവർത്തിക്കാനുള്ള ഒരു അവകാശത്തെ, അതിനോടൊപ്പം വഹിക്കുന്നു''.*

10. ഇപ്രകാരം, യഥാർത്ഥത്തിൽ പ്രസക്ത മായതെന്തെന്നാൽ, ഒരു ക്രിമിനൽ ചാർജ്ജിൻ മേൽ സർക്കാർ ജീവനക്കാരന്റെ കുറ്റ സ്ഥാപനത്തിലേക്ക് നയിച്ചിട്ടുള്ള അയാളുടെ പെരുമാറ്റമാണ്. ഇപ്പോൾ, ഈ കേസിൽ എതിർകഗ്ഗി ഒരു ക്രിമിനൽ കോടതിയാൽ അഴിമതിക്ക് അപരാധിയായി കണ്ടെത്ത പ്പെട്ടിട്ടുണ്ട്. പ്രസ്തുത കുറ്റസ്ഥാപനം അപ്പീൽകോടതിയാലോ മറ്റു ഉന്നത കോടതിയാലോ റദ്ദാക്കപ്പെടുന്നതുവരെ അങ്ങനെയുള്ള ആളെ സർവ്വീസിൽ നിലനിർത്തുവാൻ പറയുന്നത് ഉപദേശക മാകുന്നതല്ല. മുകളിൽ പ്രസ്താവിച്ചതുപോലെ, അപ്പീലിലോ മറ്റു നടപടിയിലോ അയാൾ വിജയിക്കുന്നെങ്കിൽ, അയാൾ യാതൊരു ഹാനിയും അനുഭവിക്കുന്നില്ല എന്ന ഒരു തരത്തിൽ വിഷയം എപ്പോഴും പുനരവലോകനം ചെയ്യുവാൻ കഴിയുന്നതാണ്'.

12. ഇൻഡ്യൻ യൂണിയൻ അഭി രമേശ്

കുമാർ (എ.ഐ.ആർ. 1977എസ്.സി 3531) എന്ന കേസിൽ സമാന സാഹചര്യങ്ങളിൽ 1965-ലെ സി.സി.എസ് (സി.സി.എ) ചട്ടങ്ങളിലെ 19-ാം ചട്ടം പരിഗണിക്കുവാനുള്ള ഒരവസരം പരമോന്നത കോടതിക്കുണ്ടായി. പ്രസ്തുത കേസിലും ജീവനക്കാരൻ കുറ്റസ്ഥാപനം ചെയ്യപ്പെട്ടു, അതിനെതിരായി അയാൾ അപ്പീൽ ഫയൽ ചെയ്യുകയും, പരമോന്നത കോടതി, ക്രിമിനൽ നടപടി നിയമസംഹിതയിലെ 389-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ചു കൊണ്ട്, ശിഗ്ഗാവിധിയുടെ നടപ്പാക്കൽ നിർത്ത ലാക്കുകയും ചെയ്തു. വിധി ന്യായത്തിന്റെ 7-ാം ഖണ്ഡികയിൽ പരമോന്നത കോടതി താഴെപ്പറയുന്നവ പ്രതിപാദിച്ചിരുന്നു:

*'7. ഒരു ക്രിമിനൽ ചാർജ്ജിൻമേൽ ഒരു സർക്കാർ ജീവനക്കാരന്റെ കുറ്റസ്ഥാപന ത്തിലേക്ക് നയിച്ചിട്ടുള്ള പെരുമാറ്റ ദൂഷ്യത്തിന്റെ കാരണത്താൽ അയാൾ ക്കെതിരെ നടപടി എടുക്കുവാൻ അച്ചടക്ക അധികാരി അധികാരപ്പെടുത്തപ്പെടുന്നു വെന്ന് 19-ാം ചട്ടത്തിന്റെ ഒരു വെറും വായന വെളിവാക്കുന്നു. എന്നിരുന്നാലും, അപ്പീൽകോടതി ശിഗ്ഗാവിധിയുടെ നടപ്പാക്കൽ നിർത്തിവയ്ക്കുന്നതിൻ മേൽകുറ്റസ്ഥാപനത്തെ അടിസ്ഥാന മാക്കിയുള്ള പിരിച്ചുവിടൽ ഉത്തരവ് ഇല്ലാതാക്കപ്പെടുന്നുവെന്നും അപ്പീൽ കോടതി അപ്പീൽ തീർപ്പാക്കുന്നതുവരെ പിരിച്ചുവിടപ്പെട്ട സർക്കാർ ജീവനക്കാരൻ സസ്പെൻഷനിൽ ആയിരിക്കുന്നതായി പരിഗണിക്കേണ്ടതുണ്ടെന്നും ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല. ഒരു സർക്കാർ ജീവനക്കാരന്റെ, ഗ്ഗമതയുള്ള ഒരു നിയമ കോടതിയാലുള്ള കുറ്റസ്ഥാപനത്തിലേക്ക് നയിച്ചിട്ടുള്ള പെരുമാറ്റ ദൂഷ്യത്തിന്റെ കാരണത്താൽ അയാൾക്കെതിരെ നടപടി എടുക്കുന്നതിന് അയാൾ ഫയൽചെയ്ത അപ്പീൽ, അപ്പീൽകോടതി തീർപ്പാക്കു ന്നതുവരെ അച്ചടക്ക അധികാരി കാത്തിരിക്കണമെന്നും ആ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല. ചട്ടങ്ങളിലെ വ്യവസ്ഥകളെ പരിഗണിക്കുമ്പോൾ, എതിർകക്ഷിയെ, ഗ്ഗമതയുള്ള ഒരു നിയമ കോടതിയാലുള്ള അയാളുടെ കുറ്റ സ്ഥാപനത്തിലേക്ക് നയിച്ചിരുന്ന പെരുമാറ്റ ദൂഷ്യത്തിന്റെ കാരണത്താൽ സർവ്വീസിൽ നിന്ന് പിരിച്ചു വിടുന്ന ഉത്തരവ്, എതിർകക്ഷി അയാളുടെ കുറ്റ സ്ഥാപനത്തിനെതിരെ ഒരു ക്രിമിനൽ അപ്പീൽ ഫയൽ ചെയ്യുകയും, അപ്പീൽകോടതി ശിഗ്ഗാവിധിയുടെ നടപ്പാക്കൽ നിർത്തിവയ്ക്കുകയും, എതിർകക്ഷിയെ ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ടെന്ന കാരണത്താൽമാത്രം അതിന്റെ ബലം നഷ്ടപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തെ മറ്റൊരു കോണിൽനിന്ന് പരിശോധിക്കാവുന്നതാണ്. ക്രിമിനൽ നടപടി നിയമ സംഹിതയിലെ 389-ാം വകുപ്പ് പ്രകാരം ശിഗ്ഗാവിധിയുടെ നടപ്പാക്കൽ നിർത്തി വയ്ക്കാനും, ഒരു പ്രതിയെ ജാമ്യത്തിൽ വിടുതൽചെയ്യുവാനുമുള്ള അധികാരം അപ്പീൽ കോടതിക്കുണ്ട്. അപ്പീൽ കോടതി ശിഗ്ഗാ വിധിയുടെ നടപ്പാക്കൽ നിർത്തി വയ്ക്കുകയും, ഒരു പ്രതിക്ക് ജാമ്യം നൽകുകയും ചെയ്യുമ്പോൾ, ആ ഉത്തരവിന്റെ പ്രഭാവമെന്നത് കുറ്റ സ്ഥാപന ത്തിന് അടിസ്ഥാനമായ ശിഗ്ഗാവിധി തൽസമയം നീട്ടി വയ്ക്കപ്പെടുകയോ, അപ്പീൽ നില വിലിരിക്കുന്ന കാലയളവിൽ നിർത്തിവയ്ക്ക പ്പെടുകയോ ചെയ്യപ്പെടുന്നു എന്നതാണ്. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ, ശിഗ്ഗാവിധിയുടെ നടപ്പിലാക്കൽ സി.ആർ.പി.സി 389-ാം വകുപ്പ് പ്രകാരം നിർത്തിവയ്ക്കുന്നതു മുഖേന ഒരു പ്രതി ക്രിമിനൽ അപ്പീൽ നിലവിലിരിക്കെ ശിഗ്ഗ അനുഭവിക്കുന്നത് ഒഴിവാക്കുന്നു. എന്നിരുന്നാലും, കുറ്റസ്ഥാപനം തുടരുകയും ഇല്ലാതാക്കപ്പെടാതിരിക്കുകയും കുറ്റ സ്ഥാപനം ഇല്ലാതാക്കപ്പെടുന്നില്ലെങ്കിൽ, ഒരു സർക്കാർ ജീവനക്കാരന്റെ നിയമ കോടതിയാലുള്ള കുറ്റസ്ഥാപനത്തിലേക്ക് നയിച്ച ഒരു പെരുമാറ്റദൂഷ്യത്തിൻ മേൽ അയാൾക്ക് എതിരെ എടുക്കപ്പെട്ട ഏതൊരു*

*നടപടിയും, ശിഗ്ഗാവിധിയുടെ നടപ്പാക്കൽ അപ്പീൽകോടതി നിർത്തി വച്ചിട്ടുണ്ടെന്ന കാരണത്താൽമാത്രം അതിന്റെ വീര്യത്തെ നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. നിയമസ്ഥിതി ഇതായിരിക്കെ, അപ്പീൽ കോടതി ശിഗ്ഗാവിധിയുടെ നടപ്പാക്കൽ നിർത്തിവച്ചതുകൊണ്ട് എതിർകക്ഷിക്ക് എതിരായി പാസാക്കിയ പിരിച്ചുവിടൽ ഉത്തരവ് റദ്ദാക്കപ്പെടേണ്ടതാണെന്നും, ഹൈക്കോടതി ക്രിമിനൽ അപ്പീൽ തീർപ്പാക്കുന്നതുവരെ എതിർകക്ഷി സസ്പെൻഷനിലാണെന്ന് കണക്കാക്കപ്പെടേണ്ടതാണെന്നും വിധിച്ചതിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തെറ്റ് വരുത്തിയിട്ടുണ്ട്'.*

13. കുറ്റസ്ഥാപന ഉത്തരവിന്റെ നിർത്തിവയ്ക്കലിന്റെ അനന്തരഫലത്തെ കെ. പ്രഭാകരൻ അഭി പി. ജയരാജൻ എന്ന കേസിൽ((2005) 1 എസ്.സി.സി 754) സുപ്രീംകോടതിയുടെ ഒരു ഭരണഘടന ബെഞ്ച് പരിഗണിച്ചിരുന്നു. കുറ്റസ്ഥാപന ഉത്തരവ് നിർത്തിവയ്ക്കപ്പെട്ട ഒന്നായിരുന്നു പ്രസ്തുത കേസ്. വിധിന്യായത്തിലെ 42-ാം ഖണ്ഡികയിൽ താഴെ പറയുന്നവ പരമോന്നത കോടതി പ്രതിപാദിച്ചിരുന്നു:

*'42 കുറ്റസ്ഥാപനം ചെയ്യപ്പെട്ട ഒരാൾ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടാവാം. എതിർത്ത് അപ്പീൽചെയ്യപ്പെട്ട ശിഗ്ഗാവിധിയുടെയോ ഉത്തരവിന്റെയോ നടപ്പാക്കലിനെ നിർത്തിവയ്ക്കുന്ന ഒരു ഉത്തരവ് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 389-ാം വകുപ്പു പ്രകാരം അയാൾ നേടുകയും കൂടി ചെയ്തിട്ടുണ്ടാവാം. എന്നാൽ അതിന് വീണ്ടും യാതൊരു പരിണിതഫലവും ഉണ്ടായിരിക്കുന്നതല്ല. കുറ്റസ്ഥാപനം ചെയ്യപ്പെട്ട ഒരാളാലുള്ള ഒരു അപ്പീൽ നിലവിലിരിക്കെ, എതിർത്ത് അപ്പീൽ ചെയ്യപ്പെട്ട ശിഗ്ഗാവിധിയുടെയോ ഉത്തരവിന്റെയോ നടപ്പാക്കൽ നിർത്തിവയ്ക്കപ്പെടേണ്ടതാണെന്നും കൂടാതെ അയാൾ തടങ്കലിലാണെങ്കിൽ, അയാൾ ജാമ്യത്തിൻമേലോ ബോണ്ടിൻമേലോ വിടുതൽ ചെയ്യപ്പെടേണ്ടതാണെന്ന് ഉത്തരവിടുവാൻ 389-ാം വകുപ്പ് പ്രകാരം ഒരു അപ്പീൽ കോടതി അധികാരപ്പെടുത്തപ്പെടുന്നു. നിർത്തിവയ്ക്കപ്പെടുന്നത് കുറ്റസ്ഥാപനമോ ശിഗ്ഗാ വിധിയോ അല്ല; നിർത്തിവയ്ക്കപ്പെടുന്നത് ശിഗ്ഗാവിധിയുടെയോ കുറ്റസ്ഥാപനത്തിന്റെയോ നടപ്പാക്കൽ മാത്രമാണ്. അത് നിർത്തിവയ്ക്കപ്പെടുന്നു, ഇല്ലാതാക്കപ്പെടുന്നില്ല ..'.*

14. കുറ്റസ്ഥാപനത്തിന്റെ നിർത്തിവയ്ക്കൽപോലും കുറ്റസ്ഥാപനത്തിന്റെ ഇല്ലാതാക്കലിൽ വന്ന് അവസാനിക്കുന്നില്ല എന്ന് പരമോന്നത കോടതി മുകളിലത്തെ കേസിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഭരണഘടനാ ബെഞ്ചിന്റെ മുകളിലത്തെ വിധിന്യായത്തിലെ യുക്തിവിചാരത്തിന്റെ അടിസ്ഥാനത്തിൽ കുറ്റസ്ഥാപനത്തിന്റെ നിർത്തലാക്കൽ വഴി കുറ്റസ്ഥാപനം പൂർണ്ണമായും ഇല്ലാതാക്ക പ്പെടുന്നു എന്ന വീഗ്ഗണം എടുത്തതിൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിക്ക് തെറ്റുപറ്റി എന്നത് വ്യക്തമാണ്.

15. ശ്രീ. ചാമുണ്ഡി മൊപ്പെഡ് ക്ലിപ്തം അഭി ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ ട്രസ്റ്റ് അസ്സോസിയേഷൻ ((1992) 3 എസ്.സി.സി 1) എന്ന കേസിൽ ഈ കോടതി അനുവദിച്ചു നൽകിയ സ്റ്റേയുടെ പ്രഭാവത്തെ പരമോന്നത കോടതി പരിഗണിച്ചിട്ടുണ്ട്, ആ കേസിൽ നിയമാധിഷ്ഠിത അധികാരസ്ഥാനം പാസാക്കിയ ഒരു ഉത്തരവിനെതിരെ ഭാരതത്തിന്റെ ഭരണഘടനയുടെ 226-ാം അനുച്ഛേദപ്രകാരം സ്റ്റേ ഉത്തരവ് അനുവദിച്ചു നൽകിയിരുന്നു. 10-ാം ഖണ്ഡികയിൽ പരമോന്നത കോടതി താഴെ പറയുന്നവ പ്രതിപാദിച്ചിരുന്നു:

*'10. ചോദ്യം ചെയ്യപ്പെടുന്ന ഒരു ഉത്തരവിന്റെ പ്രവർത്തനത്തെ സ്റ്റേ ചെയ്യുന്ന ഒരു ഇടക്കാല ഉത്തരവിന്റെ പ്രഭാവത്തെ പരിഗണിക്കുന്ന വേളയിൽ, ഒരു ഉത്തരവിന്റെ റദ്ദാക്കലിനും ഒരു ഉത്തരവിന്റെ പ്രവർത്തനത്തിന്റെ സ്റ്റേയ്ക്കും തമ്മിൽ ഒരു വേർതിരിവ് ഉണ്ടാക്കേണ്ടതുണ്ട്. ഒരു ഉത്തരവിന്റെ റദ്ദാക്കൽ, റദ്ദാക്കപ്പെട്ടിട്ടുള്ള ഉത്തരവ്*

*പാസാക്കിയ തീയതിയിൽ അത് നിന്നിരുന്ന അതേ സ്ഥിതിയുടെ പുനഃസ്ഥാപനത്തിൽ കലാശിക്കുന്നു. എന്നിരുന്നാലും, ഒരു ഉത്തരവിന്റെ പ്രവർത്തനത്തിന്റെ സ്റ്റേ അങ്ങനെയുള്ള ഒരു ഫലത്തിലേക്ക് നയിക്കുന്നില്ല. സ്റ്റേ ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവ്, ആ സ്റ്റേ ഉത്തരവ് പാസാക്കിയ തീയതി മുതൽ പ്രവർത്തനത്തിൽ അല്ലാതിരിക്കുന്നതാണെന്ന് മാത്രം അത് അർത്ഥമാക്കുന്നതും, പ്രസ്തുത ഉത്തരവ് നിലനിൽക്കുന്നതിൽ നിന്ന് തുടച്ചുനീക്കപ്പെട്ടിട്ടുണ്ടെന്ന് അർത്ഥമാക്കാത്തതു മാണ് ..'.*

16. ഇപ്രകാരം ഒരു ഉത്തരവിന്റെ സ്റ്റേ, ആ ഉത്തരവ് നിലവിലില്ലാത്തതായി തീർന്നിട്ടുണ്ട് എന്ന് അർത്ഥമാക്കുന്നില്ല, അതിനേക്കാൾ ആ ഉത്തരവ് പ്രവർത്തനത്തിലല്ല എന്നു മാത്രം അർത്ഥമാക്കുന്നു എന്നത് വ്യക്തമാണ്. ഇപ്രകാരം ഒരു ജീവനക്കാരന്റെ കുറ്റസ്ഥാപനം, ആ കുറ്റസ്ഥാപനത്തിന്റെ സ്റ്റേ കൊണ്ടുമാത്രം തുടച്ചു മാറ്റപ്പെടാത്തതും, അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരമുള്ള അധികാരം നിയോജകൻ വിനിയോഗിക്കുന്നതിൽ യാതൊരു തടസ്സവും ഇല്ലാത്തതുമാണ്. പ്രസക്ത സമയത്ത് ബാധകമായ പ്രകാരമുള്ള കെ.സി.എസ് (സി.സി & എ) ചട്ടങ്ങളിലെ 18-ാം ചട്ടം ഇപ്പോഴത്തെ കേസിലും കൂടി പ്രസക്തമാണ്. 18-ാം ചട്ടം, 18-03-2009-ൽ ഭേദഗതി ചെയ്യപ്പെട്ടു, അതിനെ താഴെ ഉദ്ധരിക്കുന്നു :

*"18. ചില കേസുകളിലെ പ്രത്യേക നടപടിക്രമം.-15-ഉം, 16-ഉം, 17-ഉം ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,*

*(i) ഒരു ക്രിമിനൽ ചാർജ്ജിൻമേൽ ഒരു സർക്കാർ ജീവനക്കാരന്റെ കുറ്റസ്ഥാപനത്തിലേക്ക് നയിച്ചിരുന്ന പെരുമാറ്റം കാരണം അയാളുടെ മേൽ ഒരു പിഴ ശിഗ്ഗ ചുമത്തപ്പെടുത്തുന്നിടത്ത്; അല്ലെങ്കിൽ*

*(ii) പ്രസ്തുത ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള നടപടിക്രമത്തെ അനുവർത്തിക്കുവാൻ ന്യായമായി പ്രായോഗികമല്ല എന്ന് ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണത്താൽ അച്ചടക്ക അധികാരി ബോധ്യപ്പെടുന്നിടത്ത്; അല്ലെങ്കിൽ*

*(iii) അങ്ങനെയുള്ള നടപടിക്രമത്തെ അനുവർത്തിക്കുന്നത് ഉചിതമല്ലെന്ന് സംസ്ഥാനത്തിന്റെ സുരഗ്ഗിതത്വത്തിന്റെ അടിസ്ഥാനത്തിൽഗവർണ്ണർ ബോദ്ധ്യപ്പെടുന്നിടത്ത്; അതതുസംഗതി പോലെ, അച്ചടക്ക അധികാരിക്കോ ഗവർണ്ണർക്കോ കേസിന്റെ സാഹചര്യങ്ങൾ പരിഗണിക്കാവുന്നതും, അദ്ദേഹം ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള ഉത്തരവുകൾ അതിൻമേൽ പാസ്സാക്കാവുന്നതുമാണ്:*

*എന്നാൽ, ഒന്നും രണ്ടും ഖണ്ഡങ്ങൾ പ്രകാരം അങ്ങനെയുള്ള ഉത്തരവുകൾ പാസ്സാക്കുന്നതിന് മുമ്പ് കമ്മീഷനുമായി കൂടിയാലോചന, ആവശ്യമായ അങ്ങനെയുള്ള കൂടിയാലോചന ചട്ടപ്രകാരം ആവശ്യമായ കേസുകളിൽ നടത്തേണ്ടതാണ്.*

*എന്നുമാത്രമല്ല, ഒരു സർക്കാർ ജീവനക്കാരൻ ഒരു ക്രിമിനൽ ചാർജ്ജിൻ മേൽ ഒരു ക്രിമിനൽ കോടതിയാൽ കുറ്റസ്ഥാപനം ചെയ്യ പ്പെടുകയും തടവിനും അല്ലെങ്കിൽ പിഴയോടുകൂടി തടവിനും ഉള്ള ശിഗ്ഗ വിധിക്കപ്പെടുകയും ചെയ്യുന്നിടത്ത്,-*

*(എ) പ്രസ്തുത കുറ്റസ്ഥാപനത്തെ സംബന്ധിച്ച് ഒരു അപ്പീൽ നിലവിലിരിക്കുന്നു അല്ലെങ്കിൽ ശിഗ്ഗാ വിധിയുടെ നടപ്പാക്കൽ നിർത്തിവയ്ക്ക പ്പെട്ടിരിക്കുന്നു എന്ന വസ്തുത കണക്കിലെടുക്കാതെ ഭാരതത്തിന്റെ ഭരണഘടനയുടെ 311-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിനുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഇനത്തിൽ അടങ്ങി യിട്ടുള്ള വ്യവസ്ഥകളെ വിനിയോഗിച്ചു കൊണ്ട് അയാളെ ഉടനെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ ചെയ്യേണ്ടതാണ്.*

*(ബി) പ്രസ്തുത കുറ്റസ്ഥാപനം പിന്നീട്*

*അപ്പീലിലോ മറ്റു വിധത്തിലോ റദ്ദാക്ക പ്പെടുകയും, ആ സർക്കാർ ജീവനക്കാരൻ കുറ്റങ്ങളിൽനിന്ന് കുറ്റ വിമുക്തനാക്ക പ്പെടുകയും ചെയ്യുന്നുവെങ്കിൽ, പിരിച്ചു വിടലിന്റെ അല്ലെങ്കിൽ നീക്കംചെയ്യലിന്റെ ഉത്തരവിന് പ്രഭാവം ഇല്ലാതായി ത്തീരുന്നതും, അയാൾ സർവ്വീസിൽ ഉണ്ടായിരുന്നുവെങ്കിൽ അയാൾക്ക് അവകാശമുണ്ടായിരിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അയാളെ അവകാശ പ്പെടുത്തിക്കൊണ്ട് അയാളെ സർവ്വീസിൽ തിരികെ പ്രവേശി പ്പിക്കുവാൻ മറിച്ചുള്ള ഉത്തരവുകൾ ഉടനെ പുറപ്പെടുവിക്കേണ്ടതു മാണ്:*

*എന്നുമാത്രമല്ല, കുറ്റസ്ഥാപനം ചെറുതരം കുറ്റങ്ങൾക്കുള്ള ഒരു സമ്മറി വിചാരണയിൻമേൽ ആയിരിക്കുകയും, ശിഗ്ഗാവിധി 2,000/- രൂപ വരെയുള്ള ഒരു പിഴയ്ക്ക് മാത്രമായിരിക്കുകയും ചെയ്യുന്ന സംഗതിയിൽ, അങ്ങനെയുള്ള കുറ്റ സ്ഥാപനം ഈ ചട്ടത്തിന്റെ ആവശ്യത്തിനു വേണ്ടിയും, അതതു സംഗതിപോലെ, സർവ്വീസിലേക്കുള്ള പ്രവേശനത്തിനോ സർവ്വീസിൽ നിലനിർത്തലിനോ വേണ്ടിയും ഒരു കുറ്റസ്ഥാപനമായി പരിഗണിക്കുവാൻ പാടില്ലാത്തതാണ്".*

17. ഒരു സർക്കാർ ജീവനക്കാരൻ ഒരു ക്രിമിനൽകോടതിയാൽകുറ്റസ്ഥാപനം ചെയ്യപ്പെടുകയും, തടവിനും/അല്ലെങ്കിൽ പിഴയോടുകൂടി തടവിനും ശിഗ്ഗ വിധിക്ക പ്പെടുകയും ചെയ്യുന്നിടത്ത്, അയാളെ, പ്രസ്തുത കുറ്റസ്ഥാപനത്തെ സംബന്ധിച്ച് അപ്പീൽ നിലവിലിരിക്കുന്നു അല്ലെങ്കിൽ ശിഗ്ഗാവിധിയുടെ നടപ്പാക്കൽ നിർത്തിവയ്ക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത കണക്കിലെടുക്കാതെ, ഭാരതത്തിന്റെ ഭരണഘടനയുടെ 311-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിനുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഇനത്തിൽ അടങ്ങിയിരി ക്കുന്ന വ്യവസ്ഥകൾ വിനിയോഗിച്ചുകൊണ്ട് ഉടൻതന്നെ സർവ്വീസിൽ നിന്നും പിരിച്ചുവിടേണ്ടതാണ് എന്ന് ചട്ടം 18(എ) യുടെ ഒരു സൂഗ്ഗ്മ വായന വിവഗ്ഗിക്കുന്നു. ഇപ്രകാരം, 18-ാം ചട്ടത്തിലെ വ്യവസ്ഥകൾ ശിഗ്ഗാ വിധിയുടെ നിർത്തിവയ്ക്കൽ കണക്കി ലെടുക്കാതെ ജീവനക്കാരനെ പിരിച്ചുവിടുവാൻ നിയമന അധികാരിയോട് നിയമാധിഷ്ഠിതമായി ആവശ്യപ്പെടുന്നു.

18. മുൻപറഞ്ഞ ചർച്ചയുടെ അടിസ്ഥാന ത്തിൽ, 1960-ലെ കെസിഎസ് (സി.സി.&എ) ചട്ടങ്ങളിലെ 18-ാം ചട്ടവുമായി കൂട്ടിവായിച്ച പ്രകാരം ഭാരതത്തിന്റെ ഭരണ ഘടനയുടെ അനുച്ഛേദം 311 (2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാര മുള്ള അധികാരം നിയമന അധികാരി ശരിയായി വിനിയോഗിച്ചിട്ടുള്ളതും, ഹർജിക്കാരന്റെ കുറ്റസ്ഥാപനം തുടച്ചുമാറ്റപ്പെടുകയും ചെയ്യുന്നില്ല, കുറ്റസ്ഥാപനത്തിന്റെ സ്റ്റേ മുഖേന ഇല്ലാതാക്ക പ്പെടുകയും ചെയ്യുന്നില്ല എന്നതാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം. ഇപ്പോഴത്തെ കേസിൽ പിരിച്ചുവിടൽ ഉത്തരവ് 04-03-2009-ൽ പാസ്സാക്കപ്പെടുകയും, കുറ്റസ്ഥാപനത്തിന്റെ സ്റ്റേ ഈ കോടതിയാൽ 06-03-2009-ൽ അനുവദിച്ചു നൽകപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അപ്പീൽവാദിക്ക്, കുറ്റസ്ഥാപനം സ്റ്റേ ചെയ്യപ്പെട്ടു വെങ്കിൽ കൂടിയും തിരികെ പ്രവേശിക്കലിന് അവകാശം ഉണ്ടായിരി ക്കുന്നില്ല.

19. സുധീർ അഭി കെ.എസ്.ആർ.റ്റി.സി (2004 (3) കെ.എൽ.റ്റി 217) എന്ന കേസിലെ ഈ കോടതിയുടെ ഒരു വിധിന്യായത്തിൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ആശ്രയം അർപ്പിക്കുകയുണ്ടായി, അതിൽ ഹർജിക്കാരനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനും അധിക ആശ്രയം അർപ്പിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിലെ 20-ാം ഖണ്ഡികയിൽ, ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311 (2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരമുള്ള അധികാരം വിനിയോഗിക്കുമ്പോൾ, ഹിയറിംഗിനുള്ള യാതൊരു നോട്ടീസും ഉദ്ദേശിക്കപ്പെടുന്നില്ല എന്ന് പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ കേസിന്റെ യുക്തിവിചാരം പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി 20-ാം ഖണ്ഡികയിൽ ചുരുക്കി

പറഞ്ഞിട്ടുണ്ട്. വിധിന്യായത്തിലെ 20-ാം ഖണ്ഡികയിലെ പ്രസക്തമായ ഭാഗം താഴെപ്പറയുന്ന ഫലത്തിലേക്കാണ്:

'20. ചുരുക്കി പറഞ്ഞാൽ:

*     *     *     *

*(7) തടവിനോ പിഴയ്ക്കോ രണ്ടിനുമോ ഉള്ള ഒരു ശിക്ഷാവിധിയാൽ അനുവർത്തിക്കപ്പെടുന്ന, ഒരു ക്രിമിനൽ കോടതിയാലുള്ള, ഒരു ക്രിമിനൽ ചാർജ്ജിൻ മേൽ ഒരു സർക്കാർ ജീവനക്കാരന്റെ കുറ്റസ്ഥാപനം ഉണ്ടായിരിക്കുന്ന, ഒരു ക്രിമിനൽകേസിലെ വിധിന്യായത്തിന്റെ പ്രവർത്തനത്തിന്റെ സ്റ്റേയുടെ ഒരു സാമാന്യ ഉത്തരവ് ഉണ്ടായിരിക്കുന്ന കാരണത്താൽ മാത്രം, ആ കുറ്റസ്ഥാപനം സ്റ്റേ ചെയ്യപ്പെടുന്നെങ്കിൽ മറ്റു വിധത്തിൽ പിന്തുടരുമെന്നുള്ള അനന്തരഫലത്തിനുള്ള ഒരു പ്രത്യേക പരാമർശം അപ്പീൽ കോടതിയോ റിവിഷനൽ കോടതിയോ നടത്തിയി ട്ടില്ലാത്ത പക്ഷം, 18-ാം ചട്ടത്തിനുള്ള രണ്ടാം പരിമിതി വ്യവസ്ഥയുടെ പ്രവർത്തനത്തിൽ നിന്ന് യാതൊരു രക്ഷപ്പെടലും ഉണ്ടായിരിക്കുക യില്ല.*

*(8) കോടതി, ഒരു അപ്പീലിലോ റിവിഷനിലോ കുറ്റസ്ഥാപനം നിർത്തി വയ്ക്കപ്പെടുന്നില്ലെങ്കിൽ അനുവർത്തിക്കുമെന്നുള്ള സങ്കീർണ്ണവും ഗുരുതരമായ അനന്തര ഫലങ്ങളെ സംബന്ധിച്ചുള്ള ഒരു പ്രത്യേക അഭ്യർത്ഥനയിൻമേലും, കോടതി അനന്തരഫലങ്ങളിലേക്ക് മനസ്സിരുത്തിക്കൊണ്ടും ശിക്ഷാവിധിക്കുപുറമേ കുറ്റസ്ഥാപനത്തേയും സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും, അപ്പോൾ ആ സർക്കാർ ജീവനക്കാരൻ 18-ാം ചട്ടത്തിനുള്ള രണ്ടാം പരിമിതി വ്യവസ്ഥപ്രകാരം സർവ്വീസിൽ നിന്ന് പിരിച്ചുവിടപ്പെടുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യുവാൻ പാടില്ലാത്തതാണ്'.*

കുറ്റസ്ഥാപനം സ്റ്റേ ചെയ്യപ്പെടുകയും, കുറ്റസ്ഥാപനത്തെ നിറുത്തിവയ്ക്കുന്ന അങ്ങനെയുള്ള സ്റ്റേ ഉത്തരവ് പാസ്സാക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, മറ്റു വിധത്തിൽ അനുവർത്തിക്കുമെന്നുള്ള അനന്തരഫലങ്ങളെക്കുറിച്ചുള്ള ഒരു പ്രത്യേക പരാമർശം അപ്പീൽ കോടതിയോ റിവിഷണൽ കോടതിയോ നടത്തിയിട്ടുള്ളപ്പോൾ, കെ.സി.എസ്. (സി.സി. & എ.) ചട്ടങ്ങളിലെ 2-ാം ചട്ടത്തിനുള്ള പരിമിതി വ്യവസ്ഥ പ്രകാരം ആ സർക്കാർ ജീവനക്കാരനെ സർവ്വീസിൽനിന്ന് പിരിച്ചുവിടുവാനോ നീക്കം ചെയ്യുവാനോ പാടില്ലാത്തതാണ് എന്നതാണ് പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി എടുത്തിട്ടുള്ള നിഗമനങ്ങളിൽഒന്ന് എന്ന് മുകളിൽ പറഞ്ഞതിൽനിന്നും വ്യക്തമാണ്. മുകളിൽ ഉദ്ധരിച്ചതുപോലെ, കുറ്റസ്ഥാപനത്തിന്റെ സ്റ്റേ കുറ്റസ്ഥാപനത്തെ ഇല്ലാതാക്കുകയോ തുടച്ചുമാറ്റുകയോ ചെയ്യുന്നില്ല. ഇപ്രകാരം കുറ്റസ്ഥാപനം സ്റ്റേ ചെയ്യ പ്പെടുന്നെങ്കിൽ പോലും, ഒരു ജീവനക്കാരന്റെ കുറ്റസ്ഥാപനത്തിലേക്ക് നയിച്ച അയാളുടെ പെരുമാറ്റത്തെ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിന് അടിസ്ഥാനമാക്കുവാൻ കഴിയുന്നതാണ്. ഒരു നിയമനാധികാരി വിനിയോഗിക്കേണ്ട അധികാരം, ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 311(2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരമുള്ള അധികാരമാണ്, ആ അധികാരം, ജീവനക്കാരൻ ഒരു ക്രിമിനൽ ചാർജ്ജിൻമേൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ടതിനു ശേഷം വിനിയോഗിക്കുവാൻ കഴിയുന്നതാണ്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരമുള്ള അധികാരം, ജീവനക്കാരന്റെ കുറ്റസ്ഥാപനത്തിലേക്ക് നയിച്ച പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ വിനിയോഗിക്കേണ്ടതുണ്ട്.

20. കുമാരൻ അഭി കേരള സർക്കാർ (2000 (1) കെ.എൽ.ജെ 247) എന്ന കേസിൽ റിപ്പോർട്ട് ചെയ്ത, ഈ കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് വിധിന്യായത്തിൽ പാണ്ഡിത്യമുള്ള സർക്കാർ അഭിഭാഷകൻ ആശ്രയമർപ്പിക്കുകയുണ്ടായി. ആ കേസിൽ, കുറ്റസ്ഥാപനം നിർത്തിവയ്ക്കപ്പെടുന്നതു കൊണ്ടു

മാത്രം കുറ്റസ്ഥാപനം പ്രവർത്തനസജ്ജമല്ലാതാകുന്നില്ല എന്ന് ഡിവിഷൻ ബെഞ്ച് വിധികൽപ്പിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിലെ 4–ാം ഖണ്ഡിക ഉദ്ധരിക്കുന്നത് പ്രയോജനകരമാണ്, അത് താഴെപ്പറയും പ്രകാരമാണ്:

*"4. സർക്കാർ പാസ്സാക്കേണ്ട ഉത്തരവ്, ഒരു ക്രിമിനൽ ചാർജ്ജിൻ മേൽ അയാളുടെ കുറ്റസ്ഥാപനത്തിലേക്ക് നയിച്ചിട്ടുള്ള പെരുമാറ്റത്തെ സംബന്ധിക്കുന്നതും, വാസ്തവത്തിൽ അവാർഡ് ചെയ്യപ്പെട്ട ശിഗ്ഗാവിധിയുമായോ ശിഗ്ഗയുമായോ ബന്ധപ്പെടുത്താവുന്നതല്ലാത്തതുമാണ് എന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കൊളീജിയറ്റ് (അഡ്മിനിസ്ട്രേഷൻ) അഭി എസ്. നാഗൂർ മീര (ജെ.റ്റി (1995) 3 എസ്.സി 32) എന്ന കേസിൽ നിരീഗ്ഗിക്കപ്പെട്ടിരുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ശിഗ്ഗാവിധി നിർത്തിവയ്ക്കപ്പെടുകയും, പ്രതി ജാമ്യത്തിൽ വിടുതൽ ചെയ്യപ്പെടുകയും ചെയ്യുന്ന കാരണത്താൽ മാത്രം കുറ്റസ്ഥാപനം പ്രവർത്തനസജ്ജമല്ലാതാകുന്നില്ല. അപ്പീൽ നിലവിലിരിക്കെ, എതിർത്ത് അപ്പീൽ ചെയ്യപ്പെട്ട ശിഗ്ഗാ വിധിയുടെയോ ഉത്തരവിന്റെയോ നടപ്പാക്കൽ നിർത്തിവയ്ക്കപ്പെടേണ്ടതാണെന്നും അയാൾ തടങ്കലിലാണെങ്കിൽ, അയാൾ ജാമ്യത്തിൻമേലോ അയാളുടെ സ്വന്തം ബോണ്ടിൻമേലോ വിടുതൽ ചെയ്യപ്പെടേണ്ടതാണെന്നും ഉത്തരവിടുവാൻ 1973–ലെ ക്രിമിനൽനടപടി നിയമ സംഹിതയിലെ (ചുരുക്കത്തിൽ നിയമസംഹിത') 389–ാം വകുപ്പ് അപ്പീൽ കോടതിയെ അധികാരപ്പെടുത്തുന്നു. ശിഗ്ഗാവിധിയുടെയോ ഉത്തരവിന്റെയോ നടപ്പാക്കൽ നിർത്തിവയ്ക്കുന്നതിനെക്കുറിച്ച് വകുപ്പ് 389 (1) സംസാരിക്കുന്നു. കുറ്റസ്ഥാപനത്തിന്റെ നിർത്തി വയ്ക്കലിനെക്കുറിച്ച് അത് സംസാരിക്കുന്നില്ല. ഈ പ്രധാന വിഷയത്തെ യൂണിയൻ ഓഫ് ഇന്ത്യ അഭി വി.കെ. ഭാസ്കർ (1997 (11) എസ്.സി.സി 383) എന്ന കേസിൽ പരമോന്നത കോടതി വീണ്ടും അടിവരയിട്ടു പറയുകയുണ്ടായി. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷൻ അഭി എസ്. നാഗൂർ മീര (എ.ഐ.ആർ. 1995 എസ്.സി 1364) എന്ന കേസിൽ പരമോന്നത കോടതി താഴെ പറയും പ്രകാരം നിരീഗ്ഗിച്ചു:*

*"ഒരു ക്രിമിനൽകോടതി കുറ്റ സ്ഥാപനം ചെയ്തിട്ടുള്ള ഒരു സർക്കാർ ജീവനക്കാരനെ പിരിച്ചുവിടുന്നതിനോ, നീക്കം ചെയ്യുന്നതിനോ, പദവിയിൽ തരംതാഴ്ത്തുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതും അതിനുള്ള ഉത്തരവുകൾ പാസ്സാക്കുന്നതും, അപ്പീൽ നിലവിലിരിക്കെ ശിഗ്ഗാവിധിയോ ഉത്തരവോ അപ്പീൽ കോടതിയാൽ നിർത്തിവയ്ക്കപ്പെടുന്ന കാരണത്താലോ, പ്രതിയായ പ്രസ്തുത സർക്കാർ ജീവനക്കാരൻ ജാമ്യത്തിൻ മേൽ വിടുതൽ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന കാരണത്താലോ മാത്രം തടയപ്പെടുന്നില്ല. കുറ്റസ്ഥാപനത്തിനെതിരായ അപ്പീൽ തീർപ്പാക്കപ്പെടുന്നതുവരെ അനുച്ഛേദം 311 (2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരമുള്ള നടപടി അനുവദനീയമല്ല എന്നു പറയുവാൻ കഴിയുന്നതല്ല. ഒരു സർക്കാർ ജീവനക്കാരൻ ഒരു ക്രിമിനൽ കുറ്റത്തിന് ഒരിക്കൽ കുറ്റസ്ഥാപനം ചെയ്യപ്പെടുന്ന അങ്ങനെയുള്ള എല്ലാ കേസുകളിലും അനുച്ഛേദം 311(2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡപ്രകാരം നടപടി സ്വീകരിക്കേണ്ടതും, അതത് സംഗതിപോലെ, അപ്പീലിനോ റിവിഷനോ വേണ്ടി കാത്തിരിക്കേണ്ടതല്ലാത്തതുമാണ് കൂടുതൽ ഉചിതമായ നടപടി. എന്നിരുന്നാലും, ആ സർക്കാർ ജീവനക്കാരൻ തിരികെ പ്രവേശിക്കപ്പെടുന്നുവെങ്കിൽ, അയാൾ സർവ്വീസിൽ തുടർന്നിരുന്നുവെങ്കിൽ അയാൾക്ക് അവകാശമുണ്ടായിരിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. നിർദ്ദേശിച്ചിട്ടുള്ള മറ്റു നടപടി, അതായത്, അപ്പീലും റിവിഷനും മറ്റു പരിഹാരമാർഗ്ഗങ്ങളും കഴിയുന്നതുവരെ കാത്തിരിക്കുന്നത്, ഉപദേശയോഗ്യ മായതല്ല കാരണം അത് ഒരു ഗുരുതരമായ കുറ്റത്തിന് ഒരു ക്രിമിനൽ കോടതി ശിഗ്ഗിച്ചിട്ടുള്ള ഒരാൾ സർവ്വീസിൽ തുടരുന്നതിനെ*

*അർത്ഥമാക്കുന്നതാണ്".*

*മുകളിൽപറഞ്ഞ വിധിന്യായത്തെ ചന്ദ്രശേഖരൻ നായർ അഭി പോലീസ് കമ്മീഷണറും മറ്റുള്ളവരും (1997) (2) കെ.എൽ.റ്റി 374=1997 (2) കെ.എൽ.ജെ 351) എന്ന കേസിൽ, ഞങ്ങളിൽ ഒരാൾ (ജസ്റ്റിസ് രാധാകൃഷ്ണൻ) ശ്രദ്ധയിലെടുത്തിരുന്നു. മുകളിലത്തെ നാഗൂർ മീരയുടെ കേസിൽ, ഒരു ക്രിമിനൽകുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരുന്ന ഒരു സർക്കാർ ജീവനക്കാരന്റെ പെരുമാറ്റമാണ് പ്രസക്ത മായ വസ്തുത എന്ന് നിരീഗ്ഗി ക്കപ്പെട്ടു. ഈ കേസിലെ അപ്പീൽവാദി ക്രിമിനൽ കോടതിയാൽ അഴിമതിക്ക് അപരാധിയായി കണ്ടെത്തപ്പെടുകയുണ്ടായി. പ്രസ്തുത കുറ്റസ്ഥാപനം അപ്പീൽ കോടതിയാലോ, ഉന്നത കോടതിയാലോ റദ്ദാക്കപ്പെടുന്നതു വരെ സർവ്വീസിൽ തുടരുന്നതിന് അയാളെ അനുവദിക്കുന്നത് ഉപദേശയോഗ്യ മാകാവുന്നതല്ല. ജീവനക്കാരൻ അന്തിമ മായി കുറ്റവിമുക്തനാക്കപ്പെടുന്നുവെങ്കിൽ, അയാൾക്ക് യാതൊരു പ്രതികൂലവും ഉണ്ടാകുന്നില്ല എന്ന രീതിയിൽ ആ വിഷയം പുനരവലോകനം ചെയ്യുവാൻ കഴിയുന്ന താണ്. സ്ഥിതി അതായിരിക്കെ, പാണ്ഡിത്യ മുള്ള സിംഗിൾ ജഡ്ജി പാസ്സാക്കിയ ഉത്തരവുമായി ഇടപെടുവാനുള്ള യാതൊരു കാരണവും ഞങ്ങൾ കാണുന്നില്ല".*

21. മുകളിൽ പരാമർശിച്ച പരമോന്നത കോടതിയുടെ വിധിന്യായങ്ങളുടെയും, (മുകളിലത്തെ) കുമാരന്റെ കേസിലെ ഈ കോടതിയുടെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ, (മുകളിലത്തെ) സുധീറിന്റെ കേസിലെ വിധിന്യായത്തെ പിന്തുടരുവാൻ കഴിയുന്നതല്ല എന്നതാണ് ഞങ്ങളുടെ വീഗ്ഗണം.

22. ഇപ്രകാരം തിരികെ പ്രവേശിക്ക പ്പെടുന്നതിന് അപ്പീൽവാദിക്ക് അവകാശമില്ലാ യിരുന്നു എന്നതാണ് ഞങ്ങളുടെ വീഗ്ഗണം. അപ്പീൽവാദിയെ, സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നിർദ്ദേശിച്ചതിൽ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി തെറ്റ് ചെയ്തിട്ടുണ്ട്.

**വിവാദ്യകം നം. IV:**

23. ഇപ്പോൾ ഞങ്ങൾ അവസാനത്തെ വിവാദ്യകത്തിലേക്ക് വരുന്നു. കാരണം കാണിക്കുവാനുള്ള യാതൊരു നോട്ടീസോ അവസരമോ നൽകാത്തതുകൊണ്ട് സ്വാഭാവിക നീതിയുടെ തത്വങ്ങൾ അനുവർത്തിക്ക പ്പെട്ടിട്ടില്ലാത്ത കാരണത്താൽ പിരിച്ചുവിടൽ ഉത്തരവ് അസാധുവായിരുന്നുവെന്ന് ഹർജിക്കാരനു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചിട്ടുണ്ട്. ഒരു ക്രിമിനൽ ചാർജ്ജിൻ മേൽ ജീവനക്കാരന്റെ കുറ്റസ്ഥാപന ത്തിന് നയിച്ചിട്ടുള്ള പെരുമാറ്റത്തിന്റെ കാരണത്താൽ പിരിച്ചുവിടൽ ഉത്തരവ് പാസാക്കുന്നതിന് അനുച്ഛേദം 311(2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡം പ്രകടമായി വ്യവസ്ഥ ചെയ്യുമ്പോൾ, ആ വ്യവസ്ഥ, ഒരു അന്വേഷണ വിചാരണക്കു ശേഷവും പറയുവാനുള്ളത് പറയുവാനുള്ള ന്യായമായ ഒരു അവസരം നൽകിയതിനു ശേഷവുമല്ലാതെ യാതൊരാളും പിരിച്ചു വിടപ്പെടുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യുവാൻ പാടില്ലാത്തതാണ് എന്ന അനുച്ഛേദം 311(2)-ലെ ഭരണഘടനാപരമായ വ്യവസ്ഥക്കുള്ള ഒരു അപവാദമായിരിക്കെ, ആ അവസരത്തിനുള്ള അവകാശം ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡത്തിൽ വായിക്കുവാൻ കഴിയുന്നതല്ല. ജീവനക്കാരന്റെ താല്പര്യം 1960-ലെ കെ.സി.എസ് (സി.സി. & എ) ചട്ടങ്ങളിലെ 18-ാം ചട്ടത്താൽപൂർണ്ണമായും സംരക്ഷിക്കപ്പെടുന്നു, അത് ഒരു ജീവനക്കാരന്, അയാളുടെ കുറ്റസ്ഥാപനം റദ്ദാക്കപ്പെടുന്നെങ്കിൽ, ആ ജീവനക്കാരൻ സർവ്വീസിൽനിന്ന് ഒരിക്കലും പിരിച്ചുവിടപ്പെട്ടിട്ടില്ല എന്ന പോലെയുള്ള ആനുകൂല്യത്തിന് അവകാശമുണ്ടായിരിക്കുന്ന താണ്.

24. യൂണിയൻ ഓഫ് ഇൻഡ്യ അഭി തുളസിറാം പട്ടേൽ(എ.ഐ.ആർ 1985 എസ്.സി 1416) എന്ന കേസിൽ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡത്തിലുള്ള

വ്യവസ്ഥകൾ പരിഗണിക്കുവാൻ പരമോന്നത കോടതിക്ക് അവസരം ഉണ്ടായിരുന്നു. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2)-നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിൻ കീഴിൽ ആ അവസരം കൊണ്ടുവരുന്നതിനുള്ള യാതൊരു സാദ്ധ്യത യുമില്ലെന്ന് പരമോന്നത കോടതി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. വിധിന്യായത്തിന്റെ 70-ാം ഖണ്ഡികയിൽ പരമോന്നത കോടതി താഴെ പറയുന്നവ പ്രതിപാദിച്ചിട്ടുണ്ട്:

*"70. മുകളിലത്തെ ചർച്ചയിൽനിന്ന് ഉയർന്നുവരുന്ന സ്ഥിതി എന്തെന്നാൽ, രണ്ടാം പരിമിതി വ്യവസ്ഥയിലെ സുപ്രധാന വാക്കുകൾ, ആ പരിമിതി വ്യവസ്ഥയിലെ ഓരോ ഖണ്ഡത്തെയും അനുശാസിക്കുന്നതും, ഒരു സർക്കാർ ജീവനക്കാരന് ഏതൊരു തരത്തിലുമുള്ള അവസരം നൽകുന്നതിനുള്ള യാതൊരു സാദ്ധ്യതയും നൽകുന്നില്ലാത്തതുമാണ്. 'ഈ ഖണ്ഡം ബാധകമാകുന്നതല്ല' എന്ന പദപ്രയോഗം ആജ്ഞാപകമായതും നിർദ്ദേശകമല്ലാത്തതുമാണ്. അത്, അനുച്ഛേദം 311(2) പ്രകാരം ഒരു അന്വേഷണ വിചാരണ നടത്തുന്നതിൽ നിന്നോ, ബന്ധപ്പെട്ട സർക്കാർ ജീവനക്കാരന് യാതൊരു തരത്തിലുമുള്ള അവസരം നൽകുന്നതിൽ നിന്നോ അച്ചടക്ക അധികാരിയെ തടയുന്ന ഭരണഘടനാപരമായ ഒരു നിരോധിത ഇഞ്ചങ്ഷന്റെ പ്രകൃതത്തിലുള്ളതാണ്. ഇപ്രകാരം നിഗമനത്തിന്റെയോ ഊഹത്തിന്റെയോ ഒരു പ്രക്രിയ വഴി രണ്ടാം പരിമിതി വ്യവസ്ഥക്കുള്ളിൽവേഗത്തിലുള്ള അന്വേഷണ വിചാരണയോ അവസരമോ കൊണ്ടുവരുന്നതിനുള്ള യാതൊരു സാദ്ധ്യതയുമില്ല. ''expressum facit* cessare tacitum'' *എന്ന തത്വം ('ചില സംഗതികളെക്കുറിച്ചുള്ള പ്രകടമായ സൂചന ഉണ്ടായിരിക്കുമ്പോൾ, അപ്പോൾ സൂചിപ്പിച്ചിട്ടില്ലാത്തതെന്തും ഒഴിവാക്കപ്പെടുന്നു') ഈ കേസിന് ബാധകമാകുന്നു. ബി. ശങ്കര റാവു ബദാമി അഭി മൈസൂർ സർക്കാർ (1969) 3 എസ്.സി.ആർ 112: (എഐആർ 1969 എസ്.സി 453, 459-ാം പേജിൽ) എന്ന കേസിൽ ഈ കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, പ്രസിദ്ധമായ ഈ തത്വം, യുക്തിയുടെയും സാമാന്യ ജ്ഞാനത്തിന്റെയും ഒരു തത്വം ആകുന്നതും, വ്യാഖ്യാനത്തിന്റെ വെറും ഒരു സാങ്കേതിക തത്വം ആകുന്നതല്ലാത്തതുമാണ്. രണ്ടാം പരിമിതിവ്യവസ്ഥ, ആ പരിമിതി വ്യവസ്ഥയിലെ ഖണ്ഡങ്ങളിൽ ഒന്ന് ബാധകമായിത്തീരുന്നിടത്ത്, രണ്ടാം ഖണ്ഡം ബാധകമാകുന്നതല്ല എന്ന് പ്രകടമായി സൂചിപ്പിക്കുന്നു. പ്രകടമായ ഈ സൂചന രണ്ടാം ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്ന സകലതിനേയും ഒഴിവാക്കുന്നതും, രണ്ടാം ഖണ്ഡം വ്യവസ്ഥ ചെയ്തിട്ടുള്ള അവസരങ്ങളെയോ അവയിൽ ഏതെങ്കിലും ഒന്നിനെയോ രണ്ടാം പരിമിതി വ്യവസ്ഥക്കുള്ളിൽ വീണ്ടും ഒരിക്കൽ കൊണ്ടുവരുന്നതിനുള്ള യാതൊരു സാദ്ധ്യതയും ഉണ്ടായിരിക്കുവാൻ സാദ്ധ്യമല്ല".*

25. ഇപ്രകാരം, ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 311(2) നുള്ള രണ്ടാം പരിമിതി വ്യവസ്ഥയിലെ (എ) ഖണ്ഡം വിനിയോഗിച്ചുകൊണ്ട് നിയമനാധികാരി പാസ്സാക്കിയ പിരിച്ചുവിടൽ ഉത്തരവിൽ, അത് ഹർജിക്കാരനുള്ള അവസരം കൂടാതെ പാസ്സാക്കപ്പെട്ടു എന്ന കാരണത്താൽ, യാതൊരു കുറ്റവും കണ്ടെത്തുവാൻ കഴിയുന്നതല്ല.

മുൻപറഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ, റിട്ട് അപ്പീലിനെ അനുവദിക്കുകയും, റിട്ട് ഹർജി ഡബ്ല്യൂ.പി(സി)നം.9795/2009-ലെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ വിധിന്യായം റദ്ദാക്കുകയും, റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്യുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ**
**&**
**ബഹു. ജസ്റ്റിസ് എ.എം. ഷഫീക്ക്**

**എൻ.കെ. രാജപ്പൻ**
**അഭി**
**കേരള സർക്കാരും മറ്റുള്ളവരും**

**റിട്ട് അപ്പീൽ നം. 1889/2010**

2015 ജൂലൈ 16-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1969-ലെ കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ആക്റ്റ്, വകുപ്പ് 2 (സി)—വകുപ്പ് 2 (സി) യുടെ ഒരു സൂക്ഷ്മ വായന, ഏതെങ്കിലും ആളെ, നേരിട്ടോ, മറ്റേതെങ്കിലും ആൾ മുഖാന്തിരമോ, തനിക്കുതന്നെ വേണ്ടിയോ മറ്റേതെങ്കിലും ആൾക്കു വേണ്ടിയോ നിയോഗിക്കുന്ന ആളെ തൊഴിൽ ഉടമയായി അത് പരാമർശിക്കുന്നു എന്ന് കാണിക്കുന്നു.**

**അബ്കാരി ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളും പ്രകാരം, ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ഒരു വളപ്പിൽ ലൈസൻസുള്ള ആൾക്കു പുറമെ, കച്ചവടം നടത്തുന്ന ആളും ആക്റ്റ് പ്രകാരമുള്ള നിധിയിലേക്ക് അംശദായം നൽകുവാൻ ബാദ്ധ്യസ്ഥനാണെന്ന് അധികാര സ്ഥാനങ്ങൾ കണ്ടെത്തുന്ന ഏതെങ്കിലും പ്രത്യേക കേസിൽ, അവർ, തൊഴിലുടമകൾ ഇവരായിരുന്നുവെന്നും, അവർക്കു നേരെയുള്ള തൊഴിലാളികൾ ഇവരായിരുന്നുവെന്നും, അവർ ലൈസൻസുള്ള ആളിന്റെയോ ലൈസൻസ് നൽകുന്ന അധികാരസ്ഥാനത്തിന്റെയോ നിയമപരമായ അധികാരത്തോടുകൂടി കച്ചവടം നടത്തിവരികയായിരുന്നുവെന്നും ഉറപ്പിച്ചു പറയുവാനും നിശ്ചയപൂർവ്വകം സ്ഥിരീകരിക്കുവാനുമുള്ള നിയമപരമായ ഒരു കർത്തവ്യത്തിൻ കീഴിലായിരിക്കുന്നു. ഷാപ്പ് നടത്തിക്കൊണ്ടിരുന്നതും, വേതനം നൽകിക്കൊണ്ടിരുന്നതും, ഹർജിക്കാരനായിരുന്നുവെന്ന് ആവർത്തിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന തൊഴിലാളികൾ ഇൻസ്പെക്ടർ മുമ്പാകെ നൽകിയിട്ടുണ്ട്. ഇപ്രകാരം, നിലവിലത്തെ കേസിൽ, ബാദ്ധ്യത ഹർജ്ജിക്കാരന്റെ മേൽ ശരിയായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതും അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ സമർപ്പണം സ്വീകരിക്കുവാൻ കഴിയാത്തതുമാണ്—അപ്പീൽ തള്ളിക്കളഞ്ഞു.**

### വിധിന്യായം

ചീഫ് ജസ്റ്റിസ് അശോക് ഭൂഷൺ

അപ്പീൽവാദിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. കെ. റാംകുമാറിനേയും, 2-ാം എതിർ കക്ഷിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള അഭിഭാഷകനെയും, അതുപോലെതന്നെ പാണ്ഡിത്യമുള്ള മുതിർന്ന

സർക്കാർ അഭിഭാഷകൻ ശ്രീ. പി.ഐ. ഡേവിസിനെയും കേൾക്കുകയുണ്ടായി.

2. 21-07-2010-ലെ റിട്ട് ഹർജി (സിവിൽ) നമ്പർ 5933/2010-ലെയും, റിട്ട് ഹർജി (സിവിൽ) നമ്പർ 21968/2010-ലെയും പൊതുവിധിന്യായ ത്തിനെതിരെ ഫയൽ ചെയ്തിട്ടുള്ളതാണ് ഈ റിട്ട് അപ്പീൽ. രണ്ട് റിട്ട് ഹർജികളെയും പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി 5000/- രൂപ മൊത്തചിലവ് സഹിതം തള്ളിക്കളഞ്ഞിരുന്നു. റിട്ട് ഹർജിക്ക് ഇടവരുത്തിയ സംഗ്ഗിപ്ത വസ്തുതകൾ താഴെപ്പറയുന്നവയാണ്:-

ചെത്ത് തൊഴിലാളി ഗ്ഷേമനിധി ബോർഡിന്റെ ഗ്ഷേമനിധി ഇൻസ്പെക്ടർ, ഈരാറ്റുപേട്ട റെയിഞ്ചിലെ 191-ഉം 192-ഉം നമ്പർ കള്ള് ഷാപ്പുകളിലെ തൊഴിലാളികളുടെ ബാദ്ധ്യത അന്തിമമായി തീരുമാനിച്ചുകൊണ്ട്, 30-01-2001-ൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും, പണം കൊടുക്കുന്നതിനുള്ള ബാദ്ധ്യത, ലൈസൻസ് ഉള്ള ആളായ ശശികുമാറിന്റെയും ഹർജിക്കാരന്റെയും മേൽ ഉറപ്പിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിന് എതിരെ ഹർജിക്കാരൻ, 1969-ലെ കേരള ചെത്ത് തൊഴിലാളി ഗ്ഷേമനിധി ആക്റ്റിലെ വകുപ്പ് 8(5) പ്രകാരം സർക്കാർ മുമ്പാകെ 05-06-2001-ലെ ഒരു അപ്പീൽ ഫയൽ ചെയ്തു. ഹർജിക്കാരൻ ഹൈക്കോടതിയിൽ ആദ്യ ഹർജി നമ്പർ 22201/2001 കൂടി ഫയൽ ചെയ്തു, അത്, ഏതു വിധേനയും വിധിന്യായത്തിന്റെ ഒരു പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ മൂന്നുമാസത്തി നുള്ളിൽ ഹർജിക്കാരനും അതുപോലെതന്നെ ശശികുമാറിനും പറയുവാനുള്ളത് പറയുവാനുള്ള ഒരു അവസരം നൽകിയതിനുശേഷം 05-06-2001-ലെ അപ്പീൽ പരിഗണിക്കുവാനും, ഉചിതമായ ഉത്തരവ് പാസ്സാക്കുവാനും സർക്കാരിനോട് നിർദ്ദേശിച്ചുകൊണ്ട്, 30-07-2001-ൽ തീർപ്പാക്കുകയുണ്ടായി. അതു വരെയും, എക്സിബിറ്റ് പി 4-ഉം പി 5-ഉം നിർത്തി വയ്ക്കപ്പെട്ടു. ഗ്ഷേമനിധി ഇൻസ്പെക്ടർ തീരുമാനിച്ച പ്രകാരമുള്ള തുക വസൂലാക്കു ന്നതിനുവേണ്ടി പുറപ്പെടുവിച്ച വസൂലാക്കൽ നോട്ടീസുകളായിരുന്നു എക്സിബിറ്റ് പി 4-ഉം പി 5-ഉം. 23-10-2001-ൽ സംസ്ഥാന സർക്കാർ അപ്പീൽ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ്, എക്സിബിറ്റ് ആർ3(എ) ആയി റിട്ട് ഹർജി (സിവിൽ) നമ്പർ 5933/2010-ൽ 2-ാം എതിർകഗ്ഗി ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ രേഖയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജി, അപ്പീലിലെ 23-10-2001-ലെ ഉത്തരവിന്റെ പകർപ്പ് സഹിതം ഹർജിക്കാരൻ ഫയൽചെയ്ത മെമ്മോ മുഖേന പിൻവലിക്കപ്പെട്ടു.

3. അതിനുശേഷം, ഹർജിക്കാരൻ, എക്സിബിറ്റ് പി2 ആയ 30-01-2001-ലെ തിട്ടപ്പെടുത്തൽ ഉത്തരവിനെയും, എക്സിബിറ്റ് പി4 ആയ 12-07-2001-ലെ റവന്യൂ റിക്കവറി നോട്ടീസിനെയും, എക്സിബിറ്റ് പി5 ആയ 16-07-2001-ലെ നോട്ടീസിനെയും, എക്സിബിറ്റ് പി9 ആയ 4-ാം എതിർകഗ്ഗി പുറപ്പെടുവിച്ച 30-01-2010-ലെ കത്തിനെയും, അതുപോലെ എക്സിബിറ്റ് പി.10 ആയ 23-10-2001-ലെ ഉത്തരവിനെയും, ചോദ്യം ചെയ്തുകൊണ്ട് റിട്ട് ഹർജി (സിവിൽ) നം. 21968/2010 ഫയൽ ചെയ്തു. 191-ഉം 192-ഉം നമ്പർ കള്ളു ഷാപ്പുകളെ സംബന്ധിച്ച് ചെത്ത് തൊഴിലാളി ഗ്ഷേമനിധിയുമായി ബന്ധപ്പെട്ട് ഉള്ള കുടിശ്ശികകൾ 3-ാം എതിർകഗ്ഗിയിൽ നിന്ന് വസൂലാക്കുവാൻ 1-ഉം 2-ഉം എതിർ കഗ്ഗികളോട് നിർദ്ദേശിക്കുന്നതിനുവേണ്ടി ഒരു മാൻഡമസും തേടുകയുണ്ടായി. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി ആ റിട്ട് ഹർജി കേൾക്കുകയും വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 30-01-2001-ലെ ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീൽ, അപ്പീൽ അധികാരി, അതായത് സംസ്ഥാന സർക്കാർ 23-10-2001-ൽ തന്നെ നിരസിച്ചിട്ടുണ്ടായിരുന്നെന്നും, അതിൽ അപ്പീൽവാദി/ ഹർജിക്കാരൻ അഭിഭാഷകൻ മുഖാന്തിരം ഹാജരായിട്ടുണ്ടായിരുന്നതും, അപ്പീലിൽ യാതൊരു നോട്ടീസും കൈപ്പറ്റി യിരുന്നില്ല എന്ന ഫലത്തിലേക്ക് അയാൾ ഫയൽ ചെയ്ത പത്രിക പൂർണ്ണമായും കളവാണെന്നും വിധിക്കുകയും ചെയ്തു. *ജോസഫ് ജോസഫ്* അഭി *കേരള സർക്കാർ* (2002 (1) കെ.എൽ.റ്റി 827 (എസ്.സി.)) എന്ന കേസിലെ പരമോന്നത കോടതിയുടെ വിധിന്യായം, ആ കേസിനെ ഉൾപ്പെടുത്തുന്നുയെന്ന ഹർജിക്കാരന്റെ വാദത്തെ പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി, ശ്രദ്ധിക്കുക കൂടി ചെയ്തു. എന്നിരുന്നാലും, പ്രസ്തുത വിധിന്യായത്തെ സംബന്ധിച്ച ഏതൊരു കണ്ടെത്തലും പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി രേഖപ്പെടുത്തിയിട്ടില്ലാത്തതും, വിചാരണയുടെ

നോട്ടീസ് ഹർജിക്കാരൻ കൈപ്പറ്റിയിട്ടില്ല എന്ന വാദം കള്ളമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടെന്ന വീഗ്ഗണം എടുക്കുകയും, ഹർജിക്കാരന്റെ പോക്കും പെരുമാറ്റവും അയാളെ ഏതൊരു നിവൃത്തിക്കും അർഹനാക്കിയിട്ടില്ല എന്ന കണ്ടെത്തലിൻമേൽ 5,000/- രൂപ ആകെ ചെലവോടുകൂടി റിട്ട് ഹർജിയെ തള്ളി ക്കളയുകയും ചെയ്തു.

4. അപ്പീലിൽ ഏതൊരു നോട്ടീസും അപ്പീൽവാദി കൈപ്പറ്റിയിട്ടുമില്ല, നോട്ടീസ് നടത്തിയിട്ടുമില്ല എന്ന് അപ്പീൽവാദിക്കുവേണ്ടി ഹാജരായ പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശ്രീ. റാംകുമാർ വാദിച്ചു ഹർജിക്കാരൻ 20-09-2010-ൽ വിവരാവകാശ ആക്റ്റ് പ്രകാരം സമർപ്പിച്ചിരുന്ന ഒരു അപേഗ്ഗക്ക്, രേഖകൾ നശിപ്പിക്കപ്പെടുന്നതുകൊണ്ട് അപ്പീലിന്റെ വിശദാംശങ്ങൾ കരസ്ഥമാക്കാൻ അയാൾക്കു കഴിയുന്നതല്ല എന്ന മറുപടി സംസ്ഥാന സർക്കാർ അയച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചിരിക്കുന്നു. ഹർജിക്കാരൻ അഭിഭാഷകനോടൊപ്പം ഹാജരായിരുന്നതായും പറഞ്ഞിരിക്കുന്നു. അപേഗ്ഗ ലഭിച്ചത് 22-09-2010-ൽ ആണെന്നും, 23-10-2001-ലെ ഉത്തരവിനെ സംബന്ധിച്ച രേഖകൾ നശിപ്പിക്ക പ്പെട്ടതുകൊണ്ട് ആവശ്യപ്പെട്ട വിവരം നൽകുവാൻ കഴിയുന്നതല്ല എന്നും അറിയിച്ചു കൊണ്ട് സംസ്ഥാന സർക്കാർ അയച്ച 22-09-2010-ലെ മറുപടി അയാൾ രേഖയിൽ കൊണ്ടുവന്നിട്ടുണ്ട്. അപ്പലേറ്റ് അധികാര സ്ഥാനത്തിന്റെ ഉത്തരവിനെ ക്കുറിച്ച് അപ്പീൽവാദിക്ക് അറിവുണ്ടായിരുന്നു വെങ്കിൽ, ആയതിനെ അയാൾ ഉടൻ തന്നെ എതിർ ക്കുമായിരുന്നു, കാരണം നേരത്തെ അയാൾ ഒരു അപ്പീൽ ഫയൽ ചെയ്തിരുന്നുവെന്നും, തന്റെ സാമ്പത്തിക ബാദ്ധ്യതയെ തർക്കിച്ചു കൊണ്ടിരുന്നുവെന്നും ഉള്ളതാണ് അപ്പീൽ വാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ സമർപ്പണം. (മുകളിലത്തെ) *ജോസഫ് ജോസഫിന്റെ* കേസിലെ സുപ്രീം കോടതിയുടെ വിധിന്യായം പ്രശ്നത്തെ പൂർണ്ണമായും ഉൾപ്പെടുത്തുകയും, ആ പ്രശ്നത്തെ പ്രസ്തുത വിധിന്യായം ഉൾപ്പെടുത്തുന്നതു കൊണ്ട്, പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയാലുള്ള നിവൃത്തിക്ക് അപ്പീൽവാദിക്ക് വ്യക്തമായും അവകാശമുണ്ടായിരിക്കുന്നു വെന്നും മേലും ബോധിപ്പി ച്ചിരിക്കുന്നു.

5. 2-ാം എതിർകഗ്ഗി, റിട്ട് ഹർജി (സിവിൽ) നമ്പർ 5933/2010-ൽ ഫയൽ ചെയ്ത എതിർസത്യവാങ്മൂലത്തിൽ, 31-01-2001-ലെ അന്തിമ തീരുമാന ഉത്തരവിനെക്കുറിച്ചുള്ള സൂചന ഉണ്ടായിരുന്നുവെന്ന് പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ അവസാനമായി വാദിച്ചിരിക്കുന്നു. ആ തുക പലിശ ഇനത്തിലുള്ള 1772/- രൂപ ഒഴികെ ഇതിനകം പിരിക്ക പ്പെട്ടിട്ടുണ്ട്. തുക നേരത്തെ കൊടുത്തിട്ടുള്ളതുകൊണ്ട്, ഹർജിക്കാരനിൽ നിന്ന് റവന്യൂ അധികാരികൾക്ക് അവർ ഇതിനകം സ്വീകരിച്ചിട്ടുള്ള യാതൊരു തുകയും വസൂലാക്കാൻ കഴിയുന്നതല്ല.

6. ഗ്ഗേമനിധി ഇൻസ്പെക്ടർ ഹർജിക്കാരന് നോട്ടീസ് നൽകിയെന്നും, ഉചിതമായ അന്വേഷണത്തിന് ശേഷമാണ് തിട്ടപ്പെടുത്തൽ ഉത്തരവ് പാസ്സാക്കിയതെന്നും, 2-ാം എതിർ കഗ്ഗിക്കുവേണ്ടി ഹാജരാകുന്ന പാണ്ഡിത്യ മുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. ഇൻസ്പെക്ടർ മുമ്പാകെ, സാഗ്ഗികൾ വിസ്തരിക്കപ്പെടുകയും, ഹർജിക്കാരൻ തന്റെ ആഗ്ഗേപം ഫയൽ ചെയ്യുകയും, സാഗ്ഗികളെ എതിർവിസ്താരം ചെയ്യുന്നതിന് സമയമെടുത്തി ട്ടുള്ളതും, അതിലേക്കായി 29-01-2001-ൽ അന്വേഷണ വിചാരണ പോസ്റ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് 15-01-2001-ൽ നൽകിയ നോട്ടീസ് 22-01-2001-ൽ നടത്തിയിട്ടുണ്ടെന്നും അദ്ദേഹം ബോധിപ്പിക്കുന്നു. ആ ദിവസം ഹർജിക്കാരൻ ഇൻസ്പെക്ടർ മുമ്പാകെ ഹാജരായിട്ടില്ലാത്തതും, അതിനാൽ തിട്ടപ്പെ ടുത്തൽ ഉത്തരവ് അന്തിമമാക്കുകയും ചെയ്തിട്ടുള്ളതാണ്. ഹർജിക്കാരനെ കേട്ടതിനു ശേഷം അപ്പീൽ അധികാരസ്ഥാനം ഉത്തരവ് പാസ്സാക്കിയതായി ബോധിപ്പിച്ചിരിക്കുന്നു. അതുകൊണ്ട്, ഉത്തരവുമായി ഇടപെടുവാനുള്ള യാതൊരു കാരണവും തെളിയിക്കപ്പെട്ടിട്ടില്ല.

7. ഹർജ്ജിക്കാരൻ അഭിഭാഷകനോടൊപ്പം ഹാജരായിട്ടുള്ളതായി അപ്പീലിലെ ഉത്തരവ് വ്യക്തമായി സൂചിപ്പിക്കുന്നു എന്ന് ഹർജ്ജി ക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ സമർപ്പണത്തെ എതിർത്തു കൊണ്ട് പാണ്ഡിത്യമുള്ള മുതിർന്ന സർക്കാർ അഭിഭാഷകൻ, ശ്രീ. പി.ഐ. ഡേവിസ് വാദിക്കുന്നു. അതിനാൽ, അപ്പീൽ അധികാര

സ്ഥാനത്തിന്റെ ഉത്തരവിലെ, ഹർജിക്കാരൻ ഹാജരായിരുന്നുവെന്ന, നിരീഗ്ഗണം കോടതി അംഗീകരിക്കേണ്ടതും യാതൊരു നോട്ടീസും നടത്തിയിട്ടില്ല എന്ന അപ്പീൽവാദിയുടെ സമർപ്പണം അനുമാന വിരുദ്ധമായി തീർന്നിട്ടുള്ളതുമാണ്. (മുകളിലത്തെ) *ജോസഫ് ജോസഫിന്റെ* കേസിലെ പരമോന്നത കോടതിയുടെ വിധിന്യായം നിലവിലത്തെ കേസിൽ അപ്പീൽവാദിയെ സഹായിക്കുന്നില്ല, കാരണം പ്രസ്തുത കേസിൽ, ആളുകളെ നിയോഗിച്ചത് അവർക്ക് ശമ്പളം കൊടുത്ത പ്രധാന തൊഴിൽ ഉടമയാണെന്ന് തെളിയി ക്കുവാൻ വസ്തുക്കൾ ഇല്ലാതിരിക്കുന്ന പഗ്ഗം, ബാദ്ധ്യസ്ഥനായി കണക്കാക്കപ്പെടുന്നത് ഷാപ്പിന്റെ ലൈസൻസുള്ള ആളാണെന്ന് പരമോന്നത കോടതി നേരത്തെ വിധിച്ചിരുന്നു. എന്നാൽ, ഇപ്പോഴത്തെ കേസിൽ, ഹർജ്ജിക്കാരൻ/ അപ്പീൽവാദിയാണ് ഷാപ്പ് നടത്തിയിരുന്നതെന്ന വസ്തുതയെ അടിസ്ഥാനമാക്കി ചർച്ചകൾ ഉണ്ടായിരിക്കുന്നതും, അതിനാൽ പരമോന്നത കോടതിയുടെ വിധിന്യായപ്രകാരം അയാളുടെ ബാദ്ധ്യത പൂർണ്ണമായും തെളിയിക്കപ്പെടുകയും ചെയ്യുന്നു. പരമോന്നത കോടതിയുടെ വിധിന്യായം യാതൊരു വഴിയിലും ഹർജ്ജിക്കാരനെ സഹായിക്കില്ലെന്ന് അദ്ദേഹം മേലും ബോധിപ്പിക്കുന്നു.

8. കഗ്ഗികളുടെ സമർപ്പണങ്ങളെ ഞങ്ങൾ പരിഗണിക്കുകയും രേഖകൾ സൂഗ്ഗ്മമായി വായിക്കുകയും ചെയ്തിട്ടുണ്ട്.

9. ആ അപ്പീലിൽ ഹർജിക്കാരന് യാതൊരു നോട്ടീസും നടത്തിയിട്ടില്ലെന്നും, അപ്പീൽ ഏകപഗ്ഗീയമായി തീരുമാനിക്കപ്പെട്ടുവെന്നും ഉള്ളതാണ് അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ഊന്നി പറഞ്ഞിട്ടുള്ള സമർപ്പണം. സമ്മതിച്ചിട്ടുള്ളതു പോലെ, 30-01-2001-ൽ ഗ്ഗേമനിധി ഇൻസ്പെക്ടർ നടത്തിയ തിട്ടപ്പെടുത്തൽ ഉത്തരവിന് എതിരെ 05-06-2001-ൽ അപ്പീൽ വാദി അപ്പീൽ ഫയൽ ചെയ്തു. അപ്പീൽ ഫയൽ ചെയ്തതിനുശേഷം, ഹർജ്ജിക്കാരൻ ഈ കോടതി മുമ്പാകെ ആദ്യഹർജി നമ്പർ 22201/2001 ഫയൽ ചെയ്തു, ആ ഹർജ്ജി 30-07-2001-ലെ വിധിന്യായം മുഖേന തീർപ്പാക്കപ്പെട്ടു, പ്രസ്തുത വിധിന്യായത്തിലെ പ്രാവർത്തിക ഭാഗം താഴെ പറയുന്ന ഫലത്തിലേക്കാണ്:-

***"1-ാം എതിർകഗ്ഗി എക്സിബിറ്റ്-പി3 അപ്പീൽ പരിഗണിക്കേണ്ടതും, ഹർജ്ജിക്കാരനും അതുപോലെതന്നെ 3-ാം എതിർകഗ്ഗിക്കും പറയുവാനുള്ളത് പറയുവാനുള്ള ഒരവസരം നൽകിയതിനു ശേഷം ഏതുവിധേനയും ഈ വിധിന്യായത്തിന്റെ ഒരു പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ ഉചിതമായ ഉത്തരവുകൾ പാസ്സാക്കേണ്ടതുമാണ്. അതുവരെ എക്സിബിറ്റ് പി 4-ഉം എക്സിബിറ്റ് പി 5-ഉം നിർത്തി വയ്ക്കേണ്ടതാണ്".***

10. ഈ കോടതിയുടെ മുകളിലത്തെ വിധിന്യായത്തിനുശേഷം, ഹർജിക്കാരൻ അതേ ദിവസം, ആദ്യ ഹർജ്ജി നമ്പർ 22201/2001-ൽ ഈ കോടതി വസൂലാക്കൽ നിർത്തി വച്ചിട്ടുണ്ടെന്ന് 30-07-2001-ലെ എക്സിബിറ്റ് പി-7 കത്ത് മുഖേന, ഡെപ്യൂട്ടി തഹസീൽദാരെ അറിയിച്ചിരുന്നെങ്കിലും, അപ്പീലിന്റെ തീർപ്പാക്കലിനെ സംബന്ധിച്ചുള്ള നടപടികൾ അപ്പീൽവാദി എടുത്തിരുന്നുവെന്ന് ഉള്ള യാതൊരു വിശദാംശങ്ങളും അയാൾ നൽകിയ റിട്ട് ഹർജ്ജിയിൽ ഇല്ലായിരുന്നു, എന്നാൽ, വാസ്തവത്തിൽ മൂന്ന് മാസത്തിനുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കണമെന്ന് ഈ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 30-07-2001-ലെ വിധിന്യായം ഹർജ്ജിക്കാരൻ തന്നെ കരസ്ഥമാക്കിയതു കൊണ്ട്, വിധിന്യായത്തിന്റെ ഒരു പകർപ്പ് സമർപ്പിക്കുവാനുള്ള ഒരു ബാദ്ധ്യത അയാൾക്ക് ഉണ്ടായിരുന്നു. മുകളിലത്തെ നടപടികളെ സംബന്ധിച്ച യാതൊരു വിശദാംശങ്ങളുമോ യാതൊരു വാദമോ ഹർജിക്കാരൻ നൽകിയിരുന്നില്ല. അപ്പീൽ അധികാരസ്ഥാനം അതിന്റെ 23-10-2001-ലെ ഉത്തരവിൽ താഴെ പറയുന്ന നിരീഗ്ഗണം നടത്തിയിട്ടുണ്ട്:-

***"അപ്പീൽ അധികാരസ്ഥാനം 23-10-2001-ൽ ഹിയറിങ്ങിനുവേണ്ടി അപ്പീൽവാദിക്കും, അപ്പീലിലെ ഒന്നാം എതിർകഗ്ഗിക്കും, അതായത്, ഗ്ഗേമനിധി ഇൻസ്പെക്ടർക്കും, രണ്ടാം എതിർകഗ്ഗി ശ്രീ. ശശികുമാറിനും നോട്ടീസ് നൽകി. അപ്പീൽവാദി തന്റെ അഭിഭാഷക നോടൊപ്പവും, ഗ്ഗേമനിധി ഇൻസ്പെക്ടറും ഹാജരായിരുന്നു. ശ്രീ. ശശികുമാർ ഹാജരായിരുന്നില്ല. അപ്പീൽ വാദിക്കുള്ള അഭിഭാഷകൻ വാദങ്ങൾ ആവർത്തിച്ചു പറഞ്ഞു. ഗ്ഗേമനിധി ഇൻസ്പെക്ടറും വിഷയത്തെ***

*വിശദമായി വാദിച്ചു. ഗ്രേമനിധി ഇൻസ്പെക്ടറുടെ റിപ്പോർട്ടും റിക്കാർഡുകളും കൂടി പരിശോധിച്ചു."* ഇപ്രകാരം ആ അധികാരസ്ഥാനം, ഹിയറിങ്ങ് തീയതി 23-10-2001-ൽ നിശ്ചയിച്ചുകൊണ്ട് അപ്പീൽ വാദിക്കും, അപ്പീലിലെ ഒന്നാം എതിർ കക്ഷിക്കും, ശശികുമാറിനും നോട്ടീസ് നൽകിയിരുന്നുവെന്ന വ്യക്തമായ കണ്ടെത്തൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പീൽവാദി തന്റെ അഭിഭാഷകനോടൊപ്പവും, ഗ്രേമനിധി ഇൻസ്പെക്ടറും ഹാജരായിരുന്നുവെന്നും, ശശികുമാർ ഹാജരായിരുന്നില്ല എന്നും അപ്പീൽ അധികാരസ്ഥാനം നിരീക്ഷിച്ചു. അപ്പീൽവാദിക്കുവേണ്ടിയുള്ള അഭിഭാഷകൻ വാദങ്ങൾ ആവർത്തിച്ചു പറഞ്ഞുവെന്നും, ഗ്രേമനിധി ഇൻസ്പെക്ടറും വിഷയത്തെ വിശദമായി വാദിച്ചുവെന്നും കൂടി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പീൽ അധികാരസ്ഥാനത്താലുള്ള മുകളിലത്തെ നിരീക്ഷണങ്ങളെ അവിശ്വസിക്കുവാൻ ഞങ്ങൾക്ക് യാതൊരു കാരണവുമില്ല.

11. രേഖകൾ നശിപ്പിക്കപ്പെട്ടതുകൊണ്ട്, ആവശ്യപ്പെട്ട വിവരം നൽകുവാൻ കഴിയുന്നതല്ല എന്ന വിവരാവകാശ ആക്റ്റ് പ്രകാരം സർക്കാരിൽ നിന്ന് ലഭിച്ച 29-09-2010-ലെ മറുപടിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത നിരീക്ഷണത്തെ നിഷേധിക്കുവാൻ അപ്പീൽവാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രമിച്ചു. എന്നാൽ 23-10-2001-ൽ പാസ്സാക്കിയ ഉത്തരവിനെ സംബന്ധിച്ച് വിവരാവകാശ ആക്റ്റ് പ്രകാരം യാതൊരു വിവരവും അപ്പീൽവാദിക്ക് കരസ്ഥമാക്കുവാൻ കഴിഞ്ഞിരുന്നില്ല എന്ന വസ്തുതയെ, അപ്പീൽ വാദി അഭിഭാഷകനു മൊത്ത് ഹാജരായിരുന്നു എന്ന അപ്പീൽ അധികാരിയുടെ ഉത്തരവിൽ രേഖപ്പെടുത്തിയിരുന്ന പ്രത്യേക കണ്ടെത്തലിനെ അവിശ്വസിക്കുവാനുള്ള ഒരു അടിസ്ഥാനമാകുവാൻ കഴിയുന്നതല്ല. കക്ഷികളെയും/അല്ലെങ്കിൽ വസ്തുതാ പരമായ ഏതെങ്കിലും നിരീക്ഷണത്തെയും സംബന്ധിച്ച് എന്തെങ്കിലും കണ്ടെത്തൽ കോടതിയോ അധികാരസ്ഥാനമോ രേഖപ്പെടുത്തുമ്പോൾ, അതിനെ ഉന്നത കോടതി അവിശ്വസിക്കേണ്ടതില്ലെന്നും, സങ്കട കക്ഷിക്ക് വേണ്ടി തുറന്നിരിക്കുന്ന പരിഹാരം വിധിന്യായത്തിൽ നടത്തിയിട്ടുള്ള പ്രസ്താവനയെ ചോദ്യം ചെയ്തുകൊണ്ട് പ്രസ്തുത കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോമുമ്പാകെ പുനഃപരിശോധനക്കായി അപേക്ഷിക്കുക എന്നതാണെന്നുള്ളത് ശരിയായി തീരുമാനിച്ചിരിക്കുന്നതുമാണ്. ഈ സന്ദർഭത്തിൽ, ശ്രീ. *ഹരി വിഷ്ണു കമ്മത്ത്* അഭി *അഹമ്മദ് ഇസഹാക്* (എ.ഐ.ആർ 1955 എസ്.സി 233) എന്ന കേസിലെ ഉന്നത കോടതിയുടെ വിധിന്യായത്തിലേക്ക് പരാമർശം നടത്തപ്പെടുന്നു.

12. ഇപ്രകാരം, അപ്പീൽവാദിക്കുള്ള നോട്ടീസ് ഇല്ലാതെ അപ്പീൽ തീരുമാനിക്കപ്പെട്ടു എന്ന അയാളുടെ സമർപ്പണത്തെ അംഗീകരിക്കുവാൻ കഴിയുന്നതല്ല എന്ന വീക്ഷണമാണ് ഞങ്ങളുടേത്. കേസിന്റെ യഥാർത്ഥ യോഗ്യതകളെ, (മുകളിലത്തെ) *ജോസഫ് ജോസഫിന്റെ* കേസിൽ പരമോന്നത കോടതി ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട്, ഗ്രേമനിധി ഇൻസ്പെക്ടറും അപ്പീൽ അധികാരസ്ഥാനവും പാസ്സാക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രാഥമിക ബാദ്ധ്യത അപ്പീൽവാദിയിന്മേൽ ചുമത്തുവാൻ കഴിയുന്നതല്ല എന്നുള്ള വാദം കൂടി അപ്പീൽ വാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ഊന്നിപറഞ്ഞിട്ടുണ്ട്. പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജി തന്റെ വിധിന്യായത്തിൽ യഥാർത്ഥ യോഗ്യത കളിലേക്ക് ശ്രദ്ധ തിരിച്ചിട്ടില്ലെങ്കിൽ കൂടിയും, ചെലവ് സഹിതം റിട്ട് ഹർജിയെ തള്ളിക്കളയുവാൻ തീരുമാനിച്ചുവെന്ന് അദ്ദേഹം ബോധിപ്പിക്കുന്നു.

13. (മുകളിലത്തെ) *ജോസഫ് ജോസഫിന്റെ* കേസിലെ പരമോന്നത കോടതിയുടെ വിധിന്യായം, 1969-ലെ കേരള ചെത്തു തൊഴിലാളി ഗ്രേമനിധി ആക്റ്റ് പ്രകാരമുള്ള ബാദ്ധ്യതാ പ്രശ്നം പരിഗണിക്കുവാൻ പരമോന്നത കോടതിക്ക് അവസരമുണ്ടായിരുന്ന ഒരു കേസായിരുന്നു. ഗ്രേമനിധി ബോർഡിലെ തൊഴിലാളികളുടെ തൊഴിലുടമയായി അപ്പീൽവാദിയെ പരിഗണിച്ചുകൊണ്ട് തിട്ടപ്പെടുത്തൽ അയാൾക്ക് എതിരായി നടത്തപ്പെട്ടു. റിട്ട് ഹർജി ഫയൽ ചെയ്യുകയും, അത് തള്ളിക്കളയപ്പെടുകയും, വിഷയം പരമോന്നത കോടതി മുമ്പാകെ കൊണ്ടുവരപ്പെടുകയും ചെയ്തു. ജോയി കുര്യൻ എന്ന പേരുള്ള മറ്റൊരാളാണ് കള്ള് ഷാപ്പിന്റെ ലൈസൻസുള്ള ആൾ എന്ന് എതിർ സത്യവാങ്മൂലത്തിൽ പറഞ്ഞിരുന്നു. ലൈസൻസുള്ള ആൾ കച്ചവടം നടത്തി യിരുന്നതായും മേലും പറഞ്ഞിരുന്നു. എതിർ സത്യവാങ്മൂലത്തിൽ നടത്തിയിരുന്ന

പ്രസ്താവങ്ങളെ ഉദ്ധരിക്കുന്നത് ഉപയോഗ പ്രദമായതാണ്, അവ താഴെ പറയുന്ന ഫലത്തിലേക്കാണ്:-

*"2-ാം എതിർകക്ഷിക്കു വേണ്ടി ഫയൽ ചെയ്ത എതിർസത്യവാങ്മൂലത്തിൽ മുകളിൽ പറഞ്ഞ ജോയ് കുര്യൻ ആയിരുന്നു കള്ള് ഷാപ്പിന്റെ ലൈസൻസുള്ള ആൾ എന്നു സമ്മതിക്കുന്നു. ആക്റ്റുപ്രകാരം, ഇൻസ്പെക്ടർ നടത്തിയ വിചാരണയിൽ, ഷാപ്പ് ലേലത്തിൽ എടുത്തത് നാലാം എതിർകക്ഷി ആണെന്നും, ഷാപ്പിലെ യഥാർത്ഥ കച്ചവടം നടത്തിക്കൊണ്ടിരുന്നതും തൊഴിലാളികൾക്ക് കൂലി കൊടുത്തുകൊണ്ടിരുന്നതും അഞ്ചാം എതിർകക്ഷിയായ വി. ടി. ചാക്കോയും, രണ്ടാം ഹർജിക്കാരനായ സി. ടി. മിഖേലും, നാലാം ഹർജിക്കാരനായ സണ്ണി കുര്യനും, ഒന്നാം ഹർജിക്കാരനായ ജോസഫ് ജോസഫും, മൂന്നാം ഹർജിക്കാരനായ ജോസഫ് സെബാസ്റ്റ്യനും ആയിരുന്നുവെന്നും തൊഴി ലാളികളും തൊഴിലാളി യൂണിയൻ ഉദ്യോഗസ്ഥരും മൊഴി നൽകിയിരുന്നു".* പ്രധാന തൊഴിൽ ഉടമ തൊഴിലാളികളെ നിയോഗിച്ചതുകൊണ്ട്, ഇടനിലക്കാരായ ആളുകളെ തൊഴിലാളികളുടെ തൊഴിലുടമയായി കണക്കാക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നും, അപ്പീൽവാദികളുടെ മേൽ യാതൊരു ബാദ്ധ്യതയും ചുമത്താൻ കഴിയുന്നതല്ലെന്നുമുള്ള ഒരു കേസുമായി അയാൾ വന്നിരുന്നു എന്ന്, വകുപ്പ് 2 (സി) യിലെ വ്യവസ്ഥകളേയും, അതുപോലെ തന്നെ വാദങ്ങളേയും പരിഗണിച്ചുകൊണ്ട്, പരമോന്നത കോടതി വിധിച്ചു. ഈ സന്ദർഭത്തിൽ, പ്രസ്തുത വിധിന്യായത്തിൽ പരമോന്നത കോടതി, താഴെ പറയുന്ന നിരീക്ഷണം നടത്തിയിട്ടുണ്ട് :

> *"വകുപ്പ് 2 (സി) യുടെ ഒരു സൂക്ഷ്മ വായന, ഏതെങ്കിലും ആളെ, നേരിട്ടോ, മറ്റേതെങ്കിലും ആൾ മുഖാന്തിരമോ, തനിക്കുതന്നെ വേണ്ടിയോ മറ്റേതെങ്കിലും ആൾക്കു വേണ്ടിയോ നിയോഗിക്കുന്ന ആളെ തൊഴിൽ ഉടമയായി അത് പരാമർശിക്കുന്നു എന്ന് കാണിക്കുന്നു. ഏതെങ്കിലും ആളാലുള്ള നിയോജനം അയാൾക്കു തന്നെ വേണ്ടിയോ മറ്റേതെങ്കിലും ആൾക്കു വേണ്ടിയോ ആയിരിക്കുന്നത് സാദ്ധ്യമാണ്. ഒരു സ്ഥാപനത്തിന്റെയോ ഷാപ്പിന്റെയോ കച്ചവടത്തിന്റെ നടത്തി പ്പുമായി ആ ആൾ ബന്ധപ്പെട്ടിരിക്കുന്നു എന്ന കാരണത്താൽ മാത്രം, അയാൾ തനിക്കുതന്നെ വേണ്ടി തൊഴിലാളികളെ നിയോജിച്ചിരുന്നതായി പറയുവാൻ കഴിയുന്നതല്ല. ഉടമസ്ഥനെ കൂടാതെ, പ്രസ്തുത ഷാപ്പിന്റെ കച്ചവടം നടത്തുന്ന മറ്റേതെങ്കിലും ആൾക്ക് അയാൾക്കു തന്നെ വേണ്ടിയും അസ്സൽ ഉടമസ്ഥന് വേണ്ടിയല്ലാതെയും തൊഴിലാളികളെ നിയോഗിക്കാവുന്നതാണെന്ന് കാണിക്കുവാൻ കഴിയുന്ന കേസുകൾ ഉണ്ടായിരിക്കാവുന്നതാണ്. എന്നാൽ വിരുദ്ധമായ തെളിവിന്റെ അഭാവത്തിൽ പ്രത്യേകിച്ചും, മുഖ്യ തൊഴിലുടമ തൊഴിലാളികളെ നിയോഗിച്ചിരുന്നു വെന്ന അദ്ദേഹത്തിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ, ഇടനിലക്കാരായ ആളുകളെ ആക്റ്റിൻ കീഴിൽ ഉൾപ്പെട്ടിരുന്ന ഷാപ്പിലെ കച്ചവടത്തിന്റെ നടത്തിപ്പിനുവേണ്ടി നിയോഗിക്കപ്പെട്ട തൊഴിലാളികളുടെ തൊഴിൽ ഉടമയായി കണക്കാക്കുവാൻ കഴിഞ്ഞിരുന്നില്ല. നിയമപരമായ ഒരു കച്ചവടത്തിന്റെ നടത്തിപ്പിനെ നിയമം മുൻകൂട്ടി ഊഹിക്കുന്നതും, അതിനെ ആക്റ്റിന്റെ ലക്ഷ്യത്തെ വിഫല മാക്കുന്നതും നീതിഭംഗത്തിൽ മാത്രമല്ല, എന്നാൽ നിയമത്തിലെ നിയമാധിഷ്ഠിത വ്യവസ്ഥയുടെ ലംഘനത്തിൽ കലാശിക്കുകയും ചെയ്യുന്ന ഒരു രീതിയിൽ വ്യാഖ്യാനിക്കുവാൻ കഴിയാത്തതുമാണ്. അബ്കാരി കച്ചവടം നടത്തുന്നതിനു വേണ്ടി ലൈസൻസ് ഉള്ള ആൾക്ക് അനുവദി ച്ചിട്ടുള്ള വിശേഷ അവകാശം അല്ലെങ്കിൽ ലൈസൻസ് മുഴുവനുമോ, അതിന്റെ ഏതെങ്കിലും ഭാഗമോ പാട്ടം കൊടുക്കുവാനോ, ഉപ-പാട്ടം കൊടുക്കുവാനോ, ചട്ടങ്ങളിൻ കീഴിൽ അയാളെ അധികാരപ്പെടുത്തിയിട്ടില്ലെങ്കിൽ, ലൈസൻസുള്ള ഷാപ്പിനെ സംബന്ധിച്ച തൊഴിലുടമയായി അപ്പീൽ വാദികളെ കണക്കാക്കുന്നത് കേരള അബ്കാരി ഷാപ്പുകളുടെ ആക്റ്റിന്റെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടെയും ലംഘനത്തെ എളുപ്പ*

*മാക്കുന്നതാകുന്നതാണ്. അങ്ങനെയുള്ള ഒരു വ്യാഖ്യാനം അത് പൊതുനയത്തിന് എതിരായ തിനാൽ, ആവശ്യമാകുന്നില്ല. അബ്കാരി ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളും പ്രകാരം ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ഒരു വളപ്പിൽ, ലൈസൻസ് ഉള്ള ആൾക്കു പുറമേ കച്ചവടം നടത്തുന്ന മറ്റ് ഏതെങ്കിലും ആളും ആക്റ്റ് പ്രകാരമുള്ള നിധിയിലേക്ക് അംശദായം നൽകുവാൻ ബാദ്ധ്യസ്ഥനാണ് എന്ന് അധികാര സ്ഥാനങ്ങൾ കണ്ടെത്തുന്ന ഏതെങ്കിലും പ്രത്യേക കേസിൽ, അവർ, തൊഴിൽ ഉടമകൾ ഇവരായിരുന്നുവെന്നും, അവർക്കു നേരെയുള്ള തൊഴിലാളികൾ ഇവരായിരുന്നുവെന്നും, അവർ ലൈസൻസുള്ള ആളിന്റെയോ ലൈസൻസ് നൽകുന്ന അധികാരസ്ഥാന ത്തിന്റെയോ നിയമപരമായ അധികാര ത്തോടുകൂടി കച്ചവടം നടത്തി വരികയായി രുന്നുവെന്ന് ഉറപ്പിച്ചു പറയുവാനും നിശ്ചയപൂർവ്വകം സ്ഥിരീകരിക്കു വാനുമുള്ള നിയമപരമായ ഒരു കർത്തവ്യത്തിൻ കീഴിലായിരിക്കുന്നു. ഷാപ്പ് നടത്തുവാനുള്ള ലൈസൻസ് ഏത് ആക്റ്റിന്റെയും നിയമത്തിന്റെയും കീഴിലാണോ നൽകപ്പെട്ടത്, അവയുടെ ഉദ്ദേശ്യത്തെയും ലക്ഷ്യത്തെയും പരാമർശിക്കാതെ, ഹൈക്കോടതി വിഷയത്തെക്കുറിച്ച് ഒരു സാമാന്യ വീക്ഷണം എടുത്തിട്ടുണ്ട്. ഇപ്രകാരം ചോദ്യംചെയ്യപ്പെട്ട വിധിന്യായം നിലനിൽക്കത്തക്കതല്ലാത്തതാണ്".*

മേൽ സാഹചര്യങ്ങളിൽ, പരമോന്നത കോടതി അപ്പീൽ അനുവദിച്ചു.

14. മുകളിൽ ശ്രദ്ധിച്ച പ്രകാരമുള്ള വസ്തുതയിൽ നിന്ന്, ലൈസൻസുള്ള ആളായിരുന്ന മുഖ്യ തൊഴിലുടമ, അയാൾ തൊഴിലാളികളെ നിയോഗിച്ചിരുന്നതായി അവകാശപ്പെട്ടിരുന്നു. അബ്കാരി ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളും പ്രകാരം, ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ഒരു വളപ്പിൽ ലൈസൻസുള്ള ആൾക്കു പുറമെ, കച്ചവടം നടത്തുന്ന ആളും ആക്റ്റ് പ്രകാരമുള്ള നിധിയിലേക്ക് അംശദായം നൽകുവാൻ ബാദ്ധ്യസ്ഥനാണെന്ന് അധികാരസ്ഥാനങ്ങൾ കണ്ടെത്തുന്ന ഏതെങ്കിലും പ്രത്യേക കേസിൽ, അവർ, തൊഴിലുടമകൾ ഇവരായിരുന്നുവെന്നും, അവർക്കു നേരെയുള്ള തൊഴിലാളികൾ ഇവരായിരുന്നുവെന്നും, അവർ ലൈസൻസുള്ള ആളിന്റെയോ ലൈസൻസ് നൽകുന്ന അധികാരസ്ഥാനത്തിന്റെയോ നിയമപരമായ അധികാരത്തോടുകൂടി കച്ചവടം നടത്തി വരികയായിരുന്നുവെന്നും ഉറപ്പിച്ചു പറയുവാനും നിശ്ചയപൂർവ്വകം സ്ഥിരീകരിക്കു വാനുമുള്ള നിയമപരമായ ഒരു കർത്തവ്യത്തിൻ കീഴിലായിരിക്കുന്നു എന്ന് മുകളിലത്തെ ഖണ്ഡികയിൽ പരമോന്നത കോടതി വ്യക്തമായി വിധിക്കുകയും കൂടി ചെയ്തു. ഇപ്രകാരം, യഥാർത്ഥത്തിൽ കച്ചവടം നടത്തുന്ന ആളെയും, ആ ഫലത്തിലേയ്ക്കുള്ള വസ്തുതകൾ ഉണ്ടെങ്കിൽ, ബാദ്ധ്യസ്ഥനായി കണക്കാ ക്കുവാൻ കഴിയുന്നതാണെന്ന് പരമോന്നത കോടതി വ്യക്തമായി വിവക്ഷിച്ചു. ഇപ്പോഴത്തെ കേസിൽ, യഥാർത്ഥ ലൈസൻസുള്ള ആളായ ശശികുമാർ, ഏതൊരു ഷാപ്പും അയാൾ നടത്തി വരുന്നില്ലെന്നും ഹർജിക്കാരനാണ് ഷാപ്പ് നടത്തിക്കൊണ്ടിരിക്കുന്നത് എന്നുമുള്ള ഒരു വാദം എടുത്തിട്ടുള്ളതായി രേഖയിൽ വന്നിട്ടുണ്ട്. ഷാപ്പ് നടത്തിക്കൊണ്ടിരുന്നതും, വേതനം നൽകി ക്കൊണ്ടിരുന്നതും, ഹർജി ക്കാരനായിരുന്നുവെന്ന് ആവർത്തിച്ചു കൊണ്ടുള്ള ഒരു പ്രസ്താവന തൊഴിലാളികൾ ഇൻസ്പെക്ടർ മുമ്പാകെ നൽകിയിട്ടുണ്ട്. ഇപ്രകാരം, നിലവിലത്തെ കേസിൽ, ബാദ്ധ്യത ഹർജ്ജിക്കാരന്റെ മേൽ ശരിയായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതും (മുകളിലത്തെ) *ജോസഫ് ജോസഫിന്റെ* കേസിലെ പരമോന്നത കോടതിയുടെ വിധിന്യായം യാതൊരു രീതിയിലും ഹർജ്ജിക്കാരന്റെ വാദത്തെ പിന്താങ്ങിയിട്ടില്ലാത്തതും, മുകളിൽ ചൂണ്ടി ക്കാട്ടപ്പെട്ട പരമോന്നത കോടതിയുടെ വിധിന്യായം ഈ കേസിനെ ഉൾപ്പെടുത്തുന്നുവെന്ന അപ്പീൽ വാദിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകന്റെ സമർപ്പണം സ്വീകരിക്കുവാൻ കഴിയാത്തതുമാണ്.

15. ഇപ്പോൾ, 2-ാം എതിർകക്ഷി ഫയൽചെയ്ത എതിർസത്യവാങ്മൂലത്തിലെ ഖണ്ഡിക 9-ലെ അവസാനത്തെ സമർപ്പണത്തി ലേക്ക് വരുമ്പോൾ,

1999-2000 വർഷത്തേയ്ക്ക് പലിശ ഇനത്തിൽ കൊടുത്തുതീർക്കേണ്ടതായ നിശ്ചിത തുക കൊടുത്തിട്ടുണ്ടെന്നും 1,772/- രൂപ കൊടുക്കേണ്ടിയുണ്ടെന്നും അതിൽ പറഞ്ഞിരിക്കുന്നു. ഈ കാര്യം അധികാര സ്ഥാനം പരിശോധിക്കേണ്ടതുണ്ടെന്നും, തുക നിഗ്ഗേപിച്ചിട്ടുള്ള ഏതൊരു സംഗതിയിലും പ്രസ്തുത തുക വീണ്ടും നിഗ്ഗേപിക്കുന്നതിനു വേണ്ടി നിർബന്ധിക്കുവാനുള്ള യാതൊരു സന്ദർഭവും ഇല്ലാത്തതാണെന്നുമുള്ളതുമാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ഹർജ്ജിക്കാരന്, 4-ാം എതിർകഗ്ഗി മുമ്പാകെ ആഗ്ഗേപം സമർപ്പി ക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്, അദ്ദേഹം, റവന്യൂ റിക്കവറി നടപടികളുമായി വീണ്ടും മുമ്പോട്ടു പോകുന്നതിനു മുമ്പ്, പ്രസ്തുത ആഗ്ഗേപം പരിഗണിക്കേണ്ടതാണ്.

16. അപ്പീൽവാദി ഈ വിഷയത്തിനു വേണ്ടി ആദ്യാവസാനം പോരാടിവരുകയും, അയാൾക്ക് യാതൊരു ആനുകൂല്യവും നൽകാത്ത അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തതുകൊണ്ട്, ചുമത്തിയ ചിലവ് ആവശ്യമായിരുന്നില്ലായെന്നും അപ്പീൽ വാദിക്ക് വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. സിംഗിൾ ജഡ്ജി ചുമത്തിയ ചിലവിനെ ഒഴിവാക്കുവാൻ കഴിയുന്നതാണ് എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട് അതിനനുസൃതമായി, 5,000/- രൂപ ചിലവ് നിഗ്ഗേപിക്കുവാനുള്ള നിർദ്ദേശം ഒഴിവാക്ക പ്പെടുന്നു.

മുകളിൽ പറഞ്ഞതിന് വിധേയമായി, ഈ റിട്ട് അപ്പീൽ തള്ളിക്കളയുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ

&

ബഹു. ജസ്റ്റിസ് സുനിൽ തോമസ്

എഫ്.എ.ഒ. നം. 98/2015

വെളുത്തപറമ്പത്ത് വസന്തയും മറ്റുള്ളവരും

അഭി

പുർത്തലത്ത്കുനിയിൽ അലക്കാടൻ ചാത്തുവും മറ്റൊരാളും

2015 ജൂലൈ 21-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1908-ലെ സിവിൽ നടപടി നിയമസംഹിത, ആർഡർ XXXIII, ചട്ടം 1-- നിസ്വനായ ആളുകളായി വ്യവഹരിക്കുവാനുള്ള കോടതിയുടെ അനുമതി അപ്പീൽവാദികൾ തേടുകയുണ്ടായി--പാവപ്പെട്ടവർക്കും ആവശ്യക്കാർക്കും നീതിക്കുള്ള പ്രവേശം നിഷേധിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, അവർക്ക് നീതിക്കുള്ള പ്രവേശം ഉണ്ടായിരിക്കുന്നു എന്നുകൂടി ഉറപ്പുവരുത്തുവാനുള്ള ഒരു സഗൗരവ കർത്തവ്യം, അനുച്ഛേദം 39എ പ്രകാരമുള്ള ഭരണഘടനാപരമായ കൽപനയും ആർഡർ XXXIII-ഉം കോടതികളിന്മേൽ ചുമത്തുന്നു. പാവപ്പെട്ടവർക്ക് നീതി നൽകുന്നതിനുള്ള ഉപകരണങ്ങളായി പ്രവർത്തിക്കുവാനും, നീതിക്കുള്ള അവരുടെ ചുവടുവെയ്പിൽ വണ്ടിചക്രത്തിലെ അഴികളെപോലെ പ്രവർത്തിക്കാതിരിക്കുവാനുമാണ് ആർഡർ XXXIII-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വ്യവസ്ഥകളാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 21—ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 21 പ്രകാരമുള്ള ജീവിക്കുവാനുള്ള അവകാശം അന്തസ്സുള്ള ജീവിതത്തിനുള്ള അവകാശത്തെ ഉൾപ്പെടുത്തുന്നതുകൊണ്ട്, അടിസ്ഥാനപരമായ ആവശ്യങ്ങളായ ഭക്ഷണത്തിനും, താമസത്തിനും, വസ്ത്രത്തിനും പുറമേ, തന്റെയും കുടുംബത്തിന്റെയും ഒരു ന്യായമായ ജീവിതത്തിനുവേണ്ടി അവശ്യമായ ഏർപ്പാട് ഉണ്ടാക്കുവാനും അവകാശമുണ്ടായിരിക്കുന്നു. ഒരാളുടെ വരവും ചെലവും അളക്കുവാൻ, അയാൾക്ക് തന്റെ ധനാഗമമാർഗ്ഗങ്ങൾ എത്ര ഉത്തമമായി വിനിയോഗിക്കുവാനും ചിലവ് കുറക്കുവാനും കഴിഞ്ഞിരിക്കുമെന്നും, കോർട്ട് ഫീ കൊടുക്കുന്നതിനുവേണ്ടി പണം ഭദ്രമാക്കാൻ കഴിഞ്ഞിരിക്കുമെന്നും തീരുമാനിക്കുവാൻ കോടതികൾ സ്വർണ്ണ അളവുമാനം ഉപയോഗിക്കാൻ പാടില്ലാത്തതാണ്--വ്യവഹാരികൾ അവരുടെ വസ്തു വില്ക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നില്ല എന്ന് ആജ്ഞാപിക്കുന്ന വിവിധ വിധിന്യായങ്ങൾ ഉണ്ടെങ്കിൽപോലും, നിർഭാഗ്യവശാൽ അവർക്ക് വസ്തു പണയപ്പെടുത്തുവാനും, വായ്പ സംഭരിക്കുവാനും കഴിഞ്ഞിരിക്കുമെന്ന തെറ്റായ അനുമാനത്തിൽ കീഴ്ക്കോടതി എത്തിച്ചേർന്നു. കീഴ്ക്കോടതിയുടെ ഉത്തരവ് നിലനിൽക്കത്തക്കതല്ലാത്തതും റദ്ദാക്കപ്പെടുവാൻ അർഹതയുള്ളതുമാണ്. അപ്പീൽ അനുവദിക്കുകയും ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കുകയും ചെയ്തു.

**വിധിന്യായം**

ജസ്റ്റിസ് സുനിൽ തോമസ്

സിവിൽ നടപടി നിയമസംഹിതയിലെ ആർഡർ XXXIII, ചട്ടം 1 പ്രകാരം, നിസ്വനായ ആളുകളായി വ്യവഹരിക്കുവാൻ അനുമതി തേടിക്കൊണ്ട് തലശ്ശേരി പ്രിൻസിപ്പൽ സബ്കോടതിയിൽ ഫയൽ ചെയ്ത ആദ്യ ഹർജി നമ്പർ 4/2012-ന്റെ നിരസനത്താൽ സങ്കടപ്പെടുന്നവരാണ് അപ്പീൽവാദികൾ.

2. അപ്പീൽവാദികളുടെ/ഹർജ്ജിക്കാരുടെ മുൻഗാമി ഇതിലെ എതിർകക്ഷിക്ക് എതിരായി നേരത്തെ ഒരു വ്യവഹാരം ഫയൽ ചെയ്തിരുന്നു. ആ ശത്രുത കാരണം, 18-03-2010-ൽ രാവിലെ ഏകദേശം 6.30 മണിക്ക് ആരോപിച്ചിട്ടുള്ള പ്രകാരം എതിർകക്ഷി മാരകമായ ഒരു ആയുധം ഉപയോഗിച്ച്, ആ മുൻഗാമിയെ കൊലപ്പെടുത്തി. അതിനുശേഷം മരണപ്പെട്ടയാളിന്റെ അനന്തരാ വകാശികൾ എതിർകക്ഷിയിൽ നിന്ന് ഇരുപത് ലക്ഷം രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട്, കീഴ്ക്കോടതി മുമ്പാകെ ഇപ്പോഴത്തെ നടപടികൾ ഫയൽചെയ്യുകയുണ്ടായി. നൽകേണ്ട തായിരുന്ന കോർട്ട് ഫീ 1,78,400/- രൂപ ആയിരുന്നു. കോർട്ട് ഫീ നൽകുവാനുള്ള മതിയായ പണം ഹർജിക്കാരുടെ കൈവശം ഇല്ലായിരുന്നു എന്ന് അവകാശപ്പെട്ടുകൊണ്ട് ഇപ്പോഴത്തെ ആദ്യഹർജ്ജി ഫയൽ ചെയ്യപ്പെട്ടു. എതിർകക്ഷി ഹാജരാകുകയും, ഒരു എതിർ സത്യവാങ്മൂലം ഫയൽചെയ്യുകയും ചെയ്തു. ഹർജിക്കാർക്ക് കണ്ണൂർ ജില്ലക്ക് ഉള്ളിൽ ഏതൊരു സ്വത്തുക്കളും കൈവശം ഇല്ലായിരുന്നു എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തു. സർക്കാരിന്റെ റിപ്പോർട്ടിന്റെയും, എതിർ സത്യവാങ്മൂല ത്തിന്റെയും, റിക്കാർഡിൽ ഉള്ള വസ്തു ക്കളുടേയും അടിസ്ഥാനത്തിൽ, കീഴ്ക്കോടതി ഹർജ്ജിക്കാർക്ക് കോർട്ട് ഫീ കൊടുക്കുവാനുള്ള മതിയായ മാർഗ്ഗം കൈവശം ഉണ്ടായിരുന്നു എന്ന് വിധിക്കുകയും, അനന്തരഫലമായി അവരുടെ അപേക്ഷ നിരസിക്കുകയും ചെയ്തു.

3. മുകളിലത്തെ ഉത്തരവ് ഈ അപ്പീലിൽ ചോദ്യം ചെയ്യപ്പെടുന്നു. രണ്ടു ഭാഗത്തേയും കേൾക്കുകയും, റിക്കാർഡുകൾ പരിശോധിക്കുകയും ചെയ്തു.

4. ഹർജിക്കാർ പറഞ്ഞതനുസരിച്ച്, ഒന്നാം ഹർജിക്കാരി, ആട്ടോറിക്ഷ ഡ്രൈവറായി ജോലി ചെയ്തുവരികയായിരുന്ന മരണപ്പെട്ട ആളുടെ ഭാര്യയും, രണ്ടു മുതൽ നാലു വരെയുള്ള ഹർജിക്കാർ വിദ്യാർത്ഥികളുമായിരുന്നു. അവർക്ക് ചെണ്ടയാട് ദേശത്ത് 59 സെന്റ് ഭൂമി സ്വന്തമായി ഉണ്ടായിരുന്നതും, അവരുടെ മുൻഗാമിയുടെ സഹോദരിയുമായി 1.75 ഏക്കർ കൂട്ട് കൈവശവും ഉണ്ടായിരുന്നതുമാണ്. ആ വസ്തുക്കളിൽ തെങ്ങും കശുമാവും നട്ടു പിടിപ്പിച്ചിട്ടുണ്ടെന്നും, വാർഷികാദായം 20,000/- രൂപ ആയിരുന്നു എന്നും പ്രസ്താവിച്ചിരുന്നു. അതുകൊണ്ട് നിസ്വരായ ആളുകളായി വ്യവഹരിക്കുവാൻ അവർ അനുമതി തേടി.

5. സമ്മതിച്ചിട്ടുള്ള പോലെ, തെങ്ങും കശുമാവും നട്ടുപിടിപ്പിച്ചിരുന്ന ഭൂസ്വത്തുക്കളുടെ കൈവശം ഹർജിക്കാർക്ക് ഉണ്ടായിരുന്നു എന്ന് ഹാജരാക്കിയ വസ്തുക്കളുടെ വിലയിരുത്ത ലിൻമേൽ കീഴ്ക്കോടതി വിധിച്ചു. സ്വത്തുക്കളുടെ വിപണിമൂല്യം നൽകപ്പെട്ടിരുന്നില്ല. രണ്ടാം ഹർജിക്കാരി അപ്പോൾ കോഴിക്കോട് ഒരു സോഫ്ട്വെയർ എഞ്ചിനീയറായും, മൂന്നാം ഹർജിക്കാരി ഒരു മേസ്ത്രിയായും ജോലി ചെയ്തുവരികയായിരുന്നു എന്ന് കീഴ്ക്കോടതി മേലും വിധിച്ചു. നൽകേണ്ട കോർട്ട് ഫീ സംഭരിക്കുവാൻ, ആ സ്വത്തുക്കളുടെ ഒരു ഭാഗം പണയപ്പെടുത്താനെങ്കിലും അവർക്ക് കഴിയുന്ന താണെന്നും വിധിച്ചു. ഹർജിക്കാർ ഉദ്ധരിച്ച വിധിന്യായങ്ങൾ കേസിന്റെ വസ്തുതകൾക്കും സാഹചര്യങ്ങൾക്കും ബാധകമല്ലായിരുന്നു എന്നും വിധിച്ചു.

6. കുറ്റകൃത്യത്തിന്റെ ഇര കുടുംബ നാഥനായിരുന്നു എന്ന് രേഖയിലുള്ള വസ്തുക്കൾ വെളിപ്പെടുത്തിയിട്ടുണ്ടെന്ന് ശ്രദ്ധിക്കുന്നത് പ്രസക്തമാണ്. ഹർജിക്കാർക്ക് 59 സെന്റ് വസ്തു സ്വന്തമായിരുന്നതും, അവർക്ക് 1.75 ഏക്കർ വസ്തുവിൽ പകുതി ഓഹരി ഉണ്ടായിരുന്നതും ആണ് എന്നത് അവരുടെ സമ്മതിക്കപ്പെട്ട കേസായിരുന്നു. സ്വത്തുക്കളിൽ നിന്നുള്ള ആദായവും അവർ വെളിപ്പെടുത്തി യിരുന്നു. കോർട്ട് ഫീ സംഭരിക്കുവാൻ വസ്തുക്കളുടെ ഒരു ഭാഗം അവർക്ക് പണയപ്പെടുത്താൻ കഴിയുമായിരുന്നു എന്നതായിരുന്നു കോടതിയുടെ വീക്ഷണം.

തെളിവിന്റെ ദിവസം, ഒന്നാം ഹർജിക്കാരിയുടെ മകൻ പഠിത്തം പൂർത്തിയാക്കുകയും, ഒരു ജോലി നേടുകയും ചെയ്തിരുന്നു എന്ന് നൽകപ്പെട്ട തെളിവ് വെളിവാക്കുന്നതായി കാണുന്നു. എന്നിരുന്നാലും, അയാളുടെ ആദായത്തിന്റെ വിശദാംശങ്ങൾ രേഖയിലില്ലായിരുന്നു.

7. ഹർജിക്കാരന്റെ കേസിനെ പിന്താങ്ങുവാൻ വിവിധ വിധിന്യായങ്ങൾ കീഴ്ക്കോടതി മുമ്പാകെ വയ്ക്കപ്പെട്ടു. ഈ വിഷയത്തിന്മേലുള്ള മുൻകാല വിധി ന്യായങ്ങളിൽ ഒന്നായി, *സുമതിക്കുട്ടി അമ്മ കമലമ്മയും മറ്റുള്ളവരും* അഭി *നാരായണി പണിക്കത്തി കാർത്ത്യായനിയും മറ്റുള്ളവരും* (1972 കെ.എൽ.റ്റി 783)-എന്ന കേസിൽ, ഹർജിക്കാരിക്ക് സ്ഥാവര വസ്തുവിൽ തനിയെ ഏതാനും അനുഭവം ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന വസ്തുത മാത്രം, നിർണ്ണയിച്ചിട്ടുള്ള കോർട്ട് ഫീ കൊടുക്കുവാനുള്ള മാർഗ്ഗം അവർക്ക് ഉണ്ടെന്ന് അർത്ഥമാക്കുന്നതിനായി എടുക്കുവാൻ പാടില്ലാത്തതാണെന്ന് വിധിച്ചിരുന്നു. ഹർജിക്കാരൻ അവശ്യമായ കോർട്ട് ഫീ കൊടുക്കുന്നതിനുവേണ്ടി സാധാരണ ഗതിയിൽ അയാളുടെ കൈവശമുള്ള വസ്തുക്കൾ ഏതെങ്കിലുമുണ്ടെങ്കിൽ, അവയെ അനുചിത കഷ്ടപ്പാടോ കാലതാമസമോ കൂടാതെ പണമായി മാറ്റുവാനുള്ള ഒരു സ്ഥിതിയിൽ ആണോ എന്നതാണ് യഥാർത്ഥ പരീഗ്ഗണം. സാധാരണ ഗതിയിൽ, കോർട്ട് ഫീ കൊടുക്കുവാനുള്ള ആവശ്യമായ തുക സംഭരിക്കുവാനുള്ള ഒരു സ്ഥിതിയിലല്ല വ്യവഹാരി എന്ന് അന്വേഷണം വെളിപ്പെടുത്തുകയാണെങ്കിൽ, സത്യസന്ധമായ യാതൊരു കേസിലും അയാളുടെ പഗ്ഗം പരാജയപ്പെടുവാൻ പാടില്ല എന്ന് ഉറപ്പു വരുത്തുവാനുള്ള ഒരു കർത്തവ്യം കൂടി കോടതിക്ക് ഉണ്ടായിരിക്കുന്നുവെന്നും മേലും വിധിച്ചു. കീഴ്ക്കോടതി റിപ്പോർട്ട് ചെയ്ത *ബേസിൽ തോമസ്* അഭി *ജോസഫ്* (2013 (2) കെ.എൽ.ജെ 664) എന്ന കേസിലെയും *പൗലോ എന്നു കൂടി പേരുള്ള പൗലോസ്* അഭി *ഏലിയാസ് കെ. വർഗ്ഗീസും മറ്റൊരാളും* (2012 (1) കെ.എൽ.ജെ 807) എന്ന കേസിലെയും വിധിന്യായങ്ങളെയും പരാമർശിച്ചു. ഹർജിക്കാരൻ, അയാളുടെ ഒരേ ഒരു വസ്തുവിനെ ദുരവസ്ഥയിൽ വില്പന നടത്തുവാനും, കോർട്ട് ഫീ കൊടുക്കുവാനും, അതിനുശേഷം കഷ്ടപ്പാടിലോ ഹീനമായ ദാരിദ്ര്യത്തിലോ ജീവിക്കുവാനും നിയമം പ്രത്യാശിക്കുന്നില്ല എന്ന് *പൗലോസിന്റെ* കേസിൽ വിധിക്കുകയുണ്ടായി. നിയമസംഹിത പ്രകാരമുള്ള ആനുകൂല്യം നൽകപ്പെടുന്നത്, "മതിയായ ധനാഗമമാർഗ്ഗങ്ങൾ" ഇല്ലാത്ത ആളുകൾക്കാണെന്നും, യാതൊരു ധനാഗമ മാർഗ്ഗം ഒട്ടുംതന്നെ ഇല്ലാത്ത ആളുകൾക്ക് അല്ലായെന്നും ഊന്നി പറഞ്ഞിരുന്നു. ഉദ്ദേശിക്കപ്പെടുന്നത് എന്തെന്നാൽ, വസ്തുവിന്റെ യഥാർത്ഥ കൈവശമല്ല, എന്നാൽ മതിയായ ധനാഗമമാർഗ്ഗമാണ്. എന്നിരുന്നാൽപോലും, മതിയായ ധനാഗമമാർഗ്ഗം എന്നത് മതിയായ ധനം സംഭരിക്കുവാനുള്ള കഴിവല്ലെങ്കിൽ കൂടിയും, എന്താണ് കഴിവ് എന്നതിനെ വ്യാഖ്യാനി ക്കുന്നതിൽ വിശാലമായ ഒരു സമീപനം ഉണ്ടായിരിക്കേണ്ടതാണ്. *ബേസിൽ തോമസിന്റെ* കേസിൽ, ആസ്തികളോ സമ്പത്തോ ഉണ്ടായിരിക്കുന്നത്, കോർട്ട് ഫീ നൽകുവാനുള്ള മതിയായ ധനാഗമമാർഗ്ഗം ഒരാൾക്ക് ഉണ്ടായിരിക്കുന്നുവെന്ന് അനിവാര്യമായി അർത്ഥമാക്കുന്നില്ലെന്ന് ഈ കോടതിയുടെ ഒരു ബെഞ്ച് (ഞങ്ങളിൽ ഒരാൾ അതിൽ ഒരു അംഗമായിരുന്നു) ഊന്നിപറഞ്ഞിരുന്നു. ദാരിദ്ര്യരേഖയിൽ അനിവാര്യമായി കഷ്ടപ്പെട്ട് ജീവിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് മാത്രം ആർഡർ XXXIII പ്രകാരമുള്ള നിവൃത്തിയെ പരിമിതപ്പെടുത്തുന്ന അയവില്ലാത്ത യാതൊരു സൂത്രവും ഇല്ലെന്ന് അതിൽ അഭിപ്രായപ്പെടുകയുണ്ടായി.

8. മേൽവിഷയത്തെ ഒരു വിധിന്യായത്തിൽ പരിഗണിക്കുവാനുള്ള അവസരം ബഹു. സുപ്രീംകോടതിക്ക് ഉണ്ടായിരുന്നു, ആ വിധിന്യായം കീഴ്ക്കോടതി മുമ്പാകെ ഹാജരാക്കപ്പെട്ടില്ല. *മത്തായി എം. പൈക്കഡേ* അഭി *സി.കെ. ആന്റണി* ((2011) 13 എസ്.സി.സി 174) എന്ന കേസിൽ, "മതിയായ ധനാഗമ മാർഗ്ഗം" എന്ന പദപ്രയോഗം ഉണ്ടായിരിക്കുന്ന നിയമപരമായ മാർഗ്ഗം മുഖേന കോർട്ട് ഫീ കൊടുക്കുവാൻ പണം സംഭരിക്കുവാനുള്ള സാധാരണ ഗതിയിലുള്ള ഒരാളിന്റെ കഴിവിനെയോ പ്രാപ്തിയെയോ ഉദ്ദേശിക്കുന്നു എന്ന് വിധിച്ചിരുന്നു. *ജയരാജ്. കെ.കെ* അഭി *കല്യാണി* (2010 (3) കെ.എൽ.ജെ 853) എന്ന കേസിൽ, വാദിക്ക്, പിന്നീടുള്ള ഒരു സമയത്ത്

കോർട്ട് ഫീ കൊടുക്കുവാൻ കഴിവുണ്ടാ യിരിക്കും എന്ന സത്യസന്ധമായ ഒരു വിശ്വാസം കാരണം വ്യവഹാരത്തിന്റെ ആരംഭ സമയത്ത് കൊടുക്കേണ്ടതായ പത്തിലൊന്ന് ഫീസ് അടച്ചതിനുശേഷവും, അയാൾക്ക് നിസ്വത അവകാശപ്പെടുന്നതിന് അർഹത ഉണ്ടായി രിക്കുന്നതാണെന്ന് വിധിച്ചിരുന്നു. *എ. പ്രഭാകരൻ നായർ* അഭി *കെ.പി. നീലകണ്ഠൻ പിള്ള* (1987 (2) കെ.എൽ.റ്റി 376) എന്ന കേസിൽ മതിയായ ധനാഗമ മാർഗ്ഗത്തിന്റെ കൈവശം പണമായി മാറ്റാവുന്ന മതിയായ സ്വത്തിന്റെ കൈവശത്തെ പരാമർശിക്കുന്നു എന്ന് വിധിച്ചിരുന്നു. കോർട്ട് ഫീ കൊടുക്കുന്നതിനു വേണ്ടി, ഇനി പണമായി മാറ്റേണ്ടതായുള്ള വസ്തുവിനെയോ പണമായി മാറ്റുവാൻ വാദിയുടെ തൊട്ടടുത്തുള്ളതല്ലാത്ത ആസ്തിയെയോ, മതിയായ ധനാഗമമാർഗ്ഗം കണക്കാക്കുന്നതിൽ കണക്കിലെടുക്കുവാൻ കഴിയുന്നതല്ല.

9. സ്ഥാവര വസ്തുവിന്റെ കൈവശം, ഒരാൾക്ക് കോർട്ട് ഫീ നൽകുവാനുള്ള മതിയായ ധനാഗമമാർഗ്ഗം ഉണ്ടെന്ന് തനിയെ സൂചിപ്പിക്കുന്നില്ല എന്നതാണ് മുകളിലത്തെ എല്ലാ കേസുകളിലുമുള്ള അടിസ്ഥാന തത്വം. വ്യവസ്ഥകൾക്ക് പദാനുപദമല്ലാത്ത, പ്രായോഗികമായ ഒരു രീതിയിലും, സാമൂഹ്യ നീതി ഘടകത്തെയും ഭരണഘടനാപരമായ ആവശ്യങ്ങളെയും ബലികഴിക്കാതെയും, അർത്ഥം കൽപ്പിക്കുവാനുള്ള കോടതികളുടെ കർത്തവ്യത്തെ മുകളിലത്തെ വിധിന്യായങ്ങൾ ഊന്നിപ്പറയുകയും ചെയ്യുന്നു. നിയമത്തിന്റെ ആനുകൂല്യം നൽകപ്പെടുന്നത് മതിയായ ധനാഗമമാർഗ്ഗം ഇല്ലാതെയുള്ള ആളുകൾക്കാ ണെന്നും, യാതൊരു ധനാഗമമാർഗ്ഗം ഒട്ടുംതന്നെ ഇല്ലാത്ത ആളുകൾക്കല്ലായെന്നും വിധിക്കുകയുണ്ടായി. പാവപ്പെട്ടവനല്ലെങ്കിലും, മതിയായ ധനാഗമമാർഗ്ഗം ഇല്ലാത്ത ഓരോ വ്യവഹാരിക്കും തന്റെ സങ്കടത്തിനുള്ള പരിഹാരം തേടുന്നതിന് നീതിയ്ക്കുള്ള പ്രാപ്യതാവകാശം ഇല്ലാതാക്കുവാൻ പാടില്ലാത്തതാണ് എന്ന് ഉറപ്പുവരുത്തുവാനുള്ള കോടതിയുടെ ഉത്കണ്ഠയെ മുകളിലത്തെ എല്ലാ വിധി ന്യായങ്ങളും കോടതി എടുത്ത വീഗ്ഗണം നിരന്തരം വെളിപ്പെടുത്തുന്നു. ഈ സഗൗരവ ലഗ്ഷ്യം ഉറപ്പുവരുത്തുവാൻ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 39 എ രാഷ്ട്രത്തോട് നിർദ്ദേശിക്കുന്നു. നിയമത്തിന്റെ പദ്ധതി, നീതിക്കുള്ള പ്രാപ്യത പാവപ്പെട്ടവർക്കും ആവശ്യക്കാർക്കും ഉറപ്പു വരുത്തുവാനുള്ള അതിന്റെ ഉത്കണ്ഠയുടെ മതിയായ സൂചനയും നൽകുന്നു.

10. സിവിൽ നടപടി നിയമസംഹിതയിലെ ആർഡർ XXXIII-നുള്ള പരാമർശം സൂചിപ്പിക്കുന്നത്, അത് വ്യവഹാരിക്ക് അത്യന്തം അനുകൂലമാകുന്നതും, ഒരു ഉറച്ച സാമൂഹ്യ സാമ്പത്തിക തൃപ്തി വരുത്തുന്നതും ആണ് എന്നതാണ്. ആർഡർ XXXIII പാവപ്പെട്ടവന് നീതിയ്ക്കുള്ള പ്രാപ്യത സുകരമാക്കുവാനുള്ള, സ്വയം ഉൾക്കൊള്ളുന്ന ഒരു പദ്ധതി വ്യവസ്ഥ ചെയ്യുന്നു. അത്, കോടതി മറ്റു വിധത്തിൽ നിർദ്ദേശിക്കാത്തപഗ്ഗം, കോടതിയിലെ മുഖ്യ മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥൻ, നടത്തേണ്ട, ഹർജിക്കാരന്റെ ധനാഗമമാർഗ്ഗത്തെക്കുറിച്ചുള്ള ഒരു അന്വേഷണം ചട്ടം 1എ പ്രകാരം നടത്തുന്നതു വഴി, അനാവശ്യമായ അപേഗ്ഗകളെ പ്രാരംഭത്തിൽ തന്നെ നിർമ്മൂലനം ചെയ്യുവാനുള്ള ഒരു സംവിധാനം വിഭാവനം ചെയ്യുന്നു. അത്, ചട്ടം 4 പ്രകാരം അപേഗ്ഗകനെയോ അയാളുടെ ഏജന്റിനെയോ വിസ്തരിക്കുന്നതിനും, മതിയായ അന്വേഷണം നടത്തിയതിനുശേഷം, ചട്ടം 5 പ്രകാരം അപേഗ്ഗയെ അനുവദിക്കുവാനോ നിരസി ക്കുവാനോ മേലും വ്യവസ്ഥ ചെയ്യുന്നു. അതിനുശേഷം, അതിൽ, സർക്കാർ അഭിഭാഷകനും എതിർകഗ്ഗികൾക്കും നോട്ടീസ് നൽകിക്കൊണ്ട്, നിസ്വത സംബന്ധിച്ച തെളിവ് സ്വീകരിക്കുന്നതിന് വീണ്ടും ഒരു നടപടിക്രമം ചട്ടം 6-ൻ കീഴിൽ വിവഗ്ഗിച്ചിരിക്കുന്നു. യഥാർത്ഥവും, വിശ്വാസയോഗ്യരും, നിയമാനു സൃതവുമായ ആളുകൾ മാത്രം നിസ്വത തേടുന്നു എന്ന് ഉറപ്പുവരുത്തുവാനാണ് ആക്റ്റിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഈ വിശദമായ ദ്വിതല സംവിധാനം അതിന്റെ ഭാഗമാക്കപ്പെട്ട സുരഗ്ഗിത കവചത്തോടുകൂടി ഉദ്ദേശിക്കുന്നത്.

11. ഒരാളെ ചട്ടം 9-ൻ കീഴിൽ, നിസ്വനായ ഒരു ആളായി ഒരു വ്യവഹാരം ആരംഭിക്കുവാൻ അനുവദിച്ചതിനുശേഷംപോലും, നിസ്വനായ ആളായി വ്യവഹരിക്കുവാനുള്ള അനുമതി ഏതു സമയത്തും പിൻവലിക്കുവാനുള്ള അധികാരം കോടതി തുടർന്ന് നിലനിറുത്തുന്നു. വാദി കേസിൽ

വിജയിക്കുകയോ,പരാജയപ്പെടുകയോ, ഉപേഗിക്കുകയോ ചെയ്യുന്നിടത്ത്, ചില വിന്റെയും കോർട്ട് ഫീയുടെയും വസൂലാക്കലിന് ചട്ടങ്ങൾ 10-ഉം, 11-ഉം, 11 എ യും, 14-ഉം വ്യവസ്ഥ ചെയ്യുന്നു. നിസ്വനായ ഒരാൾ, കോർട്ട് ഫീ കൊടുക്കുന്നതിൽനിന്നും പൂർണ്ണമായി ഒഴിവാക്കപ്പെടുന്നില്ലായെന്നും, ആരംഭ ഘട്ടത്തിൽകോർട്ട് ഫീ കൊടുക്കുവാനുള്ള ബാദ്ധ്യത, വ്യവഹാരത്തിന്റെ ഫലത്തിനനുസൃതമായി വസൂലാക്കപ്പെടുന്നതിന്, പിന്നീടുള്ള ഒരു ഘട്ടത്തിലേക്ക് മാറ്റിവെക്കുക മാത്രം ചെയ്യപ്പെടുന്നുവെന്നും മുകളിലത്തെ വ്യവസ്ഥകളുടെ ഒരു സൂഗ്ഗ്മവായന വെളിപ്പെടുത്തുന്നു. (സൂചന : *ആർ.വി. ദേവ്* അഭി *കേരള സർക്കാർ* (2007) 5 എസ്.സി.സി 698).

12. ഭരണഘടനയുടെ അനുച്ഛേദം 39എ-യുമായി ചേർച്ചയുള്ള നിയമത്തിന്റെ അന്തസത്ത, പ്രതിനിധീകരിക്കപ്പെടാത്ത നിസ്വനായ ഒരു ആൾക്ക് ഒരു പ്ലീഡറെ നൽകുവാൻ കോടതിയെ അനുവദിക്കുന്ന ചട്ടം 9എ-ൽ നിന്നുകൂടി പ്രകടമാണ്. നിസ്വനായ ആളുകൾക്ക് സൗജന്യ നിയമസേവനങ്ങൾ നൽകുവാൻ ചട്ടം 18 സർക്കാരിനെ അധികാരപ്പെടുത്തുന്നു. തട്ടിക്കിഴിക്കലോ പ്രത്യവകാശ വാദമോ ഉന്നയിക്കുന്ന നിസ്വനായ ഒരാൾക്കുപോലും നിസ്വത അവകാശപ്പെടാൻ അർഹതയുണ്ടെന്ന് ചട്ടം 17 വ്യവസ്ഥ ചെയ്യുന്നു. (മുകളിലത്തെ) *മത്തായി.എം. പൈക്കഡേയുടെ* കേസിൽ, ബഹുമാനപ്പെട്ട കോടതി നേരത്തെയുള്ള *എ.എ. ഹാജ മുനിയുദ്ദീൻ* അഭി *ഇന്ത്യൻ റെയിൽവേസ്* (1992) 4 എസ്.സി.സി. 736) എന്ന കേസിലെ മുൻവിധിന്യായത്തെ പരാമർശിച്ചിരുന്നു. അതിൽ നിർണ്ണയിച്ചിട്ടുള്ള ഫീസ് കൊടുക്കുവാനുള്ള ധനാഗമമാർഗ്ഗം ഒരു വ്യക്തിക്ക് ഇല്ലാതിരിക്കുന്നു എന്ന കാരണത്താൽ മാത്രം, നീതിക്കുള്ള പ്രാപ്യത അയാൾക്ക് നിഷേധിക്കുവാൻ കഴിയുന്നതല്ല എന്ന് വിധിച്ചിരുന്നു. *യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ* അഭി *ഖാദർ ഇന്റർനാഷണൽ കൺസ്ട്രഗ്ഗൻ* (2001) 5 എസ്.സി.സി 22) എന്ന കേസിൽ, പാവപ്പെട്ട വ്യവഹാരികളെ സഹായിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു കാരുണ്യ വ്യവസ്ഥയാണ് ആർഡർ XXXIII എന്ന് വിധിച്ചിരുന്നു. പാപ്പർ എന്ന പദം അനുചിതമായിരുന്നുവെന്നും, നിയമത്തിന്റെ യഥാർത്ഥ ആശയം പകർന്നിട്ടില്ലെന്നും ഉള്ള ഒരു യുക്തി വിചാരത്തിന്മേൽ, `പാപ്പരായ ആളുകളാലുള്ള വ്യവഹാരങ്ങൾ' എന്നുള്ള ആർഡറിന്റെ ആദ്യമുണ്ടായിരുന്ന ശീർഷകംപോലും 1976-ലെ 104-ാം ആക്റ്റ് മുഖേന പകരം ചേർക്കപ്പെട്ടിട്ടുണ്ട് എന്നത് ശ്രദ്ധിക്കേണ്ടത് പ്രസക്തമാണ്.

13. അനുച്ഛേദം 39 എ പ്രകാരമുള്ള ഭരണഘടനാപരമായ കൽപനയും ആർഡർ XXXIII-ഉം, മുകളിൽ പരാമർശിച്ച വിവിധ വിധിന്യായങ്ങളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ, പാവപ്പെട്ടവർക്കും ആവശ്യക്കാർക്കും നീതിക്കുള്ള പ്രവേശം നിഷേധിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, അവർക്ക് നീതിക്കുള്ള പ്രവേശം ഉണ്ടായിരിക്കുന്നു എന്നുകൂടി ഉറപ്പുവരുത്തുവാനുള്ള ഒരു സഗൗരവ കർത്തവ്യം, അനുച്ഛേദം 39 എ പ്രകാരമുള്ള ഭരണഘടനാപരമായ കൽപനയും ആർഡർ XXXIII-ഉം, കോടതികളിന്മേൽ ചുമത്തുന്നു. പാവപ്പെട്ടവർക്ക് നീതി നൽകുന്ന തിനുള്ള ഉപകരണങ്ങളായി പ്രവർത്തി ക്കുവാനും, നീതിക്കുള്ള അവരുടെ ചുവടു വെയ്പിൽ വണ്ടിചക്രത്തിലെ അഴികളെ പോലെ പ്രവർത്തിക്കാതിരിക്കുവാനുമാണ് ആർഡർ XXXIII-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ വ്യവസ്ഥകളാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

14. "മതിയായ ധനാഗമമാർഗ്ഗം കൈവശമില്ലാത്തത്" എന്ന ആശയം, പ്രധാനമായും ഒരു അവകാശവാദി സ്ഥാപിച്ചെടുക്കേണ്ട നിഷേധാത്മകമായ ഒരു ഘടകമായിരി ക്കുന്നതും, അതുകൊണ്ട് അതിനെ അയാളുടെ ആസ്തികളുടെയും, ആവശ്യങ്ങളുടെയും, ചിലവിന്റെയും സ്വീകാര്യാത്മകമായ തെളിവുകൾ നൽകുന്നതു വഴി, അയാൾക്ക് മാത്രം തെളിയിക്കുവാൻ കഴിയുന്നതും, ഉണ്ടായിരിക്കുന്ന വിഭവങ്ങൾ കൊണ്ട് കോർട്ട് ഫീ കൊടുക്കുന്നതിനുള്ള മതിയായ പണം മാറ്റിവയ്ക്കാൻ അയാൾക്ക് കഴിയാതിരിക്കുന്നുവെന്ന് കോടതിയെ ബോധ്യപ്പെടുത്തേണ്ടതുമാണ്. അങ്ങനെയുള്ള അവകാശവാദത്തെ വിശ്വസിക്കുവാനുള്ള ന്യായമായ കാരണങ്ങൾ തെളിയിക്കപ്പെട്ടിട്ടുണ്ടോ എന്ന് നൽകപ്പെട്ടിട്ടുള്ള വസ്തുക്കളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നത് മാത്രമാണ് കോടതിയുടെ കർത്തവ്യം. ഒരാളുടെ സാമ്പത്തിക

സ്ഥിതിയും, വിഭവങ്ങളുടെ ലഭ്യതയും, ചെലവും, കുടുംബത്തിന്റെ വലിപ്പം, ആശ്രിതരുടെ എണ്ണം, മറ്റ് സമ്മർദ്ദ ആവശ്യകതകൾ, ജീവിതത്തിലെ മുൻഗണനകൾ, ജീവിതചെലവ് സൂചിക, സമൂഹത്തിലുള്ള നില, മുതലായവ ഉൾപ്പെടെയുള്ള, വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്ന സാമൂഹ്യ യഥാർത്ഥത കാരണം ഇത് എല്ലാത്തിലും ഉപരിയായി അപ്രകാരമായിരിക്കുന്നതും അതുകൊണ്ട് നിസ്വതാവകാശമുന്നയിക്കുന്ന ആളുതന്നെ ജീവിതത്തിനുള്ള തന്റെ മുൻഗണനകളെ വിലയിരുത്തുവാനുള്ള ഉത്തമ ന്യായാധിപനായിരിക്കുന്നതുമാണ്, അതിന്, അത് പൂർണ്ണമായും അന്യായമാണെന്ന് കോടതി കാണാത്തപക്ഷം, കോടതിയുടെ കാഴ്ച പ്പാടുകൾ മുഖേന, പകരം വയ്ക്കുവാൻ കഴിയുന്നതല്ല. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 21 പ്രകാരമുള്ള ജീവിക്കുവാനുള്ള അവകാശം, അന്തസ്സുള്ള ജീവിതത്തിനുള്ള അവകാശത്തെ ഉൾപ്പെടുത്തുന്നതുകൊണ്ട്, അടിസ്ഥാനപരമായ ആവശ്യങ്ങളായ ഭക്ഷണത്തിനും, താമസത്തിനും, വസ്ത്രത്തിനും പുറമേ, തന്റെയും കുടുംബത്തിന്റെയും ഒരു ന്യായമായ ജീവിതത്തിനുവേണ്ട അവശ്യമായ ഏർപ്പാട് ഉണ്ടാക്കുവാനും അവകാശമുണ്ടായിരിക്കുന്നു. ഒരാളുടെ വരവും ചെലവും അളക്കുവാൻ, അയാൾക്ക് തന്റെ ധനാഗമ മാർഗ്ഗങ്ങൾ എത്ര ഉത്തമമായി വിനിയോഗിക്കുവാനും ചിലവ് കുറക്കുവാനും കഴിഞ്ഞിരിക്കുമെന്നും, കോർട്ട് ഫീ കൊടുക്കുന്നതിനുവേണ്ടി പണം ഭദ്രമാക്കാൻ കഴിഞ്ഞിരിക്കുമെന്നും തീരുമാനിക്കുവാൻ കോടതികൾ സ്വർണ്ണ അളവുമാനം ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഇത് സംബന്ധിച്ച്, കോർട്ട് ഫീ കൊടുക്കുന്നതിന് വേണ്ടി ലഭ്യമായിരിക്കുന്ന സ്രോതസ്സിൽ നിന്നുള്ള പണം വിനിയോഗിക്കുന്നതുപോലും, ഹർജിക്കാരുടെ അന്തസ്സായ ജീവിതത്തെ ഏതൊരു വിധത്തിലും ബാധിക്കുന്നതല്ലെന്നും, അത് അവരെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്നതല്ലെന്നുമുള്ള കീഴ്ക്കോടതിയുടെ നിരീക്ഷണം തെറ്റായതാണ്.

15. വ്യവഹാരികൾ അവരുടെ വസ്തു വിൽക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നില്ല എന്ന് ആജ്ഞാപിക്കുന്ന വിവിധ വിധിന്യായങ്ങൾ ഉണ്ടെങ്കിൽപോലും, നിർഭാഗ്യവശാൽ അവർക്ക് വസ്തു പണയപ്പെടുത്തുവാനും, വായ്പ സംഭരിക്കുവാനും കഴിഞ്ഞിരിക്കുമെന്ന തെറ്റായ അനുമാനത്തിൽ കീഴ്ക്കോടതി എത്തിച്ചേർന്നു. മേലും, (മുകളിലത്തെ) *പൗലോസിന്റെ* കേസിൽ ഉൾപ്പെട്ടിരുന്ന വസ്തുവിന്റെ വ്യാപ്തി ഒന്നര സെന്റ് മാത്രമായിരുന്നു എന്ന ഒരു വസ്തുതാചുറ്റുപാടിൻമേൽ ആ കേസ് വേർതിരിക്കപ്പെട്ടിരിക്കുന്നു. നിസ്വതയ്ക്കുള്ള അപേക്ഷകൾ പരിഗണിക്കുന്ന വേളയിൽ ഭരണഘടനാ പരമായ ആജ്ഞയും, ആർഡർ XXXIII-ന്റെ സ്തുത്യർഹമായ ലക്ഷ്യവും, മുകളിൽ പരാമർശിച്ച വിവിധ വിധിന്യായങ്ങളുടെ സത്തയും ഒരു ഉദാര സമീപനം ഒന്നുപോലെ ആവശ്യപ്പെടുന്നു.

16. മേൽ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ, കീഴ്ക്കോടതിയുടെ ഉത്തരവ് നിലനില്ക്കത്തക്കതല്ലാത്തതും, റദ്ദാക്കപ്പെടുവാൻ അർഹതയുള്ളതുമാണ്. തത്ഫലത്തിൽ, അപ്പീൽ അനുവദിക്കപ്പെടുകയും, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കപ്പെടുകയും ചെയ്യുന്നു. ആദ്യഹർജി നമ്പർ 4/2012 അനുവദിക്കപ്പെട്ടു നിലനില്ക്കുന്നതും, ഹർജിക്കാരെ നിസ്വരായി വ്യവഹരിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നു.

മുകളിൽ പറഞ്ഞപ്രകാരം അപ്പീൽ അനുവദിക്കപ്പെടുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ടി.ആർ. രാമചന്ദ്രൻനായർ**

**&**

**ബഹു. ജസ്റ്റിസ് കെ.പി. ജ്യോതിന്ദ്രനാഥ്**

**നമ്പരുകൾ 85/2009 & 219/2010**

**എം.എഫ്.എ (ഡബ്ല്യു.സി.സി)**

**നാഷണൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം**

**അഭി**

**ചാക്കോയും മറ്റുള്ളവരും**

2015 ജൂലൈ 22-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പസക്ത ഭാഗങ്ങൾ

**1988-ലെ മോട്ടോർ വാഹന ആക്റ്റ്, അദ്ധ്യായം X, വകുപ്പുകൾ 143, 147, 149(2), 149(4), 157 & 167--1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ്— 1988-ലെ ആക്റ്റിലെ 143-ാം വകുപ്പ്, 1988-ലെ ആക്റ്റിന്റെ X-ാം അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ളതുപോലെ, വീഴ്ച ഇല്ലാതെയുള്ള ബാധ്യതയിൽ നിന്ന് ഉത്ഭവിക്കുന്ന ഒരു കേസിൽ മാത്രം, 1923-ലെ ആക്റ്റിന്റെ വ്യവസ്ഥകളെ ബാധകമാക്കുന്നു.**

**ഒരു വ്യവഹാരത്തിലെ ഒരു കക്ഷിക്ക്, രണ്ട് ആക്റ്റുകളിലെയും വ്യത്യസ്ത വ്യവസ്ഥകളെ പരിഗണിച്ച്, രണ്ട് ആക്റ്റുകൾ പ്രകാരവും ഇൻഷ്വററുടെ ബാദ്ധ്യതകളെ നടപ്പിലാക്കുവാൻ കഴിയുന്നതല്ല. അയാൾ ഒന്ന് തെരഞ്ഞെടുക്കേണ്ട തുണ്ട്.**

**X-ാം അദ്ധ്യായത്തിലെ 143-ാം വകുപ്പ് ഒരു പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നു എന്ന വസ്തുതയെ പരിഗണിച്ച്, ആയത്, 1988-ലെ ആക്റ്റിലെ പ്രസ്തുത അദ്ധ്യായത്തിൻകീഴിൽ ഉത്ഭവിക്കുന്ന കേസുകൾക്കു മാത്രം ബാധകമാകുന്നതും XI-ാം അദ്ധ്യായപ്രകാരം ഉത്ഭവിക്കുന്ന കേസുകൾക്ക് ബാധകമാകുന്ന തല്ലാത്തതുമാണ്.**

**മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 149(4) അവലംബിച്ച്, ഇൻഷ്വർ ചെയ്ത വ്യക്തിക്ക് നഷ്ടോത്തരവാദം ചെയ്തുകൊണ്ട് നൽകുവാൻ ഉത്തരവായ തുക പോളിസിയിലെ ഉപാധികളുടെ ആരോപിത ലംഘനം കാരണം വസൂലാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിയെ അനുവദിക്കാൻ തൊഴിലാളികളുടെ നഷ്ടപരിഹാര കമ്മീഷണർക്ക് കഴിയുന്നതല്ല—അപ്പീലുകൾ തള്ളിക്കളഞ്ഞു.**

### വിധിന്യായം

ജസ്റ്റിസ് രാമചന്ദ്രൻനായർ.

തൊഴിലാളികളുടെ നഷ്ടപരിഹാര കമ്മീഷണർമാർ മുമ്പാകെ രണ്ടു കേസുകളിൽ കക്ഷികളാക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനികൾ ഫയൽ ചെയ്തിരിക്കുന്നതാണ് ഈ രണ്ട് അപ്പീലുകളും. എം.എഫ്.എ നമ്പർ 85/2009, എറണാകുളത്തെ തൊഴിലാളികളുടെ നഷ്ട പരിഹാര കമ്മീഷണറുടെ ഡബ്ല്യൂ.സി.സി. നമ്പർ 32/2004-ലെ ഉത്തരവിന് എതിരായും, എം.എഫ്.എ നമ്പർ 219/2010, പാലക്കാട്ടെ തൊഴിലാളികളുടെ നഷ്ടപരിഹാര കമ്മീഷണറുടെ ഫയലിലുള്ള ഡബ്ല്യൂ. സി. സി നമ്പർ 26/2007-ലെ ഉത്തരവിന് എതിരായുമാണ് ഫയൽ ചെയ്തിരിക്കുന്നത്.

2. അപ്പീൽവാദികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ശ്രീ. ലാൽ ജോർജ്ജിനെയും, ശ്രീ. ഇ.എം. ജോസഫിനെയും എതിർകക്ഷികൾക്കു വേണ്ടി ഹാജരായ ശ്രീ. ടി. സി. സുരേഷ് മേനോനെയും, ശ്രീ. വി. വി. നന്ദഗോപാൽ നമ്പ്യാരെയും ഞങ്ങൾ കേൾക്കുകയുണ്ടായി.

3. മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 149(4) അവലംബിച്ച്, ഇൻഷ്വർ ചെയ്ത വ്യക്തിക്ക് നഷ്ടോത്തരവാദം ചെയ്തുകൊണ്ട് നൽകുവാൻ ഉത്തരവായ തുക പോളിസിയിലെ ഉപാധികളുടെ ആരോപിത ലംഘനം കാരണം വസൂലാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിയെ അനുവദിക്കാൻ തൊഴിലാളികളുടെ നഷ്ട പരിഹാര കമ്മീഷണർക്ക് കഴിയുമോ എന്നതാണ് ഈ രണ്ട് അപ്പീലുകളിൽ ഉന്നയിക്കപ്പെട്ടതും വാദിക്കപ്പെട്ടതുമായ സാരവത്തായ നിയമചോദ്യം.

4. അപകടത്തിൽ ഉൾപ്പെട്ട വാഹനത്തിന്റെ ഡ്രൈവർക്ക് യഥാവിധി ലൈസൻസ് നൽകപ്പെട്ടിട്ടില്ലെന്നും, അതിനാൽ 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 149(2) (എ) പ്രകാരമുള്ള ഒരു പ്രതിരോധമെന്ന നിലയിൽ, വകുപ്പ് 149(4)-ന് കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, ഇൻഷ്വർ ചെയ്ത വ്യക്തിയിൽ നിന്നുള്ള വസൂലാക്കൽ അനുവദനീയമാണെന്ന സ്ഥിതിക്കു വേണ്ടി ഇൻഷ്വറൻസ് കമ്പനികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ഈ രണ്ട് അപ്പീലുകളിലും മുഖ്യമായി വാദിക്കുന്നു.

5. എം.എഫ്.എ നമ്പർ 85/2009-ൽ, അവകാശവാദികൾ അപകടത്തിൽ മരിച്ചു പോയ മാർട്ടിൻ എന്ന ആളിന്റെ ആശ്രിത രാണെന്നും, അതിലെ ഒന്നാം എതിർകക്ഷിയിൻ കീഴിലുള്ള നിയോജനത്തിനിടയിൽ അപകടം സംഭവിച്ചു വെന്ന് ആരോപിക്കപ്പെട്ടതായും കേസിന്റെ വിശദാംശങ്ങൾ കാണിക്കുന്നു. അയാൾ, കമ്മീഷണർ മുമ്പാകെ ഒന്നാം എതിർ കക്ഷിയായിരുന്ന ആളിന്റെ ഉടമസ്ഥത യിലായിരുന്ന കെ ആർ എച്ച് 4595-ാം നമ്പർ രജിസ്ട്രേഷൻ ഉള്ള ഒരു ലോറിയുടെ ഡ്രൈവർ ആയിരുന്നു. 22-05-2004-ൽ വാഹനം ഓടിക്കുന്ന വേളയിൽ, വെങ്കാച്ചുവടിന് സമീപം അത് അപകടത്തിൽപ്പെടുകയും, അത് ഡ്രൈവറുടെ മരണത്തിൽ കലാശിക്കുകയും ചെയ്തു. അയാൾക്ക് 29 വയസ്സ് പ്രായം ഉണ്ടായിരുന്നതും, മാസം തോറും 6000/- രൂപ സമ്പാദിച്ചു കൊണ്ടിരുന്നതുമാണ്. ഒരു പ്രാഥമിക അന്വേഷണത്തിനുശേഷം അവകാശ വാദം സ്വീകരിക്കപ്പെടുകയും, കേസ് കമ്മീഷണറാൽ വിചാരണ ചെയ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ. ചാക്കോ എന്ന ഒരു അപേക്ഷകനെ എ.ഡബ്ല്യു.1 ആയി വിസ്തരിക്കുകയും, എക്സിബിറ്റുകൾ എ 1 മുതൽ എ 13 വരെ അടയാളപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. എതിർപക്ഷത്തിന്റെ ഭാഗത്ത് യാതൊരു തെളിവും ഇല്ലായിരുന്നതും, എ.ഡബ്ല്യു.1-നെ എതിർവിസ്താരം ചെയ്തിട്ടു ള്ളതുമാണ്. എ.ഡബ്ല്യു.1 മരണപ്പെട്ടയാളുടെ അല്ലനാണ്. മരണപ്പെട്ടയാൾ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റിൻ കീഴിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു തൊഴിലാളി ആയിരുന്നു വെന്നും, അയാളുടെ മരണം ഒന്നാം എതിർകക്ഷിയിൻ കീഴിലെ നിയോജനത്തിൽ നിന്നും അതിനിടയിലും ഉണ്ടായ ഒരു അപകടം മൂലമായിരുന്നുവെന്നും, കമ്മീഷണർ അന്തിമമായി തീരുമാനിച്ചു. അതിനനു സൃതമായി നഷ്ടപരിഹാരത്തിനുള്ള അർഹത ശരിവയ്ക്കുകയും, ആ തുക കെട്ടിവെക്കുവാൻ ഇൻഷ്വറൻസ് കമ്പനിയോട് നിർദ്ദേശിക്കുകയും ചെയ്തു. മരണപ്പെട്ട ആൾക്ക് ഒരു സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരുന്നതായും കൂടി കമ്മീഷണർ കണ്ടെത്തുകയും ചെയ്തു.

6. എം.എഫ്.എ നമ്പർ 219/2010-ൽ അപകടം സംഭവിച്ചത് 09-04-2007-ന് ആണെന്ന് വസ്തുതകൾ കാണിക്കുന്നു. മൂന്നാം എതിർ കക്ഷി ഇ എക്സ് 70 എന്ന ഹൈഡ്രോളിക് എക്സവേറ്ററിന്റെ ഉടമസ്ഥനാണ്. കമ്മീഷണറുടെ മുമ്പാകെ അപേക്ഷകർ പറഞ്ഞതനുസരിച്ച്, മരണപ്പെട്ട വ്യക്തി, ഇൻഷ്വർ ചെയ്യപ്പെട്ട ആളിന്റെ ഡ്രൈവറായി നിയോഗിക്ക പ്പെടുകയും, അയാൾ ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തിയുടെ എക്സവേറ്റർ ഉപയോഗിച്ച് കായൽ അണയിൽ നിന്ന് മണ്ണ് നീക്കം ചെയ്തുകൊണ്ടിരുന്ന വേളയിൽ, പെട്ടെന്ന് അത് മരണപ്പെട്ട ആളിൻമേൽ മറിഞ്ഞുവീഴുകയും, അയാൾക്ക് മാരകമായ പരിക്കുകൾ ഉണ്ടാകുകയും ചെയ്തു. ഇവിടേയും, തൊഴിലുടമ-തൊഴിലാളി ബന്ധം തെളിയിക്ക പ്പെട്ടിട്ടുണ്ടെന്നും, നഷ്ടപരിഹാരം നൽകുവാൻ ഒന്നാം എതിർകക്ഷി ബാദ്ധ്യസ്ഥനാണെന്നും, പോളിസി നൽകിയ ഇൻഷ്വറർ, ഒന്നാം എതിർ

കക്ഷിക്ക് നഷ്ടോത്തരവാദം ചെയ്യുവാൻ ബാദ്ധ്യസ്ഥനാണെന്നും കമ്മീഷണർ കണ്ടെത്തി.

7. ഇൻഷ്വർ ചെയ്ത വ്യക്തിക്ക് നഷ്ടോത്തരവാദം ചെയ്യുവാൻ ഇൻഷ്വറൻസ് കമ്പനികൾ ബാദ്ധ്യസ്ഥമാണെന്ന് കണ്ടെത്തപ്പെടുന്നെങ്കിൽ പോലും, കമ്മീഷണർ, മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 149(4) അവലംബിച്ചുകൊണ്ട്, കൊടുത്ത തുക വസൂലാക്കുവാൻ കമ്പനികളെ അനുവദിക്കേണ്ടതായിരുന്നുവെന്ന് ഇൻഷ്വറൻസ് കമ്പനികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. ശ്രീ ലാൽ ജോർജ്ജും, ശ്രീ. ഇ. എം. ജോസഫും പരമോന്നത കോടതിയുടെയും, കർണ്ണാടക ഹൈക്കോടതിയുടെയും വിധിന്യായ ങ്ങളിലേക്ക് ഞങ്ങളുടെ ശ്രദ്ധ ഗ്ഗണിച്ചു. *നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്* അഭി *മസ്താൻ* ((2006) (1) കെ.എൽ.റ്റി 853 എസ്.സി) എന്ന കേസിലെയും *ഗോട്ടുമുക്കാള അപ്പാള നരസിംഹരാജുവും മറ്റുള്ളവരും* അഭി *നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡും മറ്റൊരാളും* ((2007) 13 എസ്.സി.സി 446) എന്ന കേസിലെയും പരമോന്നത കോടതിയുടെ രണ്ടു വിധിന്യായങ്ങളിൽ പ്രതിപാദിച്ച പ്രമാണ വാക്യത്തെ അപ്പീൽവാദികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ വിശദീകരിച്ചു.

8. നേരെ മറിച്ച്, മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 149(4)-ൻ കീഴിലുള്ള വ്യവസ്ഥ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള നടപടികൾക്ക് ബാധകമാക്കപ്പെട്ടിട്ടില്ല എന്നും, മേൽപറഞ്ഞ രണ്ടു വിധിന്യായങ്ങളിലും പരമോന്നത കോടതി പ്രതിപാദിച്ച പ്രമാണവാക്യം ഇൻഷ്വറൻസ് കമ്പനികളുടെ വാദങ്ങൾക്ക് എതിരായി പോകുന്നതാണെന്നും, അപ്പീൽവാദികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. ലൈസൻസിന്റെ സാധുത സംബന്ധിച്ച കണ്ടെത്തൽ ഒരു വസ്തുതാ ചോദ്യമാണെന്ന് ബോധിപ്പിച്ചിരിക്കുന്നു. എം.എഫ്.എ നമ്പർ 85/2009-ൽ എതിർ കക്ഷികൾക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ, മരണപ്പെട്ട ഡ്രൈവർക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരുന്നത് വീണ്ടും സ്ഥിരീകരിക്കപ്പെട്ട് നിലനിൽക്കുന്നുവെന്ന് വാദിക്കുവാൻ പ്രസ്തുത അപ്പീലിൽ എതിർകക്ഷി/അവകാശവാദിക്കു വേണ്ടി ഹാജരാക്കപ്പെട്ട കൂടുതൽ രേഖകളെ ആശ്രയിക്കുകയുണ്ടായി.

9. *ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്* അഭി *വേണു* ((2012) 1 കെ.എൽ.റ്റി 921) എന്ന കേസിലെ ഈ കോടതിയുടെ വിധി ന്യായത്തെയും, അതുപോലെതന്നെ എം.എഫ്.എ നമ്പർ 261/2009-ലെയും അനുബന്ധ കേസുകളിലെയും റിപ്പോർട്ട് ചെയ്യപ്പെടാത്ത ഈ കോടതിയുടെ ഒരു ഫുൾബെഞ്ച് വിധിന്യായത്തേയും ശ്രീ. ലാൽ ജോർജ്ജും, ശ്രീ. ഇ.എം. ജോസഫും വീണ്ടും ആശ്രയിക്കുകയുണ്ടായി. *ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്* അഭി *മുഹമ്മദ് ഹനീഫ്* (1996 (1) ടി എ സി 123 (കർണ്ണാടക) എന്ന കേസിലെ കർണ്ണാടക ഹൈക്കോടതിയുടെ വിധിന്യായത്തെയും, *ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, മഹബൂബ് നഗർ* അഭി *പി രാമുലുവും മറ്റൊരാളും* (2000 (2) ടി എ സി 637 (ആന്ധ്രപ്രദേശ്) എന്ന കേസിലെ ആന്ധ്രപ്രദേശ് ഹൈക്കോടതിയുടെ വിധിന്യായത്തെയും കൂടി ശ്രീ. ലാൽ ജോർജ്ജ് ആശ്രയിക്കുകയുണ്ടായി.

10. *മുഹമ്മദ് ഹനീഫിന്റെ* കേസിലെ (1996 (1) ടി എ സി 123 (കർണ്ണാടക) കർണ്ണാടക ഹൈക്കോടതിയുടെ വിധിന്യായത്തെ സംബന്ധിച്ചിടത്തോളം, ഒരു അപ്പീൽ ഫയൽ ചെയ്തുകൊണ്ട് തുകയുടെ അളവിനെ ചോദ്യം ചെയ്യുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് കഴിയുന്നതല്ല എന്ന് പാണ്ഡിത്യമുള്ള സിംഗിൾ ജഡ്ജിയുടെ മുമ്പാകെ വാദിച്ചിരുന്നു. ഇൻഷ്വറൻസ് കമ്പനിക്ക് എല്ലാ കാരണങ്ങളും ഉന്നയിക്കുവാൻ കഴിയുന്നതാണെന്ന ഒരു വാദം ഉണ്ടായിരുന്നിട്ടുപോലും, ആ വാദങ്ങൾ മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 149(2)-ന്റെ പ്രഭാവത്താൽ നിയന്ത്രിക്കപ്പെടുന്നു എന്ന വീക്ഷണമാണ് പാണ്ഡിത്യമുള്ള ജഡ്ജിക്ക് ഉണ്ടായിരുന്നതെന്ന് ആ വിധിന്യായത്തിന്റെ മൂന്നാം ഖണ്ഡത്തിന്റെ ഒരു വായന കാണിക്കുന്നതാണ്. അത് തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള ഒരു നടപടിയും കൂടി ആയിരുന്നു. പോളിസിയിലെ ഉപാധികൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി വാഹനം വാടകക്ക് ഉപയോഗിച്ചപ്പോൾ, അപകടം സംഭവിച്ചു എന്ന

കണ്ടെത്തലിൻമേൽ ഇൻഷ്വറൻസ് കമ്പനിയുടെ മേൽ ബാദ്ധ്യത ബന്ധിപ്പിച്ച കമ്മീഷണറുടെ അവാർഡ് ആന്ധ്രപ്രദേശ് ഹൈക്കോടതിയുടെ പാണ്ഡിത്യമുള്ള ഒരു സിംഗിൾ ജഡ്ജിയാലുള്ള പിന്നീടുള്ള വിധിന്യായത്തിൽ റദ്ദാക്കപ്പെട്ടു.

11. ഞങ്ങളെ സംബന്ധിച്ച്, *മസ്താന്റെ* കേസിലെ (2006 (1) കെ.എൽ.റ്റി 853-എസ്.സി=(2006) 2 എസ്.സി.സി 641) പരമോന്നത കോടതിയാലുള്ള ആധികാരികമായ നിയമ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ, മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 149(4) പ്രകാരം ഇൻഷ്വറൻസ് കമ്പനിക്ക് വസൂലാക്കൽ അവകാശം അനുവദിക്കേണ്ടതുണ്ട് എന്ന വാദം സ്വീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലാത്തതാണ്. അതിൽ, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ വ്യവസ്ഥകൾ, പ്രത്യേകിച്ചും അദ്ധ്യായം XI, 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള നടപടികൾക്ക് ബാധകമാകുമോ എന്ന വിഷയം പരിഗണനക്ക് ഉയർന്നു. ആ സന്ദർഭത്തിൽ പരമോന്നത കോടതി, രണ്ട് ആക്റ്റുകളിലെയും വിവിധ വ്യവസ്ഥകൾ പരിശോധിച്ചു. ന്യായാധിപൻമാർ 1988-ലെ ആക്റ്റിലെ 143-ാം വകുപ്പിനെ 12-ാം ഖണ്ഡികയിൽ പരാമർശി ക്കുകയുണ്ടായി. പ്രസ്തുത വ്യവസ്ഥ വായിക്കുമ്പോൾ, ഏതെങ്കിലും വ്യക്തിയുടെ മരണമോ, സ്ഥായിയായ അംഗവൈകല്യമോ സംബന്ധിച്ച് 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള നഷ്ടപരിഹാരത്തിനുള്ള അവകാശവാദത്തിന്, അദ്ധ്യായം X ബാധകമാക്കപ്പെട്ടിട്ടുണ്ട്. അതിനുശേഷം, 13-ഉം, 14-ഉം ഖണ്ഡികകളിൽ താഴെ കൊടുക്കുന്ന കാഴ്ചപ്പാട് എടുത്തിരുന്നു:

> ***"13. 1988-ലെ ആക്റ്റിലെ പത്താം അദ്ധ്യായത്തിൽ 143-ാം വകുപ്പ് വരുന്നു. പ്രസ്തുത ആക്റ്റിലെയോ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയോ, മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രസ്തുത അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ് എന്ന് പ്രസ്താവിക്കുന്ന ഒരു "നോൺ-ഒബ്സ്റ്റാന്റേ ക്ലോസ്" 144-ാം വകുപ്പിൽ അടങ്ങിയിരിക്കുന്നു. അദ്ധ്യായം X, ചില സംഗതികളിൽ വീഴ്ച കൂടാതെയുള്ള ബാദ്ധ്യതയെ പ്രതിപാദിക്കുന്നു. അതിനാൽ, അദ്ധ്യായം X-ന്, 1988-ലെ ആക്റ്റിന്റെ XI-ാം അദ്ധ്യായം അനുസരിച്ച് ഉന്നയിക്കപ്പെടുന്ന ഒരു അവകാശവാദത്തെ സംബന്ധിച്ചിടത്തോളം, യാതൊരു ബാധകതയും ഉണ്ടായിരിക്കുന്നതല്ല.***
>
> ***14. 1923-ലെ ആക്റ്റുപ്രകാരമുള്ള ഒരു നടപടിയിൽ, 1988-ലെ ആക്റ്റിലെ വ്യവസ്ഥകളുടെ ബാധകത, അദ്ധ്യായം X-ന്റെ വ്യാപ്തിക്കുള്ളിൽ മാത്രം വരുന്ന ഒരു വിഷയത്തിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു. അതിനെ മേലും വലിച്ചു നീട്ടുവാൻ കഴിയുന്നതല്ല".***

മുഖ്യമായും, 1923-ലെ ആക്റ്റ് പ്രകാരമുള്ള ഒരു നടപടിയിൽ, 1988-ലെ ആക്റ്റിലെ വ്യവസ്ഥകളുടെ ബാധകത, അദ്ധ്യായം X-ന്റെ വ്യാപ്തിക്കുള്ളിൽ മാത്രം വരുന്ന ഒരു വിഷയത്തിലേക്ക് പരിമിതപ്പെടുത്തിയി രിക്കുന്നു എന്ന് വിധിക്കപ്പെട്ടു. 1923-ലെ ആക്റ്റ് പ്രകാരമുള്ള ഒരു അവകാശവാദത്തിന്, 1988-ലെ ആക്റ്റിലെ XI-ാം അദ്ധ്യായം ഉൾപ്പെടുത്തു ന്നതിനായി, അതിലെ 143-ാം വകുപ്പിന്റെ ബാധകതയെ വ്യാപിപ്പിക്കുവാൻ സാധിക്കുന്നതല്ല എന്ന് 141-ാം വകുപ്പിൻ കീഴിലുള്ള വ്യവസ്ഥകളെ പരാമർശിച്ചശേഷം, 19-ാം ഖണ്ഡികയിൽ വിധിക്കപ്പെടുകയുണ്ടായി. 1988-ലെ ആക്റ്റ് പ്രകാരവും 1923-ലെ ആക്റ്റ് പ്രകാരവും നടപടികളിലെ അപ്പീലിന്റെ വ്യാപ്തി പരിഗണിക്കുന്ന സന്ദർഭത്തിൽ ന്യായാധിപന്മാർ ഖണ്ഡിക 20-ൽ താഴെ പറയും പ്രകാരം വിധിക്കുകയുണ്ടായി:

> ***"20. അപ്പീൽ അവകാശം നിയമത്തിന്റെ ഒരു സൃഷ്ടിയാണ്. 1923-ലെ ആക്റ്റിന്റെ 30-ാം വകുപ്പ് അനുസരിച്ചും, 1988-ലെ ആക്റ്റിലെ 173-ാം വകുപ്പ് അനുസരിച്ചും ഉള്ള അപ്പീലുകളുടെ വ്യാപ്തിയും, പരിധിയും വിഭിന്നവും വ്യത്യസ്തവു മാണ്. അവ വിഭിന്ന സാഹചര്യങ്ങളിൽ ഉത്ഭവിക്കുന്നു. 1923-ലെ ആക്റ്റിൻ കീഴിൽ വരുന്ന ഒരു കേസിൽ, ഉടമസ്ഥന്റെ ഭാഗത്തുള്ള ഉപേക്ഷ തെളിയിക്കേണ്ട ആവശ്യമില്ലാതിരിക്കാവുന്നതാണ്. അതിൽ തെളിയിക്കേണ്ടത് എന്തെന്നാൽ,***

*ജോലിക്കിടയിൽ തൊഴിലാളി പരിക്കുകൾ അനുഭവിക്കുകയോ മരിക്കുകയോ ചെയ്തിരുന്നു എന്നതാണ്. ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരം, തൊഴിലാളി അനുഭവിച്ച പരിക്കുകളുടെ സ്വഭാവവും മറ്റു ഘടകങ്ങളും പരിഗണിച്ച് നഷ്ടപരിഹാര ത്തുക തീരുമാനിക്കുന്നതാണ്. തൊഴിലാളികളുടെ നഷ്ടപരിഹാര കമ്മീഷണർ എത്തിച്ചേർന്നിട്ടുള്ള വസ്തുതയുടെ കണ്ടെത്തലുകൾ അന്തിമവും ബാധകമായിരിക്കുന്ന തുമാണ്. 1923-ലെ ആക്റ്റിലെ വകുപ്പ് 30-ൽ അടങ്ങിയിരിക്കുന്ന പരിമിതികൾക്ക് വിധേയമായി, ഹൈക്കോടതി മുമ്പാകെ ഒരു അപ്പീൽ നിലനില്ക്കുന്നതാണ്; എന്നാൽ ഇൻഷ്വറൻസ് നൽകുന്ന ആളെ പ്രതികൂലത്തിലാക്കുക എന്നത് ഒരു അനുചിതമായ സ്ഥിതിവിശേഷത്തിലേക്ക് നയിക്കുന്നതാണ്.".*

1923-ലെ ആക്റ്റ് പ്രകാരവും, 1988-ലെ ആക്റ്റ് പ്രകാരവും ഉള്ള പ്രതിരോധങ്ങൾ വ്യത്യസ്ത മാണെന്നും, കൂടാതെ അപ്പീലിന്റെ വ്യാപ്തിയും പരിധിയും വ്യത്യസ്തമാണെന്നും, വസ്തുതയുടെ വെളിച്ചത്തിൽ ന്യായാധിപന്മാർ 21-ാം ഖണ്ഡികയിൽ നിരീക്ഷിക്കുകയും ചെയ്തു.

12. ഡ്രൈവർക്ക് യാതൊരു ലൈസൻസും ഉണ്ടായിരുന്നില്ലെങ്കിൽ, അത് വകുപ്പ് 149(2) (എ) പ്രകാരം ഒരു പ്രതിരോധമാകാൻ കഴിയുന്ന താണെന്ന സ്ഥിതിക്കുവേണ്ടി വാദിക്കുവാൻ ശ്രീ. ലാൽ ജോർജ്ജ്, പ്രസ്തുത വിധി ന്യായത്തിലെ ഖണ്ഡിക 22-നെ ആശ്രയിച്ചു. പ്രസ്തുത ഖണ്ഡിക ഇതിന് താഴെ ഞങ്ങൾ എടുത്തുപറയുന്നു:

*"22. 1988-ലെ ആക്റ്റ് പ്രകാരം, വാഹനത്തിന്റെ ഡ്രൈവർ ബാദ്ധ്യസ്ഥനാണ്, എന്നാൽ 1923-ലെ ആക്റ്റ് പ്രകാരം ഉത്ഭവിക്കുന്ന ഒരു കേസിൽ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല. വാഹനങ്ങളുടെ ഡ്രൈവർക്ക് ലൈസൻസ് ഇല്ലെങ്കിൽ ഇൻഷ്വറർ, ഇൻഷ്വർ ചെയ്ത യാൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ബാദ്ധ്യസ്ഥ നായിരിക്കുന്നതല്ല. കൊടുത്തിട്ടുള്ള ഒരു സാഹചര്യത്തിൽ, അപകട നഷ്ടപരിഹാര ട്രിബ്യൂണലിന്, അതിന്റെ അവകാശങ്ങളും മൂന്നാമന് എതിരെയുള്ള ബാധ്യതകളും പരിഗണിച്ച്, ഇൻഷ്വററുടെ ബാദ്ധ്യതകൾ നിറവേറ്റുവാൻ, ആയത് ഇൻഷ്വർ ചെയ്ത യാളിൽ നിന്ന് വസൂലാക്കുവാൻ, ഇൻഷ്വറൻസ് കമ്പനിയെ അനുവദിച്ചു കൊണ്ട്, അതിനോട് നിർദ്ദേശിക്കാവുന്നതാണ്. അങ്ങനെയുള്ള ഒരു സാഹചര്യം 1923-ലെ ആക്റ്റ് വിഭാവനം ചെയ്യുന്നില്ല. കൂട്ടിക്കലർത്തൽ മുഖേനയുള്ള റഫറൻസിന്റെ പങ്കിന് പരിമിത ബാധകത ഉണ്ടായിരിക്കുന്നു. ഒരു നിയമപ്രകാരം ഉത്ഭവിക്കുന്ന ഒരു ക്ലെയിം ഹർജിയെ പ്രതിരോധിക്കാനുള്ള ഒരു പരിമിത അവകാശം, വേറൊരു നിയമപ്രകാരം ഉത്ഭവിക്കുന്ന ഒരു ക്ലെയിം ഹർജിയിൽ, അതിനുള്ള പ്രകടമായ വ്യവസ്ഥ നിലവിലില്ലാത്തപക്ഷം, ബാധക മാണെന്ന് വിധിക്കുവാൻ കഴിയുന്നതല്ല. 1988-ലെ ആക്റ്റിന്റെ 143-ാം വകുപ്പ്, 1988-ലെ ആക്റ്റിലെ X-ാം അദ്ധ്യായത്തിൽ അടങ്ങിയിട്ടു ള്ളതുപോലെ, വീഴ്ച ഇല്ലാതെയുള്ള ബാദ്ധ്യതയിൽ നിന്ന് ഉത്ഭവിക്കുന്ന ഒരു കേസിൽ മാത്രം, 1923-ലെ ആക്റ്റിന്റെ വ്യവസ്ഥകളെ ബാധകമാക്കുന്നു. അതിനാൽ 143-ാം വകുപ്പിലെ വ്യവസ്ഥകൾക്ക്, 1988-ലെ ആക്റ്റിന്റെ XI-ാം അദ്ധ്യായപ്രകാരം ഫയൽ ചെയ്യപ്പെടുന്ന ഒരു ക്ലെയിം ഹർജിയെ സംബന്ധിച്ചിടത്തോളം, ഏതെങ്കിലും ബാധകത ഉണ്ടായിരിക്കുമെന്ന് പറയുവാൻ കഴിയുന്നതല്ല. കൂടുതലായി, XI-ാം അദ്ധ്യായ പ്രകാരം ഉത്ഭവിക്കുന്ന ഒരു ക്ലെയിമിൽ, 1923-ലെ ആക്റ്റിലെ വ്യവസ്ഥകൾക്ക് യാതൊരു ബാധകതയും ഉണ്ടായിരിക്കുന്നതല്ല. ഒരു വ്യവഹാരത്തിലെ ഒരു കക്ഷിക്ക്, രണ്ട് ആക്റ്റുകളിലെയും വ്യത്യസ്ത വ്യവസ്ഥകളെ പരിഗണിച്ച്, രണ്ട് ആക്റ്റുകൾ പ്രകാരവും ഇൻഷ്വററുടെ ബാദ്ധ്യതകളെ നടപ്പിലാക്കുവാൻ കഴിയുന്നതല്ല. അയാൾ ഒന്ന് തെരഞ്ഞെടു ക്കേണ്ടതുണ്ട്." (ഞങ്ങൾ ഊന്നൽ നൽകുന്നു)*

"വാഹനത്തിന്റെ ഒരു ഡ്രൈവർക്ക് ലൈസൻസ് ഇല്ലെങ്കിൽ, ഇൻഷ്വർ ചെയ്ത യാൾക്ക് നഷ്ടപരിഹാരം കൊടുക്കുവാൻ ഇൻഷ്വറർ ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല" എന്ന നിരീക്ഷണം, പ്രകടമായി, 1988-ലെ ആക്റ്റിലെ വ്യവസ്ഥകളെ സംബന്ധിച്ച് നടത്തപ്പെട്ടിട്ടുള്ളതും, 1923-ലെ ആക്റ്റ് പ്രകാരം നടത്തപ്പെട്ടിട്ടില്ലാത്തതുമാണ്. മുഖ്യമായും,

ഇൻഷ്വർ ചെയ്തയാളിൽ നിന്ന് വസൂലാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിയെ അനുവദിക്കുവാൻ കഴിയുന്നതാണെന്ന് 1988-ലെ ആക്റ്റ് പ്രകാരം വിധിച്ചിരുന്നു, എന്നാൽ അങ്ങനെ യുള്ള ഒരു സ്ഥിതി വിശേഷത്തെ 1923-ലെ ആക്റ്റ് വിഭാവനം ചെയ്യുന്നില്ല. ഈ കേസുകളുടെ സന്ദർഭത്തിൽ, പ്രസ്തുത പ്രമാണവാക്യം പ്രാധാന്യമുള്ളതും, അപ്പീൽ വാദികൾക്ക് എതിരെയുള്ള മുഖ്യവിഷയത്തിന്, ഉത്തരം നൽകുകയും ചെയ്യുന്നു.

13. 1923-ലെ ആക്റ്റ് പ്രകാരമുള്ള നടപടികളെ സംബന്ധിച്ചിടത്തോളം, അദ്ധ്യായം X മാത്രം ബാധകമാകുന്നതാണ് എന്ന സ്പഷ്ടമായ കാഴ്ചപ്പാടും ഉണ്ടായിരുന്ന, ഏകാഭിപ്രായമുള്ള വിധിന്യായത്തിലെ 35-ാം ഖണ്ഡികയെ ഞങ്ങൾ ഇതിൽ താഴെ എടുത്തുപറയുക കൂടി ചെയ്യുന്നു.

> ***“35. മോട്ടോർ വാഹന ആക്റ്റിലെ 167-ാം വകുപ്പിന്റെ ഭാഷയിലും, പരിഹാരങ്ങളുടെ തിരഞ്ഞെടുപ്പ് തത്വം വായിക്കുമ്പോഴും, തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു അവകാശവാദിക്ക്, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ 167-ാം വകുപ്പിനാൽ പ്രത്യേകമായി സംരക്ഷിക്കപ്പെടുന്നതല്ലാത്ത, ആ ആക്റ്റിലെ വ്യവസ്ഥകളിൽ ഏതൊന്നിനേയും അവലംബിക്കുവാനോ അതിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുവാനോ കഴിയുന്നതല്ല. തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള ഒരു അവകാശവാദിക്കു പോലും, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ X-ാം അദ്ധ്യായത്തിലെ വ്യവസ്ഥകളുടെ സഹായം തേടുവാനുള്ള അവകാശം ആക്റ്റിലെ വകുപ്പ് 167 നൽകുന്നു. 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ അദ്ധ്യായം X, ഒരു അപകടത്തിന്റെ സംഗതിയിൽ, ‘വീഴ്ച ഇല്ലാതെയുള്ള’ ബാദ്ധ്യത എന്നറിയപ്പെടുന്നതെന്താണോ, അതിനെ പ്രതിപാദിക്കുന്നു. 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 140, വാഹനത്തിന്റെ ഡ്രൈവറിനോ ഉടമസ്ഥനോ എതിരായി യാതൊരു വീഴ്ചയും സ്ഥാപിക്കപ്പെടുന്നില്ലെങ്കിൽ പോലും, അതിൽ നിർണ്ണയിച്ചിട്ടുള്ള നഷ്ടപരിഹാര തുക കൊടുക്കുവാനുള്ള ഒരു ബാദ്ധ്യത വാഹനത്തിന്റെ ഉടമസ്ഥന്റെ മേൽ ചുമത്തുന്നു. വകുപ്പുകൾ 141-ഉം 142-ഉം വീഴ്ചയില്ലാതെയുള്ള ബാദ്ധ്യതയുടെ അടിസ്ഥാനത്തിലുള്ള പ്രത്യേക ക്ലെയിമുകളെ പ്രതിപാദിക്കുകയും, 143-ാം വകുപ്പ്, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ X-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ, തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരം ക്ലെയിം ഉന്നയിക്കപ്പെടുന്നെങ്കിൽ പോലും, ബാധകമാകുന്നതാണ് എന്ന് ആക്റ്റിലെ 167-ാം വകുപ്പ് ഊന്നിപ്പറയുന്നതിനെ വീണ്ടും ഊന്നിപ്പറയുകയും ചെയ്യുന്നു. ആക്റ്റിലെ 144-ാം വകുപ്പ്, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ X-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് അധിപ്രഭാവം നൽകുന്നു.”.***

14. *ഗോട്ടുമുക്കാള അപ്പാള നരസിംഹ രാജുവിന്റെ* കേസിൽ ((2007) 13 എസ്.സി.സി 446) മുൻപറഞ്ഞ വ്യവസ്ഥ പരമോന്നത കോടതി മുമ്പാകെ വീണ്ടും പരിഗണനയ്ക്ക് വരികയും, പ്രസ്തുത കാഴ്ചപ്പാട് വീണ്ടും സ്ഥിരീകരിക്കപ്പെടുകയും ചെയ്തു. പരമോന്നത കോടതി താഴെ പറയും പ്രകാരം ഖണ്ഡിക 25-ൽ വിധിക്കുകയുണ്ടായി:

> ***“25. 1988-ലെ ആക്റ്റ് പ്രകാരവും 1923-ലെ ആക്റ്റ് പ്രകാരവും ഒരു നടപടി നിലനിർത്തുന്നതിനുള്ള ഘടകങ്ങൾ വ്യത്യസ്ഥമാണ്. ഒരു ഇൻഷ്വറൻസ് കോൺട്രാക്റ്റ് ഉണ്ടാക്കപ്പെടുന്നത് ഏത് ആവശ്യത്തിനാണോ, അത് വ്യത്യസ്തമായേക്കാം, എന്നാൽ വാസ്തവത്തിൽ, 1988-ലെ ആക്റ്റ് പ്രകാരം ഒരു ഇൻഷ്വറൻസ് കോൺട്രാക്റ്റ് നിർബന്ധിത മാണ് എന്ന് പറയുന്നത് ഒരു ആവർത്തനമായിരിക്കെ; 1923-ലെ ആക്റ്റിന്റെ ബാധകതയുടെ ആവശ്യത്തിനായി, അത് ഐച്ഛികമായതും, ഇതിൽ മുമ്പ് സൂചിപ്പിച്ചതു പോലെ, ഹർഷാദ് ഭായ് അമൃത് ഭായ് മോദിയ ((2006) 5 എസ്.സി.സി 192) എന്ന കേസിൽ, കോൺട്രാക്റ്റിൽ നിന്ന്***

*പുറത്തുപോകുന്നത് അനുവദനീയമാണെങ്കിൽപോലും, 1923-ലെ ആക്റ്റു പ്രകാരമുള്ളതുപോലെ, ഇൻഷ്വററുടെ ബാദ്ധ്യത തൊഴിലാളിയുടെ ക്ലെയിമിലേക്ക് പരിമിതപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 1988-ലെ ആക്റ്റിന്റെ വകുപ്പ് 147(2) (ബി) പ്രകാരമുള്ള ബാദ്ധ്യത, മറിച്ച്, മൂന്നാം കക്ഷിയിലേക്ക് വ്യാപിക്കുന്നു.".*

1923-ലെ ആക്റ്റിന്റേയും, 1988-ലെ ആക്റ്റിന്റേയും, കീഴിലുള്ള വ്യവസ്ഥകൾ തമ്മിലുള്ള വ്യത്യാസവും, രണ്ടു ആക്റ്റിനും കീഴിൽ ഒരു ഇൻഷ്വറൻസ് കോൺട്രാക്റ്റ് ഉണ്ടാക്കുന്നതിന്റെ ഉദ്ദേശ്യവും അതിൽ വരച്ചുകാട്ടിയിട്ടുണ്ട്. 1923-ലെ ആക്റ്റ് പ്രകാരമുള്ള ഒരു നടപടിക്ക്, XI-ാം അദ്ധ്യായം ബാധകമാകുന്നതാണോ എന്ന ചോദ്യം ബഹു. ന്യായാധിപൻമാർ 14-ഉം 15-ഉം ഖണ്ഡികകൾ പരിശോധിച്ചിട്ടുള്ളതും, ആ ഖണ്ഡികകളെയും, ഒപ്പം (മുകളിലത്തെ) *മസ്താന്റെ* കേസിനെ ആശ്രയിച്ചുകൊണ്ട് 1988-ലെ ആക്റ്റിലെ വ്യവസ്ഥകളുടെ ക്ലിപ്ത ബാധകതയെകൂടി വിശദീകരിച്ചിട്ടുള്ള 24-ാം ഖണ്ഡികയെയും ഞങ്ങൾ ഇതിൽ താഴെ എടുത്തുപറയുന്നു.

*"14. അതിനാൽ, 1923-ലെ ആക്റ്റിലെ വ്യവസ്ഥകളുടെ അർത്ഥത്തിനുള്ളിലുള്ള ഒരു "തൊഴിലാളി"ക്ക്, അയാളുടെ തൊഴിലിൽ നിന്നോ അതിന്റെ ഗതിയിലോ ഉത്ഭവിച്ച അപകടത്താൽ അയാൾക്കുണ്ടായ വ്യക്തിപരമായ ക്ഷതിക്ക് തൊഴിലുടമ X-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നഷ്ടപരിഹാരം കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണെങ്കിൽ, നഷ്ടപരിഹാരം കിട്ടുന്നതിനുവേണ്ടിയുള്ള ഒരു അപേക്ഷ നിലനിർത്താൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം, 1923-ലെ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം കൂടി ഉന്നയിക്കുവാൻ കഴിഞ്ഞിരുന്ന ഒരു ക്ലെയിമിനെ സംബന്ധിച്ച്, 1988-ലെ ആക്റ്റിന്റെ X-ാം അദ്ധ്യായം ബാധകമാക്കപ്പെടുന്നു. എന്നാൽ, X-ാം അദ്ധ്യായത്തിലെ 143-ാം വകുപ്പ് ഒരു പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നു എന്ന വസ്തുതയെ പരിഗണിച്ച്, ആയത്, 1988-ലെ ആക്റ്റിലെ പ്രസ്തുത അദ്ധ്യായത്തിൻകീഴിൽ ഉത്ഭവിക്കുന്ന കേസുകൾക്കു മാത്രം ബാധകമാകുന്നതും XI-ാം അദ്ധ്യായ പ്രകാരം ഉത്ഭവിക്കുന്ന കേസുകൾക്ക് ബാധകമാകുന്നതല്ലാത്തതുമാണ്.*

15. 1988-ലെ ആക്റ്റ്, ആക്റ്റിലെ 147-ാം വകുപ്പിൻ കീഴിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾക്ക് നിർബന്ധിത ഇൻഷ്വറൻസ് വ്യവസ്ഥ ചെയ്യുന്നതും, അപ്രകാരം ഇൻഷ്വറൻസ് നൽകുന്ന ആൾക്ക് എതിരായി ഒരു അവാർഡ് പാസ്സാക്കുവാൻ കഴിയുന്നതുമാണ്. ഇൻഷ്വറൻസ് നൽകുന്ന ഒരാൾക്ക്, ആക്റ്റിലെ 149-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പരിഗണിച്ച്, സാധാരണയായി, അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം പരിമിതമായ പ്രതിരോധം ഉണ്ടായിരിക്കുന്നതാണ്. 1923-ലെ ആക്റ്റ് പ്രകാരമുള്ള ഒരു നടപടിയിൽ, ഇൻഷ്വറൻസ് നൽകിയിട്ടുള്ള ഒരാളുടെ പ്രതിരോധത്തിന് പരിമിതിയില്ലാത്തതും, ഒരു തൊഴിലുടമയ്ക്ക് ലഭ്യമാകുന്ന എല്ലാ പ്രതിരോധങ്ങളും അതിന് ലഭ്യമാകുന്നതുമാണ്."

*"24. ............. 1988-ലെ ആക്റ്റിലെ 143-ഉം 167-ഉം വകുപ്പുകൾ, 1923-ലെ ആക്റ്റിലെ വ്യവസ്ഥകളെ സൂചിപ്പിക്കുന്നുണ്ടെന്ന കാരണത്താൽമാത്രം, ആയത് തനിയെ, 1988-ലെ ആക്റ്റിലെ വ്യവസ്ഥകൾ അവയുടെ സ്വന്തം ബലത്തിൽ 1923-ലെ ആക്റ്റ് പ്രകാരം പണം കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയെ സംബന്ധിച്ച് ബാധകമാകുന്നതല്ലെന്ന് അർത്ഥമാക്കുന്നതല്ല. 1923-ലെ ആക്റ്റിലെ നടപടി ക്രമവുമായി ബന്ധപ്പെട്ട് 1988-ലെ ആക്റ്റിലെ വ്യവസ്ഥകളുടെ പരിമിത ബാധകത, മേൽപറഞ്ഞിട്ടുള്ള ഈ വിധിന്യായങ്ങളിൽ കോടതി ചർച്ച ചെയ്തിട്ടുണ്ട്. ഇപ്രകാരം, 1988-ലെ ആക്റ്റിലെ വ്യവസ്ഥകളുടെ വ്യാപ്തിയും പരിധിയും 1923-ലെ ആക്റ്റിലെ വ്യവസ്ഥകൾക്ക്, ഇതിനു മുൻപ് ശ്രദ്ധിക്കപ്പെട്ട വ്യാപ്തിയോളം ഒഴികെ വ്യാപിപ്പിക്കുന്നത് സാദ്ധ്യമല്ല".*

15. മുകളിലത്തെ രണ്ടു വിധി ന്യായങ്ങളിലും പ്രതിപാദിച്ച പ്രമാണ വാക്യത്തിന്റെ വെളിച്ചത്തിൽ, (മുകളിലത്തെ) *മുഹമ്മദ് ഹനീഫയുടെ* കേസിൽ കർണ്ണാടക ഹൈക്കോടതി എടുത്ത വീഗ്ഗണവുമായി യോജിക്കുവാൻ ഞങ്ങൾക്ക് പ്രയാസമാണ്. (മുകളിലത്തെ) *പി. രാമലുവിന്റെ* കേസിലെ ആന്ധ്രപ്രദേശ് ഹൈക്കോടതിയുടെ വിധി ഒരു വസ്തുതാ ചോദ്യത്തിൻ മേലുള്ളതാണ്.

16. പിന്നെ, ആശ്രയിക്കപ്പെട്ട അടുത്ത വിധിന്യായം, *വേണുവിന്റെ* കേസിലെ (2012 (1) കെ.എൽ.റ്റി 921) ഈ കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായമാണ്. തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള നടപടികളിൽ, ഡ്രൈവർ കൈവശം വച്ചിരുന്ന ലൈസൻസിന്റെ സ്വഭാവത്തെ സംബന്ധിച്ച ഒരു വാദം ഉന്നയിക്കപ്പെടുമ്പോഴും, അപകടം ഉണ്ടാക്കുന്ന തിനുള്ള പ്രഭാവം അതിന് ഉണ്ടായിരുന്നാലും, നാഷണൽ *ഇൻഷ്വറൻസ് കമ്പനി ക്ലിപ്തം* അഭി *സ്വരൺ സിംഗ്* എന്ന കേസിൽ (2004 (1) കെ.എൽ.റ്റി 781) പരമോന്നത കോടതി പ്രതിപാദിച്ച പ്രമാണവാക്യം പരിഗണിക്കുവാൻ കഴിയുന്നതാണ് എന്നത് ബെഞ്ചിന്റെ വീഗ്ഗണമായിരുന്നതും, “ആ അപകടം, ആരുടെ ലൈസൻസാണോ ചോദ്യം ചെയ്യപ്പെടുന്നത്, ആ പ്രശ്നത്തിലുള്ള ഡ്രൈവർക്ക് കല്പിക്കാവുന്ന ഏതെങ്കിലും കൃത്യത്തിന്റെയോ കൃത്യവിലോപത്തിന്റെയോ ഫലമാണോ എന്ന പ്രശ്നം ഓരോ കേസിലും കമ്മീഷണർ തീരുമാനിക്കേണ്ടിയിരിക്കുന്നു” എന്നു വിധിക്കുകയും ചെയ്തു. “അവശ്യതരത്തിലുള്ള ലൈസൻസ് കൈവശം വെക്കാത്ത ഡ്രൈവറുമായി യാതൊരു ബന്ധവും ഇല്ലാത്ത സാഹചര്യങ്ങളിൽ നിന്നാണ് അപകടം ആണെങ്കിലും, ഇൻഷ്വറൻസ് നൽകുന്ന ആൾക്ക് ബാദ്ധ്യതയിൽ നിന്ന് രഗ്ഗപ്പെടുവാൻ കഴിയുന്നതല്ല” എന്ന് മേലും വിധിച്ചു. ശ്രീ. ലാൽ ജോർജ്ജും, ശ്രീ. ഇ.എം. ജോസഫും, ആ ബെഞ്ച് എടുത്ത മുകളിലത്തെ വീഗ്ഗണം അവർ ഉന്നയിച്ച വാദത്തെ ഇവിടെയും പിന്താങ്ങുന്നതാണെന്ന് ബോധിപ്പിച്ചു. എന്നാൽ, തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള ഒരു നടപടിയിൽ, 1988-ലെ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ലഭ്യമാകുന്ന പ്രതിരോധം ഉയർത്തുവാൻ ഇൻഷ്വറൻസ് നൽകുന്ന ആൾക്ക് അവകാശം ഉണ്ടോ എന്ന ചോദ്യത്തിലേക്ക് പോകേണ്ട ആവശ്യം ഇല്ല എന്ന് ബെഞ്ച് കണ്ടിട്ടില്ലെന്ന് വിധിന്യായത്തിന്റെ 5-ാം ഖണ്ഡികയിൽനിന്ന് ഞങ്ങൾ കാണുന്നു. അതിനാൽ, മുകളിൽ ശ്രദ്ധിച്ചതുപോലെ ഉള്ള വാദം മാത്രമാണ് ആ കേസിൽ ബെഞ്ച് പരിശോധിച്ചിട്ടുള്ളത്. ഇൻഷ്വറൻസ് നൽകുന്ന ആൾക്കുള്ള എല്ലാ പ്രതിരോധങ്ങളും, അതുപോലെതന്നെ ആക്റ്റിലെ വകുപ്പ് 149(4) പ്രകാരമുള്ള പ്രതിരോധങ്ങളും, ആക്റ്റിലെ വകുപ്പ് 149(4) പ്രകാരം ഇൻഷ്വർ ചെയ്ത ആളിൽ നിന്നുള്ള വസൂലാക്കൽ ആനുകൂല്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ വിശാലമായ ഒരു വീഗ്ഗണത്തിലുള്ള ദൃഢപ്രസ്താവത്തെ പ്രതിപാദിക്കുവാൻ ന്യായാധിപൻമാർ പോയിരുന്നുവെന്ന വാദത്തെ അനുവദിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നതല്ല.

17. വാസ്തവത്തിൽ, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ 157-ാം വകുപ്പിൻകീഴിലുള്ള വ്യവസ്ഥകളുടെ ബാധകതാ ചോദ്യത്തെ ഈ കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് എം.എഫ്.എ.നം. 69/2010-ൽ 24-10-2011-ലെ റഫറൻസ് ഉത്തരവ് മുഖേന ഒരു ഫുൾബെഞ്ച് മുമ്പാകെയുള്ള പരിഗണനക്കുവേണ്ടി റഫർ ചെയ്തിരുന്നു. (മുകളിലത്തെ) *മസ്താന്റെ* കേസിലെ പരമോന്നത കോടതിയുടെ വിധിന്യായത്തെ ന്യായാധിപന്മാർ രേഖപ്പെടുത്തുകയും, പിന്നീട് ആ ചോദ്യം ഫുൾബെഞ്ചിന്റെ പരിഗണനക്കായി റഫർ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. എം.എഫ്.എ. നം. 261/2009-ലും, അനുബന്ധ കേസുകളിലും ഫുൾബെഞ്ച് 21-01-2015-ൽ നൽകിയ വിധിന്യായത്തെ വായിക്കുവാനുള്ള ആനുകൂല്യം ഞങ്ങൾക്കുണ്ടായിരുന്നു. മല്ലമ്മയെ (മരണപ്പെട്ടു) പ്രതിനിധീകരിച്ച് *നിയമാനുസൃത പ്രതിനിധികൾ* അഭി *നാഷണൽ ഇൻഷ്വറൻസ് കമ്പനി ക്ലിപ്തവും മറ്റുള്ളവരും* എന്ന കേസിലെ (2014 (2) കെ.എൽ.ജെ 855) പരമോന്നത കോടതിയുടെ വിധിന്യായത്തിൽ “തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള നടപടികളിൽ, അവകാശവാദിക്ക് മോട്ടോർ വാഹന ആക്റ്റിലെ 157-ാം വകുപ്പിന്റെ ആനുകൂല്യം അവകാശപ്പെടുവാൻ സ്വാതന്ത്ര്യമുണ്ട് എന്ന് പ്രശ്നത്തിന് തീർപ്പ് കൽപ്പിക്കുന്നു” എന്നതായിരുന്നു ഫുൾ ബെഞ്ചിന്റെ വീഗ്ഗണം.

18. അതിനാൽ, 157-ാം വകുപ്പ് ബാധകമാക്കാൻ കഴിയുന്നതാണെന്ന് ഫുൾ ബെഞ്ച് വിധിച്ചപ്പോൾ, സ്വാഭാവികമായും, ഡബ്ല്യൂ.സി.സി ആക്റ്റ് പ്രകാരമുള്ള നടപടികൾക്കും, ആക്റ്റിലെ 149-ാം വകുപ്പിൻ കീഴിലുള്ള വ്യവസ്ഥകൾകൂടി ബാധകമാക്കുന്നതിൽ യാതൊരു ഹാനിയും ഇല്ലെന്നുള്ള തായിരിക്കും ഫലം എന്ന് ശ്രീ. ഇ.എം. ജോസഫ് വാദിച്ചു. നേരത്തേ ശ്രദ്ധിച്ചതുപോലെ, പ്രസ്തുത വീഗ്ഗണം എടുക്കുന്നതിൽ (മുകളിലത്തെ) *മല്ലമ്മയുടെ* കേസിലെ പരമോന്നത കോടതിയുടെ വിധിന്യായത്തെ ഫുൾബെഞ്ച് ആശ്രയിച്ചിരുന്നു.

19. ഞങ്ങളുടെ അഭിപ്രായത്തിൽ, 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റിന്റെയും 1988-ലെ മോട്ടോർ വാഹന ആക്റ്റിന്റെയും കീഴിലുള്ള വ്യവസ്ഥകളിലെ വ്യത്യാസത്തെ സംബന്ധിച്ച് ചൂണ്ടിക്കാട്ടപ്പെട്ട ചോദ്യമായിരുന്നു (മുകളിലത്തെ) *മസ്താന്റെ* കേസിലും പിന്നീടുള്ള (മുകളിലത്തെ) *ഗോട്ടുമുക്കാള അപ്പാള നരസിംഹ രാജുവിന്റെ* കേസിലെ വിധിന്യായത്തിലും പരമോന്നത കോടതി തീരുമാനിച്ചിരുന്ന വിവാദ്യകം. ഈ കോടതിക്ക് ബാധകമാകുന്ന പരമോന്നത കോടതിയാലുള്ള ആധികാരിക നിയമ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, സാഗ്ഗാൽ അതേ വ്യവസ്ഥകളുടെ വ്യാഖ്യാനത്തെ കുറിച്ച് ഒരു വ്യത്യസ്ത വീഗ്ഗണം സ്വീകരിക്കുന്നതിൽ ഞങ്ങൾ ന്യായീകരിക്കപ്പെടുന്നതല്ല. 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ വ്യവസ്ഥകൾ, പ്രത്യേകിച്ച് 143-ാം വകുപ്പ്, 1923-ലെ ആക്റ്റിൻകീഴിലുള്ള ചില വ്യവസ്ഥകൾക്ക് അദ്ധ്യായം X-നെ മാത്രം ബാധകമാക്കുന്നു. അതിനാൽ, അത് സംബന്ധിച്ച്, പ്രസ്തുത അദ്ധ്യായം, പരാമർശം മുഖേനയുള്ള ഏകീകരണ തത്ത്വത്താൽ 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റിൻകീഴിലുള്ള നടപടികൾക്ക് ബാധകമാക്കപ്പെട്ടിട്ടുണ്ട്. അതിനാൽ, XI-ാം അദ്ധ്യായവും, പ്രത്യേകിച്ച് വകുപ്പ് 149(4)-ഉം സംശയത്തിനതീതമായി, പരാമർശം മുഖേനയുള്ള യാതൊരു ഏകീകരണവും ഇല്ലാത്തതു കൊണ്ട്, കുറഞ്ഞത് പ്രസ്തുത അദ്ധ്യായത്തിലെ വ്യവസ്ഥകളെങ്കിലും ഈ കോടതിയുടെ ഒരു വ്യാഖ്യാനപരമായ പ്രക്രിയ മുഖേന ബാധകമാക്കുവാൻ കഴിയുമോ എന്ന ചോദ്യം, 149-ാം വകുപ്പിനെ, പ്രത്യേകിച്ച് മോട്ടോർ വാഹന ആക്റ്റിലെ വകുപ്പ് 149(4) പ്രകാരം ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെടുന്ന വസൂലാക്കൽ അവകാശം തൊഴിലാളികളുടെ നഷ്ടപരിഹാര കമ്മീഷണർക്ക് പ്രയോഗിക്കുവാൻ കഴിയുന്നതാണെന്ന ഒരു വീഗ്ഗണത്തെ അപ്പാടെ സ്വീകരിക്കുന്നതിൽ ന്യായീകരിക്കപ്പെടുന്നതല്ല. രണ്ട് ആക്റ്റുകളുടേയും കീഴിലുള്ള നടപടികൾ വ്യത്യസ്തമായതാണ്.

20. വിഷയത്തിന്റെ ആ കാഴ്ചപ്പാടിൽ, നഷ്ടപരിഹാരമായി കൊടുത്ത തുക ഇൻഷ്വർ ചെയ്യപ്പെട്ട ആളിൽ നിന്ന് വസൂലാക്കുവാനുള്ള അവകാശം, ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതാണ് എന്ന, അപ്പീൽവാദികൾക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ നടത്തിയ അഭ്യർത്ഥന അനുവദിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നതല്ല.

തദനുസൃതമായി അപ്പീലുകൾ തള്ളിക്കളയുന്നു. കഗ്ഗികൾ അപ്പീലിലെ അവരുടെ ചെലവുകൾ സഹിക്കുന്നതാണ്.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് ബി. കമാൽ പാഷ

**കെ.കെ. അലമേലു**

**അഭി**

**എൽ. പുഷ്കലയും മറ്റുള്ളവരും**

**ആദ്യ ഹർജി (സിവിൽ) നം. 3453/2013**

2015 ജൂലൈ 24-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1972-ലെ ഗ്രാറ്റുവിറ്റി കൊടുക്കൽ ആക്റ്റ്, വകുപ്പ് 2 (എച്ച്), വകുപ്പ് 6- നിർദ്ദിഷ്ട നാമാവ്-കുടുംബത്തിലെ അംഗങ്ങൾ മാത്രമേ സാധുവായ നിർദ്ദിഷ്ടനാമാവ് ആകുന്നുള്ളൂ- നിർദ്ദിഷ്ടനാമാവ്, നിയമപ്രകാരമുള്ള പ്രതിനിധി കൾക്കുവേണ്ടി തുക കൈപ്പറ്റേണ്ടതും, അവർക്കിടയിൽ വിതരണം ചെയ്യേണ്ടതുമാണ്. ഒരു നിർദ്ദിഷ്ടനാമാവിന്, ആ നിർദ്ദിഷ്ടനാമാവ്, ഏക നിയമാനുസൃത പ്രതിനിധിയായിരി ക്കുകയോ മരണപത്ര പ്രകാരമുള്ള പിന്തുടർച്ച കിട്ടുവാനുള്ള ഒരു അവകാശം ആ നിർദ്ദിഷ്ട നാമാവിന് നൽകപ്പെടുകയോ ചെയ്യാത്തപക്ഷം, തുക വിനിയോഗിക്കുവാൻ കഴിയുന്നതല്ല. ഒരു നിർദ്ദിഷ്ടനാമാവിന് അനുകൂലമായ ഒരു വിൽപ്പത്രം, അതുവഴി ആ നിർദ്ദിഷ്ടനാമാവിന് തുക ഒസ്യത്തു ചെയ്യുന്നെങ്കിൽ, അങ്ങനെ യുള്ള സംഗതികളിൽ, ആ നിർദ്ദിഷ്ട നാമാവിന് തുക വിനിയോഗിക്കുവാൻ കഴിയുന്നതാണ്. മറ്റു സംഗതികളിൽ, നിർദ്ദിഷ്ടനാമാവിന്, നിയമാനുസൃത പ്രതിനിധികൾക്ക് വേണ്ടിയോ നിയമാനുസൃത പ്രതിനിധികളുടെ ഗുണത്തിനു വേണ്ടിയോ, തുക കൈപ്പറ്റുവാൻ കഴിയുന്നതും നിയമാനുസൃത പ്രതിനിധികൾക്ക് ആ തുക വിതരണം ചെയ്യേണ്ടതുമാണ്. കീഴ്ക്കോടതി ഉത്തരവിൽ ഏതെങ്കിലും നിയമവിരുദ്ധതയോ, ക്രമവിരുദ്ധതയോ, നീതിന്യായപരമായ തെറ്റോ ഇല്ലാത്തതും അതുകൊണ്ട് ആയത് ഇടപെടലിന് വിധേയമല്ലാത്തതാണ്. ഹർജി തള്ളിക്കളഞ്ഞു.**

### വിധിന്യായം

തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ ജീവന ക്കാരനായിരുന്ന, മരണപ്പെട്ട വെങ്കിടേശ്വരന്റെ നിയമാനുസൃത അനന്തരാവകാശികൾ പിന്തുടർച്ച സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള ഒരു അപേക്ഷ ഫയൽ ചെയ്തു. അയാൾ സർവ്വീസി ലായിരുന്നപ്പോൾ മരണപ്പെട്ടു. അയാൾ ഇതിലെ ഹർജിക്കാരിയായ അയാളുടെ സഹോദരിയെ, അയാളുടെ ഗ്രാറ്റുവിറ്റി സ്വീകരിക്കുന്നതിന് അവകാശമുള്ള ആളായി നാമനിർദ്ദേശം ചെയ്തിരുന്നു.

2. മരണപ്പെട്ടയാളിന്റെ ഡി.സി.ആർ.ജി- യും വിരമിക്കൽ ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി, മരണപ്പെട്ടയാളിന്റെ ഭാര്യയും മക്കളും പിന്തുടർച്ച സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള ഒരു അപേക്ഷ ഫയൽ ചെയ്യുകയുണ്ടായി. ഹർജിക്കാരി, പിന്തുടർച്ച ഹർജിയിൽ 2-ാം കൂടുതൽ എതിർകക്ഷിയായി തന്നെയും കക്ഷി ചേർക്കുന്നതിന് 2013-ലെ 14921-ാം നമ്പർ വ്യവഹാരമദ്ധ്യേയുള്ള അപേക്ഷ ഫയൽ ചെയ്തു. കീഴ്ക്കോടതി എക്സിബിറ്റ്- പി10 ഉത്തരവ് വഴി വ്യവഹാരമദ്ധ്യേയുള്ള അപേക്ഷ തള്ളിക്കളഞ്ഞു. പ്രസ്തുത ഉത്തരവ് ചോദ്യം ചെയ്യപ്പെടുന്നു.

3. ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെയും, എതിർ കക്ഷികൾക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകനെയും കേൾക്കുകയുണ്ടായി.

4. ഹർജിക്കാരിക്കുവേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, ഒന്നാം എതിർകക്ഷി/ഭാര്യ വ്യഭിചാര ജീവിതം നയിച്ചുകൊണ്ടിരിക്കുകയും, അതുവഴി മരണപ്പെട്ട വെങ്കിടേശ്വരനും ഒന്നാം എതിർകക്ഷിയും തമ്മിലുള്ള ദാമ്പത്യ ജീവിതം വേർപെടുകയും ചെയ്തു. അതിനുശേഷം, അയാൾ ഇതിലെ ഹർജിക്കാരിയായ അയാളുടെ സഹോദരിയോടൊപ്പം താമസിച്ചു വരികയും, ഗ്രാറ്റുവിറ്റി കൊടുക്കപ്പെടേണ്ട ആൾക്കുള്ള നാമനിർദ്ദേശം, ഹർജിക്കാരിയുടെ പേരിലേക്ക് അയാൾ മാറ്റുകയും ചെയ്തു. അതിനാൽ, ഹർജിക്കാരിക്കു വേണ്ടിയുള്ള പാണ്ഡിത്യമുള്ള അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, തുക സ്വീകരിക്കുവാനുള്ള നിർദ്ദിഷ്ടനാമാവായി ഹർജിക്കാരി നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ളപ്പോൾ, നിയമാനുസൃത പ്രതിനിധികൾക്ക് ഈ കാര്യത്തിൽ യാതൊരു പങ്കും ഇല്ലാത്തതും, പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ തന്നെ നിലനിൽക്കുന്നതല്ലാത്ത തുമാണ്.

5. നേരേ വിപരീതമായി, നിർദ്ദിഷ്ടനാമാവിന് അങ്ങേയറ്റം തുക കൈപ്പറ്റുവാൻ മാത്രം കഴിയുന്നതാണെന്നും, അതിനെ വിനിയോഗിക്കുവാൻ കഴിയുന്നതല്ലെന്നും എതിർകക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകൻ വാദിക്കുകയുണ്ടായി. സാധുവായ ഒരു നാമനിർദ്ദേശം നടത്തിയിട്ടുണ്ടെങ്കിൽ പോലും, നിർദ്ദിഷ്ടനാമാവിന് തുക കൈപ്പറ്റുവാൻ മാത്രം കഴിയുന്നതും, മരണപ്പെട്ടയാളിന്റെ പിന്തുടർച്ച കിട്ടുവാൻ അവകാശമുള്ള ബന്ധപ്പെട്ട ആളുകൾക്ക് ആ തുക നൽകേണ്ടതുമാണ്. ഇതിനുപരിയായി, ഹർജിക്കാരിയുടെ പേർക്കുള്ള നാമനിർദ്ദേശം തന്നെ സാധുവായ തല്ലെന്ന് ഈ കേസിൽ ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. 1972-ലെ ഗ്രാറ്റുവിറ്റി കൊടുക്കൽ ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം ഒരു ജീവനക്കാരന്, നാമനിർദ്ദേശം ചെയ്യുന്ന സമയത്ത് ഒരു `കുടുംബം' ഉണ്ടെങ്കിൽ, അയാളുടെ കുടുംബത്തിലെ ഒന്നോ, അതിലധികമോ അംഗങ്ങൾക്ക് അനുകൂലമായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്. വകുപ്പ് 2 (എച്ച്)-ന് കീഴിൽ `കുടുംബം' എന്നതിനേയും നിർവ്വചിച്ചിട്ടുണ്ട്, അത് ഇപ്രകാരം പറയുന്നു:

***"കുടുംബം" ഒരു ജീവനക്കാരനെ സംബന്ധിച്ചിടത്തോളം–***

***(i) പുരുഷനായ ഒരു ജീവനക്കാരന്റെ സംഗതിയിൽ, അയാളും, അയാളുടെ ഭാര്യയും അയാളുടെ മക്കളും, വിവാഹിതരോ അവിവാഹിതരോ ആയാലും, ആശ്രിതരായ അയാളുടെ മാതാ പിതാക്കന്മാരും, അയാളുടെ ഭാര്യയുടെ ആശ്രിതരായ മാതാപിതാക്കന്മാരും അയാൾക്കു മുമ്പേ മരണപ്പെട്ട അയാളുടെ മകന്റെ വിധവയും മക്കളും, ആരെങ്കിലും ഉണ്ടെങ്കിൽ, അവരും അടങ്ങുന്നതായി കരുതപ്പെടുന്നതാണ്.***

ഈ പ്രത്യേക കേസിൽ, മരണപ്പെട്ടയാളും ഒന്നാം എതിർകക്ഷിയുമായുള്ള വിവാഹം വേർപെടുത്തിക്കൊണ്ടുള്ള സാധുവായ ഒരു വിവാഹമോചനം നടത്തിയിരുന്നു എന്ന യാതൊരു കേസും ഹർജിക്കാരിക്ക് ഇല്ലാത്തതാണ്. ആരോപിച്ചിട്ടുള്ളപോലെ, അവർ രണ്ടുപേരും പ്രത്യേകം താമസിച്ചിരുന്നുവെന്നാൽപോലും, മരണപ്പെട്ടയാളിന്റെ ഭാര്യ എന്ന നിലയിലുള്ള ഒന്നാം എതിർകക്ഷിയുടെ പദവി ഇപ്പോഴും തുടരുന്നുണ്ട്. മക്കളെ സംബന്ധിച്ചിടത്തോളം, അവർ മരണപ്പെട്ടയാളിന്റെ കുടുംബത്തിലെ അംഗങ്ങൾ അല്ല എന്ന് ആർക്കും പറയുവാൻ കഴിയുന്നതല്ല.

6. മരണപ്പെട്ടയാളിനെ ഭാര്യയും മക്കളും പരിരക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നോ എന്നതിനെ സംബന്ധിച്ച ചോദ്യം ഏതൊരു പ്രാധാന്യവും ഒട്ടുംതന്നെ വഹിക്കുന്നില്ല. മരണപ്പെട്ടയാളെ അയാളുടെ ഭാര്യയും മക്കളും പരിരക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നില്ല എന്ന് സമ്മതിച്ചാൽ പോലും, ഭാര്യയ്ക്കും മക്കൾക്കും പിന്തുടർച്ചാവകാശം നിഷേധിക്കുവാൻ സാധിക്കുന്നതല്ല.

7. നാമനിർദ്ദേശം സംബന്ധിച്ച പ്രശ്നത്തെ പരിഗണിച്ചിരുന്ന, *സർബതിദേവിയും മറ്റൊരാളും* അഭി *ഉഷാദേവി* (എ.ഐ.ആർ. 1984 എസ്.സി 346), *വിഷിൻ എൻ. ഖാൻചന്ദാനിയും മറ്റൊരാളും* അഭി

വിദ്യ ലഗ്ഗ്മൺദാസ് ഖാൻചന്ദാനിയും മറ്റൊരാളും (2000) 6 എസ്.സി.സി 724) എന്നീ കേസുകളിലെ വിധി ന്യായങ്ങളിൽ എതിർകക്ഷികൾക്കു വേണ്ടിയുള്ള പാണ്ഡിത്യ മുള്ള അഭിഭാഷകൻ ആശ്രയം അർപ്പിക്കുക യുണ്ടായി. മേൽപറഞ്ഞ കേസുകളിൽ ഇപ്രകാരം വിധിച്ചിരുന്നു.

**"നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന്റെ മരണശേഷം, അത്തരം സമ്പാദ്യസർട്ടിഫിക്കറ്റുകളിന്മേൽ നൽകേണ്ടതായ തുക, ആ സർട്ടിഫിക്കറ്റുകളിലെ നിർദ്ദിഷ്ടനാമാവിന് നൽകപ്പെടാനുള്ള ഒരു അവകാശം ഉണ്ടായിരിക്കുന്നു, എന്നാൽ അയാൾ പ്രസ്തുത തുക, ആ കേസിൽ ബാധകമാകുന്ന പിന്തുടർച്ച നിയമപ്രകാരം അവകാശമുള്ള ആളുകളുടെ ഗുണത്തിനായി വച്ചുകൊണ്ടിരിക്കുന്നു."**

8. തുക വിനിയോഗിക്കുവാനുള്ള യാതൊരു അവകാശവും ഒരു നിർദ്ദിഷ്ടനാമാവ് ആർജ്ജിക്കുന്നില്ല; എന്നാൽ വാസ്തവത്തിൽ നിർദ്ദിഷ്ടനാമാവിന് മരണപ്പെട്ടയാളിന്റെ നിയമാനുസൃത പ്രതിനിധികൾക്ക് വേണ്ടി തുക കൈപ്പറ്റുവാൻ മാത്രം കഴിയുന്നതാണ് എന്നതാണ് നിയമം. ഒരു നിർദ്ദിഷ്ടനാമാവിന്, ആ നിർദ്ദിഷ്ടനാമാവ് ഏക നിയമാനുസൃത പ്രതിനിധിയായിരിക്കുകയോ, മരണപത്ര പ്രകാരമുള്ള പിന്തുടർച്ച കിട്ടുവാനുള്ള ഒരു അവകാശം ആ നിർദ്ദിഷ്ടനാമാവിന് നൽകപ്പെടുകയോ ചെയ്യാത്തപക്ഷം, തുക വിനിയോഗിക്കുവാൻ കഴിയുന്നതല്ല. നിർദ്ദിഷ്ട നാമാവ് മരണപ്പെട്ടയാളിന്റെ നിയമാനുസൃത പ്രതിനിധികളിൽ ഒരാൾ ആയിരിക്കുന്ന സംഗതികളിൽ, അങ്ങനെയുള്ള നിർദ്ദിഷ്ട നാമാവിന് മരണപ്പെട്ടയാളിന്റെ നിയമാനുസൃത പ്രതിനിധികൾക്ക് വേണ്ടി തുക കൈപ്പറ്റുവാൻ കഴിയുന്നതും, അങ്ങനെയുള്ള നിർദ്ദിഷ്ട നാമാവിന്റെ പങ്ക് മാത്രം ചിലവഴിക്കുവാൻ കഴിയുന്നതുമാണ്. ഒരു നിർദ്ദിഷ്ടനാമാവിന് അനുകൂലമായ ഒരു വിൽപ്പത്രം, അതുവഴി ആ നിർദ്ദിഷ്ടനാമാവിന് തുക ഒസ്യത്തു ചെയ്യുന്നെങ്കിൽ, അങ്ങനെയുള്ള സംഗതികളിൽ, ആ നിർദ്ദിഷ്ടനാമാവിന് തുക വിനിയോഗിക്കുവാൻ കഴിയുന്നതാണ്. മറ്റു സംഗതികളിൽ, നിർദ്ദിഷ്ടനാമാവിന്, നിയമാനുസൃത പ്രതിനിധികൾക്ക് വേണ്ടിയോ നിയമാനുസൃത പ്രതിനിധികളുടെ ഗുണത്തിനു വേണ്ടിയോ, തുക കൈപ്പറ്റുവാൻ കഴിയുന്നതും നിയമാനുസൃത പ്രതിനിധികൾക്ക് ആ തുക വിതരണം ചെയ്യേണ്ടതുമാണ്. കാര്യങ്ങൾ ഇങ്ങനെ ആയിരിക്കെ, ഹർജിക്കാരിക്ക്, ഉൾപ്പെട്ടിട്ടുള്ള തുകയുടെ മേൽ, ഏതൊരു സ്ഥിര അവകാശവും ഉന്നയിക്കുവാൻ സാധിക്കുന്നതല്ലാത്തതും ആദ്യ ഹർജിയിലെ നടപടികളിൽ അവർ ഒരു അവശ്യകക്ഷി അല്ലാത്തതുമാണ്. അതിനാൽ, എക്സിബിറ്റ്-പി.10 ഉത്തരവിൽ ഏതെങ്കിലും നിയമവിരുദ്ധതയോ, ക്രമ വിരുദ്ധതയോ, നീതിന്യായപരമായ തെറ്റോ ഇല്ലാത്തതും, അതുകൊണ്ട് ആയതു ഇടപെടലിനു വിധേയമല്ലാത്തതുമാണ്.

തൽഫലമായി, ആദ്യഹർജി തള്ളിക്കളയുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള

**എം.വി. മത്തായി**

**അഭി**

**കേരള അക്കൗണ്ടന്റ് ജനറലും മറ്റുള്ളവരും**

**റിട്ട് ഹർജി നമ്പർ 10405/2009**

2015 സെപ്റ്റംബർ 22-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം III, ചട്ടം 57— ഒരു ദിവസം കൂടുതലുള്ള അധിവർഷം ഓരോ നാലു വർഷത്തിൽ വന്നുചേരുന്നതും, 26 വർഷത്തിൽ, ആറ് അധിവർഷങ്ങൾ ഉണ്ടായിരുന്നതും, അതിനാൽ ഹർജിക്കാരൻ ഏറ്റവും കുറഞ്ഞത് ആറ് കൂടുതൽ ദിവസങ്ങൾ നേടിയിട്ടുള്ളതുമാണ്. സാധാരണ വർഷങ്ങളെ അടിസ്ഥാനമാക്കി ചെയ്തിരിക്കുന്ന, ഹർജിക്കാരന്റെ സർവ്വീസ് 26 വർഷവും 5 മാസവും 29 ദിവസവും എന്ന് എത്തിച്ചേർന്ന കണക്കുകൂട്ടലിനുപരിയായി, ഹർജിക്കാരൻ സ്ക്കൂളിൽ ജോലി ചെയ്ത കൂടുതൽ ആറ് ദിവസങ്ങൾ ഉണ്ടായിരിക്കുന്നു. ഹർജിക്കാരന്റെ യോഗ്യതാ സർവ്വീസ് 26 വർഷവും ആറു മാസവും പൂർത്തിയാക്കുവാൻ ഒരേ ഒരു ദിവസത്തെ കുറവു മാത്രമുള്ളതുകൊണ്ട്, സർവ്വീസ് കാലയളവിൽ ഇടയിൽ കയറിയ ആറ് അധിവർഷങ്ങൾ മൂലം അയാളുടെ നിശ്ലേപത്തിൽ ശേഖരിക്കപ്പെട്ട ആറ് കൂടുതൽ ദിവസങ്ങൾക്ക് പ്രാധാന്യമർഹിക്കുന്നതും, ആയത് അയാളുടെ മൊത്തം യോഗ്യതാ സർവ്വീസ് കണക്കാക്കുവാൻ നിർണ്ണായകമായിരിക്കുകയും ചെയ്യുന്നു.**

**ആറ് അധിവർഷങ്ങളുടെ ബലത്തിൽ ഹർജിക്കാരന്റെ നിശ്ലേപത്തിലേക്ക് ശേഖരിക്കപ്പെട്ട ആറ് ദിവസങ്ങളും കൂടി കണക്കിൽ എടുത്തുകൊണ്ട് അയാളുടെ യോഗ്യതാ സർവ്വീസ് 27 വർഷമായി നിശ്ചയിക്കുവാനും, എല്ലാ ആനുകൂല്യങ്ങളും അതായത്, പെൻഷൻ, ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ മുതലായവയും അതിന്റെ അടിസ്ഥാനത്തിലുള്ള കുടിശ്ശികയും ഈ വിധിന്യായത്തിന്റെ ഒരു പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസക്കാലാവധിക്കുള്ളിൽ അയാൾക്ക് കൊടുക്കുവാനും എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു— അപ്പീൽ അനുവദിച്ചു.**

### വിധിന്യായം

ഒരു എയിഡഡ് ഹൈസ്ക്കൂളിൽ നിന്ന് റിട്ടയർ ചെയ്ത ഒരു എച്ച് എസ് എ ആണ് ഹർജിക്കാരൻ. അയാൾ 31-03-2007-ൽ തന്റെ ഉദ്യോഗം വിട്ടൊഴിഞ്ഞു. ഹർജിക്കാരൻ തന്റെ യോഗ്യതാ സർവ്വീസ് 27 വർഷമാണെന്ന് അവകാശപ്പെടുകയും അതിനെ പെൻഷൻ ബുക്കിൽ അപ്രകാരം പറഞ്ഞിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ഒന്നാം എതിർകക്ഷി അതിനെ 26 വർഷവും 5 മാസവും 29 ദിവസവുമായി മാത്രം സ്വീകരിച്ചിട്ടുള്ളതും, ഭിന്ന സർവ്വീസ് ആറു മാസത്തിന് ഒരു ദിവസം കുറവായതു കൊണ്ട്, അതിനെ 26 വർഷം മാത്രമായി കണക്കാക്കിയിട്ടുള്ളതുമാണ്. അതിനാൽ, ആരോപിച്ചിട്ടുള്ള ഒരു ദിവസ കുറവ്, യോഗ്യതാ സർവ്വീസിന്റെ അടിസ്ഥാന ത്തിൽ വിതരണം ചെയ്യപ്പെടുന്ന പെൻഷൻ ആനുകൂല്യങ്ങൾക്ക് നിർണ്ണായകമായിത്തീർന്നു.

അതുകൊണ്ട് ഹർജിക്കാരന് 26 വർഷത്തിന് മാത്രമുള്ള ഗ്രാറ്റുവിറ്റിയുടെയും, കമ്മ്യൂട്ടേഷ ന്റെയും, പെൻഷന്റെയും ആനുകൂല്യങ്ങൾ അനുവദിച്ചു നൽകപ്പെട്ടു. യോഗ്യതാ സർവ്വീസ് എങ്ങനെ 26 വർഷവും 5 മാസവും 29 ദിവസവും ആയി നിർണ്ണ യിക്കപ്പെട്ടിരിക്കുന്നു എന്ന കണക്കുകൂട്ടലിന്റെ അടിസ്ഥാനം, എക്സിബിറ്റ് പി 7-ൽ കാണിച്ചിരിക്കുന്നു. 27 വർഷത്തിന്റെ ആനുകൂല്യം അവകാശപ്പെടാൻ യോഗ്യതാ സർവ്വീസിൽ ഒരു ദിവസത്തെ കുറവു മാത്രമുണ്ടെന്ന് എക്സിബിറ്റ് പി 7 കാണിക്കുന്നു. ഹർജിക്കാരന്റെ 26 വർഷത്തെ സർവ്വീസ് കാലയളവിനിടയിൽ വന്ന 6 അധിവർഷത്തിന്റെ ആഘാതവും, ഫലവും പരിഗണിക്കുവാൻ വിട്ടുകളഞ്ഞിട്ടുള്ളതുകൊണ്ട്, 1-ാം എതിർകക്ഷി മുകളിലത്തെ കണക്കുകൂട്ടലിൽ ഗുരുതരമായ ഒരു പിശക് വരുത്തിയിട്ടുണ്ടെന്ന് അയാൾ ചൂണ്ടിക്കാട്ടുന്നു. ഈ 6 അധിവർഷങ്ങളുടെ കാരണത്താൽ അയാൾ 6 ദിവസത്തെ കൂടുതൽ സർവ്വീസ് നേടിയിട്ടുള്ളതും, അതിനെ സാധാരണ വർഷങ്ങളിൽ കണക്കാക്കപ്പെട്ട അയാളുടെ സർവ്വീസായ 26 വർഷവും 5 മാസവും 29 ദിവസവുമുള്ള സർവ്വീസിനോട്, കൂട്ടിച്ചേർക്ക പ്പെടുകയാണെങ്കിൽ, അയാളുടെ മൊത്തം യോഗ്യതാ സർവ്വീസ് 26 വർഷവും 6 മാസവും 5 ദിവസവും ആയിരിക്കുമെന്ന് ചൂണ്ടിക്കാട്ട പ്പെടുന്നു. കെ.എസ്.ആർ ഭാഗം III-ലെ 57-ാം ചട്ടം അനുസരിച്ച് ആറുമാസവും അതിനു മുകളിലുമുള്ള ഭിന്ന സർവ്വീസ് അടുത്ത പൂർണ്ണ വർഷമായി കണക്കാക്കപ്പെടുന്നതും, അതുകൊണ്ട് അയാളുടെ മൊത്തം സർവ്വീസ് 27 വർഷമായിരിക്കുന്നതും, ഇപ്രകാരം അയാൾക്ക് 27 വർഷത്തിനുള്ള ഗ്രാറ്റുവിറ്റിയുടെയും കമ്മ്യൂട്ടേഷന്റെയും പെൻഷന്റെയും എല്ലാ ആനുകൂല്യങ്ങളും കിട്ടുവാൻ അവകാശ മുണ്ടായിരിക്കുന്നെന്നും ആരോപിക്കപ്പെടുന്നു. ഹർജിക്കാരൻ പറഞ്ഞത് അനുസരിച്ച്, ശരിയായ കണക്കുകൂട്ടലിൽ, എല്ലാ കണക്കിലും കുടിശ്ശികയായി ചെല്ലേണ്ടതായ വ്യത്യാസം മാത്രം 50,000/- രൂപയിൽ കൂടുതലായിരി ക്കുന്നതും മാസപെൻഷനിലുള്ള വ്യത്യാസം 1300/- രൂപ വരുമെന്നും ഉള്ളതാണ്. അതിനാൽ, ഹർജിക്കാരൻ പറഞ്ഞതനുസരിച്ച്, ആ പിശകിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ഇപ്പോൾ സാരവത്തായ നഷ്ടം അനു ഭവിച്ചിട്ടുണ്ട്, അതിനെ തിരുത്തേണ്ടതും വസൂലാക്കേണ്ടതുമാണ്. ഈ പശ്ചാത്തല ത്തോടെയാണ് ഹർജിക്കാരൻ ഈ കോടതി മുമ്പാകെ വന്നിട്ടുള്ളത്.

2. ഒന്നാം എതിർകക്ഷി ഫയൽചെയ്ത എതിർസത്യവാങ്മൂലത്തിൽ, ഹർജിക്കാരൻ 31-03-2007-ൽ ഒരു എയിഡഡ് ഹൈ സ്ക്കൂളിലെ എച്ച് എസ് എ ആയി അയാളുടെ ഉദ്യോഗം വിട്ടൊഴിഞ്ഞു എന്ന് അവർ സമ്മതിച്ചിട്ടുള്ളതാണ്. അവർ പറഞ്ഞ തനുസരിച്ച്, ഹർജിക്കാരന്റെ സേവനം 02-06-1980-ൽ ആരംഭിച്ചിട്ടുള്ളതും, അയാളുടെ വിരമിക്കൽ തീയതി 30-11-2006 ആകുന്നതുമാണ്. അയാളുടെ ആകെ സർവ്വീസ്, കെ.എസ്.ആർ ഭാഗം I ചട്ടം 12(21)-ന് അനുയോജ്യമായി താഴെ പറയും പ്രകാരം കണക്കാക്കിയിട്ടുള്ളതാണ്.

| കാലാവധി | വർഷം | മാസം | ദിവസം |
|---|---|---|---|
| 02-06-1980 മുതൽ 01-06-2006 വരെ | 26 | 0 | 0 |
| 02-06-2006 മുതൽ 01-11-2006 വരെ | 0 | 5 | 0 |
| 02-11-2006 മുതൽ 30-11-2006 വരെ | 0 | 0 | 29 |
| ആകെ | 26 | 5 | 29 |

3. അവർ പറഞ്ഞതനുസരിച്ച്, കെ.എസ്.ആർ. ഭാഗം III-ലെ 47-ാം ചട്ടം അനുസരിച്ച്, സർവ്വീസിലെ ഒരു വർഷത്തിന്റെ ഭിന്നം, ഏതെങ്കിലും ഉണ്ടെങ്കിൽ, ഏറ്റവും അടുത്ത സമ്പൂർണ്ണ വർഷമായി കണക്കാക്ക പ്പെടുന്നതാണ്. അതായത്, അര വർഷത്തിൽ കുറവായ ഭിന്നം അവഗണിക്കപ്പെടുന്നതും, അര വർഷവും അതിൽ കൂടുതലായതും അടുത്ത സമ്പൂർണ്ണ വർഷമായി കണക്കാക്ക പ്പെടുന്നതുമാണ്. അവർ പറഞ്ഞതനുസരിച്ച്, അതിനാൽ, മുകളിൽ പറഞ്ഞതിന്റെ വെളിച്ചത്തിൽ ഹർജിക്കാരന്റെ സർവ്വീസ് 26 വർഷമായി കണക്കാക്കപ്പെടുകയും അതിനനു സൃതമായി ഒന്നാം എതിർകക്ഷിയുടെ ഓഫീസ്

പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തു. ഒരു അധിവർഷത്തെ 1 വർഷവും 1 ദിവസവും ആയി പരിഗണിക്കു ന്നതിന് യാതൊരു ചട്ടവും ഇല്ലായെന്ന് അവർ മേലും വാദിക്കുന്നു. അവർ പറഞ്ഞതനുസരിച്ച്, 366 ദിവസം ഉള്ള ഒരു അധിവർഷവും യോഗ്യതാ സർവ്വീസിനു വേണ്ടി ഒരു വർഷമായി കണക്കാക്കപ്പെടുന്നു.

4. ഹർജിക്കാരൻ, ഒന്നാം എതിർകക്ഷി ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിന് ഒരു മറുപടി സത്യവാങ്മൂലം ഫയൽ ചെയ്തു.

5. ഈ വിഷയത്തിൽ ഞാൻ ഹർജിക്കാരനുവേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകനെയും പാണ്ഡിത്യമുള്ള മുതിർന്ന സർക്കാർ അഭിഭാഷകനെയും കേൾക്കുക യുണ്ടായി.

6. ഹർജിക്കാരന്റെ സർവ്വീസ് 02-06-1980-ൽ ആരംഭിച്ചു എന്നത് സമ്മതി ച്ചിട്ടുള്ള ഒരു സംഗതിയാണ്. സൂപ്പർ ആനുവേഷൻ തീയതി 30-11-2006 ആയിരുന്നു എന്നതും സമ്മതിച്ചിട്ടുള്ളതാണ്. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, യോഗ്യതാ സർവ്വീസിന്റെ കണക്കുകൂട്ടൽ, ആറുമാസം പൂർത്തീകരിക്കുവാൻ ഭിന്നത്തിൽ ഒരു ദിവസത്തെ കുറവുണ്ടെന്ന് പ്രസ്താവിച്ചു കൊണ്ട്, 26 വർഷവും 5 മാസവും 29 ദിവസവും എന്ന് തെറ്റായി നൽകപ്പെട്ടിരിക്കുന്നു. അതിനാൽ, സർവ്വീസ് കാലയളവ് 26 വർഷത്തേക്ക് കണക്കാക്കിയിരിക്കുന്നു. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ പറഞ്ഞതനുസരിച്ച് 26 വർഷവും 5 മാസവും 29 ദിവസവും എന്നുള്ള യോഗ്യതാ സർവ്വീസിന്റെ കണക്കുകൂട്ടൽ, കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചുപോലും ശരിയല്ലാത്തതാണ്. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ യോഗ്യതാ സർവ്വീസിന്റെ ശരിയായ കണക്കു കൂട്ടൽ താഴെ പറയും പ്രകാരമാണ്:-

<u>കെ.എസ്.ആർ പ്രകാരം ഹർജിക്കാരന്റെ യോഗ്യതാ സർവ്വീസ്</u>

| | | | |
|---|---|---|---|
| (എ) | 02-06-1980 മുതൽ 01-06-2006 വരെ | - | 26 വർഷം |
| (ബി) | 2006 ജൂണിലെ | | |
| | ബാക്കി ദിവസങ്ങൾ | - | 29 ദിവസം |
| | ജൂലായ് | - | 31 ദിവസം |
| | ആഗസ്റ്റ് | - | 31 ദിവസം |
| | സെപ്റ്റംബർ | - | 30 ദിവസം |
| | ഒക്ടോബർ | - | 31 ദിവസം |
| | നവംബർ | - | 30 ദിവസം |
| | (വിരമിക്കൽ 30-11-06) | | |
| | ആകെ | - | 182 ദിവസം |

ഈ 182 ദിവസം എന്നത് 6 മാസവും 2 ദിവസവും ആണ്.

7. അതിനാൽ, പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, കെ.എസ്.ആർ-ലെ ചട്ടങ്ങൾ അനുസരിച്ചു പോലും ആകെയുള്ള യോഗ്യതാ സർവ്വീസ് 26 വർഷവും 6 മാസവും 2 ദിവസവും ആണ്. ഇതു തന്നെയാണ് ഹർജിക്കാരൻ ജോലി ചെയ്തിരുന്ന സ്ക്കൂളിലെ പ്രധാന അദ്ധ്യാപകൻ എടുത്തിരുന്ന നിലപാടായിരുന്നുവെന്നത് ശ്രദ്ധിക്കേണ്ടത് നിർണ്ണായകമാണ്. ഹർജിക്കാരന്റെ സർവ്വീസിന്റെ പ്രസക്തമായ പേജ് എക്സിബിറ്റ് പി 1 (3) ആണ്, അതിൽ യോഗ്യതാ സർവ്വീസ്, 26 വർഷവും 6 മാസവും 2 ദിവസവും ആയിരുന്നു എന്നാണ് പ്രധാന അദ്ധ്യാപകൻ പ്രസ്താവിച്ചിട്ടുള്ളത്.

8. ഹർജിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ ശരിയായി ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, എതിർകക്ഷികൾ നടത്തിയ കണക്കു കൂട്ടലിൽ അധിവർഷങ്ങളുടെ ആഘാതം കണക്കിലെടു ത്തിട്ടില്ലായിരുന്നു. ഒരു ദിവസത്തെ കുറവു കൊണ്ട് മാത്രം 27 വർഷത്തെ ആനുകൂല്യം നിഷേധിക്കപ്പെടുന്നതുകൊണ്ട്, ഈ കേസിൽ ഇതാണ് നിർണ്ണായകമായ ഒരു ഘടകം. അത്, 26 വർഷവും 5 മാസവും ആയിരുന്നെങ്കിൽ, കെ.എസ്.ആർ. ഭാഗം III-ലെ 57-ാം ചട്ടം അനുസരിച്ച് അതിനെ, 27 വർഷം പൂർത്തിയാക്കിയതായി കണക്കാക്കുവാൻ കഴിയുന്നതല്ല. ഓരോ നാലു വർഷത്തിലും ഒരു അധിവർഷം ഉണ്ടായിരിക്കുന്നതാണ്. ഈ

കേസിന്റെ പ്രത്യേക സന്ദർഭത്തിൽ, അധിവർഷം പ്രസക്തമായതായിരിക്കെ, അതിലേക്കുള്ള വീണ്ടും ഒരു അന്വേഷണം അനുയോജ്യ മായതാണ്.

9. വെബ്സ്റ്റേഴ്സ് ഡിഗ്ഗനറിയിൽ, അധിവർഷം താഴെ പറയും പ്രകാരം, നിർവ്വചിക്ക പ്പെട്ടിട്ടുണ്ട്:

> ***"ഒരു സാധാരണ വർഷവും ജ്യോതിശ്ശാസ്ത്രവർഷവും തമ്മിലുള്ള കാൽ ദിവസത്തെ വ്യത്യാസം പരിഹരിക്കുവാൻ ഇടയിൽ ചേർത്തിട്ടുള്ള ഫെബ്രുവരി 29 എന്ന ഒരു കൂടുതൽ ദിവസത്തോടുകൂടി 366 ദിവസങ്ങളുള്ള ഗ്രിഗോറിയൻ കലണ്ടറിലെ ഒരു വർഷം".***

10. ന്യൂ മില്ലേനിയം ഡിഗ്ഗനറിയിൽ, അധിവർഷത്തിന് താഴെ പറയുന്ന അർത്ഥം കൊടുത്തിട്ടുണ്ട്:

> ***"ഫെബ്രുവരിക്ക് 29 ദിവസങ്ങൾ ഉണ്ടായിരിക്കുമ്പോഴുള്ള ഓരോ നാലാം വർഷവും".***

11. ബ്ലാക്ക്സ് ലാ ഡിഗ്ഗനറിയിൽ ഓരോ നാലു വർഷത്തിലും കൂട്ടിച്ചേർക്കപ്പെടുന്ന ദിവസം "Bissextile" എന്ന് എഴുതപ്പെടുകയും അതിന്റെ അർത്ഥം താഴെ പറയും പ്രകാരം നൽകപ്പെടുകയും ചെയ്തിരിക്കുന്നു:

> ***"വർഷത്തെ, സൂര്യന്റെ ഗതിയുമായി യോജിപ്പിക്കുവാൻ വേണ്ടി ഫെബ്രുവരി മാസത്തിനോട് ഓരോ നാലാം വർഷവും (അധിവർഷം) കൂട്ടിച്ചേർക്ക പ്പെടുന്ന ദിവസം".***

12. അതിനാൽ, ഒരു ദിവസം കൂടുതലുള്ള അധിവർഷം ഓരോ നാലു വർഷത്തിൽ വന്നുചേരുന്നതും, 26 വർഷത്തിൽ, ആറ് അധിവർഷങ്ങൾ ഉണ്ടായിരുന്നതും, അതിനാൽ ഹർജിക്കാരൻ ഏറ്റവും കുറഞ്ഞത് ആറ് കൂടുതൽ ദിവസങ്ങൾ നേടിയിട്ടുള്ള തുമാണ്. അതുകൊണ്ട്, ഹർജിക്കാരന് വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ മുന്നോട്ടുവച്ച വാദത്തിൽ സാധുവായ ബലം ഞാൻ കാണുന്നു. സാധാരണ വർഷങ്ങളെ അടിസ്ഥാനമാക്കി ചെയ്തിരിക്കുന്ന, ഹർജിക്കാരന്റെ സർവ്വീസ് 26 വർഷവും 5 മാസവും 29 ദിവസവും എന്ന് എത്തിച്ചേർന്ന കണക്കുകൂട്ടലിനുപരിയായി, ഹർജിക്കാരൻ സ്ക്കൂളിൽ ജോലി ചെയ്ത കൂടുതൽ ആറ് ദിവസങ്ങൾ ഉണ്ടായിരിക്കുന്നു. ഹർജിക്കാരന്റെ യോഗ്യതാ സർവ്വീസ് 26 വർഷവും ആറു മാസവും പൂർത്തിയാക്കുവാൻ ഒരേ ഒരു ദിവസത്തെ കുറവു മാത്രമുള്ളതു കൊണ്ട്, സർവ്വീസ് കാലയളവിൽ ഇടയിൽ കയറിയ ആറ് അധിവർഷങ്ങൾ മൂലം അയാളുടെ നിഗ്ഗേപത്തിൽ ശേഖരിക്കപ്പെട്ട ആറ് കൂടുതൽ ദിവസങ്ങൾക്ക് പ്രാധാന്യമർഹിക്കുന്നതും, ആയത് അയാളുടെ മൊത്തം യോഗ്യതാ സർവ്വീസ് കണക്കാക്കുവാൻ നിർണ്ണായക മായിരിക്കുകയും ചെയ്യുന്നു.

13. യോഗ്യതാ സർവ്വീസിനെ 27 വർഷമായി സ്വീകരിക്കുകയാണെങ്കിൽ, ഗ്രാറ്റുവിറ്റിയും, പെൻഷൻ കമ്മ്യൂട്ടേഷനും യഥാക്രമം 7944/- രൂപയും 13,704/- രൂപയും ആയിരിക്കുന്നതാണ് എന്നത് ശ്രദ്ധിക്കുന്നതു കൂടി പ്രസക്തമാണ്. അതിനു പുറമേ, മാസ പെൻഷനിലും ഒരു വ്യത്യാസം ഉണ്ട്, അത് 1,300/- രൂപ വരുന്നതാണ്.

14. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ എക്സിബിറ്റ്-പി9-ലേക്ക് എന്റെ ശ്രദ്ധ ഗ്ഗണിക്കുകയും, മറ്റൊരു ലോവർ പ്രൈമറി ടീച്ചറുടെ സംഗതിയിൽ, അതായത്, പെരുമ്പാവൂർ, നെടുങ്കപ്ര, സെന്റ് ആന്റണീസ് യു.പി.എസിൽ നിന്ന് തന്റെ ഉദ്യോഗം വിടുതൽ ചെയ്ത ശ്രീമതി എ.എം. ഗ്രേസിയുടെ കേസിൽ, അവരുടെ (4 സ്പെല്ലുകളിലായുള്ള) 545 ദിവസത്തെ തുടർച്ചയില്ലാത്ത സർവ്വീസ്, ഒന്നാം എതിർകക്ഷിയുടെ 19-07-2001-ലെ കത്ത് മുഖേന സാങ്ഷനു വേണ്ടി കണക്കാക്കുവാൻ നിർദ്ദേശിച്ചിരുന്നു എന്ന് ബോധിപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ, മുൻപറഞ്ഞ ഗ്രേസി അവരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനുവേണ്ടി പെരുമ്പാവൂർ എ.ഇ.ഒ മുമ്പാകെ 27-09-2001-ലെ ഒരു ഹർജി സമർപ്പിക്കുകയും, അതിനനുസൃതമായി അവരുടെ തുടർച്ചയില്ലാത്ത സർവ്വീസ് വർഷത്തിൽ കണക്കാക്കപ്പെടുകയും ചെയ്തു, ആ ഹർജിയുടെ ഒരു പകർപ്പ് ഹാജരാക്കുകയും, എക്സിബിറ്റ് പി-9 ആയി അടയാളപ്പെടുത്തുകയും ചെയ്തു.

അതിനാൽ, ഇപ്പോൾ രേഖയിൽ വയ്ക്കപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുക്കളുടെ ഒരു പരിഗണനയിൻമേൽ, അഭ്യർത്ഥിച്ച പ്രകാരമുള്ള നിവൃത്തി ലഭിക്കുവാൻ ഹർജിക്കാരന് അവകാശമുണ്ട് എന്ന വീഗ്ഗണമാണ് ഈ കോടതിക്കുള്ളത്.

തത്ഫലമായി ഈ റിട്ട് ഹർജി അനുവദിക്കപ്പെടുന്നു. എക്സിബിറ്റുകൾ പി 2-ഉം പി 3-ഉം പി 7-ഉം, എന്നിവ, അതിൽ പെൻഷൻ ആനുകൂല്യത്തിനു വേണ്ടി ഹർജിക്കാരന്റെ യോഗ്യതാ സർവ്വീസ് 26 വർഷം മാത്രമായി തെറ്റായി കണക്കാക്കപ്പെടുന്നിടത്തോളം റദ്ദാക്കപ്പെടുന്നു.

ആറ് അധിവർഷങ്ങളുടെ ബലത്തിൽ ഹർജിക്കാരന്റെ നിഗ്ഗേപത്തിലേക്ക് ശേഖരിക്കപ്പെട്ട ഈ കൂടുതൽ ആറ് ദിവസങ്ങളും കൂടി കണക്കിൽ എടുത്തു കൊണ്ട് അയാളുടെ യോഗ്യതാ സർവ്വീസ് 27 വർഷമായി നിശ്ചയിക്കുവാനും, എല്ലാ ആനുകൂല്യങ്ങളും അതായത്, പെൻഷൻ, ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ മുതലായവയും അതിന്റെ അടിസ്ഥാനത്തിലുള്ള കുടിശ്ശികയും, ഈ വിധിന്യായത്തിന്റെ ഒരു പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസക്കാലാ വധിക്കുള്ളിൽ അയാൾക്ക് കൊടുക്കുവാനും എതിർകഗ്ഗികളോട് നിർദ്ദേശിക്കുന്നു.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് എ. ഹരിപ്രസാദ്

## എൻ.കെ. ശിവരാമനും മറ്റുള്ളവരും

## അഭി

## ചീഫ് സെക്രട്ടറിയും മറ്റുള്ളവരും

## ആർ.എസ്.എ. നമ്പർ 735/2014-ലെ

## ആർ.പി. നമ്പർ 763/2015

2015 ഒക്ടോബർ 14-ന് പുറപ്പെടുവിച്ച ഉത്തരവ്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിഗ്ഗിപ്തമാക്കലും കാര്യ കർതൃത്വം നടത്തിപ്പും) ആക്റ്റ് & 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ ആർഡർ XLVII ചട്ടം 1—ഒരു പുനഃപരിശോധന ഹർജ്ജി നിലനിർത്തുന്നതിനുവേണ്ടി, ഒരു പിശകോ ഒരു തെറ്റോ രേഖയിൽ പ്രത്യഗ്ഗത്തിൽ ഉണ്ടായിരിക്കേണ്ടതാണ് എന്നത് നല്ലവണ്ണം തീരുമാനിക്കപ്പെട്ടിട്ടുള്ളതാണ്. അതുപോലെ തന്നെ രേഖയിൽ പ്രത്യഗ്ഗത്തിൽ ഉള്ള പിശകോ, തെറ്റോ പ്രകടമായി കാണേണ്ടതാണെന്ന നിയമപരമായ തത്വവും തീരുമാനിക്കപ്പെട്ടിട്ടുള്ളതാണ്. രേഖയിൽ പ്രത്യഗ്ഗമായിട്ടുള്ള പിശകോ, തെറ്റോ കണ്ടുപിടിക്കുന്നതിന് ചുറ്റിവളച്ചുള്ള ഒരു അന്വേഷണം ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ, അത് സിവിൽ നടപടി നിയമസംഹിതയിലെ ആർഡർ XLVII ചട്ടം 1-ൽ വരുന്ന ഒരു സംഗതി അല്ലാത്തതാണ്— ഹർജി അനുവദിച്ചു.**

### ഉത്തരവ്

പുനഃപരിശോധന ഹർജ്ജിക്കാർ ആർ.എസ്.എ. 735/2014-ലെ അപ്പീൽവാദികളാണ്. ആ അപ്പീൽ ഈ കോടതി 21-07-2015-ലെ വിധിന്യായം മുഖേന തീർപ്പാക്കി. ഈ കോടതി, ആ അപ്പീലിന് യഥാർത്ഥ യോഗ്യത യാതൊന്നും ഇല്ലെന്ന് കണ്ടെത്തുകയും അതിനെ തള്ളിക്കളയുകയും ചെയ്തു.

2. അപ്പീൽവാദികൾ/പുന:പരിശോധന ഹർജ്ജിക്കാർ ഒരു സ്ഥിര നിരോധന ഇഞ്ചങ്ഷനുവേണ്ടി വിചാരണ കോടതി മുമ്പാകെ ഒരു വ്യവഹാരം ഫയൽ ചെയ്തു. സംസ്ഥാനവും വനം വകുപ്പിലെ ഉദ്യോഗസ്ഥരുമാണ് പ്രതികൾ. സർക്കാർ, അപ്പീൽ വാദികൾക്ക് സ്വന്തമായിരുന്നതും അവരുടെ കൈവശത്തിലുണ്ടായിരുന്നതുമായ വസ്തുവിന്റെ ഒരു ഭാഗത്തെ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിഗ്ഗിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിലെ (ചുരുക്കത്തിൽ, 2003-ലെ ആക്റ്റ്) വ്യവസ്ഥകളിൻ കീഴിൽ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ വസ്തുവായി പ്രഖ്യാപിച്ചു. കോടതി മുമ്പാകെയും ആക്റ്റ് പ്രകാരം രൂപവൽക്കരിച്ച ഒരു ട്രിബ്യൂണൽ മുമ്പാകെയും സമാന്തര നടപടികൾ ഉണ്ടായിരുന്നു എന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്. ട്രിബ്യൂണലിന്റെ തീരുമാനം, ഈ കോടതി മുമ്പാകെ നിലനില്ക്കുന്ന അപ്പീലുകളിൽ ചോദ്യം ചെയ്യപ്പെടുന്നു.

3. ആ വസ്തു 2003-ലെ ആക്റ്റിൻകീഴിൽ നിഗ്ഗിപ്തമാക്കപ്പെട്ടു എന്നതാണ് പ്രതികളുടെ വാദം. പുന:പരിശോധന ഹർജ്ജിക്കാർ, അവരുടെ വസ്തുവിൽ സ്ഥാപിച്ചിട്ടുള്ള ക്രഷർ യൂണിറ്റ്, പരിസ്ഥിതി സംരഗ്ഗണവുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങളെ ലംഘിക്കുന്നതുകൊണ്ട് അതിനെ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതല്ല എന്നും വാദിച്ചിരിക്കുന്നു.

4. ഇരുഭാഗത്തെയും കേട്ടതിനുശേഷം, ഈ കോടതി, വിചാരണ കോടതിയും ഒന്നാം അപ്പീൽ കോടതിയും എടുത്ത വീഗ്ഗണത്തെ സ്ഥിരപ്പെടുത്തി.

5. പുനഃപരിശോധന ഹർജ്ജിക്കാർക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകനെയും, എതിർകഗ്ഗികൾക്ക് വേണ്ടിയുള്ള പാണ്ഡിത്യമുള്ള സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറെയും കേട്ടു.

6. പുന:പരിശോധന ഹർജ്ജിയിൽ ഉന്നയിച്ച കാരണങ്ങൾ ഞാൻ ശ്രദ്ധാപൂർവ്വം പരിശോധിച്ചു. ഒരു പുനഃപരിശോധന ഹർജ്ജി നിലനിർത്തുന്നതിനുവേണ്ടി, ഒരു പിശകോ ഒരു തെറ്റോ രേഖയിൽ പ്രത്യഗ്ഗത്തിൽ ഉണ്ടായിരിക്കേണ്ടതാണ് എന്നത് നല്ലവണ്ണം തീരുമാനിക്കപ്പെട്ടിട്ടുള്ളതാണ്. അതുപോലെ തന്നെ രേഖയിൽ പ്രത്യഗ്ഗത്തിൽ ഉള്ള പിശകോ, തെറ്റോ പ്രകടമായി കാണേണ്ടതാണെന്ന നിയമപരമായ തത്വവും തീരുമാനിക്കപ്പെട്ടിട്ടുള്ളതാണ്. രേഖയിൽ പ്രത്യഗ്ഗമായിട്ടുള്ള പിശകോ, തെറ്റോ കണ്ടുപിടിക്കുന്നതിന് ചുറ്റിവളച്ചുള്ള ഒരു അന്വേഷണം ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ, അത് സിവിൽ നടപടി നിയമസംഹിതയിലെ ആർഡർ XLVII ചട്ടം 1-ൽ വരുന്ന ഒരു സംഗതി അല്ലാത്തതാണ്.

7. എക്സിബിറ്റ് എ 11 (എ) അനുസരിച്ച്, ആ വസ്തുവിലെ പാറക്കെട്ടുള്ള പ്രദേശത്ത് സ്ഥിതിചെയ്യുന്ന പുന:പരിശോധന ഹർജ്ജി ക്കാർ സ്ഥാപിച്ചിട്ടുള്ള ക്രഷർ യൂണിറ്റ്, 2003-ലെ ആക്റ്റിൻ കീഴിൽ നിഗ്ഗിപ്തമാക്കപ്പെട്ട വസ്തുവിന്റെ ഭാഗമാണെന്ന് ട്രിബ്യൂണൽ കണ്ടെത്തി എന്ന, 11-ാം ഖണ്ഡികയിലെ ഈ കോടതിയുടെ നിരീഗ്ഗണത്തെ, ഹർജ്ജിക്കാർ തർക്കിക്കുന്നു. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, ഈ കണ്ടെത്തൽ ശരിയായതല്ല. ട്രിബ്യൂണലിന്റെ മുമ്പാകെയുള്ള ഒ.എ.നം.45/2008-ൽ കമ്മീഷണർ സമർപ്പിച്ച രേഖാചിത്രത്തിൽ ഒന്ന് നോക്കുമ്പോൾ, നടപടികളിൽ തർക്കത്തിലുള്ള വസ്തുവിന്റെ ഒരു ഭാഗത്താണ് ക്രഷർ യൂണിറ്റ് ഉള്ളത് എന്ന് കാണാൻ കഴിയുന്നതാണ്. ട്രിബ്യൂണലിന്റെ ഈ കണ്ടെത്തൽ, പുന:പരിശോധന ഹർജ്ജി ക്കാരും, സർക്കാരും അപ്പീലിൽ കൊണ്ടു വന്നിരിക്കുന്നു എന്നത് സത്യമാണ്. അതിനാൽ, അത് അന്തിമമായി തീർന്നിട്ടില്ല. 2003-ലെ ആക്റ്റിൻ കീഴിൽ നിഗ്ഗിപ്തമാക്കപ്പെട്ട വസ്തുവിന്റെ ഭാഗത്ത് ക്രഷർ യൂണിറ്റ് സ്ഥിതിചെയ്യുന്നുവെന്ന ഈ കോടതിയുടെ നിരീഗ്ഗണം, ട്രിബ്യൂണൽ പാസ്സാക്കിയ ഉത്തരവിനെതിരെ നിലനിൽക്കുന്ന അപ്പീലിലെ, പുനഃപരിശോധന ഹർജ്ജിക്കാരുടെ കേസിനെ പ്രതികൂലമായി ബാധിക്കുന്നതാണ് എന്ന് പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ മേലും വാദിച്ചു. പാണ്ഡിത്യമുള്ള മുതിർന്ന അഭിഭാഷകൻ പറഞ്ഞതനുസരിച്ച്, കോടതിയുടെ ഈ കണ്ടെത്തൽ ഒരു പിശകാണ്. ട്രിബ്യൂണലിന്റെ ഈ നിരീഗ്ഗണം തർക്കത്തിലായിരിക്കുന്നതുകൊണ്ട്, അപ്പീൽ വിധിന്യായത്തിലെ 11-ാം ഖണ്ഡികയിലെ രണ്ടാം വാചകം താഴെപ്പറയും രീതിയിൽ രൂപഭേദപ്പെടുത്തുന്നതും പകരം ചേർക്കുന്നതും ഉചിതമാണെന്ന് ഞാൻ കരുതുന്നു.

**"എക്സിബിറ്റ് എ11(എ) പ്രകാരം, ക്രഷർ യൂണിറ്റ് പാറക്കെട്ടുള്ള പ്രദേശത്ത് സ്ഥിതി ചെയ്യുന്നു, ആ സ്ഥലം 2003-ലെ ആക്റ്റിൻ കീഴിൽ നിഗ്ഗിപ്തമാക്കപ്പെട്ട പ്രദേശത്തിന്റെ ഒരു ഭാഗമാണെന്ന് എതിർകഗ്ഗികൾ/പ്രതികൾ അവകാശപ്പെടുന്നു. എങ്കിലും, ഈ വാദം അപ്പീൽവാദികൾ ഗൗരവപൂർവ്വം എതിർക്കുന്നു. അത്, ട്രിബ്യൂണൽ പാസ്സാക്കിയ ഉത്തരവിന് എതിരായി നിലനിൽക്കുന്ന അപ്പീലിൽ തീരുമാനിക്കപ്പെടേണ്ട ഒരു വിഷയമാണ്"**.

ഈ രൂപഭേദപ്പെടുത്തൽ, ക്രഷർ യൂണിറ്റ് വച്ചിരിക്കുന്ന സ്ഥലത്തിനെ സംബന്ധിച്ച ഈ കോടതിയുടെ നിരീഗ്ഗണം പലവക അപ്പീലിലെ അപ്പീൽവാദികളുടെ അവകാശങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന അവരുടെ ഉത്കണ്ഠയെ ശമിപ്പിക്കുന്നതാണ്.

ഈ കോടതി പാസ്സാക്കിയ വിധിന്യായത്തിന്റെ മറ്റ് ഏതെങ്കിലും ഭാഗം പുന:പരിശോധിക്കുവാനുള്ള സാധുവായ ഏതൊരു കാരണവും ഞാൻ കാണുന്നില്ല. അതിനാൽ, മുകളിൽ പറഞ്ഞ വ്യാപ്തിയോളം ആ പുനഃപരിശോധന ഹർജി അനുവദിക്കപ്പെടുന്നു. തദനുസൃതമായി പുനഃപരിശോധന ഹർജ്ജി തീർപ്പാക്കപ്പെടുന്നു.

*——————*

## ഉൾത്താളുകളിൽ......

### സുപ്രീം കോടതി വിധിന്യായങ്ങൾ


| | | |
|---|---|---|
| 1. | *കേരള സർക്കാരും മറ്റുള്ളവരും അഭി എസ്. ഉണ്ണികൃഷ്ണൻ നായരും മറ്റുള്ളവരും* | 3 |
| 2. | *രാജസ്ഥാൻ സർക്കാർ അഭി ജൈനുദ്ദീൻ ഷേക്കും മറ്റൊരാളും* | 12 |
| 3. | *രാജേശ്വർ ബാബുറാവു ബോണി അഭി മഹാരാഷ്ട്ര സർക്കാരും മറ്റൊരാളും* | 19 |
| 4. | *പ്രഹ്ലാദും മറ്റൊരാളും അഭി ഹരിയാന സർക്കാർ* | 23 |
| 5. | *ലക്നൗ സർവ്വകലാശാല വൈസ് ചാൻസലർ അഭി അഖിലേഷ് കുമാർ ഖാരെയും മറ്റൊരാളും* | 29 |
| 6. | *അജിത് കുമാർ. പി.-യും മറ്റുള്ളവരും അഭി റെമിൻ കെ. ആർ.-ഉം മറ്റുള്ളവരും* | 38 |


### ഹൈക്കോടതി വിധിന്യായങ്ങൾ


| | | |
|---|---|---|
| 1. | *ലഗ്ഗ്മി പ്രതാപൻ അഭി കേരള സർക്കാർ* | 47 |
| 2. | *ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ക്ലിപ്തം അഭി പൗലോസ്* | 55 |
| 3. | *കേരള സർക്കാർ അഭി അനിത* | 68 |
| 4. | *എൻ. കെ. രാജപ്പൻ അഭി കേരള സർക്കാരും മറ്റുള്ളവരും* | 82 |
| 5. | *വെളുത്തപറമ്പത്ത് വസന്തയും മറ്റുള്ളവരും അഭി പുർത്തലത്ത് കുനിയിൽ അലക്കാടൻ ചാത്തുവും മറ്റൊരാളും* | 90 |
| 6. | *നാഷണൽ ഇൻഷുറൻസ് കമ്പനി ക്ലിപ്തം അഭി ചാക്കോയും മറ്റുള്ളവരും* | 96 |
| 7. | *കെ. കെ. അലമേലു അഭി എൽ. പുഷ്കലയും മറ്റുള്ളവരും* | 105 |
| 8. | *എം. വി. മത്തായി അഭി കേരള അക്കൗണ്ടന്റ് ജനറലും മറ്റുള്ളവരും* | 108 |
| 9. | *എൻ. കെ. ശിവരാമനും മറ്റുള്ളവരും അഭി ചീഫ് സെക്രട്ടറിയും മറ്റുള്ളവരും* | 113 |

# നിയമ ധ്വനി



കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

## പത്രാധിപ സമിതി

| | | |
|---|---|---|
| *ചീഫ് എഡിറ്റർ* | : | **ബി. ജി. ഹരീന്ദ്രനാഥ്**<br>നിയമ സെക്രട്ടറി |
| *എഡിറ്റർ* | : | **റ്റി. വസന്തകുമാർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| *അംഗങ്ങൾ* | : | **കെ. എസ്. സുശീല**<br>ജോയിന്റ് സെക്രട്ടറി |
| | | **റീന, ഡി.**<br>സെക്ഷൻ ആഫീസർ |
| | | **മിനി രാജഗോപാൽ**<br>ലീഗൽ അസിസ്റ്റന്റ് |
| | | **സുരേഷ്കുമാർ, എസ്.**<br>ലീഗൽ അസിസ്റ്റന്റ് |
| *പുറംതാൾ രൂപകല്പന* | : | പ്രഥമേഷ് കെ. ഭാസ്കർ |
| *വിലാസം* | : | നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം-695 001. |
| *ഫോൺ* | : | 0471-2517064, 0471-2517066 |



## പ്രസാധക കുറിപ്പ്

**നിയമധ്വനി**യുടെ കഴിഞ്ഞ ആറ് പുസ്തകങ്ങളിലായി ബഹു. സുപ്രീംകോടതിയുടെ വളരെ പ്രധാനപ്പെട്ടതും കാലികവുമായ മുപ്പത്തൊന്ന് വിധിന്യായങ്ങളും (ചുരുക്കക്കുറിപ്പുകൾ ഉൾപ്പെടെ), ബഹു. ഹൈക്കോടതിയുടെ നാൽപ്പത്തി ആറ് വിധിന്യായങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിധിന്യായങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നത് അതീവ ക്ലേശകരമാണെങ്കിലും, പരിമിതമായ സമയത്തിനുള്ളിൽ പരമാവധി വിധിന്യായങ്ങൾ പരിഭാഷപ്പെടുത്തി **നിയമധ്വനി**യിൽ ഉൾക്കൊള്ളിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ പ്രധാനപ്പെട്ടതും കാലികവുമായ നാല് വിധിന്യായങ്ങളുടെയും ബഹു. ഹൈക്കോടതിയുടെ പത്ത് വിധിന്യായങ്ങളുടെയും മലയാള പരിഭാഷ ഉൾപ്പെടുത്തിക്കൊണ്ട് **നിയമധ്വനി**യുടെ നാലാം പുസ്തകം ഒന്നാം ലക്കം അഭിമാനപൂർവ്വം വായനക്കാർക്കായി സാദരം സമർപ്പിക്കുകയാണ്. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ സംരംഭത്തിന് പിന്തുണയും പ്രോത്സാഹനങ്ങളും ഉപദേശവും തന്നിട്ടുള്ളവർക്കും, ഇതിന്റെ അച്ചടി ജോലികളിൽ ആത്മാർത്ഥമായി സഹകരിച്ചിട്ടുള്ളവർക്കും അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

നിയമ വകുപ്പ്,<br>ഗവണ്മെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം,<br>11-05-2016.

**ബി. ജി. ഹരീന്ദ്രനാഥ്,**<br>നിയമ സെക്രട്ടറി.